### സാമൂഹ്യശാസ്ത്രം - 1

### യൂണിറ്റ് - 1

# ആധുനിക ലോകത്തിന്റെ ഉദയം

ഭൂതകാലത്തെപ്പറ്റിയുള്ള പഠനമാണ് ചരിത്രമെന്ന് നിങ്ങൾക്കറിയാമല്ലോ. യുഗാന്തരങ്ങളിലൂടെയുള്ള മനുഷ്യന്റെ പുരോഗതി ചരിത്രത്തിന്റെ ഏടുകളിൽ നിന്നും നാം മനസ്സിലാക്കുന്നു. ചരിത്രാതീതകാലം മുതൽ നാം തുടങ്ങിയ മനുഷ്യപുരോഗതിയുടെ അന്വേഷണം, പ്രാചീന കാലവും മധ്യകാലവും പിന്നിട്ട് ആധുനികലോകത്തിന്റെ ഉദയത്തിലെത്തിനില്ക്കുന്നു. മധ്യയുഗത്തിൽ ഫ്യൂഡലിസത്തിന്റെ വളർച്ച നാം കണ്ടു. തുടർന്ന് യൂറോപ്പിലെ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടായി. വാണിജ്യത്തിന്റെയും സാംസ്ക്കാരിക വിനിമയത്തിന്റെയും കേന്ദ്രം ഇന്ത്യാസമുദ്രലോകത്തു നിന്നും മാറി മധ്യ ധരണ്യാഴിയെ കേന്ദ്രീകരിച്ചായതും, വിവിധ മേഖലകളിലുണ്ടായ മാറ്റങ്ങളുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിയ്ക്കുന്നത്. നവോത്ഥാനം, മതനവീകരണം, പ്രതിനവീകരണം, ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ, ശാസ്ത്രപുരോഗതി, ജ്ഞാനോദയം എന്നിവ ഈ അദ്ധ്യായത്തിൽ പ്രതിപാദിയ്ക്കുന്നു.

## ആശയങ്ങൾ

1. ആധുനിക പൂർവയുഗത്തിൽ സാമ്പത്തിക, സാംസ്ക്കാരിക വിനിമയം നടന്നിരുന്നത് ഇന്ത്യാസമുദ്രത്തെ കേന്ദ്രീകരിച്ചായിരുന്നു.

## പ്രധാനപ്പെട്ട രണ്ട് വാണിജ്യമാർഗങ്ങൾ

1) ചൈനയിൽ നിന്നും മധ്യേഷ്യ വഴി പടിഞ്ഞാറോട്ടുള്ള 'പട്ടുതുണിപ്പാത'

2) തെക്കുകിഴക്കനേഷ്യയിൽ നിന്നും കടൽ വഴി പടിഞ്ഞാറോട്ട് പോയ സമുദ്രപഥം.

2. ആധുനികകാലത്തിന്റെ ആരംഭത്തിൽ സാമ്പത്തിക സാംസ്ക്കാരിക വിനിമയം മധ്യ ധരണ്യാഴിയെ കേന്ദ്രീകരിച്ചായിരുന്നു. അതിന് കാരണമായത് ഇസ്ലാം മതത്തിന്റെ വ്യാപനത്തിന് ശേഷം ഇന്ത്യാസമുദ്ര വാണിജ്യം ജൂതരും, അറബികളും, തുർക്കികളും നിയന്ത്രിച്ചു - ചെങ്കടൽ വഴിയും പേർഷ്യൻ ഉൾക്കടൽ വഴിയുള്ള വ്യാപാരമാണ് ഇവർ നിയന്ത്രിച്ചത്- കോൺസ്റ്റാന്റിനോപ്പിൽ വഴിയുള്ള മധ്യേഷ്യൻ വ്യാപാരത്തിന്റെ നിയന്ത്രണം ഗ്രീക്ക്-റോമാ കച്ചവടക്കാരുടെ കൈയ്യിലായിരുന്നു. ഇറ്റലിയുടെ വളർച്ച മദ്ധ്യധരണ്യാഴിയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു.

3. നവോത്ഥാനം ആരംഭിച്ചത് യൂറോപ്പിലായിരുന്നുവെങ്കിലും അതിന് പശ്ചാത്തലമൊരുക്കിയത് ഇന്ത്യ, ചൈന തുടങ്ങിയ പൗരസ്ത്യരാജ്യങ്ങളായിരുന്നു.

***കാരണങ്ങൾ***

1) ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാനതൃഷ്ണയുടേയും യുക്തിചിന്തയുടെയും മേൽ സഭ കർശനനിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

2) ഇക്കാലത്ത് ഇന്ത്യ, ചൈന തുടങ്ങിയ പൗരസ്ത്യ രാജ്യങ്ങളിൽ സാഹിത്യം, ഭൗതികശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖല കളിൽ ഗണ്യമായ പുരോഗതിയുണ്ടായി.

3) വെടിമരുന്ന്, കടലാസ്, വടക്കുനോക്കിയന്ത്രം പോലുള്ള സാങ്കേതിക വിദ്യ, ബീജഗണിതം എന്നിവ അറബികൾ യൂറോപ്പിലെത്തിച്ചു.

4) ഇവ യൂറോപ്പിന്റെ വൈജ്ഞാനിക മേഖലയെ സ്വാധീനിച്ചു.

4. ഇറ്റാലിയൻ ഉപദ്വീപിൽ നിരവധി കച്ചവടനഗരങ്ങൾ ഉയർന്നുവന്നു.
അതിന് കാരണമായത്

| | |
|---|---|
| ഇറ്റലിയുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം സമുദ്രയാത്രയ്ക്കും കച്ചവടത്തിനും അനുയോജ്യം | ഇറ്റലിയിലെ കച്ചവടക്കാർ അറബികളിൽ നിന്ന് പൗരസ്ത്യ ഉല്പന്നങ്ങൾ വാങ്ങി പശ്ചിമ യൂറോപ്പിൽ കൈമാറ്റം നടത്തി. |

കച്ചവടത്തിന് പുറമേ പണമിടമാട് നടത്തിയും ഇവർ സമ്പന്നരായി

ഒരു വാണിജ്യവർഗത്തിന്റെ ആവിർഭാവം

5. മധ്യകാലരാജവാഴ്ചയിൽ നിന്ന് വ്യത്യസ്ഥമായ ഒരു ഭരണരീതിയായിരുന്നു ഇറ്റാലിയൻ നഗരങ്ങളിൽ ആധുനികലോകത്തിൽ രൂപപ്പെട്ടത്.

***കാരണങ്ങൾ***

- ഒരു പുതിയ വാണിജ്യവർഗം ഇറ്റലിയിൽ ഉയർന്നുവന്നു.
- പല കുടുംബങ്ങൾ ചേർന്ന് വലിയ കുടുംബങ്ങളായി.
- ഈ കുടുംബങ്ങൾ കൂട്ടായി പ്രവർത്തിച്ച് ഭരണം നടത്തി.
- മധ്യകാലരാജവാഴ്ചയിൽ നിലനിന്നിരുന്ന പരമ്പരാഗതമായ ഫ്യൂഡൽ ഭരണക്രമം അവസാനിച്ചു.

6. വെനീസ് | മിലാൻ | പിസ | ഫ്ളോറൻസ് | ജനോവ | ബൊളോണ | നേപ്പിൾസ്

തുടങ്ങിയ കച്ചവട നഗരങ്ങൾ മധ്യധരണ്യാഴി വ്യാപാരത്തെ ആശ്രയിച്ച് വളർന്നുവന്നു.

7. ആധുനിക യുഗത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറുദിച്ചു. ഇതിന് നിരവധി കാരണങ്ങളുണ്ടായിരുന്നു.

മധ്യധരണ്യാഴി വ്യാപാരത്തെ അടിസ്ഥാനമാക്കി വളർന്നുവന്ന ഇറ്റാലിയൻ നഗരങ്ങൾ

സാമ്പത്തികമായി ഉയർന്നുവന്ന വാണിജ്യ കുടുംബങ്ങളാണ് നഗരങ്ങളെ നിയന്ത്രിച്ചത്.

കോൺസ്റ്റാന്റിനോപ്പിൾ വഴിയുള്ള കരവാണിജ്യത്തിന്റെ ആധിപത്യം.

ഉത്തരാഫ്രിക്കയും പശ്ചിമേഷ്യയും നിയന്ത്രിച്ചിരുന്ന സമുദ്രവാണിജ്യം.

അറ്റ്ലാന്റിക് സമുദ്രത്തിലേക്കുള്ള കവാടമായ ജിബ്രൾട്ടാറിന്റെ നിയന്ത്രണം.

8. ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യ പൗരസ്ത്യ വിജ്ഞാനങ്ങളുടെ സംഗമഭൂമിയായി. ഇത് വൈജ്ഞാനിക രംഗത്ത് പുതിയ ഉണർവുണ്ടാക്കി.

***കാരണം***

ഇറ്റാലിയൻ നഗരങ്ങളിലെ സമ്പന്ന കുടുംബങ്ങൾ ആർഭാടജീവിതം നയിച്ചു

രമ്യഹർമ്യങ്ങൾ പണിയുന്നതിനാവശ്യമായ ശില്പികളും, കലാകാരന്മാരും ഇവിടെയെത്തി.

കിഴക്കിന്റെയും പടിഞ്ഞാറിന്റെയും മികച്ച മാതൃകകൾ ഇറ്റലിക്കാർ തങ്ങളുടെ ജീവിതത്തിൽ പകർത്തി.

9. 'നവോത്ഥാനം' ആരംഭിച്ചത് ഇറ്റലിയിലാണ്. നവോത്ഥാനം എന്ന പദത്തിനർത്ഥം 'പുനർജന്മം', 'നവോന്മേഷം' എന്നൊക്കെയാണ്.

10. നവോത്ഥാനം 'ഇറ്റാലിയൻ' എന്ന പ്രാദേശിക ഭാഷയുടെ വികസനത്തിനു കാരണമായി.

***കാരണങ്ങൾ***

പ്രാചീന കയ്യെഴുത്ത് പ്രതികളുടെ കണ്ടെത്തൽ


പണ്ഡിതന്മാർക്ക് ചരിത്രത്തിലുള്ള താല്പര്യം വർദ്ധിച്ചു.

പ്രാചീന ഗ്രീക്ക്-ലത്തീൻ ഭാഷകൾ പ്രയോഗത്തിലില്ലാതിരുന്നത്.

ഭാഷാപഠന പ്രോത്സാഹനം.

വളർന്നുവരാൻ തുടങ്ങിയിരുന്ന ഇറ്റാലിയൻ ഭാഷയിലേക്ക് പ്രാചീന കൃതികളുടെ തർജ്ജമ.

11. മധ്യകാല ജീവിതത്തിൽ നിന്ന് ആധുനികകാല ജീവിതത്തെ വേർതിരിയ്ക്കുന്ന ചില പ്രതിഭാസങ്ങൾ നവോത്ഥാന കാലത്ത് രൂപപ്പെട്ടു.




12. ഇറ്റലിയിൽ ആരംഭിച്ച നവോത്ഥാനം ഇതര യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. സാഹിത്യം, കല എന്നിവ പുരോഗതി നേടിയത്.

13. യൂറോപ്പിൽ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ മതജീവിതത്തിലും പ്രതിഫലിച്ചു. പാശ്ചാത്യസഭയുടെ പരിഷ്ക്കരണ ശ്രമങ്ങൾക്ക് ഇത് തുടക്കം കുറിച്ചു.

14. 15, 16 നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ, സമുദ്രസഞ്ചാരപാതകളുടെ കണ്ടുപിടിത്തം ഇവയിലേക്ക് യൂറോപ്യൻ ഭരണാധികാരികളുടെ ശ്രദ്ധ തിരിഞ്ഞു. അതിന് കാരണമായത്

മാർക്കോപോളോയുടെ സഞ്ചാരകഥകൾക്ക് യൂറോപ്പിൽ കിട്ടിയ പ്രചാരം.

ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ ജനജീവിതം, സമ്പന്നത ഇവ അറിയാനുള്ള താല്പര്യം.

സുഗന്ധദ്രവ്യങ്ങളും മറ്റും അന്വേഷിയ്ക്കുന്നതിന്

സുരക്ഷിതമായ കടൽമാർഗ്ഗം കണ്ടെത്തുന്നതിന്

നീണ്ട കപ്പൽയാത്ര നടത്തുന്നതിനുള്ള പ്രാപ്തി നേടിത്.

15. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ യൂറോപ്പിൽ വൻമാറ്റങ്ങൾ ഉണ്ടാക്കി.



16. നവോത്ഥാന കാലഘട്ടത്തിൽ ശാസ്ത്രചിന്തയിൽ വലിയ പുരോഗതി ഉണ്ടായി. നവോത്ഥാന കാലഘട്ടത്തെ തുടർന്നുണ്ടായ ജ്ഞാനോദയ ആശയങ്ങൾ ശാസ്ത്രപുരോഗതിയ്ക്കും സാമൂഹ്യമാറ്റങ്ങൾക്കും കാരണമായി.

**ജ്ഞാനോദയ കാലത്തെ പ്രധാന ആശയങ്ങൾ**

- സമകാലികാവസ്ഥ പുരോഗതിയുടേതാണ്.
- യുക്തിയാണ് ജ്ഞാനത്തിലേക്ക് നയിക്കുന്ന തെറ്റുപറ്റാത്ത വഴികാട്ടി
- ജന്മപാപം എന്നൊന്നില്ല
- മനുഷ്യന് മാറ്റുവാൻ കഴിയാത്ത കർശന നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന യന്ത്രമാണ് പ്രപഞ്ചം.
- ഏറ്റവും ലളിതവും സ്വാഭാവികവുമായ സമൂഹമാണ് ഉത്തമം.

17. ജ്ഞാനോദയ കാലഘട്ടത്തിൽ അക്കാലത്തെ ചിന്തകന്മാർ ലോകജനതയുടെ ചിന്താധാരയിലും പ്രവർത്തനങ്ങളിലും സ്വാധീനം ചെലുത്തി.

**പ്രധാനപ്പെട്ട ചിന്തകന്മാർ**

- മൊന്തസ്ക്യൂ
- വോൾത്തയർ
- റൂസ്സോ

**ചോദ്യങ്ങൾ**

കൂടുതൽ ചോദ്യങ്ങൾക്കുള്ള ഉത്തരം ആശയങ്ങളുമായി ബന്ധപ്പെട്ട ഡയഗ്രങ്ങളിലുണ്ട്. ഉത്തരങ്ങൾ വാക്യങ്ങളായി എഴുതണം.

1. ആധുനിക പൂർവ്വകാലത്ത് സാമ്പത്തിക, സാംസ്ക്കാരിക വിനിമയം നടത്തിയിരുന്ന പ്രധാന വാണിജ്യമാർഗങ്ങൾ കണ്ടെത്തുക. Score 1 x 2 = 2

2. ആധുനിക കാലത്തിന്റെ തുടക്കത്തിൽ പ്രധാന വാണിജ്യമാർഗങ്ങൾ ഇന്ത്യാ സമുദ്രത്തിൽ നിന്ന് മാറി മധ്യധരണ്യാഴി കേന്ദ്രീകൃതമായി. കാരണങ്ങൾ കണ്ടെത്തുക. Score 1 x 3 = 3

3. നവോത്ഥാനം ആരംഭിച്ചത് യൂറോപ്പിലായിരുന്നുവെങ്കിലും വെനീസ് അതിന് പശ്ചാത്തലമൊരുക്കിയത് ഇന്ത്യ, ചൈന തുടങ്ങിയ പൗരസ്ത്യ രാജ്യങ്ങളായിരുന്നു.
ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?
വിശദമാക്കുക. Score 1 x 4 = 4

4. ഇറ്റലിയിൽ നിരവധി കച്ചവടനഗരങ്ങൾ ഉയർന്നുവരാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുക. Score 1 x 3 = 3

5. മധ്യകാല രാജവാഴ്ചയിൽ നിന്ന് വ്യത്യസ്തമായ ഒരു ഭരണരീതി ആധുനികകാലത്ത് ഇറ്റാലിയൻ നഗരങ്ങളിൽ രൂപപ്പെട്ടു. ഈ പ്രസ്താവന വിലയിരുത്തുക. Score 1 x 4 = 4

6. പദസൂര്യൻ പൂർത്തിയാക്കുക.




Score 1 x 4 = 4

7. ആധുനിക ലോകത്തിന്റെ വെള്ളിനക്ഷത്രം പടിഞ്ഞാറുദിച്ചു. വിശദമാക്കുക. 1 x 5 = 5

8. ഇറ്റാലിയൻ നഗരങ്ങൾ പാശ്ചാത്യ പൗരസ്ത്യ വിജ്ഞാനങ്ങളുടെ സംഗമഭൂമിയായി മാറിയതെങ്ങനെ ? 3 x 1 = 3

9. റിനൈസ്സാൻസ് | പുനർജന്മം | നവോന്മേഷം

കൊളാഷ് ശ്രദ്ധിച്ചുവല്ലോ. നവോത്ഥാനം എന്ന വാക്കിനെ ഇത് സൂചിപ്പിക്കുന്നു.

ഇതിലും കവിഞ്ഞ അർത്ഥം നവോത്ഥാനം എന്ന വാക്കിനുണ്ട്. കണ്ടെത്തി വിശദമാക്കുക. Score -3

10. നവോത്ഥാനം ഇറ്റാലിയൻ ഭാഷയുടെ വികസനത്തിന് കാരണമായതെങ്ങനെ ? Score -2 $^{1}/_{2}$

11. സെമിനാർ

ആധുനികകാല ജീവിതത്തെ സ്വാധീനിച്ച നവോത്ഥാന പ്രതിഭാസങ്ങൾ

| | |
|---|---|
| തീയതി | 25.11.2012 |
| സമയം | 2.30 p.m. |
| സ്ഥലം | ലൈബ്രറി |

ഈ സെമിനാറിൽ അവതരിപ്പിയ്ക്കാൻ 5 ആശയങ്ങൾ കണ്ടെത്തുക. Score 5

12. എ, ബി, സി കോളങ്ങളിലെ വിവരങ്ങൾ ശരിയായി ക്രമപ്പെടുത്തിയെഴുതുക.

| എ | ബി | സി |
|---|---|---|
| പെട്രാർക്ക് | ഡോൺകിഹോട്ട | ഗീതകങ്ങൾ |
| സർ തോമസ് മൂർ | കാൻർബറി കഥ | ഇറ്റലി |
| ജെഫ്രിചോസർ | മാനവികത | എങ്ങുമില്ലാത്തിടം |
| രാജാവ് | ഉട്ടോപ്യ | സ്പാനിഷ് |
| സെർവാന്തെ | മാക്യവെല്ലി | ഇംഗ്ലീഷ് നവോത്ഥാനം |

Score 5

13. കുറിപ്പ് തയ്യാറാക്കുക. Score 4

എ) മതനവീകരണം

ബി) പ്രതിനവീകരണം

14. പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളിലേക്ക് യൂറോപ്യൻ ഭരണാധികാരികളുടെ ശ്രദ്ധ തിരിയാൻ കാരണമെന്ത് ? Score 5

15. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ യൂറോപ്പിലുണ്ടാക്കിയ മാറ്റങ്ങൾ എന്ത് ?

16. വിട്ടുപോയ കോളങ്ങൾ പൂരിപ്പിയ്ക്കുക.

| | |
|---|---|
| 1) ഗലീലിയോ | |
| 2) ഐസക് ന്യൂട്ടൺ | |
| 3) | സൗരയുഥ സിദ്ധാന്തം |
| 4) കാൾലിനയസ് | |
| 5) ലിയാനാഡോ ഡാവിഞ്ചി | |

17. ജ്ഞാനോദയ കാലഘട്ടത്തിലെ പ്രധാന തത്വചിന്തകർ ആരെല്ലാം ?

**ഉത്തര സൂചിക**

ഓരോ ആശയവുമായി ബന്ധപ്പെട്ട് കൊടുത്തിരിയ്ക്കുന്ന ഡയഗ്രത്തിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ രൂപപ്പെടുത്തിയിരിയ്ക്കുന്നത്. ഉത്തരങ്ങൾക്ക് ഡയഗ്രം പരിശോധിയ്ക്കുക. കൂടുതൽ സ്കോർ ഉള്ള ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിന്റെ സഹായത്തോടെ കൂടുതൽ വിശദീകരിച്ചെഴുതുക.

1

2

3

4 ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം അതാത് ആശയങ്ങളുടെ

5 ഡയഗ്രത്തിലുണ്ട്.

6

7

8

9. 14, 15 നൂറ്റാണ്ടുകളിൽ ഇറ്റലിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ കലാവൈജ്ഞാനിക രംഗത്തെ പുത്തൻ ഉണർവ്വ്.

ഫ്യൂഡൽ പ്രഭുക്കന്മാരും സഭയും വിലക്കേർപ്പെടുത്തിയിരുന്ന ഗ്രെക്കോ–റോമൻ സംസ്ക്കാരത്തിന്റെ പുനർജന്മം.

സഭ അടിച്ചേല്പിച്ചിരുന്ന യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാനുള്ള അന്വേഷണത്വരയുടെയും വിമർശനബുദ്ധിയുടെയും ഫലം.

10. ഡയഗ്രം പരിശോധിക്കുക.

11. ഡയഗ്രം പരിശോധിക്കുക.

12.

| എ | ബി | സി |
|---|---|---|
| പെട്രാർക്ക് | മാനവികത | ഗീതകങ്ങൾ |
| സർ തോമസ് മൂർ | ഉട്ടോപ്യ | എങ്ങുമില്ലാത്തിടം |
| ജെഫ്രിചോസർ | കാൻർബറി കഥ | ഇംഗ്ലീഷ് നവോത്ഥാനം |
| രാജാവ് | മാക്യവെല്ലി | ഇറ്റലി |
| സെർവാന്തെസ് | ഡോൺകിഹോട്ട | സ്പാനിഷ് |

13. മതനവീകരണം, നിർവ്വചനം - കാരണം - മുൻകൈയെടുത്തവർ-പ്രതിനവീകരണം

14. ഡയഗ്രം പരിശോധിയ്ക്കുക.

15. ഡയഗ്രം പരിശോധിയ്ക്കുക.

16.

| | |
|---|---|
| ഗലീലിയോ | ദൂരദർശിനി |
| ഐസക് ന്യൂട്ടൺ | പ്രിൻസിപ്പിയ മാത്തമാറ്റിക്സ് |
| കോപ്പർനിക്കസ് | സൗരയൂഥ സിദ്ധാന്തം |
| കാൾലിനയസ് | ആധുനിക പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ് |
| ലിയാനാഡോ ഡാവിഞ്ചി | ചിത്രരചന |

17. ഡയഗ്രം പരിശോധിക്കുക.

## യൂണിറ്റ് 2

# വിപ്ലവങ്ങളുടെ കാലം

ആധുനിക യുഗത്തിന്റെ ഉദയത്തിന് കാരണമായ ആശയങ്ങളേയും പ്രസ്ഥാനങ്ങളേയും നമ്മൾ പരിചയപ്പെട്ടു. ഈ ആശയങ്ങളും പ്രസ്ഥാനങ്ങളും നിലവിലുള്ള സാമൂഹ്യവ്യവസ്ഥയ്ക്ക് എതിരായ മുന്നേറ്റങ്ങൾക്ക് പ്രചോദനം നല്കി. യൂറോപ്പിൽ പുതിയതായി ഉയർന്നുവന്ന മധ്യ വർഗം രാജാധിപത്യത്തിനും പ്രഭുത്വവാഴ്ചയ്ക്കുമെതിരായ വിപ്ലവങ്ങൾക്ക് നേതൃത്വം കൊടുത്തു. ഇംഗ്ലണ്ടിലും ഫ്രാൻസിലും രാജാധിപത്യത്തിനെതിരെ നടന്ന വിപ്ലവങ്ങളെക്കുറിച്ചാണ് നാം ഈ അദ്ധ്യായത്തിലൂടെ പരിചയപ്പെടുന്നത്.

### ആശയങ്ങൾ

1) ഇംഗ്ലണ്ടിൽ രാജാവും പാർലമെന്റും തമ്മിൽ ദീർഘനാൾ ഭരണഘടനാപരമായ തർക്കങ്ങൾ നിലനിന്നു.

കാരണങ്ങൾ

ട്യൂഡർ, സ്റ്റുവർട്ട് രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം

ഇംഗ്ലണ്ടിലെ വാണിജ്യ പുരോഗതി

മധ്യവർഗ്ഗത്തിന്റെ ആവിർഭാവം, വാണിജ്യകമ്പനികളുടെ രൂപീകരണം.

മധ്യവർഗത്തിനനുകൂലമായി പാർലമെന്റ് പാസാക്കിയ നിയമങ്ങൾ

രാജാവാണോ പാർലമെന്റാണോ പരമാധികാരി എന്ന പ്രശ്നം.

2) ഇംഗ്ലണ്ടിനെ ഭരണഘടനാപരമായ സംഘർഷത്തിലേക്ക് നയിച്ചുകൊണ്ട് വിവിധ വിഭാഗങ്ങൾ ഇരുചേരിയിലായി നിലയുറപ്പിച്ചു.

രാജാവ്
↓
ഫ്യൂഡൽ വർഗം
↓
ആംഗ്ലിക്കൻ സഭ

പാർലമെന്റ്
↓
മധ്യവർഗം
↓
പ്യൂരിട്ടൺ സഭ

3) ഇംഗ്ലണ്ടിലെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരായ വിജയമാണ് പെറ്റീഷൻ ഓഫ് റൈറ്റ്. പിന്നീടത് ഇംഗ്ലണ്ടിനെ ആഭ്യന്തര യുദ്ധത്തിലേക്ക് നയിച്ചു.

കാരണങ്ങൾ

ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധികാരം നിയന്ത്രിക്കുന്ന പ്രമാണം.

1628ൽ ചാൾസ് I ഒപ്പു വച്ചു

1629 ൽ ചാൾസ് I നിയമം ലംഘിച്ച് പാർലമെന്റ് പിരിച്ചുവിട്ടു.

11 വർഷത്തിനു ശേഷം 1640 ൽ പുതിയ നികുതിനിർദ്ദേശങ്ങൾക്കായി പാർലമെന്റ് വിളിച്ചുകൂട്ടി.

ഈ പാർലമെന്റ് 1660 വരെ തുടർന്നു.

നീണ്ട പാർലമെന്റ് എന്നറിയപ്പെടുന്നു.

ഈ കാലയളവിൽ പാർലമെന്റും രാജാവും തമ്മിലുള്ള തർക്കം രൂക്ഷമായി.

ആഭ്യന്തര യുദ്ധത്തിനിത് കാരണമായി.

4) രാജാവും പാർലമെന്റും തമ്മിൽ നടന്ന അധികാര തർക്കങ്ങൾക്കിടയിൽ പാർലമെന്റിലെ സാധാരണ അംഗമായിരുന്ന ഒലിവർ ക്രോം വെൽ അധികാരത്തിലെത്തി.

ഒലിവർ ക്രോംവെല്ലിന്റെ ഭരണകാലം (1649-1658) കോമൺവെൽത്ത് കാലഘട്ടം എന്നറിയപ്പെടുന്നു. - രാജാവില്ലാത്ത ഭരണകാലം.

സൈനിക സ്വേച്ഛാധിപത്യത്തിന്റെ കാലഘട്ടം.

പാർലമെന്റിനു മേൽ ആധിപത്യം ഉറപ്പിച്ചു.

ശാസ്ത്രനിരീക്ഷണങ്ങളും പരീക്ഷണങ്ങളും പ്രോത്സാഹിപ്പിയ്ക്കപ്പെട്ടു.

ആഗോള വ്യാപാരത്തെ നിയന്ത്രിച്ചു.

5) രക്തരഹിത വിപ്ലവം അഥവാ മഹത്തായ വിപ്ലവം ഇംഗ്ലണ്ടിലെ ഫ്യൂഡൽ വ്യവസ്ഥയെ ദുർബലമാക്കി. രാജാധിരികാരം പാർലമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി.

ചാൾസ് II ന്റെ കാലത്ത് രാജവാഴ്ച പുനഃസ്ഥാപിയ്ക്കപ്പെട്ടു.

ജയിംസ് II ന്റെ സ്വേച്ഛാധിപത്യം രാജാവും പാർലമെന്റും തമ്മിലുള്ള തർക്കത്തിന് വഴിതെളിച്ചു.

ജയിംസ് II ഫ്രാൻസിൽ അഭയം തേടി

1688 ൽ മേരിയ്ക്കും വില്യമിനും അധികാര കൈമാറ്റം നടന്നു.

6) ഇംഗ്ലണ്ടിൽ രാജഭരണം നിലനില്ക്കുന്നുവെങ്കിലും രാജാവ് ഭരിയ്ക്കുന്നില്ല.

കാരണങ്ങൾ

1689 ലെ അവകാശനിയമത്തിലൂടെ ഇംഗ്ലണ്ടിൽ മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവ അനുവദിയ്ക്കപ്പെട്ടു.

ആംഗ്ലിക്കൻ മതവിശ്വാസികൾക്ക് മാത്രമേ കിരീടാവകാശിയാകാൻ കഴിയുമായിരുന്നുള്ളൂ.

ഈ നടപടി കൊണ്ട് ജനാധിപത്യഭരണക്രമം നടപ്പിലായില്ല.

ജനങ്ങൾക്ക് സ്വാതന്ത്ര്യവും പാർലമെന്റിന് പരമാധികാരവും ലഭിച്ചു.

7 a. സ്വേച്ഛാധിപത്യ രാജവാഴ്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരെ 1789 ൽ ഫ്രാൻസിൽ നടന്ന ഫ്രഞ്ചു വിപ്ലവത്തിന്റെ ആശയങ്ങൾ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയായിരുന്നു.

b. ഫ്രഞ്ച് സമൂഹത്തെ മൂന്ന് എസ്റ്റേറ്റുകളായി തിരിച്ചിരുന്നു.

| I എസ്റ്റേറ്റ് | II എസ്റ്റേറ്റ് | III എസ്റ്റേറ്റ് |
|---|---|---|
| പുരോഹിതന്മാർ | പ്രഭുക്കന്മാർ | കച്ചവടക്കാർ, പണമിടപാടുകാർ |
| എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു | എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു | അവകാശങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഫ്യൂഡൽ നികുതിയുടെ വൻ ഭാരം. |

8. 18–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഫ്യൂഡലിസം ഫ്രാൻസിൽ നിലനിന്നു. സാമൂഹ്യ ഉച്ചനീചങ്ങൾക്കെതിരേ പോരാടാൻ മൂന്നാം എസ്റ്റേറ്റ് തയ്യാറെടുക്കുന്നു.

സാമൂഹ്യ സാഹചര്യങ്ങൾ

ആഴ്ചയിൽ മൂന്നും നാലും ദിവസം കൂലിയില്ലാതെ പണിയെടുപ്പിച്ചു.

കർഷകരുടെ ധാന്യം ജന്മിമാരുടെ മില്ലിൽ പൊടിയ്ക്കണം. നിശ്ചിത കരം കൊടുക്കണം.

റോഡുകൾ, പാലം – ചുങ്കം പിരിച്ചു.

വിളവെടുപ്പുകാലത്ത് കർഷകരിൽ നിന്നും കരം പിരിച്ചു.

ഭൂരിഭാഗം കൃഷിഭൂമിയും രാജാവ്, പ്രഭുക്കന്മാർ, സഭ കൈക്കലാക്കി.

ഉയർന്ന പുരോഹിതന്മാർ ധൂർത്തും ഉല്ലാസവും നിറഞ്ഞ ജീവിതം നയിച്ചു.

9. ഫ്രാൻസിലുയർന്നു വന്ന മധ്യവർഗ്ഗം ഭരണവ്യവസ്ഥ മാറ്റിമറിച്ച് ഫ്രാൻസിനെ വിപ്ലവത്തിലേക്ക് നയിച്ചു.

കാരണങ്ങൾ

നഗരങ്ങളുടെ ആവിർഭാവം

മധ്യവർഗത്തിന്റെ ആവിർഭാവം

ഫ്രാൻസിൽ നിലനിന്നിരുന്ന ഉച്ചനീചത്വം

മധ്യവർഗത്തിന് ഭരണത്തിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചില്ല.

10. ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥിതിയ്ക്കെതിരെ പോരാടാൻ ജനങ്ങൾക്ക് പ്രചോദനം നൽകിയ ചിന്തകർ - വോൾത്തയർ, മോന്തസ്ക്യൂ, റൂസ്സോ.

11. ഫ്രഞ്ച് പാർലമെന്റിലെ മൂന്നാമത്തെ എസ്റ്റേറ്റായ കോമൺസ് ദേശീയ അസംബ്ലിയെന്ന് സ്വയം നാമകരണം ചെയ്തു.

### സാഹചര്യങ്ങൾ

ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്ന നില കോമൺസിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു.

ഒരാൾക്ക് ഒരു വോട്ട് എന്ന തത്വം പാലിയ്ക്കണമെന്നാവശ്യപ്പെട്ടു.

മറ്റ് രണ്ട് എസ്റ്റേറ്റുകൾ എതിർത്തു.

കോമൺസ് ദേശീയ അസംബ്ലിയെന്ന് സ്വയം നാമകരണം ചെയ്തു.

12. ഫ്രഞ്ചു വിപ്ലവത്തിൽ ബാസ്തിയ കോട്ട തകർന്ന ജൂലൈ 14 ഇന്നും ഫ്രാൻസിൽ ദേശീയ ദിനമായി ആചരിയ്ക്കുന്നു.

### കാരണങ്ങൾ

രാജാധികാരത്തിന്റെ പ്രതീകമായിരുന്നു കോട്ട.

രാജാധിപത്യത്തിന്റെ അവസാനത്തിന് വഴിതെളിച്ചു.

13. ഫ്രാൻസിലാകമാനം ഏകരൂപമായ ഭരണഘടന

### ദേശീയ അസംബ്ലിയുടെ പരിഷ്ക്കാരങ്ങൾ

ക്രൈസ്തവസഭ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലായി.

സഭയുടെ ഭൂസ്വത്ത് ദേശസാല്ക്കരിച്ചു.


എല്ലാവിഭാഗങ്ങൾക്കും തുല്യനികുതി.

പ്രഭുക്കന്മാരുടെ പ്രത്യേക അവകാശങ്ങൾ നിർത്തലാക്കി.

ഫ്യൂഡലിസം നിർമ്മാർജ്ജനം ചെയ്തു.

ഭരണഘടനാവിധേയമായ രാജവാഴ്ച നിലവിൽ വന്നു.

14. ഫ്രാൻസിൽ ദേശീയ ഐക്യം ഉണ്ടാക്കാൻ നെപ്പോളിയന് കഴിഞ്ഞു.




15. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളുടെ നിഷേധമായിരുന്നു വിയന്നാസമ്മേളനം.

**കാരണങ്ങൾ**

- നെപ്പോളിയൻ മാറ്റിമറിച്ച രാഷ്ട്രീയ ഭൂപടത്തെ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു.
- യൂറോപ്പിന്റെ ദേശീയതയേയും ജനാധിപത്യത്തേയും നിരാകരിച്ചു.
  സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം - ഈ ആശയങ്ങളെ നിരാകരിച്ചു.
- ആസ്ട്രിയർ ചാൻസലറായിരുന്ന മെറ്റേർണിക് ആണ് സമ്മേളനത്തിന് നേതൃത്വം വഹിച്ചത്.

16. ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവത്തിന്റെ സ്വാധീനം ആഗോളവ്യാപകമായിരുന്നു.

**വ്യവസായ വിപ്ലവങ്ങൾ**

- ഉല്പാദനവർദ്ധനവ്
- ഫാക്ടറി സമ്പ്രദായത്തിന്റെ ആവിർഭാവം
- ബാങ്കുകൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ എന്നിവ ആവിർഭവിച്ചു.
- വ്യവസായ രംഗത്ത് വൻതോതിൽ മൂലധന നിക്ഷേപം.
- മുതലാളി–തൊഴിലാളി ബന്ധത്തിലുണ്ടായ മാറ്റം.
- തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ആവിർഭാവം.

17. 1832 ൽ ഇംഗ്ലീഷ് പാർലമെന്റ് പരിഷ്ക്കരണ നിയമം പാസ്സാക്കി.

**ഫലങ്ങൾ**

ഇംഗ്ലണ്ടിലെ മുതലാളിമാർക്ക് വോട്ടവകാശം ലഭിച്ചു.

ഇംഗ്ലണ്ടിലെ ഓരോ പ്രദേശത്തും നിലനിന്നിരുന്ന കുടുംബവാഴ്ച അവസാനിച്ചു.

പ്രഭുസഭയുടെ മേൽ സാധാരണക്കാരുടെ സഭ വിജയം നേടി.

18. തൊഴിലാളികൾക്ക് വോട്ടവകാശം നേടുന്നതിനായി ഇംഗ്ലണ്ടിൽ നിലവിൽ വന്ന പ്രസ്ഥാനമാണ് ചാർട്ടിസ്റ്റ് പ്രസ്ഥാനം.

19. മുതലാളിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി വ്യവസായങ്ങളിൽ സർക്കാർ ഇടപെടാതിരിക്കുക എന്ന ലെസേ-ഫെയർ സിദ്ധാന്തം ബ്രിട്ടീഷ് ഗവൺമെന്റ് സ്വീകരിച്ചു.

**ഫലങ്ങൾ**

മുതലാളിത്ത ചൂഷണങ്ങൾക്കെതിരെ തൊഴിലാളികളിൽ ഐക്യബോധമുണ്ടായി.

തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു.

തൊഴിൽ നിയമങ്ങൾ രൂപം കൊണ്ടു.

ഫാക്ടറി നിയമങ്ങളുടെ ആവിർഭാവം.

20. ഫാക്ടറി നിയമങ്ങൾ അനേകം മാറ്റങ്ങൾക്ക് കാരണമായി.

മാറ്റങ്ങൾ

- ഫാക്ടറി സന്ദർശിയ്ക്കാനും പരിശോധിയ്ക്കാനും ഉദ്യോഗസ്ഥരെ നിയമിച്ചു.
- 9 വയസ്സിൽ താഴെയുള്ള കുട്ടികളെ പണിയെടുപ്പിക്കുന്നത് നിരോധിച്ചു.
- സ്ത്രീകളുടെ പ്രവർത്തി സമയം പത്ത് മണിക്കൂറായി കുറച്ചു.

21. വ്യാവസായിക വിപ്ലവാനന്തരം വ്യവസായികൾക്കനുകൂലമായി ചില സാമ്പത്തിക സിദ്ധാന്തങ്ങൾ രൂപം കൊണ്ടു.

| | |
|---|---|
| സ്വതന്ത്ര സാമ്പത്തിക സിദ്ധാന്തം | പ്രയോജനവാദം |
| ആഡംസ്മിത്ത്, വാൻത്തുസ്, റിക്കാർഡോ | ജെറമൈ സിദ്ധാന്തം |
| വ്യക്തികളുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടരുത്. | രാജ്യത്തിന്റെ താല്പര്യത്തിനുപരിയായി വ്യക്തിപരമായ നേട്ടങ്ങൾക്കാണ് പ്രാധാന്യം |

മുതലാളിത്ത സമ്പ്രദായത്തിന് ബദലായി ഉയർന്നുവന്ന ആശയമാണ് സോഷ്യലിസം.

സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആദ്യകാല വക്താക്കൾ

| | | |
|---|---|---|
| റോബർട്ട് ഓവൻ<br>ചാൾസ് ഫൂറിയർ<br>സെൻറ് സൈമൺ | ഉട്ടോപ്യൻ സോഷ്യലിസം | ഓരോരുത്തരും അവരവരുടെ ജോലി ചെയ്യുക<br>കൂട്ടുല്പാദനം പങ്കിട്ടെടുക്കുക<br>പ്രായോഗികതയും ശാസ്ത്രീയ കാഴ്ചപ്പാടും ഇല്ലായിരുന്നു. |
| ലൂയി ബ്ലാങ്ക് | സ്റ്റേറ്റ് സോഷ്യലിസം (കൂട്ടുടമാ സമ്പ്രദായം) | ഉല്പാദനവും വിതരണവും ഗവൺമെന്റിന്റെ നിയന്ത്രണ ത്തിൽ. തൊഴിലാളികൾക്ക് തുല്യ വേതനവും ലാഭത്തിന്റെ ഒരു പങ്കും |
| പ്രൂധോൻ | സിൻഡിയ്ക്കലിസം | ഫാക്ടറികളെ നിയന്ത്രിക്കുന്നതിന് തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും സംയുക്ത കമ്മിറ്റി രൂപീകരിയ്ക്കണം. |
| ബർണാഡ്ഷാ | ഫാബിയൻ സോഷ്യലിസം | ജനാധിപത്യപരമായ മാർഗങ്ങൾ ഉപയോഗിച്ച് ഒരു സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കണം. |

| | | |
|---|---|---|
| കാറൽ മാർക്സ് എംഗൽസ് | ശാസ്ത്രീയ സോഷ്യലിസം | മനുഷ്യജീവിതത്തിലെ സാമൂഹിക വും രാഷ്ട്രീയവും, ബുദ്ധിപരവു മായ എല്ലാ പ്രക്രിയകളേയും നിർണ്ണയിക്കുന്നത് സമൂഹത്തിൽ നിലനില്ക്കുന്ന ഉല്പാദന രീതിയാണ്. പ്രായോഗികതയും ശാസ്ത്രീയ കാഴ്ചപ്പാടും ഉണ്ടായിരുന്നു. |

22. ഇംഗ്ലണ്ടിൽ രൂപം കൊണ്ട വ്യവസായ–കാർഷിക വിപ്ലവങ്ങൾ ഇന്ത്യയെ ബ്രിട്ടന്റെ കോളനിയാക്കി മാറ്റി.

**കാരണങ്ങൾ**

- കാർഷിക വ്യാവസായിക രംഗത്തുണ്ടായ പുരോഗതി ഉല്പാദനം വർദ്ധിപ്പിച്ചു.
- മിച്ച ഉല്പന്നങ്ങൾ വിറ്റഴിയ്ക്കാൻ കമ്പോളങ്ങൾ ആവശ്യമായി വന്നു.
- കൂടുതൽ അസംസ്കൃത വസ്തുക്കൾ ആവശ്യമായി വന്നു.
- ഇവ തേടിയുള്ള അന്വേഷണം കോളനീകരണത്തേയും സാമ്രാജ്യവികസനത്തേയും ത്വരിതപ്പെടുത്തി.

**ചോദ്യങ്ങൾ**

ആശയങ്ങളുമായി ബന്ധപ്പെട്ട ഡയഗ്രങ്ങൾ ഉത്തരത്തിലേയ്ക്ക് നയിക്കുന്നവയാണ്. അവ പരിശോധിച്ച് ഉത്തരം എഴുതുക. ഉയർന്ന സ്കോറുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ പാഠപുസ്തകം കൂടി പരിശോധിയ്ക്കുക.

Q.No. 1. ഇംഗ്ലണ്ടിൽ രാജാവും പാർലമെന്റും തമ്മിൽ ദീർഘനാൾ നിലനിന്ന ഭരണഘടനാപരമായ തർക്കങ്ങൾക്ക് കാരണമെന്തെന്ന് വിശകലനം ചെയ്യുക. Score 4

2. ഇംഗ്ലണ്ടിനെ ഭരണഘടനാപരമായ സംഘർഷത്തിലേക്ക് നയിച്ചുകൊണ്ട് ഇരുചേരിയിലായി നിന്ന വിവിധ വിഭാഗങ്ങൾ ഏതെല്ലാം ? Score 2

3. കുറിപ്പ് തയ്യാറാക്കുക - പെറ്റിഷൻ ഓഫ് റൈറ്റ് Score 2

4. ഇംഗ്ലണ്ടിലെ സ്വേച്ഛാധിപത്യത്തിനെതിരെയുള്ള വിജയമാണ് പെറ്റിഷൻ ഓഫ് റൈറ്റ്. പിന്നീടിത് ഇംഗ്ലണ്ടിനെ ആഭ്യന്തര യുദ്ധത്തിലേക്ക് നയിച്ചു. ഈ പ്രസ്താവന വിലയിരുത്തുക. Score 3

5. കുറിപ്പ് തയ്യാറാക്കുക - രക്തരഹിത വിപ്ലവം Score 2

6. ഇംഗ്ലണ്ടിൽ രാജഭരണം നിലനിൽക്കുന്നുവെങ്കിലും രാജാവ് ഭരിയ്ക്കുന്നില്ല. ഈ പ്രസ്താവന വിലയിരുത്തുക. Score 2

7. എ) ഫ്രഞ്ച് വിപ്ലവത്തിന്റെ മൂന്ന് പ്രധാന ആശയങ്ങൾ ഏതെല്ലാം? Score 3

ബി) ഫ്രാൻസിലെ മൂന്ന് എസ്റ്റേറ്റുകളെക്കുറിച്ച് വിവരിക്കുക. Score 3

8. ഫ്രഞ്ച് സമൂഹത്തിലെ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരെ പോരാടുവാൻ മൂന്നാം എസ്റ്റേറ്റിനെ പ്രേരിപ്പിച്ച സാമൂഹ്യസാഹചര്യം വിശകലനം ചെയ്യുക. Score 4


9. ഫ്രാൻസിൽ ഉയർന്നുവന്ന മധ്യവർഗം ഫ്രാൻസിന്റെ ഭരണവ്യവസ്ഥയെ മാറ്റിമറിച്ച വിപ്ലവത്തിലേക്കു നയിച്ചു. വിലയിരുത്തുക. Score 4

10. ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥയ്ക്കെതിരെ പോരാടാൻ ജനങ്ങൾക്ക് പ്രചോദനം നല്കിയ ചിന്തകർ ആരെല്ലാം? കുറിപ്പ് തയ്യാറാക്കുക. Score 3

11. ഫ്രഞ്ച് പാർലമെന്റിന്റെ മൂന്നാമത്തെ എസ്റ്റേറ്റായ കോമൺസ് ദേശീയ അസംബ്ലിയായി മാറാനുള്ള സാഹചര്യം വിശകലനം ചെയ്യുക. Score 4


12. ബാസ്തിയ കോട്ടയുടെ പതനദിവസം ഫ്രാൻസിൽ ദേശീയദിനമായി ആചരിക്കുന്നു-വിശദമാക്കുക. Score 2

13. പദസൂര്യൻ പൂർത്തിയാക്കുക.




Score 5

14. നെപ്പോളിയന്റെ ഏതെങ്കിലും അഞ്ച് പരിഷ്ക്കാരങ്ങൾ എഴുതുക. Score 5




15. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളുടെ നിഷേധമായിരുന്നു വിയന്നാസമ്മേളനം - വിലയിരുത്തുക. Score 4

16. ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവത്തിന്റെ സ്വാധീനം ആഗോളവ്യാപകമായിരുന്നുവെന്ന ആശയത്തോട് നിങ്ങൾ യോജിയ്ക്കുന്നുണ്ടോ ? വിശദമാക്കുക. Score 5

17. 1832 ഇംഗ്ലീഷ് പാർലമെന്റ് നടപ്പാക്കിയ പരിഷ്ക്കരണ നിയമത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക. Score 2

18. ചാർട്ടിസ്റ്റ് പ്രസ്ഥാനമെന്നാലെന്ത് ? Score 2

19. എ) ലെസെ-ഫെയർ സിദ്ധാന്തമെന്ത് ? Score 2

ബി) അനന്തരഫലങ്ങൾ വിശകലനം ചെയ്യുക. Score 4

20. ഇംഗ്ലണ്ടിൽ നടപ്പിലാക്കിയ ഫാക്ടറി നിയമത്തിലെ പ്രധാന നിർദ്ദേശങ്ങൾ വിശകലനം ചെയ്യുക. Score 3

21. വ്യാവസായിക വിപ്ലവാനന്തരം വ്യവസായികൾക്ക് അനുകൂലമായി ഉയർന്നുവന്ന പ്രധാനപ്പെട്ട സാമ്പത്തിക സിദ്ധാന്തങ്ങൾ വിവരിക്കുക. Score 6

22. ആദ്യകാല സോഷ്യലിസ്റ്റ് വക്താക്കളിൽ പ്രധാനികളാര് ? ഓരോ പ്രസ്ഥാനത്തിന്റെയും നയങ്ങൾ വ്യക്തമാക്കുക. Score 5

23. ഉട്ടോപ്പിയൻ സോഷ്യലിസവും ശാസ്ത്രീയ സോഷ്യലിസവും തമ്മിലുള്ള വ്യത്യാസമെന്ത് ? Score 2

24. ഇംഗ്ലണ്ടിൽ രൂപംകൊണ്ട വ്യവസായ കാർഷികവിപ്ലവങ്ങൾ
ഇന്ത്യയെ ബ്രിട്ടന്റെ കോളനിയാക്കിത്തീർത്തു.
ഈ പ്രസ്താവന വിലയിരുത്തുക. Score 4

**ഉത്തരസൂചിക**

ഓരോ ആശയവുമായി ബന്ധപ്പെട്ട ഡയഗ്രത്തിൽ ഉത്തരസൂചിക കൊടുത്തിട്ടുണ്ട്.

ഡയഗ്രം പരിശോധിക്കുക. ഒപ്പം പാഠഭാഗവും.

കൂടുതൽ സ്കോർ ഉള്ള ചോദ്യങ്ങൾക്ക് പാഠപുസ്തകത്തിന്റെ കൂടി സഹായത്തോടെ ഉത്തരമെഴുതുക.

# യൂണിറ്റ് - 3

# സാമ്രാജ്യത്വത്തിന്റെ വളർച്ച

വ്യവസായവിപ്ലവത്തെ തുടർന്ന് യൂറോപ്പിൽ വളർന്നുവന്ന മുതലാളിത്തത്തിന്റെ വികസിത രൂപമാണ് സാമ്രാജ്യത്വം. ആഫ്രോ-ഏഷ്യൻ, അമേരിക്കൻ വൻകരകളിലെ രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ ചെറുത്തുനിൽപ്പ് പ്രസ്ഥാനങ്ങൾ, പൗരസ്ത്യ യൂറോപ്യൻ സമസ്യയും ബാൾക്കൻ പ്രതിസന്ധിയും തൊഴിലാളിപ്രസ്ഥാനങ്ങളുടെ ആവിർഭാവം, യൂറോപ്പിലെ ദേശീയത, ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങളുടെ ഏകീകരണത്തിന് ദേശീയത വഹിച്ച പങ്ക് എന്നിവയുടെ ഒരു ചെറിയ വിവരണമാണ് ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഈ യൂണിറ്റിനെ എ, ബി, സി, ഡി, ഇ എന്നീ 5 ഉപയൂണിറ്റുകളായി തിരിച്ച് വിശകലനം ചെയ്തിരിക്കുന്നു.

## എ) സാമ്രാജ്യത്വം

വ്യവസായവിപ്ലവത്തെത്തുടർന്ന് യൂറോപ്പിൽ വളർന്നുവന്ന മുതലാളിത്തത്തിന്റെ വികസിത രൂപമാണ് സാമ്രാജ്യത്വം.

സാമ്രാജ്യത്വവിപുലീകരണമോഹം കോളനി സ്ഥാപനത്തിലേക്ക് വഴിതെളിച്ചു.

ആഫ്രോ-ഏഷ്യൻ-അമേരിക്കൻ രാജ്യങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ സാമ്രാജ്യത്വ രാജ്യങ്ങളെ നിരവധി ഘടകങ്ങൾ പ്രേരിപ്പിച്ചു.

സാമ്രാജ്യത്വവ്യാപനത്തിനും അവരുടെ അധികാരങ്ങൾ നിലനിർത്താനും മുതലാളിത്ത രാജ്യങ്ങൾ പല തന്ത്രങ്ങളും പ്രയോഗിച്ചു.

### ഘടകങ്ങൾ

കോളനികളിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത.

മിച്ച ഉല്പന്നങ്ങൾ കോളനികളിൽ വിറ്റഴിക്കാം.

അധിക ഉല്പാദനം.

കടുത്ത വ്യാപാര മത്സരം.

### വിവിധ തന്ത്രങ്ങൾ

സൈനികശക്തി ഉപയോഗിച്ച് അടിച്ചമർത്തൽ

ഭരണസംവിധാനവും നിയമവ്യവസ്ഥയും ഉപയോഗിച്ചുള്ള നികുതിപിരിവ്.

തദ്ദേശീയരുടെ സാഹിത്യം, കല, വിദ്യാഭ്യാസം എന്നിവയെ തകർക്കൽ

പാശ്ചാത്യ വിദ്യാഭ്യാസം.

## 1. സാമ്രാജ്യത്വം ഇന്ത്യയിൽ

- ➢ വിവിധ യൂറോപ്യൻ ശക്തികളായ പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ എന്നിവർ കച്ചവടത്തിനായി ഇന്ത്യയിൽ എത്തി.
- ➢ ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹ്യസാഹചര്യങ്ങൾ ബ്രിട്ടീഷ് അധിനിവേശത്തിന് സാഹചര്യമൊരുക്കി.
- ➢ കർണ്ണാട്ടിക് യുദ്ധങ്ങൾ, പ്ലാസി യുദ്ധം (1757) ബക്സാർ യുദ്ധം (1764) എന്നിവ ഇംഗ്ലീഷ് ആധിപത്യത്തിന് ആക്കം കൂട്ടി.

ഇന്ത്യയിലെ സാഹചര്യം

- ➢ ദുർബലമായ മുഗൾ ഭരണകൂടം
- ➢ അന്യോന്യം കലഹിച്ചിരുന്ന നാട്ടുരാജ്യങ്ങൾ
- ➢ സാമ്പത്തികസാമൂഹ്യ ജീർണ്ണത
- ➢ അരക്ഷിതാവസ്ഥ

## 2. സാമ്രാജ്യത്വം ചൈനയിൽ

- ➢ 16-ാം നൂറ്റാണ്ടു മുതൽ ചൈനയിൽ വ്യാപാരബന്ധം സ്ഥാപിക്കാൻ യൂറോപ്യൻമാർ ശ്രമിച്ചു.
- ➢ ചൈനീസ് ഭരണകർത്താക്കൾ അവരെ അകറ്റിനിർത്തി.
- ➢ ഇംഗ്ലീഷുകാർ ചൈനയുടെ മേൽ നിയന്ത്രണം നേടാൻ ചില വളഞ്ഞ വഴികൾ സ്വീകരിച്ചു.
- ➢ കറുപ്പ് കള്ളക്കടത്തിലൂടെ ചൈനയെ ധാർമ്മികമായും ഭൗതികമായും ഇംഗ്ലീഷുകാർ തളർത്തി.
- ➢ കറുപ്പ് യുദ്ധങ്ങൾ (1839-1842), ചൈന-ജപ്പാൻ യുദ്ധം (1894-95) എന്നീ യുദ്ധങ്ങൾ ചൈനയെ വിദേശീയരുടെ നിയന്ത്രണത്തിലാക്കി.

കറുപ്പ് യുദ്ധം

| വർഷം | പങ്കെടുത്തവർ | ഫലങ്ങൾ | |
|---|---|---|---|
| 1839-42 | ചൈന, ഇംഗ്ലണ്ട് | ചൈന പരാജയപ്പെട്ടു | ഹോങ്ഗോങ്ങും 5 തുറമുഖങ്ങളും ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുത്തു |

## 3. സാമ്രാജ്യത്വം അമേരിക്കയിൽ

- ➢ മതപീഡനങ്ങളിൽ നിന്ന് രക്ഷനേടാനും സാമ്പത്തികഭദ്രത ആർജ്ജിക്കാനുമായി യൂറോപ്പിൽ നിന്ന് നിരവധി കുടുംബങ്ങൾ അമേരിക്കൻ വൻകരയിലേക്ക് കുടിയേറി.

- ഇംഗ്ലീഷുകാർ വടക്കേ അമേരിക്കയിൽ 13 കോളനികൾ സ്ഥാപിച്ചു.
- ബ്രിട്ടീഷ് പാർലമെന്റ് അമേരിക്കൻ കോളനികൾക്ക് മേൽ നിരവധി പുതിയ നികുതികൾ ചുമത്തി.
- "പ്രാതിനിധ്യമില്ലാതെ നികുതി പിരിക്കാൻ പാടില്ല" എന്ന മുദ്രാവാക്യവുമായി അമേരിക്കൻ കോളനികൾ ബ്രിട്ടീഷുകാർക്കെതിരെ കലാപമുയർത്തി.
- 1781 ൽ കോൺവാലിസിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പട്ടാളത്തെ ജോർജ് വാഷിംഗ്ടണിന്റെ നേതൃത്വത്തിലുള്ള അമേരിക്കൻ സൈന്യം പരാജയപ്പെടുത്തി.
- 1782 ലെ പാരീസ് ഉടമ്പടി പ്രകാരം ബ്രിട്ടൻ അമേരിക്കയ്ക്ക് സ്വാതന്ത്ര്യം നൽകി.

## 4. സാമ്രാജ്യത്വം തെക്കേ അമേരിക്കയിൽ

- സ്വർണവും വെള്ളിയും തേടി ഇവിടെയെത്തിയ പ്രധാന യൂറോപ്യൻ ശക്തികൾ- സ്പെയിൻ, പോർച്ചുഗൽ, ഫ്രാൻസ്, ഇംഗ്ലണ്ട്.
- യൂറോപ്യർ തെക്കേ അമേരിക്കയിൽ വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടതിന്റെ ഫലമായി ഉണ്ടായ പുതിയ സങ്കരവർഗമാണ് മെസ്റ്റിസോസ്.
- യൂറോപ്യൻ സാമ്രാജ്യത്വത്തിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ വിവിധ രാജ്യങ്ങളിൽ ആരംഭിച്ചു.
- സൈമൺ ബൊളിവർ, ജോസെ ഡി സാൻമാർട്ടിൻ എന്നിവർ വിവിധ രാജ്യങ്ങളിലെ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി.
- 1825 ആയപ്പോഴേക്കും ഈ മേഖലയിലെ മുഴുവൻ രാജ്യങ്ങളും സ്വാതന്ത്ര്യം നേടി.

## 5. സാമ്രാജ്യത്വം ആഫ്രിക്കയിൽ

- ആഫ്രിക്കയിൽ സാമ്രാജ്യത്വ സ്ഥാപന മൽസരത്തിൽ ഏർപ്പെട്ട പ്രധാന കൊളോണിയൽ ശക്തികളായിരുന്നു ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, പോർച്ചുഗൽ, സ്പെയിൻ
- ഇതിനായി അവർ തമ്മിൽ മത്സരിക്കുകയും ആഫ്രിക്കയെ നിരവധി കഷണങ്ങളായി വിഭജിക്കുകയും ചെയ്തു.
- യുദ്ധം കൂടാതെ അതിവേഗത്തിലാണ് ഇത് സാധിച്ചത്.
- അവർ തമ്മിലുണ്ടായിരുന്ന സംഘർഷങ്ങൾ ചർച്ചകളിലൂടെയും സന്ധികളിലൂടെയും പറഞ്ഞുതീർത്തു.
- 1914 ആയപ്പോഴേക്കും മിക്ക ആഫ്രിക്കൻ രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളുടെ കോളനികളായി.

## ബി) സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങൾ

19–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ പ്രതിരോധ ദേശീയത രൂപം കൊള്ളുകയും അത് കോളനിവിരുദ്ധപ്രസ്ഥാനങ്ങൾ ആരംഭിക്കുവാൻ കാരണമാവുകയും ചെയ്തു.

### 1) സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം - ഇന്ത്യയിൽ

കോളനി വിരുദ്ധ പ്രസ്ഥാനം ഇന്ത്യയിൽ രൂപംകൊള്ളാനുള്ള സാഹചര്യങ്ങൾ

ബ്രിട്ടീഷ് ഭരണാധികാരിയുടെ ഭരണനടപടികളും നയവൈകല്യങ്ങളും.

ഇന്ത്യയുടെ സാമ്പത്തിക സാംസ്ക്കാരിക രാഷ്ട്രീയ വികസനത്തെ മുരടിപ്പിക്കുന്ന നയം.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെയുള്ള സാംസ്ക്കാരിക അടിമത്വം.

### 2) സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം - ചൈനയിൽ

സാമ്രാജ്യത്വ ചൂഷണത്തിനെതിരെ പ്രതിരോധ ദേശീയത രൂപം കൊള്ളുന്നു.

വിവിധ വിപ്ലവസംഘടനകൾ രൂപംകൊള്ളുന്നു.

ഡോ. സൺയാത്സെൻ വിവിധ വിമോചനസംഘടനകളെ യോജിപ്പിച്ച് സമരം മുന്നോട്ട് നയിച്ചു.

ദേശീയ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ആശയങ്ങൾ - ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നിവയായിരുന്നു.

### 3) സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം ജപ്പാനിൽ

19–ാം നൂറ്റാണ്ടിൽ അമേരിക്കയും വിവിധ കൊളോണിയൽ ശക്തികളും ഇവിടെ നിയന്ത്രണം സ്ഥാപിച്ചു.

പ്രതിരോധ ദേശീയത രൂപം കൊണ്ടു.

കൊളോണിയൽ ശക്തികൾക്കെതിരെയും ഷോഗൺ ഭരണത്തിനെതിരെയും സംഘടിത പോരാട്ടം ആരംഭിച്ചു.

1868ൽ ഷോഗൺ ഭരണം അവസാനിപ്പിച്ച് മെയ്ജി രാജവംശം ഭരണം ആരംഭിച്ചു.

ഈ ഭരണത്തിൻകീഴിൽ ജപ്പാൻ പൂർവദേശത്തെ പ്രധാന ശക്തിയായി.

റഷ്യ-ജപ്പാൻ യുദ്ധത്തിൽ ജപ്പാന്റെ വിജയം മറ്റ് രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് പുതിയ ആവേശമായി.

## സി) പൗരസ്ത്യ യൂറോപ്യൻ സമസ്യ (Eastern Question) യും ബാൾക്കൻ പ്രതിസന്ധിയും

- തുർക്കിയുടെ ദുർബലാവസ്ഥ മുതലെടുത്ത് പശ്ചിമ യൂറോപ്യൻ ശക്തികൾ തുർക്കിയുടെ ഭൂഭാഗങ്ങൾ കയ്യടക്കാൻ നടത്തിയ ശ്രമങ്ങളാണ് പൗരസ്ത്യ യൂറോപ്യൻ സമസ്യ.
- തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന സ്ലാവ് ജനങ്ങൾ അധിവസിക്കുന്ന ബാൾക്കൻ പ്രദേശങ്ങൾ കൈയ്യടക്കാൻ റഷ്യ ശ്രമിച്ചു. ഇതിനെ മറ്റ് യൂറോപ്യൻ രാജ്യങ്ങൾ പരാജയപ്പെടുത്തി.

### പൗരസ്ത്യ യൂറോപ്യൻ സമസ്യയിലേക്കും ബാൾക്കൻ പ്രതിസന്ധിയിലേക്കും നയിച്ച സാഹചര്യങ്ങൾ

- തുർക്കി സാമ്രാജ്യത്തിന്റെ തകർച്ച
- ബാൾക്കൻ പ്രദേശങ്ങൾ കൈയ്യടക്കാനുള്ള റഷ്യയുടെ ശ്രമം.

## ഡി) തൊഴിലാളിവർഗ്ഗ മുന്നേറ്റം

- മുതലാളിത്തചൂഷണം തൊഴിലാളികളുടെ അവസ്ഥ ദുരിതപൂർണമാക്കി.
- നിരവധി തൊഴിലാളി സംഘടനകൾ രൂപം കൊണ്ടു.
- 1830ൽ ജോൺ ദോഹാർത്തി നാഷണൽ അസോസിയേഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ലേബർ എന്ന തൊഴിലാളികളുടെ ദേശീയ ഫോറത്തിന് രൂപം കൊടുത്തു.
- തൊഴിലാളിസമരത്തിന്റെ ഭാഗമായി തൊഴിലാളികളുടെ പ്രവൃത്തിസമയം, വേതനം, ജീവിതസാഹചര്യം എന്നിവയിൽ മാറ്റമുണ്ടായി.

## ഇ) ദേശീയത

- ദേശം എന്ന സങ്കല്പത്തിൽ അധിഷ്ഠിതമായ പ്രത്യയശാസ്ത്രവും കർമ്മപരിപാടിയും ചേർന്നതാണ് ദേശീയത.
- 18–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിലെ വിവിധ പ്രദേശങ്ങളിൽ ദേശീയ ബോധം വളർന്നുവന്നു.
- 1848 ലെ വിപ്ലവങ്ങൾ യൂറോപ്പിൽ ദേശീയത കൂടുതൽ ശക്തിപ്പെടുത്തി.
- ആക്രാമക ദേശീയത, പ്രതിരോധദേശീയത ഇങ്ങനെ ദേശീയത പല തരത്തിൽ ഉണ്ട്.
- ആക്രാമക ദേശീയത അതിരുകവിഞ്ഞതും, വൻതോതിലുള്ള ആയുധീകരണത്തിലേയ്ക്കും ദേശീയതകൾ തമ്മിലുള്ള വൈരൃത്തിലേയ്ക്കും ആക്രമണത്തിലേക്കും നയിക്കുന്നു.
- പ്രതിരോധ ദേശീയത സാമ്പത്തികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ അടിമത്തത്തെ പ്രതിരോധിക്കുന്നതാണ്.

1) **ഇറ്റലിയുടെ ഏകീകരണം**

- കാർബൊണാരി, യങ്ങ് ഇറ്റലി എന്നിവയുടെ പങ്ക്
- ജോസഫ് മസീനി, ഗാരിബാൾഡി, വിക്ടർ ഇമ്മാനുവേൽ II കവൂർ എന്നിവരുടെ പങ്ക്

2) **ജർമ്മിനിയുടെ ഏകീകരണം**

- സോൾവെറിൻ എന്ന വ്യാപാരസംഘടനയുടെ പങ്ക്
- ബിസ്മാർക്ക്, ഫ്രഡറിക് വില്യം IV എന്നിവരുടെ പങ്ക്
- ഡാനിഷ് യുദ്ധം
  ആസ്ട്രോ-പ്രഷ്യൻ യുദ്ധം
  ഫ്രാങ്കോ-പ്രഷ്യൻ യുദ്ധം

**ചോദ്യങ്ങൾ**

ഈ യൂണിറ്റിലെ പ്രധാന ചോദ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. അവയുടെ ഉത്തരങ്ങൾ ടെക്സ്റ്റ്ബുക്കിന്റെ സഹായത്താൽ കണ്ടെത്താൻ ശ്രമിക്കുക. ഉത്തര സൂചിക മറ്റൊരു പേജിൽ നൽകിയിട്ടുണ്ട്.

1. അക്രാമകദേശീയത, പ്രതിരോധ ദേശീയത ഇവയെ താരതമ്യം ചെയ്യുക 3 score
2. യൂറോപ്യൻ രാജ്യങ്ങളെ ആഫ്രോ-ഏഷ്യൻ-അമേരിക്കൻ രാജ്യങ്ങളിൽ കോളനികൾ സ്ഥാപിയ്ക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാമായിരുന്നു? 2 score
3. മുതലാളിത്ത രാഷ്ട്രങ്ങൾ സാമ്രാജ്യത്വവ്യാപനത്തിനും അവരുടെ അധികാരങ്ങൾ നിലനിർത്താനും കോളനികളിൽ പ്രയോഗിച്ച തന്ത്രങ്ങൾ ഏവ ? 2 score
4. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രതിരോധ ദേശീയത ശക്തിപ്പെടുകയും സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു. മൂന്ന് രാജ്യങ്ങളിലും ഉടലെടുത്ത സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളുടെ വിവരണം തയ്യാറാക്കുക? 6 score
5. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്ന് എടുത്തെഴുതുക.

| A | B | C |
|---|---|---|
| ഇറ്റലി | മെസ്റ്റിസോസ് | കോമഡോർ ചെറി |
| ജർമ്മനി | മഞ്ചു രാജവംശം | സൈമൺ ബൊളിവർ |
| ചൈന | യങ് ഇറ്റലി | സൺയാത്സെൻ |
| ജപ്പാൻ | സോൾവെറിൻ | ബിസ്മാർക്ക് |
| തെക്കേ അമേരിക്ക | ഷോഗൺ ഭരണം | ജോസഫ് മസീനി |

6. സാമ്രാജ്യത്വ വിപുലീകരണ മോഹത്തിന്റെയും രാജ്യങ്ങൾ കോളനികളാക്കാനുള്ള യൂറോപ്യൻ രാജ്യങ്ങളുടെ അത്യാർത്തിയുടേയും ഏറ്റവും നല്ല ഉദാഹരണമാണ് ആഫ്രിക്കയുടെ വീതംവയ്പ്-ആഫ്രിക്കയുടെ വീതം വയ്പ്പിന്റെ സ്വഭാവം വ്യക്തമാക്കി ഈ പ്രസ്താവന പരിശോധിക്കുക? 4 score

7. യൂറോപ്യൻ ശക്തികൾ തമ്മിലുള്ള മത്സരങ്ങൾ വെറും അതിർത്തിത്തർക്കങ്ങൾ മാത്രമായിരുന്നില്ലെന്ന് പൗരസ്ത്യ യൂറോപ്യൻ സമസ്യ തെളിയിച്ചു. എന്താണ് പൗരസ്ത്യ യൂറോപ്യൻ സമസ്യ? ഇതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം? 4 score

8. ഒന്നാം ലോകയുദ്ധത്തിന് മുമ്പ് രൂപംകൊണ്ട സൈനിക സഖ്യങ്ങളിൽപ്പെട്ട രാജ്യങ്ങളുടെ പേര് ചുവടെ നൽകിയിരിക്കുന്നു. അവയെ പട്ടികപ്പെടുത്തുക? സൈനികസഖ്യങ്ങളുടെ രൂപവൽക്കരണം രാജ്യങ്ങളെ എങ്ങനെ ബാധിച്ചു ? 5 score

(റഷ്യ, ഇറ്റലി, ആസ്ട്രിയ-ഹംഗറി, ബ്രിട്ടൺ, ജർമ്മനി, ഫ്രാൻസ്)


9. ചുവടെ നൽകിയിട്ടുള്ള സംഭവങ്ങളെ അവ നടന്ന മുറയ്ക്ക് ക്രമീകരിക്കുക.

എ) പ്ലാസിയുദ്ധം, ബി) ഇറ്റലിയുടെ ഏകീകരണം

സി) അമേരിക്ക സ്വതന്ത്രമാകുന്നു. ഡി) ജർമ്മനിയുടെ ഏകീകരണം

ഇ) ബക്സർ യുദ്ധം

10. യൂറോപ്പിൽ ദേശീയത ശക്തിപ്പെട്ടതിന്റെ ഫലമായി ഏകീകരിയ്ക്കപ്പെട്ട ജർമ്മനിയുടെയും ഇറ്റലിയുടെയും ഏകീകരണവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ നൽകിയിരിക്കുന്നു. മറ്റുള്ളവ പൂർത്തിയാക്കുക.



11. “കോളനീകരണത്തെ ശക്തിപ്പെടുത്തുവാൻ സാമ്രാജ്യത്വം സ്വീകരിച്ച തന്ത്രങ്ങളിൽ ഒന്നാണ് പാശ്ചാത്യവിദ്യാഭ്യാസം” സമർത്ഥിക്കുക. 4 score

12. കോളനി ശക്തികളെ അടിമക്കച്ചവടത്തിനും കരാർ തൊഴിലിനും പ്രേരിപ്പിച്ച സാഹചര്യങ്ങൾ ഏവ ? 2 score

13. ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളിൽ സാമ്രാജ്യത്വം സ്ഥാപിതമായതെങ്ങനെയെന്ന് സമർത്ഥിക്കുക ? 6 score

# ഉത്തരസൂചിക

| | ആക്രാമക ദേശീയത | പ്രതിരോധ ദേശീയത |
|---|---|---|
| 1. | അതിരു കവിഞ്ഞ ദേശീയത | തങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച സാമ്പത്തികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ അടിമത്തത്തെ പ്രതിരോധിക്കുന്ന ദേശീയത |
| | വൻതോതിലുള്ള ആയുധീകരണത്തിലേക്കും ദേശീയതകൾ തമ്മിലുള്ള വൈര്യത്തിലേയ്ക്കും ആക്രമണത്തിലേക്കും നയിച്ചു. | ഭരണാധികാരികളുടെ ദുർനയങ്ങൾക്കെതിരെയുള്ള പ്രതികരണം. |
| | മികവുകളും പാരമ്പര്യങ്ങളും ഉയർത്തിപ്പിടിക്കുന്നു. | സാമ്രാജ്യത്വ ലക്ഷ്യങ്ങളെ തുറന്നുകാട്ടുന്നു |

2. സാമ്രാജ്യത്വം എന്ന സബ് യൂണിറ്റിലെ ഘടകങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പട്ടിക കാണുക.
3. സാമ്രാജ്യത്വം എന്ന സബ് യൂണിറ്റിലെ വിവിധ തന്ത്രങ്ങൾ എന്ന പട്ടിക കാണുക.
4. സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങൾ എന്ന സബ്യൂണിറ്റിലെ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനം ഇന്ത്യയിൽ (1), ചൈനയിൽ (2), ജപ്പാനിൽ (3) എന്നീ ഭാഗങ്ങൾ കാണുക.
5.

| | | |
|---|---|---|
| ഇറ്റലി | യങ് ഇറ്റലി | ജോസഫ് മസീനി |
| ജർമ്മനി | സോൾവെറിൻ | ബിസ്മാർക്ക് |
| ചൈന | മഞ്ചുരാജവംശം | സൺയാത്സെൻ |
| ജപ്പാൻ | ഷോഗൺ ഭരണം | കോമഡോർവെറി |
| തെക്കേ അമേരിക്ക | മെസ്റ്റിസോസ് | സൈമൺ ബൊളിവർ |

6. സാമ്രാജ്യത്വം എന്ന സബ് യൂണിറ്റിലെ സാമ്രാജ്യത്വം ആഫ്രിക്കയിൽ എന്ന ഭാഗം കാണുക.
7. പൗരസ്ത്യ യൂറോപ്യൻ സമസ്യയും ബാൾക്കൻ പ്രതിസന്ധിയും എന്ന സബ് യൂണിറ്റ് കാണുക.
8.

| ത്രിരാഷ്ട്ര സഖ്യം | ത്രിരാഷ്ട്ര ധാരണ |
|---|---|
| ജർമ്മനി | റഷ്യ |
| ആസ്ട്രിയ-ഹംഗറി | ബ്രിട്ടൺ |
| ഇറ്റലി | ഫ്രാൻസ് |

എ) രാഷ്ട്രങ്ങൾ തമ്മിലുള്ള സംശയങ്ങൾ വർദ്ധിച്ചു. ബി) ആയുധശേഖരണം.

സി) സൈന്യബലവും നാവികസേനയുടെ ശക്തിയും വർദ്ധിപ്പിച്ചു.

ഡി) വിവിധ രഹസ്യ കരാറുകൾ ഉണ്ടാക്കാൻ കാരണമായി.

9. പ്ലാസിയുദ്ധം - ബക്സാർ യുദ്ധം - അമേരിക്ക സ്വതന്ത്രമാകുന്നു-ഇറ്റലിയുടെ ഏകീകരണം-ജർമ്മനിയുടെ ഏകീകരണം.

10. ദേശീയത എന്ന സബ് യൂണിറ്റിലെ ഇറ്റലിയുടെ ഏകീകരണം, ജർമ്മനിയുടെ ഏകീകരണം എന്നീ ഭാഗങ്ങൾ കാണുക.

11. കോളനിവാഴ്ചയ്ക്ക് നിലനിൽക്കാൻ കഴിയണമെങ്കിൽ കൊളോണിയൽ രാജ്യത്തിന്റെ മേൽ രാഷ്ട്രീയവും സാമ്പത്തികവുമായ നിയന്ത്രണം ഉറപ്പാക്കേണ്ടതുണ്ട്. ഈ ലക്ഷ്യ പ്രാപ്തിക്ക് വിദ്യാഭ്യാസത്തെ ഉപയോഗിച്ച് പാശ്ചാത്യസംസ്ക്കാരത്തോട് വിധേയത്വമുള്ള ഒരു തലമുറയെ സൃഷ്ടിച്ചെടുക്കലായിരുന്നു അവരുടെ ലക്ഷ്യം - ഇത്തരം പോയിന്റുകൾ എഴുതി സമർത്ഥിക്കണം.

12. കോളനികളിലെ തോട്ടംകൃഷിയും ഖനിവ്യവസായവും വൻതോതിൽ കുറഞ്ഞ കൂലിയുള്ള തൊഴിലാളികളുടെ ആവശ്യകത സൃഷ്ടിച്ചു. ഇതിനെ മറികടക്കാനായി ദശലക്ഷക്കണക്കിന് മനുഷ്യരെ അടിമകളായും കരാർ തൊഴിലാളികളായും തോട്ടം മേഖലയിൽ ഉപയോഗപ്പെടുത്തി.

13. സാമ്രാജ്യത്വം എന്ന സബ്യൂണിറ്റിലെ സാമ്രാജ്യത്വം ഇന്ത്യയിൽ, സാമ്രാജ്യത്വം ചൈനയിൽ എന്നീ ഭാഗങ്ങൾ കാണുക.

# യൂണിറ്റ് 4
# ലോക യുദ്ധവും തുടർച്ചയും

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ലോകത്ത് അരങ്ങേറിയ സംഭവവികാസങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഒന്നാംലോക യുദ്ധം (1914–1918), റഷ്യൻ വിപ്ലവം (1917), ലോക സാമ്പത്തികമാന്ദ്യം, ഫാഷിസത്തിന്റെയും നാസിസത്തിന്റെയും ഉയർച്ച. ഇവയെക്കുറിച്ചുള്ള ഒരു ചെറുവിവരണമാണ് ഈ യൂണിറ്റിൽ നൽകിയിരിക്കുന്നത്.

ഈ യൂണിറ്റിനെ A, B, C, D എന്നീ നാല് ഉപയൂണിറ്റുകളായി തിരിച്ച് വിശകലനം ചെയ്തിരിക്കുന്നു.

**A. ഒന്നാം ലോകമയുദ്ധം – 1914–1918**

**യുദ്ധത്തിന്റെ കാരണങ്ങൾ**

പൗരസ്ത്യ യൂറോപ്യൻ സമസ്യയും അന്താരാഷ്ട്ര പ്രതിസന്ധികളും

സാമ്രാജ്യത്വമത്സരങ്ങൾ

ആക്രാമക ദേശീയത

സൈനിക സഖ്യങ്ങളുടെ രൂപീകരണം

ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാന്റിന്റെ വധം or ബോസ്നിയൻ പ്രതിസന്ധി

### അന്താരാഷ്ട്ര പ്രതിസന്ധികൾ

ബാൾക്കൻ പ്രതിസന്ധി – ജർമ്മനി-റഷ്യ

മൊറോക്കോ പ്രതിസന്ധി – ജർമ്മനി-ഫ്രാൻസ്

ബാഗ്ദാദ് പ്രതിസന്ധി – ജർമ്മനി, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്

### യുദ്ധത്തിന്റെ ആരംഭം, ഗതി, അന്ത്യം

1914 ജൂലൈ 28 ന് ആസ്ട്രിയ സെർബിയക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.

റഷ്യ, ബ്രിട്ടൻ, ഫ്രാൻസ് – സെർബിയയെ സഹായിക്കുന്നു.

തുർക്കി, ജർമ്മനി, ബൾഗേറിയ – ആസ്ട്രിയയെ സഹായിക്കുന്നു.

ബ്രിട്ടന്റെ ഭാഗത്തുള്ളവർ സഖ്യകക്ഷികൾ എന്നും ജർമ്മനിയുടെ ഭാഗത്തുള്ളവർ കേന്ദ്രശക്തികൾ എന്നും അറിയപ്പെടുന്നു.

ഇറ്റലി ജർമ്മനിയുടെ സഖ്യം വിട്ട് ബ്രിട്ടന്റെ ഭാഗത്ത് ചേരുന്നു.

1917 ലെ വിപ്ലവത്തെ തുടർന്ന് റഷ്യ യുദ്ധത്തിൽ നിന്ന് പിൻമാറി.

ജർമ്മൻ അന്തർവാഹിനികൾ അമേരിക്കൻ കപ്പലുകൾ തകർക്കുന്നു.

അമേരിക്ക ബ്രിട്ടന്റെ ഭാഗത്ത് ചേരുന്നു.

ആസ്ട്രിയ, തുർക്കി, ബൾഗേറിയ, ജർമ്മനി എന്നിവ പരാജയം സമ്മതിച്ച് കീഴടങ്ങുന്നു.

1918 ൽ യുദ്ധം അവസാനിക്കുന്നു.

## ഒന്നാം ലോകയുദ്ധത്തിന്റെ പ്രത്യേകതകൾ

നൂതന തന്ത്രവും സാങ്കേതികവിദ്യയും പ്രയോഗിക്കപ്പെട്ടു.

കരയിലും, കടലിലും, ആകാശത്തും യുദ്ധം നടന്നു.

ടാങ്കുകൾ, ഷെല്ലുകൾ, മൈനുകൾ എന്നിവ ഉപയോഗിച്ചു.

വിഷവാതകങ്ങളുടെ പ്രയോഗം.


വിമാനങ്ങൾ, മുങ്ങിക്കപ്പലുകൾ എന്നിവ ആദ്യമായി ഉപയോഗിച്ചു.

## സമാധാന സന്ധികൾ

വേഴ്സായ് സന്ധി - ജർമ്മനി

സെന്റ്ജെർ മെയ്ൻ സന്ധി - ആസ്ട്രിയ-ഹംഗറി

സെവ്റേ സന്ധി - തുർക്കി



## B. റഷ്യൻ വിപ്ലവവും സോവിയറ്റ് യൂണിയന്റെ രൂപീകരണവും

സാർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണം.

കർഷകരുടേയും സാധാരണക്കാരുടേയും ദയനീയാവസ്ഥ.

1898 ൽ സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടിയുടെ രൂപീകരണം.

മെൻഷെവിക്കുകൾ - ബോൾഷെവിക്കുകൾ - രൂപംകൊള്ളുന്നു.

ലെനിൻ ബോൾഷെവിക്കുകളുടേയും അലക്സാണ്ടർ കെറൻസ്കി മെൻഷെവിക്കുകളുടേയും നേതാക്കൾ ആകുന്നു.

ബോൾഷെവിക്കുകൾ വിപ്ലവത്തിനും പണിമുടക്കിനും ആഹ്വാനം ചെയ്തപ്പോൾ പരിഷ്കരണവും തെരഞ്ഞെടുപ്പും മതിയെന്ന് മെൻഷെവിക്കുകൾ വാദിച്ചു.

1905 ൽ ജപ്പാനുമായി നടന്ന യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടതിനെ തുടർന്ന് സാർ ചക്രവർത്തിക്കെതിരെ വിപ്ലവം നടന്നു.

തുടർന്ന് ദൂമ എന്ന പേരിൽ ഒരു പാർലമെന്റ് രൂപീകരിക്കുന്നു.

സാർ ചക്രവർത്തിക്കെതിരെ സമരം നടത്താൻ ബോൾഷെവിക്കുകൾ 'സോവിയറ്റ്' എന്ന പേരിൽ തൊഴിലാളികളുടേയും കർഷകരുടേയും സമിതികൾക്ക് രൂപം കൊടുത്തു.

1917 ലെ ഫെബ്രുവരി വിപ്ലവത്തെത്തുടർന്ന് അലക്സാണ്ടർ കെറൻസ്കി അധികാരത്തിൽ വരുന്നു.

1917 ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് ലെനിൻ അധികാരം പിടിച്ചെടുക്കുന്നു.

തകർന്നുപോയ റഷ്യൻ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്താൻ യുദ്ധകാല കമ്മ്യൂണിസം, പുത്തൻ സാമ്പത്തികനയം, പഞ്ചവത്സരപദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു.

## C. ലോക സാമ്പത്തികമാന്ദ്യവും ന്യൂഡീലും

### ലോക സാമ്പത്തിക മാന്ദ്യം

1929ൽ ആരംഭിച്ചു. 1933 ൽ തീവ്രത കുറഞ്ഞു.

അമേരിക്കയിൽ ആരംഭിച്ചു.

ഓഹരികമ്പോളങ്ങൾ തകർന്നു.

ബാങ്കുകൾ തകർന്നു.

പട്ടിണി

കർഷകർക്ക് ഭൂമി നഷ്ടം.

തൊഴിലില്ലായ്മ

### ന്യൂ ഡീൽ

അമേരിക്കയെ സാമ്പത്തികമാന്ദ്യത്തിൽ നിന്നും രക്ഷിക്കാൻ പ്രഖ്യാപിച്ച പരിഷ്ക്കരണ പരിപാടി.

പ്രസിഡന്റ് ഫ്രാങ്ക്ബിൻ ഡി റൂസ് വെൽറ്റാണ് ശില്പി.

ആശ്വാസം, പുനഃസ്ഥാപിക്കൽ, പരിഷ്കരണം എന്നീ മൂന്ന് ഘടകങ്ങൾ ഇതിൽ ഉണ്ടായിരുന്നു.

ഈ പദ്ധതി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകി.

ക്രമേണ ഈ പദ്ധതി പരാജയമായി.

ന്യൂഡീൽ പദ്ധതിക്ക് അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞില്ല.

## ഫാഷിസവും നാസിസവും

### 1) ഫാഷിസം ഇറ്റലിയിൽ

ഫാഷിസത്തിന്റെ നേതാവ് ബെനിറ്റോ മുസലീനി.

വീരാരാധന, വംശീയത, ഭൂതകാലമഹത്വവൽക്കരണം, യുദ്ധവെറി, പൗരസ്വാതന്ത്ര്യം നിഷേധിക്കൽ, കമ്മ്യൂണിസ്റ്റുകളേയും ഡെമോക്രാറ്റുകളേയും എതിർക്കുക, മറ്റു സംഘടനകളെ നിരോധിക്കൽ, വാർത്താമാധ്യമങ്ങൾക്ക് നിയന്ത്രണം എന്നിവയാണ് ഫാഷിസത്തിന്റെ അടിസ്ഥാന ആശയങ്ങൾ.

കറുത്ത കുപ്പായക്കാർ എന്ന പേരിൽ ഒരു ഫാഷിസ്റ്റ് ഗ്രൂപ്പിന് രൂപം നൽകി.

1924 ൽ അധികാരം ഫാഷിസ്റ്റുകൾക്ക് ലഭിക്കുന്നു.

യുദ്ധത്തോടുള്ള മുസലീനിയുടെ കൊതി ഇറ്റലിയെ രണ്ടാംലോകയുദ്ധത്തിലേക്ക് നയിക്കുന്നു.

1945 ൽ ഇറ്റലി സഖ്യകക്ഷികൾക്ക് കീഴടങ്ങിയതോടെ മുസലീനിയെ നാട്ടുകാർ വധിച്ചു. അതോടെ ഇറ്റലിയിൽ ഫാഷിസത്തിന്റെ അന്ത്യം കുറിച്ചു.

### നാസിസം ജർമ്മനിയിൽ

നാസിസത്തിന്റെ നേതാവ് അഡോൾഫ് ഹിറ്റ്ലർ

ഫാഷിസത്തിന്റെ അതേ അടിസ്ഥാന ആശയങ്ങൾ തന്നെ പിന്തുടർന്നു.

തവിട്ട് കുപ്പായക്കാർ എന്ന പേരിൽ ഒരു നാസി ഗ്രൂപ്പിന് രൂപം നൽകി.

ചാൻസലർ സ്ഥാനത്തേക്ക് നിയമിതനായ ഹിറ്റ്ലർ 1934 ൽ പ്രസിഡന്റ് ഹിൻഡൻ ബർഗ് മരിച്ചപ്പോൾ ആ സ്ഥാനം കൈയടക്കി.

യുദ്ധത്തോടുള്ള ഹിറ്റ്ലറുടെ കൊതി ജർമ്മനിയെ രണ്ടാം ലോകയുദ്ധത്തിലേക്കു നയിച്ചു.

രണ്ടാം ലോകയുദ്ധത്തിൽ ജർമ്മനിയുടെ പരാജയം ഉറപ്പായ ഹിറ്റ്ലർ ആത്മഹത്യ ചെയ്തു.

## ഫാഷിസം സ്പെയിനിൽ

ഫലാഞ്ജിസം എന്ന പേരിൽ അറിയപ്പെട്ടു. നേതാവ് ഫ്രാങ്കോ.

1931 ൽ രാജവാഴ്ച അവസാനിച്ച സ്പെയിൻ ഒരു റിപ്പബ്ലിക്കായി.

റിപ്പബ്ലിക്കൻ-കമ്മ്യൂണിസ്റ്റ് ആശയങ്ങളുള്ള പാർട്ടികളുടെ അനൈക്യം ക്രമസമാധാനനില തകർത്തു.

1936 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതു-വലതു പക്ഷങ്ങൾ തുല്യ സീറ്റുകൾ നേടി.

ഒരു ഫാസിസ്റ്റ് പാർലമെന്റംഗം വധിക്കപ്പെട്ടതിന്റെ പേരിൽ കലാപം ആരംഭിച്ചു.

കലാപത്തിൽ ഫ്രാങ്കോയുടെ നേതൃത്വത്തിൽ ഉള്ള ഫാഷിസ്റ്റുകൾ വിജയിക്കുകയും അധികാരം പിടിച്ചെടുക്കുകയും ചെയ്തു.

## ഫാഷിസം ജപ്പാനിൽ

ജപ്പാന്റെ പ്രധാനമന്ത്രിയായ ബാരൻതനാക്ക സാമ്രാജ്യത്വത്തെയും ആക്രമണനയത്തെയും അനുകൂലിച്ചു.

ലോകം കീഴടക്കാൻ ചൈന, മഞ്ചൂറിയ, കൊറിയ എന്നിവ കീഴടക്കണമെന്ന് പ്രഖ്യാപിച്ചു - ഇതാണ് തനാക്കാപദ്ധതി.

തനാക്കയെ തുടർന്ന് പ്രധാനമന്ത്രിയായ ടോജോയുടെ നേതൃത്വത്തിൽ ജപ്പാനിൽ ഫാഷിസ്റ്റ് ഭരണം സ്ഥാപിതമായി.

1936 ൽ ജർമ്മനിയുമായി ചേർന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധ സഖ്യമുണ്ടാക്കിയതിലൂടെ ഫാഷിസ്റ്റ് വ്യാപനത്തിൽ പങ്കാളിയായി.

**ചോദ്യങ്ങൾ**

ഈ യൂണിറ്റിലെ പ്രധാന ചോദ്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. അവയുടെ ഉത്തരങ്ങൾ ടെക്സ്റ്റ്ബുക്കിന്റെ സഹായത്തോടെ കണ്ടെത്താൻ ശ്രമിക്കുക. ഉത്തരസൂചിക മറ്റൊരു പേജിൽ നൽകിയിട്ടുണ്ട്.

1. ഒന്നാം ലോക യുദ്ധത്തിലേക്ക് നയിച്ച വിവിധ സാഹചര്യങ്ങളും യുദ്ധത്തിന്റെ ഫലങ്ങളും വിലയിരുത്തുക. 6 Score

2. ഒന്നാംലോക യുദ്ധത്തിൽ പങ്കെടുത്ത ചില രാഷ്ട്രങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. ഇവയെ സഖ്യശക്തികൾ, കേന്ദ്രശക്തികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക.

   റഷ്യ, തുർക്കി, ഫ്രാൻസ്, ബൾഗേറിയ, ജർമ്മനി,
   സെർബിയ, ബ്രിട്ടൻ, ആസ്ട്രിയ 4 Score

3. ഒന്നാംലോക യുദ്ധാനന്തരം തയ്യാറാക്കിയ സമാധാന ഉടമ്പടികൾ നീതിപൂർവമായിരുന്നില്ല. വേഴ്സായ്, സെവ്റേ സന്ധികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക. 5 Score

4. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ മുമ്പും നടന്നിട്ടുണ്ടെങ്കിലും ഒന്നാംലോകയുദ്ധം അതുവരെയുണ്ടായ യുദ്ധങ്ങളിൽ നിന്നും ഭീകരമായ ഒന്നായിരുന്നു. ഒന്നാംലോക യുദ്ധത്തിന്റെ നാശനഷ്ടങ്ങൾ, പ്രത്യാഘാതങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന പരിശോധിക്കുക. 4 Score

5. A കോളത്തിന് യോജിച്ചവ B, C കോളങ്ങളിൽ നിന്നും കണ്ടെത്തി യോജിപ്പിക്കുക 4 Score

| A | B | C |
|---|---|---|
| ഫ്രാങ്കോ | നാസിസം | ഇറ്റലി |
| മുസലീനി | സോഷ്യലിസം | റഷ്യ |
| ഹിറ്റ്ലർ | ഫാഷിസം | സ്പെയിൻ |
| ലെനിൻ | ഫലാഞ്ജിസം | ജർമ്മനി |

6. റഷ്യൻ വിപ്ലവത്തിന് ശേഷം അവിടെ നടപ്പിലാക്കിയ യുദ്ധകാല കമ്മ്യൂണിസത്തിൽ നിന്നും 'പുത്തൻ സാമ്പത്തികനയം' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. 4 Score

7. ഫാഷിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സ്വഭാവവും രീതികളും വിലയിരുത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. 4 Score

8. 1929 ലെ സാമ്പത്തികത്തകർച്ചയിൽ നിന്ന് രക്ഷപെടാനാണ് അമേരിക്ക 'ന്യൂഡീൽ' പരിഷ്കരണ പരിപാടി ആവിഷ്ക്കരിച്ചത്. എന്താണ് ന്യൂഡീൽ? ഇത് എത്രമാത്രം ഫലപ്രദമായിരുന്നു? 4 Score

9. സ്പെയിനിൽ ജനറൽ ഫ്രാങ്കോ നടത്തിയ ആഭ്യന്തരകലാപത്തിന്റെ പശ്ചാത്തലവും അതിന്റെ ഫലവും വിശദമാക്കുക. 4 Score

10. ചുവടെ കൊടുത്തിട്ടുള്ള സംഭവങ്ങളെ അവ നടന്ന മുറയ്ക്ക് ക്രമീകരിക്കുക

ഒന്നാം ലോകയുദ്ധം ലോകസാമ്പത്തികമാന്ദ്യം

റഷ്യൻ വിപ്ലവം സ്പെയിൻ ഒരു റിപ്പബ്ലിക്കായി. 4 Score

11. അമേരിക്ക മുൻകൈയെടുത്ത് രൂപീകരിച്ച സർവരാജ്യസഖ്യത്തിൽ അവർ അംഗമാകാതിരുന്നതിന്റെ പിന്നിലെ തന്ത്രം എന്തായിരുന്നു ? 3 Score

12. പൗരസ്ത്യ യൂറോപ്യൻ സമസ്യ, ബാൾക്കൻ പ്രതിസന്ധി, ബാഗ്ദാദ് റെയിൽവേ എന്നിവ എങ്ങനെ ഒന്നാം ലോകയുദ്ധത്തിന് എങ്ങനെ കാരണമായി ? 6 Score

13. A കോളത്തിൽ കൊടുത്തിരിക്കുന്നവയ്ക്ക് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തുക.

| A | B | C |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷെവിക് |
| ജർമ്മനി | മുസലീനി | തവിട്ട് കുപ്പായക്കാർ |
| റഷ്യ | ഹിറ്റ്ലർ | കറുത്ത കുപ്പായക്കാർ |
| സ്പെയിൻ | ലെനിൻ | ഫലാഞ്ജിസം |

# ഉത്തരസൂചിക

1. ഒന്നാം ലോകയുദ്ധം എന്ന സബ് യൂണിറ്റിലെ യുദ്ധത്തിന്റെ കാരണങ്ങൾ, ഫലങ്ങൾ എന്നിവയുടെ സഹായത്തോടെ ഉത്തരം തയ്യാറാക്കാവുന്നതാണ്.

2. സഖ്യകക്ഷികൾ - ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, സെർബിയ

   കേന്ദ്രശക്തികൾ - ജർമ്മനി, ആസ്ട്രിയ, തുർക്കി, ബൾഗേറിയ

3. വേഴ്സായ് സന്ധി ജർമ്മിനിയുമായി ഒപ്പു വച്ചു

   **വ്യവസ്ഥകൾ**

   1) യുദ്ധ കുറ്റം, 2) നിരായുധീകരണം, 3) നഷ്ടപരിഹാരം

   4) ജർമ്മനി കീഴടക്കിയ പ്രദേശങ്ങൾ തിരിച്ച് നൽകൽ.

   സെവ്റേസന്ധി തുർക്കിയുമായി ഒപ്പുവച്ചു.

   **വ്യവസ്ഥകൾ**

   തുർക്കിക്ക് ആഫ്രിക്കയിലും പശ്ചിമേഷ്യയിലുമുള്ള സ്വാധീനം നഷ്ടപ്പെട്ടു.

4. ഒന്നാം ലോക യുദ്ധം എന്ന സബ് യൂണിറ്റിലെ ഒന്നാം ലോകയുദ്ധത്തിന്റെ പ്രത്യേകതകൾ എന്ന ഭാഗം കാണുക.

5.

| | | |
|---|---|---|
| ഫ്രാങ്കോ | ഫലാഞ്ജിസം | സ്പെയിൻ |
| മുസലീനി | ഫാഷിസം | ഇറ്റലി |
| ഹിറ്റ്ലർ | നാസിസം | ജർമ്മനി |
| ലെനിൻ | സോഷ്യലിസം | റഷ്യ |

6.

| യുദ്ധകാല കമ്മ്യൂണിസം | പുത്തൻ സാമ്പത്തികനയം |
|---|---|
| കൃഷിഭൂമി, എസ്റ്റേറ്റുകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്തു. | സ്വകാര്യ വാണിജ്യവും കൃഷിയും അനുവദിക്കപ്പെട്ടു. |
| ഉല്പന്നങ്ങളിലധികമുള്ളവ സർക്കാർ ഏറ്റെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്തു. | ഉല്പന്നങ്ങൾ പൊതുകമ്പോളങ്ങളിൽ വിൽക്കുവാനും വാങ്ങുവാനുമുള്ള സ്വാതന്ത്ര്യം നൽകി. |
| വേതനത്തിനു പകരമായി ഉത്പന്നങ്ങൾ വിതരണം ചെയ്തു. | വേതനം പണമായി നൽകി |

7. ഫാഷിസവും നാസിസവും എന്ന സബ്യൂണിറ്റിലെ ഫാഷിസം ഇറ്റലിയിൽ എന്ന ഭാഗത്തെ ഫാഷിസത്തിന്റെ അടിസ്ഥാന ആശയങ്ങൾ എന്ന ഭാഗം കാണുക.

8. ലോക സാമ്പത്തികമാന്ദ്യവും ന്യൂഡീലും എന്ന സബ്‌യൂണിറ്റിലെ ന്യൂഡീൽ എന്ന ഭാഗം കാണുക.

9. ഫാഷിസവും നാസിസവും എന്ന സബ് യൂണിറ്റിലെ ഫാഷിസം സ്പെയിനിൽ എന്ന ഭാഗം കാണുക.

10. ഒന്നാം ലോകയുദ്ധം - റഷ്യൻവിപ്ലവം - ലോകസാമ്പത്തികമാന്ദ്യം- സ്പെയിൻ ഒരു റിപ്പബ്ലിക്കായി.

11. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമ്പത്തികസ്വാധീനം വർദ്ധിപ്പിക്കാൻ.
ആയുധങ്ങൾ വിറ്റഴിച്ച് സാമ്പത്തികനേട്ടം വർദ്ധിപ്പിക്കാൻ.
ലോകമേധാവിത്വം നേടാൻ.

12. **പൗരസ്ത്യ യൂറോപ്യൻ സമസ്യ** : ഓട്ടോമൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്ന കിഴക്കൻ യൂറോപ്പിലെ പ്രദേശങ്ങൾ കയ്യടക്കുന്നതിനു വേണ്ടി നടന്ന സംഘർഷങ്ങൾ.

**ബാൾക്കൻ പ്രതിസന്ധി** : ബാൾക്കൻ പ്രദേശത്തിനു വേണ്ടിയുള്ള ആസ്ട്രിയൻ അവകാശവാദത്തെ ജർമ്മനി പിന്തുണച്ചു. വംശീയതയുടെ അടിസ്ഥാനത്തിൽ സെർബിയ അവകാശവാദമുന്നയിച്ചപ്പോൾ റഷ്യ അതിനെ പിന്തുണച്ചു. ബാൾക്കൻ പ്രദേശത്തെ ചൊല്ലി അങ്ങനെ റഷ്യയും ജർമ്മനിയും തമ്മിൽ സംഘർഷം ആരംഭിച്ചു.

**മൊറോക്കോ പ്രതിസന്ധി** : മൊറോക്കോയ്ക്ക് മേലുള്ള ഫ്രാൻസിന്റെ അവകാശവാദത്തെ ജർമ്മനി എതിർത്തു. അതിനെ തുടർന്നുള്ള സംഘർഷം.

**ബാഗ്ദാദ് റെയിൽ** : ബർലിനെയും ബാഗ്ദാദിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേ നിർമ്മാണം ജർമ്മിനി ആരംഭിച്ചത് റഷ്യ, ബ്രിട്ടൻ, ഫ്രാൻസ് എന്നിവരെ ഭയപ്പെടുത്തി.

13.

| | | |
|---|---|---|
| ഇറ്റലി | മുസലീനി | കറുത്ത കുപ്പായക്കാർ |
| ജർമ്മനി | ഹിറ്റ്ലർ | തവിട്ടു കുപ്പായക്കാർ |
| റഷ്യ | ലെനിൻ | ബോൾഷെവിക് |
| സ്പെയിൻ | ജനറൽ ഫ്രാങ്കോ | ഫലാഞ്ജിസം |

# യൂണിറ്റ് 5

# രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

ലോകചരിത്രത്തിന്റെ ഗതിതന്നെ മാറ്റിമറിച്ച രണ്ടാം ലോകയുദ്ധത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചും യുദ്ധത്തിന്റെ ഗതിവിഗതികളെക്കുറിച്ചും, യുദ്ധാനന്തര ലോകത്തെക്കുറിച്ചും പ്രതിപാദിക്കുന്ന യൂണിറ്റാണിത്. അതോടൊപ്പം യുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും കരുത്താർജിച്ച കോളനിവിരുദ്ധ സമരങ്ങൾ, ശീതസമരം, മൂന്നാം ലോകവും ചേരിചേരാപ്രസ്ഥാനവും പുതിയ സാമ്രാജ്യത്വവും പിൽക്കാല മുതലാളിത്തവും സോവിയറ്റ് യൂണിയന്റെ തകർച്ച തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നുണ്ട്.

**ആശയങ്ങൾ**

**രണ്ടാം ലോകമഹായുദ്ധം**

- ഏകപക്ഷിയവും അന്യായവുമായ വേഴ്സായി ഉടമ്പടിയിലെ അപമാനകരമായ വ്യവസ്ഥകൾ
- ജർമ്മനിയിലെ നാസിസത്തിന്റെയും ഇറ്റലിയിലെ ഫാഷിസത്തിന്റെയും വളർച്ച
- പാശ്ചാത്യരാജ്യങ്ങൾക്ക് ജർമ്മനിയോടുള്ള പ്രീണനനയം.
- അനാക്രമണസന്ധി (ജർമ്മനി-സോവിയറ്റ് യൂണിയൻ)
- സൈനിക സഖ്യങ്ങളുടെ രൂപീകരണം.
- സർവ്വരാഷ്ട്രസഖ്യത്തിന്റെ പരാജയം.
- സാമ്പത്തികമാന്ദ്യം.
- ജർമ്മനിയുടെ പോളണ്ടാക്രമണം.

**യുദ്ധത്തിന്റെ ഗതിയും അന്ത്യവും**

- ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ജർമ്മനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തി.
- ബ്രിട്ടനും ഫ്രാൻസും പ്രീണനനയം തുടർന്നു.
- ഇറ്റലിയുടെയും ജർമ്മനിയുടെയും സംയുക്ത സൈന്യം ഫ്രാൻസ് കീഴടക്കുന്നു.
- ജർമ്മനി ബ്രിട്ടനെ പരാജയപ്പെടുത്താൻ 'സീലയൺ' എന്ന രഹസ്യപദ്ധതിക്ക് രൂപം കൊടുത്തു.
- ജപ്പാൻ അമേരിക്കയുടെ നാവികതാവളമായ പേൾ ഹാർബർ ആക്രമിക്കുന്നു.
- ജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിക്കുന്നു.

  അമേരിക്ക യുദ്ധത്തിൽ പ്രവേശിക്കുന്നു.

ഫാഷിസ്റ്റ് ശക്തികൾ പരാജയപ്പെടാൻ തുടങ്ങുന്നു.

അമേരിക്ക ജപ്പാനിൽ ആറ്റംബോംബ് വർഷിക്കുന്നു.

1945ൽ രണ്ടാം ലോകയുദ്ധം അവസാനിക്കുന്നു.

**യുദ്ധത്തിന്റെ ഫലങ്ങൾ**




## വിയറ്റ്നാം സമരം

- വിയറ്റ്നാം ഫ്രഞ്ച് നിയന്ത്രണത്തിൽ
- രണ്ടാംലോകയുദ്ധ സമയത്ത് ജപ്പാന്റെ നിയന്ത്രണത്തിൽ
- സ്വാതന്ത്ര്യസമരത്തിന് ഹോചിമിന്റെ നേതൃത്വം.
- ഹോചിമിൻ പ്രസിഡന്റാകുന്നു.
- ആധിപത്യസ്ഥാപനത്തിന് ഫ്രഞ്ച് സൈന്യം ശ്രമിക്കുന്നു.
- ജനീവ സമ്മേളനം ഉത്തര, ദക്ഷിണ വിയറ്റ്നാമുകൾക്ക് രൂപം കൊടുത്തു.
- ഉത്തര വിയറ്റ്നാമിൽ കമ്മ്യൂണിസ്റ്റ് പിന്തുണയുള്ള ഗവൺമെന്റും ദക്ഷിണ വിയറ്റ്നാമിൽ അമേരിക്കൻ പിന്തുണയുള്ള ഗവൺമെന്റും നിലവിൽ വന്നു.
- അമേരിക്ക ഉത്തര വിയറ്റ്നാം ആക്രമിക്കുന്നു.
- 1975 ൽ സമ്മർദ്ദത്തെത്തുടർന്ന് പിന്മാറുന്നു.

## കൊറിയൻ സമരം

- കൊറിയ ജപ്പാന്റെ നിയന്ത്രണത്തിൽ
- രണ്ടാം ലോകയുദ്ധത്തിനു ശേഷം കൊറിയൻ വിഭജനം
- ഉത്തര കൊറിയ USSR ന്റെയും ദക്ഷിണ കൊറിയ USA യുടെയും നിയന്ത്രണത്തിൽ
- കൊറിയൻ യുദ്ധം (1950-53)
- കൊറിയ ഇന്നും ഏകീകരിക്കപ്പെട്ടിട്ടില്ല.

## ദക്ഷിണാഫ്രിക്കയിലെ സമരം

- ദക്ഷിണാഫ്രിക്ക ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നു.
- അപ്പാർത്തീഡ് (വർണവിവേചനം) നിലനിന്നിരുന്നു.
- ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് രൂപംകൊള്ളുന്നു.
- സ്വാതന്ത്ര്യസമരത്തിന് നെൽസൺ മണ്ടേലയുടെ നേതൃത്വം.
- 1994 ൽ ദക്ഷിണാഫ്രിക്ക സ്വാതന്ത്ര്യം നേടി.

## ചൈനയിലെ വിപ്ലവം

- ചിയാങ്ങ് കൈഷക് നേതൃത്വം കൊടുത്ത കുമിന്താങ്ങ് ഗവൺമെന്റിന്റെ ദുഷ്ഭരണം.
- മൗസെ ദോങ്ങിന്റെ നേതൃത്വത്തിൽ ചുവപ്പ് സേനയുടെ രൂപീകരണം.
- ചരിത്രപ്രസിദ്ധമായ ലോങ്മാർച്ച്.
- 1949 ഒക്ടോബർ 1ന് മൗസോദോങ്ങ് ചെയർമാനും, ഷൂ എൻലായ് പ്രധാനമന്ത്രിയുമായി ചൈന ജനകീയ റിപ്പബ്ലിക്കായി.

## ശീതസമരം

- രണ്ടാംലോക യുദ്ധത്തിനു ശേഷം USSR ന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് ചേരിയും USA യുടെ നേതൃത്വത്തിൽ മുതലാളിത്ത ചേരിയും രൂപംകൊണ്ടു.
- ശീതസമരം ആശയപരമായ പോരാട്ടമാണ്.
- USSR ന്റെയും USA യുടെയും നേതൃത്വത്തിൽ സൈനിക ഉടമ്പടികൾ രൂപംകൊള്ളുന്നു.
- സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ശീതസമരം അവസാനിച്ചു.

## ചേരിചേരാപ്രസ്ഥാനം

- 1955 ലെ ബാന്ദുങ്ങ് സമ്മേളനം ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകി.
- 1956 ലെ ബ്രിയോൺ സമ്മേളനം രൂപരേഖ തയ്യാറാക്കി.
- 1961 ലെ ബെൽഗ്രേഡ് സമ്മേളനത്തോടെ ഈ പ്രസ്ഥാനം നിലവിൽ വന്നു.
- നെഹ്റു (ഇന്ത്യ), ടിറ്റോ (യൂഗോസ്ലോവിയ), നാസർ (ഈജിപ്റ്റ്), സുകാർണോ (ഇന്തോനേഷ്യ) എന്നിവരാണ് ഇതിന്റെ ശില്പികൾ.

## നവ സാമ്രാജ്യത്വവും പിൽക്കാല മുതലാളിത്തവും

- ബഹുരാഷ്ട്രകുത്തക കമ്പനികളുടെ ആവിർഭാവം
- ആഗോളവല്ക്കരണം
- ആഗോള വൽക്കരണത്തിനെതിരെ ലോക സോഷ്യൽ ഫോറം രൂപം കൊണ്ടു.

### ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് ബ്രിട്ടനും ഫ്രാൻസും ജർമ്മനിയോട് പ്രീണനനയം സ്വീകരിച്ചത് ? (3)

2. 'ഗോർബച്ചേവിന്റെ പരിഷ്കാരങ്ങളാണ് സോവിയറ്റ് യൂണിയന്റെ പതനത്തിന് ആക്കം കൂട്ടിയത്' -പ്രസ്താവന വിലയിരുത്തുക.

3. താഴെ നൽകിയിരിക്കുന്ന സംഭവങ്ങളെ കാലഗണാക്രമത്തിലാക്കുക.

   എ) നാസി-സോവിയറ്റ് അനാക്രമണസന്ധി.

   ബി) ജപ്പാന്റെ പേൾഹാർബർ ആക്രമണം.

   സി) മ്യൂണിക്ക് ഉടമ്പടി.

   ഡി) മുസലീനിയുടെ അബിസീനിയ ആക്രമണം (4)

4. വിൻസ്റ്റൺ ചർച്ചിൽ അമേരിക്കയിലെ ഫുൾട്ടണിൽ നടത്തിയ "ഇരുമ്പുമറ പ്രസംഗം" മറ്റൊരു യുദ്ധത്തിന് തിരികൊളുത്തി.

   1) യുദ്ധം ഏത് ?

   2) മറ്റ് യുദ്ധങ്ങളിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

   3) ലോക രാഷ്ട്രീയ ക്രമത്തിൽ അത് വരുത്തിയ ശ്രദ്ധേയമായ ഒരു മാറ്റം എഴുതുക.

5. അണുബോംബ് പ്രയോഗിക്കാതെ തന്നെ ജപ്പാനെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്ക് കഴിയുമായിരുന്നോ ? വിലയിരുത്തുക. (3)

6. ചേരികൾ ഇല്ലാതായെങ്കിലും ചേരിചേരാ പ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്.

   1) ചേരിചേരാ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?

   2) അതിന് നേതൃത്വം നൽകിയവർ ആരെല്ലാം ?

   3) ചേരിചേരായ്മ എന്താണ് ആവശ്യപ്പെടുന്നത് ? (5)

7. രണ്ടാം ലോകയുദ്ധത്തിൽ 'കപടയുദ്ധം' എന്നറിയപ്പെട്ടത് എന്താണ് ? ഈ പേരിൽ അറിയപ്പെടാൻ കാരണമെന്ത് ? (2)

8. ‘എ’ കോളത്തിന് അനുയോജ്യമായവ ‘ബി’ കോളത്തിൽ നിന്നെടുത്തെഴുതുക.

| എ | ബി |
|---|---|
| നാറ്റോ | മോസ്ക്കോ |
| സിയാറ്റോ | അങ്കാറ |
| സെന്റോ | ബ്രസ്റ്റൻസ് |
| വാഴ്സാ ഉടമ്പടി | ബാങ്കോംഗ് |

9. സോവിയറ്റ് യൂണിയൻ ജർമ്മനിയുമായി അനാക്രമണസന്ധി ഒപ്പു വച്ചതിന് പിന്നിലെ ഉദ്ദേശ്യം വ്യക്തമാക്കുക. (2)

10. മാറിയ ലോകസാഹചര്യത്തിൽ ഐക്യരാഷ്ട്രസംഘടന നേരിടുന്ന വെല്ലുവിളികളെ കുറിച്ച് കുറിപ്പ് തയ്യാാക്കുക.

11. വൈവിധ്യമാർന്ന ഉല്പ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നു.

സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കുന്നു

ബഹുരാഷ്ട്ര കമ്പനികൾ കമ്പോളവും അസംസ്കൃത വസ്തുക്കളും ചൂഷണം ചെയ്യുന്നു.

വർദ്ധിച്ച കയറ്റുമതി സാദ്ധ്യതയ്ക്കിടയാക്കുന്നു

മുകളിൽ നൽകിയിരിക്കുന്ന ഈ വാർത്തകൾ ഏതു വിഷയവുമായി ബന്ധപ്പെട്ടതാണ്? അതിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക? (5)

12. “രണ്ടാം ലോക മഹായുദ്ധത്തിന്റെ ഗതി മാറ്റിമറിച്ചത് ജർമ്മനി, സോവിയറ്റ് യൂണിയനെ ആക്രമിച്ചതാണ്.” ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ. (3)

13. “യുദ്ധങ്ങൾ മാനവരാശിക്ക് നേട്ടങ്ങൾ ഒന്നുംതന്നെ സംഭാവന ചെയ്തിട്ടില്ല.” രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക.

14. അക്ഷാംശരേഖ ഒരു രാഷ്ട്രത്തിന്റെ വിഭജന രേഖയായിരുന്നു. ഏത് രാജ്യത്തെയാണ് ഇങ്ങനെ വിഭജിച്ചത്. ഈ തീരുമാനമെടുത്ത അന്താരാഷ്ട്ര സമ്മേളനം ഏത് ? (2)

15. ‘ശീതസമരം’ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

കോളനി വിരുദ്ധ സമരങ്ങളിൽ ശീതസമരത്തിന്റെ ഭാഗമായ രാജ്യങ്ങളുടെ നിലപാട് എന്തായിരുന്നു ? (2)

# ഉത്തരസൂചിക

1. ഒന്നാം ലോക യുദ്ധത്തിനു ശേഷമുള്ള ബ്രിട്ടന്റെയും ഫ്രാൻസിന്റെയും തകർന്ന സാമ്പത്തിക സ്ഥിതി.

   സോവിയറ്റ് യൂണിയനോടുള്ള ശത്രുത.

   ബ്രിട്ടനിലേയും ഫ്രാൻസിലേയും യുദ്ധവിരുദ്ധ മനോഭാവം.

   ജർമ്മനിയോട് ചെയ്തത് നീതിപൂർവകമല്ലായെന്ന തോന്നൽ.

   യുദ്ധത്തിനു വേണ്ട മുൻകരുതലുകളെടുക്കുവാൻ വേണ്ട സാവകാശം ലഭിക്കുവാൻ.

2. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചു.

   ഗോർബച്ചേവിന്റെ പരിഷ്ക്കാരങ്ങൾ മുതലാളിത്തത്തിലേക്കടുപ്പിച്ചു.

   ആഭ്യന്തര പ്രശ്നങ്ങൾ.

   ഭരണരംഗത്തെ അഴിമതികൾ.

3. മുസലീനിയുടെ അബീസീനിയ ആക്രമണം.

   മ്യൂണിക്ക് ഉടമ്പടി.

   നാസി-സോവിയറ്റ് അനാക്രമണ സന്ധി.

   ജപ്പാന്റെ പേൾഹാർബർ ആക്രമണം.

4. ശീതയുദ്ധം

   ആയുധങ്ങൾക്ക് പകരം ആശയങ്ങൾ, വാക്കുകൾ.

   ലോകം രണ്ട് ചേരികളിലായി (ഇരുധ്രുവ ലോകം)

5. കഴിയുമായിരുന്നു.

   സഖ്യശക്തികൾ ജർമ്മനിയേയും ഇറ്റലിയേയും കീഴടക്കിയതുപോലെ തന്നെ ജപ്പാനേയും കീഴടക്കാമായിരുന്നു.

   സോവിയറ്റ് സൈന്യം ട്രാൻസ് സൈബീരിയാ വഴി ജപ്പാൻ കീഴടക്കാനെത്തുകയായിരുന്നു. ഇതാണ് ബോംബിടാൻ അമേരിക്കയെ പ്രേരിപ്പിച്ചത്.

6. ലോകം രണ്ട് ചേരികളിലായി പിരിഞ്ഞപ്പോൾ നവസ്വതന്ത്ര രാഷ്ട്രങ്ങൾ ഒരു ചേരിയിലും ചേരാതെ സ്വതന്ത്രമായി നിൽക്കാൻ ആഗ്രഹിച്ചു. ഓരോ പ്രശ്നത്തിന്റേയും ശരിതെറ്റുകൾക്കനുസരിച്ചാണ് ചേരിചേരാപ്രസ്ഥാനം നിലപാടെടുത്തത്.

7. ബ്രിട്ടനും ഫ്രാൻസും ജർമ്മനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തിയെങ്കിലും നേരിട്ട് ഒരേറ്റുമുട്ടലിന് തയ്യാറാകാതെ പോളണ്ടിന് സഹായസഹകരണങ്ങൾ നൽകി വിട്ടുനിന്നു.

   1939–1940 വരെയുള്ള ഈ കാലം കപടയുദ്ധം എന്ന പേരിൽ അറിയപ്പെടുന്നു.

8. നാറ്റോ - ബ്രസ്സൽസ്

സിയാറ്റോ - ബാങ്കോംഗ്

സെന്റോ - അങ്കാറ

വാഴ്സ ഉടമ്പടി - മോസ്കോ

9. ഫാഷിസം കമ്മ്യൂണിസത്തിന് എതിരായിരുന്നു.

സോവിയറ്റ് യൂണിയനിൽ നിന്നുള്ള എതിർപ്പ് ഒഴിവാക്കുന്നതിന് ഹിറ്റ്ലർക്ക് കഴിഞ്ഞു.

ഏത് സമയവും ഹിറ്റ്ലറുടെ ആക്രമണം പ്രതീക്ഷിച്ച സോവിയറ്റ് യൂണിയന് ആവശ്യമായ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സമയം ലഭിച്ചു.

10. വൻ ശക്തികളുടെ ഇടപെടൽ

വീറ്റോ അധികാരം

ഏകധ്രുവ ലോകം

മൂന്നാം ലോക രാഷ്ട്രങ്ങളോടുള്ള അവഗണന

അമേരിക്കൻ മൂലധന താല്പര്യം.

11. എ) ആഗോളവൽക്കരണം

ബി) സവിശേഷതകൾ

മത്സരത്തിലൂന്നിയ കമ്പോളം

പുത്തൻ സാങ്കേതിക സാമഗ്രികളും അതിരുകളുടെ അന്ത്യവും.

മൂലധനത്തിന്റെ ആഗോളീകരണം.

വിലക്കുറവില്ലാത്ത വ്യാപാരം.

ബഹുരാഷ്ട്ര കുത്തകകൾ.

സി) ആഗോളവൽക്കരണത്തിനെതിരെ രൂപംകൊണ്ട പ്രസ്ഥാനം-
ലോക സോഷ്യൽഫോറം

12. അനാക്രമണസന്ധി അവഗണിച്ച് 1941 ജൂണിൽ ജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിച്ചു.

13. യുദ്ധത്തിന്റെ ഫലങ്ങൾ എന്ന ആശയം പരിശോധിക്കുക.

14. വിയറ്റ്നാം

ജനീവാ സമ്മേളനം (1954)

15. ആശയപരമായുള്ള വ്യത്യാസങ്ങളാണ് ലോകം സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ചേരിയായും അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിയായും മാറ്റിയത്.

പരസ്പരം ശത്രുത പ്രകടിപ്പിച്ചുവെങ്കിലും തുറന്ന യുദ്ധങ്ങളുടെ രൂപം കൈവന്നില്ല.

കോളനി വിരുദ്ധ സമരങ്ങളിൽ ഇരു ചേരികളും ഓരോ പക്ഷത്തായിരുന്നു.

# യൂണിറ്റ് 6

# പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ

വ്യവസായ വിപ്ലവത്തിന്റെ അനന്തരഫലമായി രൂപം കൊണ്ട ധൈഷ്ണിക ചിന്തകളായ കാല്പനികത, ആശയവാദം, ഉദാരതാവാദം, യഥാതഥ പ്രസ്ഥാനം, ജർമ്മൻ ആശയവാദം, പ്രത്യക്ഷാനുഭവവാദം, ഭൗതികവാദം എന്നിവ സമൂഹത്തെ ബഹുദൂരം മുന്നോട്ട് നയിച്ചു. മനുഷ്യന്റെ ബൗദ്ധികചിന്തകളുടെ മുന്നേറ്റം, സാഹിത്യം, കല, ശാസ്ത്ര സാങ്കേതിക വിദ്യ എന്നീ മണ്ഡലങ്ങളിൽ വലിയ സ്വാധീനമുണ്ടാക്കി. തത്വചിന്തയിലും സാഹിത്യ വിമർശനത്തിലും 20-ാം നൂറ്റാണ്ടിൽ ഉടലെടുത്ത രണ്ട് പ്രസ്ഥാനങ്ങളാണ് ആധുനികതയും ഉത്തരാധുനികതയും


## ആശയങ്ങൾ


**1. ധൈഷ്ണിക ചിന്തകൾ**

കാല്പനിക പ്രസ്ഥാനം : (Romanticism)

ജ്ഞാനോദയ സിദ്ധാന്തങ്ങളോടുള്ള അപ്രിയം

കലയിലും, സാഹിത്യത്തിലും ഉണ്ടായിരുന്ന ക്ലാസിക്കൽ പ്രവണതയോടുള്ള കലാപം.




ഉദാരതാ വാദം (Liberalism)

ദേശീയതയുമായി അടുത്ത ബന്ധം പുലർത്തിയ ദർശനം.

മധ്യവർഗത്തിന്റെ രാഷ്ട്രീയ സങ്കല്പങ്ങളുടെ പ്രകടനം.

വക്താവ് : ജോൺ ലോക്ക്

യഥാതഥ പ്രസ്ഥാനം (Realism)

| വക്താക്കൾ | സവിശേഷതകൾ |
|---|---|
| ആൽഫ്രഡ് ലോഡ് ടെന്നിസൻ | വസ്തുക്കളേയും വസ്തുതകളെയും |
| മാത്യു ആർനോൾഡ് | തനതു ക്രമത്തിൽ അവതരിപ്പിക്കുക |
| റോബർട്ട് ബ്രൗണിംഗ് | ഭാവനയ്ക്കു സ്ഥാനമില്ല. |

ജർമ്മൻ ആശയവാദം (German Idealism), പ്രത്യക്ഷാനുഭവവാദം (Positivism), ഭൗതികവാദം (Materialism)

| ധൈഷണിക ചിന്തകൾ | വക്താക്കൾ | സവിശേഷതകൾ |
|---|---|---|
| ജർമ്മൻ ആശയവാദം | ഇമ്മാനുവേൽ കാന്റ് ഹെഗൽ | ആശയത്തിന് പ്രധാനം, ഭൗതിക പദാർത്ഥങ്ങൾക്ക് ദ്വിതീയ സ്ഥാനം |
| പ്രത്യക്ഷാനുഭവവാദം | അഗസ്റ്റേ കോംങ്ത് | ഭൗതിക സാഹചര്യങ്ങളാണ് ആശയത്തെ രൂപപ്പെടുത്തുന്നത്<br>ആത്മീയതയ്ക്ക് പ്രാധാന്യമില്ല |
| ഭൗതികവാദം | കാറൽമാർക്സ് | ഭൗതിക ശക്തികളാണ് മാറ്റത്തിന് അടിസ്ഥാനം.<br>സകല പ്രതിഭാസങ്ങളും മാറിക്കൊണ്ടിരിക്കുന്നു. |

**2. 19-ാം നൂറ്റാണ്ടിൽ ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ഉണ്ടായ പുരോഗതി**

ജീവശാസ്ത്രം

↓

പരിണാമസിദ്ധാന്തം

↓

1. മനുഷ്യന്റെ വീക്ഷണത്തെ മാറ്റിമറിച്ചു.
2. എല്ലാ ജീവികളും മാറ്റത്തിന് വിധേയമാണ്.
3. ലഘുവായ പൂർവരൂപങ്ങളിൽ നിന്ന് പരിണമിച്ചുണ്ടായതാണ് ഓരോ ജീവിയും
4. ചാൾസ് ഡാർവിൻ ആണ് ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചത്.

| സോഷ്യൽ ഡാർവിനിസം | സാമൂഹ്യ ശാസ്ത്രത്തിൽ പരിണാമസിദ്ധാന്തം ഈ പ്രയോഗത്തിന് വഴിയൊരുക്കി<br>ഉത്തമമായതേ അതിജീവിക്കൂ |
|---|---|

↓

ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ അധിനിവേശത്തെ ന്യായീകരിക്കാൻ പാശ്ചാത്യരാജ്യങ്ങൾ ഈ സിദ്ധാന്തത്തെ ഉപയോഗിച്ചു.

ഭൗതികശാസ്ത്രം

↓

- ക്വാണ്ടം ബലതന്ത്രം → മാക്സ് പ്ലാങ്ക്
- ആപേക്ഷികസിദ്ധാന്തം → ആൽബർട്ട് ഐൻസ്റ്റീൻ

3. സാഹിത്യത്തിലും വിമർശനത്തിലും തത്വചിന്തയിലും ഉണ്ടായ പുതിയ പ്രവണതകളാണ് ആധുനികതയും ഉത്തരാധുനികതയും.

**ആധുനികത** വ്യവസായ വിപ്ലവത്തിന്റെ ഫലമായി നഗരജീവിതം ദുരിതമായപ്പോൾ കലയിലും സാഹിത്യത്തിലും ഉണ്ടായ ധൈഷണിക മാറ്റം.

**ഉത്തരാധുനികത** കലയിലും സാഹിത്യത്തിലും അമൂർത്തമായ ശൈലി ആവിഷ്ക്കരിച്ചു.

കലയേയും സാഹിത്യസൃഷ്ടികളേയും അനുവാചകന്റെ മനോഭാവമനുസരിച്ച് വിവിധ വീക്ഷണകോണുകളിലൂടെ കാണുക

മിഷേൽ ഫൂകോ, ദെറീദ, നോംചോംസ്കി എന്നിവർ പ്രമുഖർ.

## ചോദ്യങ്ങൾ

1. "ഉദാരതാവാദം ബ്രിട്ടനിലെ മധ്യവർഗത്തിന്റെ സങ്കല്പങ്ങളുടെ പ്രകടനമായിരുന്നു - സമർത്ഥിക്കുക. (2)

2. "20-ാം നൂറ്റാണ്ടിലെ ശാസ്ത്രം സമൂഹത്തിൽ പ്രതിഫലനം സൃഷ്ടിച്ചു." ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക. (5)

3. കാല്പനിക പ്രസ്ഥാനം, യദാതഥ പ്രസ്ഥാനം ഇവ താരതമ്യം ചെയ്യുക?

4. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നെടുത്ത് ക്രമപ്പെടുത്തിയെഴുതുക.

| A | B |
|---|---|
| ജർമ്മൻ ആശയവാദം | കാറൽ മാർക്സ് |
| പ്രത്യക്ഷാനുഭവവാദം | ഇമ്മാനുവേൽ കാന്ത് |
| ഭൗതിക വാദം | മാക്സ് പ്ലാങ്ക് |
| ക്വാണ്ടം സിദ്ധാന്തം | അഗസ്റ്റേ കോംങ്ത് |

(4)

5. അണുവിനെ വിഭജിക്കാമെന്നും അതിന്റെ സംയോജനം കൊണ്ട് ഊർജ്ജം ഉത്പാദിപ്പിക്കാമെന്നും ഉള്ള അറിവ് ഉപകാരവും ശാപവുമായതെങ്ങനെ ? (2)

6. "സാധാരണക്കാരുടെയും തൊഴിലാളികളുടെയും മറ്റും ചിന്തകളും വികാരങ്ങളുമാണ് കാല്പനിക സാഹിത്യം കൈകാര്യം ചെയ്തിരുന്നത്". ഉദാഹരണത്തിലൂടെ പ്രസ്താവന വിലയിരുത്തുക? (4)

7. വ്യവസായ വിപ്ലവത്തിന്റെ ദുരന്തഫലങ്ങളുടെ സ്വാധീനത്താൽ തത്വചിന്തയിലും സാഹിത്യവിമർശനത്തിലും 20-ാം നൂറ്റാണ്ടിൽ ഉടലെടുത്തു രണ്ട് പ്രസ്ഥാനങ്ങളാണ് ആധുനികതയും ഉത്തരാധുനികതയും സമർത്ഥിക്കുക.

8. ആധുനിക ശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരന്മാരെ 'എ' കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി, സി കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക. (4)

| A | B | C |
|---|---|---|
| മാക്സ് പ്ലാങ്ക് | പരിണാമസിദ്ധാന്തം | അണുബോംബ് |
| ചാൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻ പുരോഹിതൻ |
| ഏണസ്റ്റ് റതർഫോഡ് | ജനിതകശാസ്ത്രം | ഭൗതികശാസ്ത്രം |
| റവ. ഗ്രിഗോർ മെന്റൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ് പ്രകൃതി ശാസ്ത്രജ്ഞൻ |

9. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ഉണ്ടായ പ്രധാന വൈജ്ഞാനിക പ്രവണതകൾ ഏതെല്ലാമായിരുന്നു ? ഇവയും ജ്ഞാനോദയവും തമ്മിലുള്ള ബന്ധമെന്ത് ? (3)

10. കാല്പനിക ദർശനങ്ങൾ സാഹിത്യത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം ? (2)

11. "ഉത്തമമായതോ അതിജീവിക്കൂ" (Survival of the fittest) എന്ന സോഷ്യൽ ഡാർവിനിസ്റ്റ് സിദ്ധാന്തം കോളനികളിലെ പാശ്ചാത്യ അധിനിവേശത്തെ ന്യായീകരിക്കുന്നതിന് ഉപയോഗിച്ചത് എങ്ങനെ ? (2)

## ഉത്തരസൂചിക

1. പാർലമെന്ററി വ്യവസ്ഥയോടുള്ള താൽപര്യം വർദ്ധിച്ചു.

   നിയമവാഴ്ച, മനുഷ്യാവകാശം, പ്രായപൂർത്തി വോട്ടവകാശം എന്നീ ആവശ്യങ്ങൾ മുന്നോട്ടു വച്ചു.

2. വ്യക്തിയിലും സമൂഹത്തിലും ശാസ്ത്രം വളരെ കൂടുതൽ സ്വാധീനം ചെലുത്തി.

   ശാസ്ത്രത്തിന് സൃഷ്ടിപരമായ കഴിവുകളോടൊപ്പം സംഹാരപരമായ കഴിവുകളുമുണ്ട്.

   ഭൗതികശാസ്ത്രത്തിലെ മാക്സ്പ്ലാങ്കിന്റെ ക്വാണ്ടം ബലതന്ത്രവും, ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷികസിദ്ധാന്തവും സമൂഹത്തിൽ മാറ്റമുണ്ടാക്കി.

   ശാസ്ത്രം, വൈദ്യശാസ്ത്രം, ബഹിരാകാശം, റേഡിയോ, ടെലിവിഷൻ, വിവര സാങ്കേതികവിദ്യ, 'ഇന്റർനെറ്റ്, ഭക്ഷ്യോൽപ്പാദനം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങളുണ്ടാക്കി.

3. കാല്പനിക പ്രസ്ഥാനം, യഥാതഥ പ്രസ്ഥാനം എന്നിവ വിവരിക്കുന്ന പട്ടിക പരിശോധിച്ച് ഉത്തരം കണ്ടെത്താവുന്നതാണ്.

4.

| | |
|---|---|
| ജർമ്മൻ ആശയവാദം | ഇമ്മാനുവൽ കാന്ത് |
| പ്രത്യക്ഷാനുഭവവാദം | ആഗസ്റ്റെ കോങ്ത് |
| ഭൗതികവാദം | കാറൽ മാർക്സ് |
| ക്വാണ്ടം സിദ്ധാന്തം | മാക്സ് പ്ലാങ്ക് |

5. ആണവോർജ്ജത്തിന്റെ സമാധാനപരമായ ഉപയോഗം.

   വിനാശകരമായ ഉപയോഗം

6. ചാൾസ് ഡിക്കൻസിന്റെ നോവൽ സാഹിത്യത്തിൽ സാധരണക്കാരുടെയും ഖനിത്തൊഴിലാളികളുടെയും ദുരിതപൂർണമായ ജീവിതമാണ് വരച്ചുകാട്ടുന്നത്.

7. വ്യവസായ വിപ്ലവത്തിന്റെ ഫലമായി നഗരജീവിതം ദുരിതമായപ്പോൾ കല, സാഹിത്യം എന്നിവയിലുണ്ടായ ധൈഷണിക മുന്നേറ്റമാണ് ആധുനികത.

   ക്ലാസിക്കൽ പ്രവണതയ്ക്ക് വിരുദ്ധമായി കലയിലും, സാഹിത്യത്തിലും അമൂർത്തമായ ശൈലി ആവിഷ്ക്കരിച്ചു. ഈ പ്രവണത ഉത്തരാധുനികത എന്നറിയപ്പെട്ടു.

   കലയേയും സാഹിത്യസൃഷ്ടികളേയും അനുവാചകന്റെ മനോഭാവമനുസരിച്ച് വിവിധ വീക്ഷണ കോണുകളിലൂടെ കാണാൻ ഉത്തരാധുനികതയ്ക്ക് കഴിയുന്നു.

8. ബി | സി

| | |
|---|---|
| ബി | സി |
| ക്വാണ്ടം ബലതന്ത്രം | ഭൗതികശാസ്ത്രം |
| പരിണാമസിദ്ധാന്തം | ഇംഗ്ലീഷ് പ്രകൃതി ശാസ്ത്രജ്ഞൻ |
| അണുവിഭജനം | അണുബോംബ് |
| ജനിതകശാസ്ത്രം | ആസ്ട്രിയൻ പുരോഹിതൻ |

9. കാൽപ്പനികപ്രസ്ഥാനം, ഉദാരതാവാദം, ജർമ്മൻ ആശയവാദം, പ്രത്യക്ഷാനുഭവവാദം, ഭൗതികവാദം.

ദേശീയത, ശാസ്ത്രവീക്ഷണം, യുക്തിചിന്ത, മാനവികത എന്നീ ആശയങ്ങൾ ശാസ്ത്ര ചിന്തയെ പരിപോഷിപ്പിച്ചു. ഇത് ധൈഷണികമായും ശാസ്ത്രീയമായും പുത്തൻ ഉണർവിന് വഴിയൊരുക്കി.

10. കാൽപ്പനികതയിൽ ആത്മനിഷ്ഠയ്ക്കും, ഭാവുകത്വത്തിനും, വൈകാരികതയ്ക്കും നൈസർഗികതയ്ക്കും മുൻഗണന നൽകിയ സാഹിത്യസൃഷ്ടികൾ രചിക്കപ്പെട്ടു.

നോവൽ സാഹിത്യം പ്രചാരം നേടി.

പ്രപഞ്ചസൗന്ദര്യം, പ്രേമം, ചിന്താസ്വാതന്ത്ര്യം എന്നിവയെ പ്രമേയങ്ങളാക്കി.

11. പരിണാമസിദ്ധാന്തത്തിന്റെ രാഷ്ട്രീയ പ്രയോഗത്തെയാണ് സോഷ്യൽ ഡാർവിനിസം എന്നു വിളിക്കുന്നത്.

സാമ്രാജ്യത്വശക്തികൾ തങ്ങളുടെ അധിനിവേശത്തെ ന്യായീകരിക്കാൻ ഈ സിദ്ധാന്തം പ്രയോജനപ്പെടുത്തി. ഇതേ ഉദ്ദേശ്യത്തോടെ ജർമ്മനിയിൽ നാസികളും ഈ ആശയം പ്രയോജനപ്പെടുത്തി.

# യൂണിറ്റ് 7
# ഇന്നത്തെ ഇന്ത്യ

സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ച് നമ്മുടെ രാജ്യം അഭിമുഖീകരിച്ച വിവിധ പ്രശ്നങ്ങളും അവയെ നേരിട്ടതെങ്ങനെയെന്നും വിശദീകരിക്കുന്ന ഒരു യൂണിറ്റാണിത്. സ്വാതന്ത്ര്യാനന്തരം കൃഷി, വ്യവസായം, ശാസ്ത്രം, വിദ്യാഭ്യാസം എന്നീ മേഖലകളിലുണ്ടായ പുരോഗതിയെ വിലയിരുത്തുന്നു. കൂടാതെ നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര, സാമ്പത്തിക, വിദേശനയ കാഴ്ചപ്പാടുകളും അവയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും വിലയിരുത്തുന്നു.

## ആശയങ്ങൾ/വസ്തുതകൾ

1. **ക്യാബിനറ്റ് മിഷൻ പദ്ധതി**

താല്ക്കാലിക മന്ത്രിസഭ

ഭരണഘടനാ നിർമ്മാണ സഭ

അധികാര കൈമാറ്റം (3)

2. **വിഭജനം**

ലണ്ടനിലെ പ്രസിദ്ധ അഭിഭാഷകനായിരുന്ന സിറിൽ റാഡ്ക്ലിഫ് വിഭജനത്തിന്റെ വിശദമായ ഭൂപടം തയ്യാറാക്കി.

സ്വാതന്ത്ര്യത്തോടെ ഇന്ത്യയെന്നും പാകിസ്ഥാൻ എന്നും രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു

മൗണ്ട് ബാറ്റൺ പദ്ധതി പ്രകാരമാണ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം നിലവിൽ വന്നത്.

1947 ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ ഇന്ത്യൻ സ്വാതന്ത്ര്യനിയമ പ്രകാരമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതും ഇന്ത്യ വിഭജിക്കപ്പെട്ടതും.

3. **നാട്ടുരാജ്യ സംയോജനം – സ്വീകരിച്ച നടപടികൾ**

സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റിന്റെ രൂപീകരണം

വലിയ നാട്ടുരാജ്യങ്ങളെ സംസ്ഥാനങ്ങളായി അംഗീകരിക്കൽ

നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാനുള്ള ജനകീയ സമരങ്ങൾ.

സൈനിക നടപടികൾ.

4. **സ്വാതന്ത്ര്യാനന്തരം ഫ്രാൻസ്, പോർച്ചുഗൽ എന്നിവയുടെ അധീനതയിലായിരുന്ന പ്രദേശങ്ങൾ**

പോണ്ടിച്ചേരി, മാഹി, ഗോവ, ദാദ്രാ, നാഗർ ഹവേലി.

5. **ഇന്ത്യൻ റിപ്പബ്ലിക്**

1950 ജനുവരി 26-ാം തീയതി ഇന്ത്യ റിപ്പബ്ലിക്കായി.

തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രത്തലവനുള്ള രാജ്യമാണ് റിപ്പബ്ലിക്.

1952 ൽ ഇന്ത്യയിൽ ആദ്യ പൊതു തെരഞ്ഞെടുപ്പ്.

6. **സംസ്ഥാന പുനഃസംഘടന**

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചു.

1956 ൽ സംസ്ഥാന പുനഃസംഘടനാനിയമം നിലവിൽ വന്നു. അന്ന് 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളുമുണ്ടായിരുന്നു.

7. **സമ്പദ്ഘടന**

മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും സമന്വയമായ മിശ്ര സമ്പദ്വ്യവസ്ഥയാണ് ഇന്ത്യയിൽ നിലവിലുള്ളത്.

1951 ലാണ് ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ ആരംഭിക്കുന്നത്.

8. **ഇന്ത്യൻ പൊതുമേഖലാ വ്യവസായങ്ങൾ**

ഘന വ്യവസായം

ധാതുഘനനം

എണ്ണ ഘനനം

റയിൽ-വ്യോമ ഗതാഗതം

സൈനിക കോപ്പുകളുടെ നിർമ്മാണം.

9. **ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

പഞ്ചവത്സര പദ്ധതിയിൽ കൃഷിക്ക് മുൻഗണന.

കൃഷിഭൂമി കർഷകന് ലഭ്യമാക്കൽ

കൃത്രിമ വള നിർമാണം.

കാർഷികമേഖലയുടെ യന്ത്രവൽക്കരണം.

അത്യുല്പാദനശേഷിയുള്ള സങ്കരയിനം വിത്തുകൾ.

രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഉല്പാദനം.

10. ഇന്ത്യയുടെ ശാസ്ത്രപുരോഗതിക്കായി സ്ഥാപിച്ച വിവിധ സ്ഥാപനങ്ങളും സംഘടനകളും

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്.

ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി.

നാഷണൽ ഫിസിക്കൽ ലബോറട്ടറി

അറ്റോമിക് എനർജി കമ്മീഷൻ

ബഹിരാകാശ ഗവേഷണ സമിതി

റോക്കറ്റ് വിക്ഷേപണകേന്ദ്രം

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ

11. **സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കായി നിയോഗിക്കപ്പെട്ട കമ്മീഷനുകൾ**

രാധാകൃഷ്ണൻ കമ്മീഷൻ (ഉന്നത വിദ്യാഭ്യാസ കമ്മീഷൻ)

ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (സെക്കന്ററി വിദ്യാഭ്യാസ കമ്മീഷൻ)

കോത്താരി കമ്മീഷൻ

12. **വിദേശ നയം**

ചേരിചേരാനയം എന്ന തത്വം ഇന്ത്യയുടെ വിദേശനയമായി സ്വീകരിയ്ക്കപ്പെട്ടു.

പഞ്ചശീല തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയുടെ വിദേശനയം രൂപീകരിക്കപ്പെട്ടത്.

ഇന്ത്യയും അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുലർത്താൻ ശ്രമിയ്ക്കുന്നു.

13. **ജനാധിപത്യം വെല്ലുവിളി നേരിട്ടപ്പോൾ**

രാഷ്ട്രീയമായി പല വെല്ലുവിളികളും സ്വതന്ത്ര ഇന്ത്യ നേരിടേണ്ടിവന്നു.

1975 ജൂൺ 26 ന് രാഷ്ട്രപതി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.

14. **1991 നു ശേഷം നിലവിൽ വന്ന നയപരിപാടികൾ**

സ്വകാര്യവൽക്കരണം

ഉദാരവൽക്കരണം

ആഗോളവൽക്കരണം


## ചോദ്യങ്ങൾ

1. കാബിനറ്റ് മിഷൻ പദ്ധതിയിലെ വ്യവസ്ഥകൾ എന്തെല്ലാം ? (3)
2. വിഭജനസമയത്തെ കിഴക്കൻ പാകിസ്ഥാൻ ഇപ്പോൾ
   എന്തു പേരിലറിയപ്പെടുന്നു (1)
3. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് ഏത് നിയമപ്രകാരമാണ്? (1)
4. സ്വതന്ത്ര ഇന്ത്യ നാട്ടുരാജ്യ സംയോജനത്തിനായി സ്വീകരിച്ച
   നടപടികൾ എന്തെല്ലാം ? (4)
5. സ്വതന്ത്ര ഇന്ത്യയിലെ പൗരന്മാർക്ക് കൊളോണിയൽ ഭരണത്തിൽ
   നിന്നും വേറിട്ട് അനുഭവിച്ചറിയാൻ കഴിഞ്ഞ വസ്തുതകൾ
   പട്ടികപ്പെടുത്തുക? (3)

   സൂചനകൾ     പരമാധികാരം

   വോട്ടവകാശം

   വിദേശനയം
6. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ പൂർണമായും സ്വതന്ത്രമാക്കപ്പെട്ടോ ?
   വിലയിരുത്തുക (5)
7. സംസ്ഥാനങ്ങളുടെ പുനഃസംഘടന ഏത് അടിസ്ഥാനത്തിലാണ്
   നിർണയിക്കുപ്പെട്ടത് ? സാഹചര്യം വ്യക്തമാക്കുക. (5)
8. ഇന്ത്യയിൽ പൊതു മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന
   വ്യവസായങ്ങൾ ഏതെല്ലാം ? (3)
9. താഴെത്തന്നിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക. (4)



10. എന്താണ് ഹരിതവിപ്ലവം ? (5)

11. ഇന്ത്യയുടെ ശാസ്ത്രപുരോഗതിയ്ക്കായി സ്ഥാപിച്ച ഏതെങ്കിലും 4 സ്ഥാപനങ്ങളും സംഘടനകളും കണ്ടെത്തുക. (4)

12. സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുക ? (3)

13. വിദ്യാഭ്യാസ അവകാശനിയമം മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനുള്ള കാരണം എന്തായിരിക്കാം? (2)

14. താഷ്കെന്റ് കരാർ ഏതൊക്കെ രാജ്യങ്ങൾ തമ്മിലായിരുന്നു? (1)

15. അയൽ രാജ്യങ്ങളായ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള നയതന്ത്രബന്ധം വിലയിരുത്തുക. (3)

16. താഴെപ്പറയുന്ന സംഭവങ്ങളെ കാലഗണനാക്രമത്തിൽ പട്ടികപ്പെടുത്തുക.

സിംല കരാർ

സംസ്ഥാന പുനഃസംഘടനാ നിയമം

ഇടക്കാല മന്ത്രിസഭ

റയിൽവേ തൊഴിലാളി സമരം

ഇന്ത്യാ ചൈന യുദ്ധം

ആഭ്യന്തര അടിയന്തിരാവസ്ഥ (6)

17. A, B, C കോളങ്ങൾ അനുയോജ്യമായി ക്രമീകരിക്കുക.

| A | B | C |
|---|---|---|
| ഇന്ത്യാവിഭജനം | വി.പി.മേനോൻ പദ്ധതി | കൃഷി |
| നാട്ടുരാജ്യങ്ങളുടെ സംയോജനം | 1951 | സിറിൽ റാഡ് ക്ലിഫ് |
| പഞ്ചവത്സര പദ്ധതി | പോട്ടി ശ്രീ രാമലു | ജസ്റ്റിസ് ഫസൽ അലി |
| ഭാഷാ സംസ്ഥാന രൂപീകരണം | മൗണ്ട് ബാറ്റൻ പദ്ധതി | ലയന കരാർ |

(4)

18. 1991 നു ശേഷം ഇന്ത്യൻ നയപരിപാടികളിൽ വന്ന മാറ്റങ്ങൾ എന്തെല്ലാം ?

19. താഴെ തന്നിരിയ്ക്കുന്ന സ്ഥലങ്ങളെ ഫ്രഞ്ച്, പോർച്ചുഗീസ് അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളായി തരംതിരിക്കുക.

ഗോവ, മാഹി, യാനം, ദാമൻ, പോണ്ടിച്ചേരി, ദിയു (3)

20. 1975 ജൂൺ 26 ന് രാഷ്ട്രപതി ഇന്ത്യയിൽ ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. രാഷ്ട്രപതിയെ അതിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം? (3)

# ഉത്തരസൂചിക

1. ഉത്തരം ആശയം 1 ൽ നൽകിയിട്ടുണ്ട്. (3)

2. ബംഗ്ലാദേശ് (1)

3. ഇന്ത്യൻ സ്വാതന്ത്ര്യ നിയമം (1)

4. ഉത്തരം ആശയം 3 ൽ നൽകിയിട്ടുണ്ട്. (4)

5. സൂചനകൾക്കനുസരിച്ച് സ്വതന്ത്ര ഇന്ത്യയും കൊളോണിയൽ ഭരണകാലവും താരതമ്യം ചെയ്യുന്നതിന് (3)

6. ഇല്ല എന്നു കണ്ടെത്തുന്നു.

   പോണ്ടിച്ചേരി, മാഹി എന്നീ പ്രദേശങ്ങൾ ഫ്രാൻസും ഗോവ, ദാദ്ര, നാഗർഹവേലി എന്നീ പ്രദേശങ്ങൾ പോർച്ചുഗലും അധീനതയിൽ വച്ചിരുന്നു. (5)

7. ഭാഷാടിസ്ഥാനത്തിൽ

   മതാടിസ്ഥാനത്തിലുള്ള നിർണയരീതിക്ക് എതിരേയുള്ള വാദം.

   ആശയവിനിമയ സൗകര്യം

   സംസ്കാര രൂപീകരണം

   1956 നവംബർ 1 ന് പ്രാബല്യത്തിൽ വന്നു.

8. ഉത്തരം ആശയം 8 ൽ നൽകിയിട്ടുണ്ട്. (3)

9. ആശയം 9 ൽ നൽകിയിട്ടുണ്ട്. (4)

10. ഹരിതവിപ്ലവം എന്താണെന്ന് വിശദീകരിക്കുന്നതിന്. ജലസേചനം, യന്ത്രവൽക്കരണം, അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവയിലൂടെ കാർഷികോല്പാദനം വർദ്ധിപ്പിച്ചത് ഹരിതവിപ്ലവം എന്നറിയപ്പെടുന്നു. (2)

11. ഉത്തരം ആശയം 10 ൽ നൽകിയിട്ടുണ്ട്. (4)

12. വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ മൂലമുള്ള പുരോഗതി (ആശയം 11) (3)

    എസ്.എസ്.എ., ആർ.എം., എസ്.എ. ഇവയുടെ പ്രവർത്തനം

    വിദ്യാഭ്യാസ അവകാശനിയമം

13. എല്ലാ സംസ്ഥാനങ്ങളിലും എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകാൻ സാധിച്ചിട്ടില്ല. (3)

14. ഇന്ത്യ, പാകിസ്ഥാൻ (1)

15. ഇന്ത്യാവിഭജനം

1945, 1965, 1971, 1998 ലെ യുദ്ധങ്ങളും കരാറുകളും.

കാശ്മീർ പ്രശ്നം.

16. ഇടക്കാല മന്ത്രിസഭ (6)

സംസ്ഥാന പുനഃസംഘടനാനിയമം

ഇന്ത്യാ ചൈനാ യുദ്ധം

സിംല കരാർ

റെയിൽവേ തൊഴിലാളി സമരം

ആഭ്യന്തര അടിയന്തിരാവസ്ഥ

17. A, B, C കോളങ്ങൾ അനുയോജ്യമായി ക്രമീകരിക്കുന്നതിന് (4)

മൗണ്ട് ബാറ്റൻ പദ്ധതി – സിറിൽ റാഡ് ക്ലിഫ്

വി.പി.മേനോൻ പദ്ധതി – ലയന കരാർ

1951 – കൃഷി

പോട്ടിശ്രീരാമുലു – ജസ്റ്റിസ് ഫസൽ അലി

18. ഉത്തരം ആശയം 14 ൽ നൽകിയിട്ടുണ്ട്. (3)

19. അനുയോജ്യമായി തരംതിരിയ്ക്കുന്നതിന്. (3)

പോർച്ചുഗൽ-ഗോവ, ദാമൻ, ദിയു

ഫ്രാൻസ് – മാഹി, യാനം, പോണ്ടിച്ചേരി

20. പണിമുടക്കുകളും തൊഴിൽ സമരങ്ങളും

സമ്പൂർണ വിപ്ലവം

അലഹബാദ് ഹൈക്കോടതി വിധിയോടനുബന്ധിച്ച് പ്രധാനമന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്തിന്റെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ. (3)

# യൂണിറ്റ് 8

# കേരളപ്പുതുമ

നാടുവാഴികളും രാജാക്കന്മാരും അധികാരം കൈയാളിയിരുന്ന കേരളത്തിലെ വിവിധ പ്രദേശങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തിലായതെങ്ങനെയെന്നും കൊളോണിയൽ ആധിപത്യത്തിന്റെ അവസാനവും വൈദേശിക ഭരണത്തിൻകീഴിൽ ഇന്നാട്ടുകാരനുഭവിച്ച ദുരിതങ്ങളും ഐക്യകേരളം എന്ന ആശയവും വിലയിരുത്തുന്ന യൂണിറ്റാണിത്. വിദ്യാഭ്യാസം, ആരോഗ്യം എന്നിങ്ങനെ എല്ലാ മേഖലകളിലും കേരളം കൈവരിച്ച പുരോഗതി, അഭിമാനാർഹമായ ഈ പുരോഗതി നിലനിർത്തേണ്ടതിന്റെ ആവശ്യകത എന്നിവയും വിശദീകരിക്കുന്നു.

## ആശയങ്ങൾ / വസ്തുതകൾ

1. **കേരളം ബ്രിട്ടീഷ് അധീനതയിലായ സന്ധികൾ**

| | |
|---|---|
| മലബാർ | 1792 |
| തിരുവിതാംകൂർ | 1805 |
| കൊച്ചി | 1809 |

2. **ബ്രിട്ടീഷുകാർക്കെതിരെയുള്ള കേരളത്തിലെ ആദ്യകാല കലാപങ്ങൾ**

| | |
|---|---|
| മലബാർ | കേരളവർമ്മ പഴശ്ശിരാജ |
| തിരുവിതാംകൂർ | വേലുത്തമ്പി ദളവ |
| കൊച്ചി | പാലിയത്തച്ചൻ |
| വയനാട് | കുറിച്യർ |

3. **മലബാറിലെ കർഷക കലാപം**

   ബ്രിട്ടീഷുകാരും മലബാറിലെ ജന്മിമാരും തമ്മിലുള്ള കൂട്ടുകെട്ടിന്റെ ദുഷ്പ്രവൃത്തികൾക്കെതിരേ മലബാറിലെ മാപ്പിള കർഷകർ കലാപം നടത്തി.

4. **പണ്ടാരപ്പാട്ട വിളംബരം, ജന്മി കുടിയാൻ വിളംബരം.**

   സർക്കാർ വക ഭൂമി കൈവശം വച്ചനുഭവിക്കുന്നവർക്ക് ഉടമസ്ഥാവകാശവും പിന്തുടർച്ചാവകാശവും കൈമാറ്റാവകാശവും നൽകുന്നതായിരുന്നു തിരുവിതാംകൂറിലെ പണ്ടാരപ്പാട്ട വിളംബരം.

   ജന്മിമാരുടെ വക ഭൂമി പാട്ടമായി അനുഭവിച്ചുകൊണ്ടിരുന്ന കുടിയാൻമാർക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചതാണ് ജന്മി-കുടിയാൻ വിളംബരം.

5. **കേരളത്തിൽ പ്രവർത്തിച്ച മിഷനറി സംഘങ്ങൾ**

ലണ്ടൻ മിഷൻ സൊസൈറ്റി

ചർച്ച് മിഷൻ സൊസൈറ്റി

ബാസൻ ഇവാഞ്ചലിക്കൽ മിഷൻ

6. **കേരളത്തിലെ പഴയകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

എഴുത്തുപള്ളികൾ

ശാലകൾ

ഗുരുകുലങ്ങൾ

7. **ആരോഗ്യപ്രവർത്തനങ്ങൾ**

പ്രതിരോധ പ്രവർത്തനങ്ങൾക്ക് സൗകര്യം നൽകൽ, ശാസ്ത്രീയമായ ആരോഗ്യനയ രൂപീകരണം, വിദ്യാഭ്യാസസൗകര്യങ്ങളുടെ വർദ്ധനവ്, ആതുരാലയങ്ങളുടെ സ്ഥാപനം എന്നിവ തിരുവിതാംകൂറിൽ മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനം രൂപപ്പെടാൻ ഇടയായി.

8. **കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകിയവർ**

വൈകുണ്ഠ സ്വാമി

ശ്രീനാരായണഗുരു

ചട്ടമ്പി സ്വാമികൾ

അയ്യങ്കാളി

വക്കം അബ്ദുൽ ഖാദർ മൗലവി

കുമാര ഗുരുദേവൻ

9. **ക്ഷേത്രപ്രവേശനത്തിന് സഹായിച്ച പൗരാവകാശ മുന്നേറ്റങ്ങൾ**

വൈക്കം സത്യാഗ്രഹം

ഗുരുവായൂർ സത്യാഗ്രഹം

10. **ദേശീയ പ്രസ്ഥാനം കേരളത്തിൽ, ഐക്യകേരളം**

മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ ഒരുമിച്ചു ചേർന്ന സമ്മേളനമായിരുന്നു 1921 ഏപ്രിൽ മാസത്തെ അഖില കേരള കോൺഗ്രസ് സമ്മേളനം.

1949 ജൂലൈ 1ന് തിരു-കൊച്ചി സംസ്ഥാനവും തുടർന്ന് 1956 നവംബർ 1ന് കേരള സംസ്ഥാനവും രൂപീകൃതമായി.

11. **മന്ത്രിസഭകൾ**

1957 ൽ പൊതു തെരഞ്ഞെടുപ്പിനെ തുടർന്ന് ഇം.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മന്ത്രിസഭ രൂപീകരിച്ചു.

1957 ൽ വന്ന മന്ത്രിസഭയെ വിമോചനസമരത്തിന്റെ പേരിൽ 1959 ൽ രാഷ്ട്രപതി പിരിച്ചുവിട്ടു.

1960 ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. കൂട്ടുമന്ത്രിസഭ അധികാരത്തിൽ വന്നു.

12. **കേരള വികസന മാതൃക - സവിശേഷതകൾ**

ക്ഷേമ പെൻഷനുകൾ

വയോജന പദ്ധതികൾ

ശക്തമായ പൊതുവിതരണ ശൃംഖല

സമ്പൂർണ സാക്ഷരത

കുറഞ്ഞ ആളോഹരി വരുമാനം

ഉയർന്ന സാമൂഹ്യവികസന സൂചിക

## ചോദ്യങ്ങൾ

1. മലബാറിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി നേരിട്ടു ഭരണം തുടങ്ങിയത് ഏത് ഉടമ്പടി പ്രകാരമാണ് ? (1)

2. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യകാല കലാപങ്ങളെ താരതമ്യം ചെയ്യുക. (4)

3. ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ നടന്ന ജനകീയ മുന്നേറ്റമായ കുറിച്യ കലാപത്തിലേക്ക് നയിച്ച കാരണങ്ങൾ കണ്ടെത്തി കുറിപ്പു തയ്യാറാക്കുക. (3)

4. 'ഭൂവുടമസ്ഥതയിൽ വന്ന മാറ്റം കാർഷികരംഗത്ത് അനുകൂലമായിരുന്നു'. നിങ്ങളുടെ അഭിപ്രായം വിലയിരുത്തുക. (4)

5. കേരളത്തിലെ പഴയകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം ? (3)

6. ആരോഗ്യമേഖലയിൽ തിരുവിതാംകൂർ മോഡൽ വളരെ പ്രധാനപ്പെട്ടതാണ്. എന്താണ് തിരുവിതാംകൂർ മോഡൽ? (3)

7. മിഷനറിമാരുടെ വരവ് ബ്രിട്ടീഷ് ഭരണകൂടത്തിന് ഏറെ സഹായകരമായി. വ്യക്തമാക്കുക. (2)

8. നവോത്ഥാന നായകരുടെ പ്രവർത്തനം കേരളത്തിലെ സാമൂഹ്യമാറ്റങ്ങൾക്ക് ഇടയായതെങ്ങനെയെന്ന് വിലയിരുത്തുക. (3)

9. കേരള രൂപീകരണത്തിനു മുമ്പ് കേരളത്തിൽ സാമൂഹ്യമാറ്റത്തിനായി നടന്ന രണ്ട് പ്രക്ഷോഭങ്ങളുടെ പേരെഴുതുക? ഇവ കേരളത്തിന്റെ സാമൂഹ്യരംഗത്ത് ചെലുത്തിയ സ്വാധീനം വിലയിരുത്തുക. (4)

10. 'ഐക്യ കേരള' പ്രസ്ഥാനം ശക്തിപ്പെടാനുള്ള സാഹചര്യങ്ങൾ വിലയിരുത്തുക. (4)

11. വൈകുണ്ഠ സ്വാമിയുടെ പ്രവർത്തന ഫലമായി തിരുവിതാംകൂറിൽ ഉണ്ടായ ചരിത്രപരമായ മാറ്റം എന്താണ് ? (3)

12. കേരള രൂപീകരണത്തിനു മുമ്പ് കേരളത്തിൽ സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം നൽകിയവർ ആരെല്ലാം ? (3)

13. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾക്ക് സമകാലീന കേരളീയ സമൂഹത്തിലുള്ള പ്രസക്തി എന്താണ് ? (3)

14. 'കേരള വികസന മാതൃക' ഇന്ന് ഏറെ ശ്രദ്ധിക്കപ്പെടുന്നു. എന്താണ് ഇതിന്റെ സവിശേഷതകൾ ? (3)

15. 1957 ലെ കേരളാനിയമസഭ പാസാക്കിയ നിയമങ്ങൾ ഏതെല്ലാം ? (3)

16. കേരളത്തിൽ ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഒരു ഗവൺമെന്റിനെ പുറത്താക്കിയ ആദ്യ അനുഭവം ഏത് ? ഇതിലേക്ക് നയിച്ച സമരം ഏതാണ് ? (2)

17. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളെ കാലഗണനാക്രമത്തിലാക്കുക. (6)

മലബാർ ലഹള

പുന്നപ്ര-വയലാർ സമരം

ഗുരുവായൂർ സത്യാഗ്രഹം

കുണ്ടറ വിളംബരം

ഐക്യകേരളം

ക്ഷേത്രപ്രവേശന വിളംബരം

# ഉത്തരസൂചിക

1. ശ്രീരംഗപട്ടണം ഉടമ്പടി (1)

2. നാട്ടുരാജാക്കന്മാരുടെ കലാപങ്ങൾ, നാടുവാഴികളുടെ കലാപങ്ങൾ, ദിവാന്മാരുടെ കലാപങ്ങൾ, ആദിവാസി കലാപങ്ങൾ, കർഷകകലാപങ്ങൾ എന്നവയായിരുന്നു ബ്രിട്ടീഷുകാർക്കെതിരായി ആദ്യകാലങ്ങളിൽ കേരളത്തിൽ നടന്ന കലാപങ്ങൾ.

3. ബ്രിട്ടീഷുകാരുടെ നികുതി പണമായി മാത്രമേ സ്വീകരിക്കൂ എന്ന നിലപാട്.

   സാധനങ്ങൾക്ക് പകരം വർദ്ധിപ്പിച്ച നികുതി പണമായി മാത്രമേ സ്വീകരിക്കൂ എന്ന നിലപാട്.

   നികുതി കുടിശിക വരുത്തുന്നവരുടെ സ്വത്ത് പിടിച്ചെടുക്കുക, കുടിലുകൾ ആക്രമിക്കുക തുടങ്ങിയ ബ്രിട്ടീഷുകാരുടെ നടപടികൾ. (3)

4. അനുകൂലം - കാർഷികമേഖലയിലെ പുരോഗതി, തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നു. വിസ്തൃതമായ തോട്ടങ്ങൾ, കുരുമുളക്, ഏലം, തേയില, കാപ്പി തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ ഉല്പാദന വർദ്ധനവ്.

   പ്രതികൂലം - യഥാർത്ഥ കർഷകന് ഭൂമി ലഭിച്ചില്ല, കാർഷികവിളകളുടെ ഉല്പാദനം കുറഞ്ഞു. കുടിയേറ്റം വ്യാപകമായി. കാർഷികത്തൊഴിലാളികൾ കൂടുതൽ ചൂഷണത്തിന് വിധേയമായി. (4)

5. എഴുത്തുപള്ളികൾ, ശാലകൾ, ഗുരുകുലങ്ങൾ, സഭാമഠങ്ങൾ, കളരികൾ, ഇവയിൽ ഏതെങ്കിലും 3. (3)

6. തിരുവിതാംകൂർ രാജഭരണകാലത്ത് നടപ്പിലാക്കിയ ആരോഗ്യ രക്ഷാനടപടികൾ ഏതെങ്കിലും 3 എണ്ണം. (3)

   വസൂരിക്കെതിരായ പ്രതിരോധ പ്രവർത്തനം.

   ആതുരാലയങ്ങൾ സ്ഥാപിച്ചു.

   തിരുവനന്തപുരം ജനറൽ ആസ്പത്രി സ്ഥാപിച്ചു.

   സ്ത്രീകൾക്കും കുട്ടികൾക്കുമായി തിരുവനന്തപുരത്ത് ആശുപത്രി.

   1888 ൽ വസൂരി വാക്സിൻ നിർമാണശാല ആരംഭിച്ചു.

   മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകി.

   പേവിഷബാധ, ടൈഫോയിഡ് എന്നിവയ്ക്കെതിരായ വാക്സിൻ ലഭ്യമാക്കി.

7. ഇംഗ്ലീഷ് ജീവിതശൈലിയുടെ വ്യാപനം

മിഷനറി വിദ്യാലയങ്ങൾ ബ്രിട്ടീഷ് ഭരണകൂടത്തിന് അനുകൂല പ്രചരണം നടത്തി (2)

8. സാമൂഹ്യമാറ്റത്തിന് പ്രായോഗിക രൂപം നൽകി.

പിൽക്കാല സാമൂഹ്യ പ്രവർത്തകർക്കിടയിലുണ്ടായ സ്വാധീനം.

അന്ധവിശ്വാസത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരെ നടത്തിയ പ്രവർത്തനങ്ങൾ സാമൂഹ്യമാറ്റങ്ങൾക്കിടയാക്കി. (3)

9. വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും

ഹിന്ദുക്കളിലെ എല്ലാ ജനവിഭാഗങ്ങൾക്കും ആരാധനാ സ്വാതന്ത്ര്യം ലഭ്യമായി.

10. നാഗ്പൂർ സമ്മേളന തീരുമാനം

11. ചാന്നാർ കലാപം വിശദീകരിക്കുന്നതിന് (3)

12. 6 പേരുടെ പേർ എഴുതുന്നതിന് (ആശയം 8) (3)

13. സാമൂഹിക അസമത്വം പരിഹരിക്കുക എന്ന ആശയത്തിന്റെ പ്രാധാന്യം.

സംഘടിച്ച് ശക്തരാവുക, വിദ്യ കൊണ്ട് പ്രബുദ്ധരാകുക എന്ന ആഹ്വാനത്തിന്റെ പ്രസക്തി

സാമൂഹ്യ, സാംസ്കാരിക, സാഹിത്യ, രാഷ്ട്രീയ മേഖലകളിലെ വർത്തമാനകാല പ്രസക്തി (3)

14. ഉത്തരം ആശയം 12 ൽ നൽകിയിട്ടുണ്ട്. (3)

15. കുടി ഒഴിപ്പിക്കൽ നിരോധന നിയമം

കാർഷിക ബന്ധ ബില്ല്

വിദ്യാഭ്യാസ ബില്ല് (3)

16. കേരള മന്ത്രിസഭയെ 1959 ൽ പിരിച്ചുവിട്ട സംഭവം.

വിമോചന സമരം (2)

17. കുണ്ടറ വിളംബരം

മലബാർ ലഹള

ഗുരുവായൂർ സത്യാഗ്രഹം

ക്ഷേത്ര പ്രവേശന വിളംബരം

പുന്നപ്ര വയലാർ സമരം

ഐക്യ കേരളം (6)

# യൂണിറ്റ് 9
# ദേശീയോദ്ഗ്രഥനം

## ആമുഖം

"മനുഷ്യൻ സാമൂഹ്യ ജീവിയാണ്. മനുഷ്യൻ കുടുംബത്തിലും ഗ്രാമത്തിലും പട്ടണങ്ങളിലും ജീവിക്കുന്നു. ഒറ്റപ്പെട്ടവനല്ല." അരിസ്റ്റോട്ടിലിന്റെ ഈ വാക്കുകൾക്ക് അന്നും ഇന്നും വളരെ പ്രസക്തിയുണ്ട്. വിവിധതരം കൂട്ടായ്മകളെക്കുറിച്ച് ഒരു പഠനമാണ് ഈ അധ്യായം.

## ആശയങ്ങൾ

കുടുംബം – സമപ്രായക്കാർ – സമൂഹം – സമുദായം ഇവ വിവിധ കൂട്ടായ്മകളാണ്.

കുടുംബമാണ് പ്രാഥമികവും ഏറ്റവും ചെറുതുമായ കൂട്ടായ്മ.

സമൂഹം : കുടുംബമാണ് സാമൂഹ്യവല്ക്കരണത്തിനു സഹായിക്കുന്നത്. എന്നാൽ സമൂഹത്തിന് നിശ്ചിത അതിർത്തി നിർണയിക്കാനാവില്ല.

സമുദായം : ഇത് മതപരമായ നിർവചനമല്ല.

ഒരു നിശ്ചിത പ്രദേശത്ത് പരസ്പരം ഇടപഴകി ജീവിക്കുന്ന ജനങ്ങൾ. അതിർത്തി ഉണ്ടെന്നുള്ളതാണ് സമൂഹവും സമുദായവും തമ്മിലുള്ള വ്യത്യാസം.

ഉദാ : ഗ്രാമസമുദായം, നഗരസമുദായം.

രാഷ്ട്രം : ഒരു പ്രദേശത്തെ ജനത ഐക്യബോധത്തോടെ രാഷ്ട്രീയ രൂപം സൃഷ്ടിച്ച് തങ്ങളുടെ ഭാഗധേയം നിർണയിക്കുന്നു.

നിശ്ചിത അതിർത്തി, അംഗത്വം – നിയമാവലി, പൗരത്വം തുടങ്ങിയവ ഇതിന്റെ സവിശേഷതകളാണ്.

ഇന്ത്യ ഒരു ബഹുസ്വര സമൂഹമാണ്. നിരവധി ഭാഷകൾ, മതങ്ങൾ, വംശങ്ങൾ, ജാതികൾ, ആചാരങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളിലും വൈവിധ്യമുള്ള സമൂഹം.

ഈ വൈവിധ്യങ്ങൾക്കതീതമായ യോജിപ്പ് 'നാനാത്വത്തിൽ ഏകത്വം' എന്നറിയപ്പെടുന്നു.

ഇന്ത്യൻ ദേശീയതയുടെ സവിശേഷതയും നാനാത്വത്തിൽ ഏകത്വം ആണ്.

ദേശീയോദ്ഗ്രഥനം – മുഖ്യധർമ്മം.

അടിസ്ഥാന ഘടകങ്ങൾ

ദേശീയോദ്ഗ്രഥനം വളർത്തുവാനുള്ള മാർഗങ്ങൾ

ത്രിഭാഷാ പദ്ധതി

ദേശീയോദ്ഗ്രഥന ദിനം

ഇന്ത്യൻ ദേശീയത നേരിടുന്ന വെല്ലുവിളികൾ.

## ചോദ്യങ്ങൾ

1. താഴെ പറയുന്ന ഫ്ളോചാർട്ട് പൂർണമാക്കുക. 4 Score

കുടുംബം

↓

..................

↓

..................

↓

..................

↓

..................

ദേശം

2. 'അന്റാർട്ടിക്കയെ ഒരു രാഷ്ട്രമായി കണക്കാക്കുന്നില്ല'
എങ്കിൽ ഒരു രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഏതൊക്കയാണ് ? 4 Score

3. താഴെ പറയുന്ന ഇന്ത്യൻ ഭാഷകളെ വർഗീകരിച്ച് തന്നിരിക്കുന്ന ചാർട്ടിൽ രേഖപ്പെടുത്തുക. 3 Score

സംസ്കൃതം, മലയാളം, സന്താളി, തമിഴ്, ഹിന്ദി, ഛത്തീസ് ഗഢ്.

| ഇൻഡോ ആര്യൻ | ദ്രാവിഡ ഭാഷ | മുണ്ടാ ഭാഷ |
|---|---|---|
| | | |

4. 'ഇന്ത്യ ഒരു വംശമ്യൂസിയമാണ്.' എന്നാൽ ഒരു വംശത്തിനും വംശശുദ്ധി അവകാശപ്പെടാൻ കഴിയുന്നില്ല. വിലയിരുത്തുക. 3 Score

5. ദേശീയതയ്ക്ക് നിരവധി അടിസ്ഥാന ഘടകങ്ങൾ ഉണ്ട്.
ഏതെങ്കിലും 3 ഉദാഹരണങ്ങൾ എഴുതുക. 3 Score

6. അതിരുകടന്ന ദേശീയത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുക. 2 Score

7. ദേശീയോദ്ഗ്രഥനത്തിന്റെ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കാണുന്ന പദ സൂര്യൻ പൂർത്തിയാക്കുക. 2 Score




8.

| | |
|---|---|
| അതിർത്തി കടന്ന തീവ്രവാദിയെ സൈന്യം വെടിവച്ചുകൊന്നു | കാവേരി പ്രശ്നം കർണാടകത്തിൽ ഇന്ന് ബന്ദ് |
| മുല്ലപ്പെരിയാർ പ്രശ്നം കേരളത്തിലേക്കുള്ള ചരക്കു ലോറികൾ തടഞ്ഞു | ഛത്തീസ് ഗഢിൽ കുഴിബോംബ് പൊട്ടി 10 ജവാന്മാർ കൊല്ലപ്പെട്ടു. |

മേൽ വിവരിച്ച പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ദേശീയത നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക. 6 Score

9. എന്താണ് ത്രിഭാഷാ പദ്ധതി? ഇതിന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നു? 3 Score

10. ഇന്ത്യ ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കുന്നത് എന്നാണ് ? ഈ ദിവസത്തിന്റെ പ്രാധാന്യം എന്താണ് ? 2 Score

# ഉത്തരസൂചിക

1. സുഹൃത്തുക്കൾ

   സഹപാഠികൾ

   ഗ്രാമം

   നഗരം

2. നിശ്ചിത അതിർത്തി

   ജനങ്ങൾ

   ഭരണകൂടം

   ഭരണ ഭൂമേഖല

3.

| ഇൻഡോ ആര്യൻ | ദ്രാവിഡ ഭാഷ | മുണ്ടാ ഭാഷ |
|---|---|---|
| സംസ്കൃതം | തമിഴ്, മലയാളം | ഛത്തീസ് ഗഢ്<br>സാന്താളി |

4. നെഗ്രിറ്റോ, മംഗളോയിഡ്, മെഡിറ്ററേനിയൻ തുടങ്ങിയ വംശജർ ഇന്ത്യയിൽ താമസിച്ചിരുന്നു.

   ഇന്ത്യയിലെ ആദിവാസികളായിരുന്നു ഇരുളർ, കാടർ, മലപണ്ടാരങ്ങൾ.

   വിവിധ ദേശങ്ങളിൽ നിന്നും ഇന്ത്യയിൽ കുടിയേറിപ്പാർത്ത മറ്റു ധാരാളം വിഭാഗങ്ങളുമുണ്ട്.

   ഇവരെല്ലാം പരസ്പരം ഇടപഴകി ജീവിച്ച് ഇന്ന് വേർതിരിക്കുവാൻ കഴിയാത്തവരായി മാറി.

5. പ്രത്യേക രാഷ്ട്രത്തിലുള്ള അംഗത്വം.

   വർഗം, ഭാഷ, മതം, സംസ്ക്കാരം തുടങ്ങിയവയിലുള്ള യോജിപ്പ്.

   പൊതുവായ ചില സാരൂപ്യങ്ങൾ (Identity)

6. മറ്റു രാജ്യങ്ങളോടും ജനങ്ങളോടുമുള്ള വെറുപ്പ്, യുദ്ധങ്ങൾ.

7. ഘടനാപരമായ സമത്വം

   സാംസ്കാരികമായ ഐക്യം.

8. പ്രാദേശിക വാദം

ജാതീയത

ഭാഷാവാദം

വർഗീയത

ഭീകരവാദം

9. ദേശീയോദ്ഗ്രഥനത്തേയും അന്തർ സംസ്ഥാന വിനിമയത്തേയും പ്രോത്സാഹിപ്പിക്കുന്നതിന്

ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയും ഒരു മാതൃഭാഷയും അഹിന്ദി സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയും മാതൃഭാഷയും സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി.

10. നവംബർ 19, മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ജന്മദിനം. ഭീകരപ്രവർത്തനത്തിനെതിരേ നടപടിയെടുത്തതിന് 1984 ഒക്ടോബർ 31 ന് ഖാലിസ്ഥാൻ തീവ്രവാദികളുടെ വെടിയേറ്റ് മരിച്ചു.

# യൂണിറ്റ് – 10
# ജനാധിപത്യം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ആധുനികകാലത്ത് ബഹുഭൂരിപക്ഷം രാജ്യങ്ങളിലും നിലവിലിരിക്കുന്നത് ജനാധിപത്യ ഭരണകൂടങ്ങളാണ്. ജനങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ഭരണരൂപമായ ജനാധിപത്യത്തിന് ഒട്ടേറെ സവിശേഷതകളുണ്ട്. 121 കോടി ജനങ്ങൾ അധിവസിക്കുകയും നിരവധി വൈവിധ്യങ്ങൾക്കിടയിലും ഏകത്വം നിലനിർത്തുകയും ചെയ്യുന്ന നമ്മുടെ രാജ്യത്ത് ജനാധിപത്യ ഭരണരീതി എങ്ങനെ പ്രവർത്തിക്കുന്നു എന്ന് തിരിച്ചറിയാൻ സഹായിക്കുന്ന ഒരു യൂണിറ്റാണിത്.

ഈ യൂണിറ്റുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ താഴെ കൊടുക്കുന്നു. അവ പരിചയപ്പെട്ടതിന് ശേഷം ചോദ്യങ്ങളിലേക്ക് കടക്കുക.

**ആശയങ്ങൾ**

1. ജനാധിപത്യ ഭരണസംവിധാനത്തിൽ പരമാധികാരം ജനങ്ങൾക്കാണ്.


ഡമോക്രസി → ഡമോസ് (ജനങ്ങൾ)
ക്രാത്തോസ് (അധികാരം)

2. ജനാധിപത്യത്തിന് രണ്ട് വകഭേദങ്ങളുണ്ട് –


പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും

ജനാധിപത്യം → പ്രത്യക്ഷ ജനാധിപത്യം
പരോക്ഷ ജനാധിപത്യം

3. ജനാധിപത്യ ഭരണസംവിധാനത്തിന് മേന്മകളും പോരായ്മകളും അനുഭവപ്പെടുന്നുണ്ട്.



വോട്ടെടുപ്പിൽ നിന്ന് അകലുന്ന ജനങ്ങൾ




4. ജനാധിപത്യം ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്.

മുന്നൊരുക്കങ്ങൾ →

| |
|---|
| വിദ്യാഭ്യാസം |
| തെരഞ്ഞെടുപ്പുകൾ |
| രാഷ്ട്രീയ സ്വാതന്ത്ര്യം |
| സാമ്പത്തിക സ്വാതന്ത്ര്യം |
| പാർട്ടികളും നേതാക്കന്മാരും |
| സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ |
| അധികാര വികേന്ദ്രീകരണം |
| സ്വതന്ത്ര മാധ്യമങ്ങൾ |
| രാഷ്ട്രീയ അവബോധം |

5. ജനാധിപത്യത്തിന് വ്യത്യസ്ത തലങ്ങളുണ്ട്.

തലങ്ങൾ →

| |
|---|
| രാഷ്ട്രീയതലം |
| സാമൂഹ്യതലം |
| സാമ്പത്തികതലം |

6. ആധുനിക കാലത്ത് പ്രത്യക്ഷ ജനാധിപത്യം നടപ്പിലാക്കാൻ സഹായകമായ 4 മാർഗങ്ങൾ നിലവിലുണ്ട്.

പ്രത്യക്ഷ ജനാധിപത്യ മാർഗങ്ങൾ →


| |
|---|
| ജനഹിത പരിശോധന |
| ഹിതപരിശോധന |
| തിരിച്ചുവിളിക്കൽ |
| അഭിക്രമം |

7. ജനാധിപത്യം ഒരു ജീവിതരീതി കൂടിയാണ്.


ജനാധിപത്യത്തെ ജീവിത രീതിയാക്കുന്നതിന് →

| |
|---|
| മറ്റുള്ളവരുടെ അഭിപ്രായം മാനിക്കുക |
| എല്ലാവരുടേയും സ്വാതന്ത്ര്യത്തെ അംഗീകരിക്കുക. |
| ആഗ്രഹനിവർത്തിക്കായി ശരിയായ മാർഗ്ഗങ്ങൾ മാത്രം സ്വീകരിക്കുക. |
| നിയമവാഴ്ച അംഗീകരിക്കുക. |
| മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആചാരങ്ങളോടും സഹിഷ്ണുത പുലർത്തുക. |

8. ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യം ഇന്ത്യയിലെ ജനാധിപത്യത്തിന് കരുത്തേകുന്നു.



9. ഇന്ത്യൻ ജനാധിപത്യം പല വെല്ലുവിളികളും നേരിടുന്നു.




## ചോദ്യങ്ങൾ

1. ജനാധിപത്യത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം ?
   അവ താരതമ്യം ചെയ്യുക.
2. ജനാധിപത്യ ഭരണക്രമത്തിന്റെ മേന്മകളും പോരായ്മകളും സൂചിപ്പിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.
3. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ഏതെല്ലാം ? ഓരോന്നും വിശദമാക്കുക.
4. ജനാധിപത്യം സംരക്ഷിക്കുവാനും നിലനിർത്തുവാനും രാഷ്ട്രീയപാർട്ടികൾ അനിവാര്യമാണ്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
5. ജനാധിപത്യത്തിന്റെ വ്യത്യസ്ത തലങ്ങളെപ്പറ്റി ഒരു ലഘുവിവരണം എഴുതുക.
6. പ്രത്യക്ഷ ജനാധിപത്യമാർഗങ്ങൾ ഏതെല്ലാം ? ഓരോന്നും വിശദമാക്കുക.
7. ജനാധിപത്യം ഒരു ജീവിതരീതിയാകണമെങ്കിൽ ജനങ്ങളിൽ ഉണ്ടാകേണ്ട ഘടകങ്ങൾ എന്തെല്ലാം ? വ്യക്തമാക്കുക.
8. ഇന്ത്യൻ ജനാധിപത്യം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനമെന്ന് നിങ്ങൾക്ക് തോന്നുന്നവ ഏതെല്ലാം ? ഓരോന്നും വിശദമാക്കുക.

# ഉത്തരസൂചിക

പൂർണമായ ഉത്തരങ്ങൾ ഇവിടെ നൽകിയിട്ടില്ല. ഉയർന്ന മാർക്കിനുള്ള ചോദ്യങ്ങൾക്ക് ഉത്തരം വിശദമായി എഴുതണം.

1. ജനാധിപത്യം രണ്ട് തരത്തിലുണ്ട് – പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും. പുരാതന ഗ്രീസിൽ നിലനിന്നിരുന്ന ഭരണരീതിയാണ് പ്രത്യക്ഷ ജനാധിപത്യം. അതിന്റെ പ്രധാന സവിശേഷതകൾ – ഭരണകാര്യങ്ങളിൽ എല്ലാ പൗരന്മാരും ഉൾപ്പെടുന്നു. നീതിയും നിയമവും ജനങ്ങൾ നേരിട്ട് നടപ്പിലാക്കുന്നു, നീതിപീഠ സംവിധാനമില്ല, വളരെ ചെറിയ കാലയളവിലേക്ക് ഭരണകർത്താക്കളെ കണ്ടെത്തിയിരുന്നു.

   ഇന്ന് ലോകത്ത് ബഹുഭൂരിപക്ഷം രാജ്യങ്ങളിലും നിലനിൽക്കുന്നത് പരോക്ഷ ജനാധിപത്യമാണ്. ഇതിന്റെ പ്രധാന സവിശേഷതകൾ – ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ആ പ്രതിനിധികൾ ജനങ്ങൾക്ക് വേണ്ടി ഭരിക്കുകയും ചെയ്യുന്നു. നിയമങ്ങൾ നിർമ്മിക്കുന്നതും അത് നടപ്പാക്കുന്നതും ഈ പ്രതിനിധികളാണ്. നീതിപീഠ സംവിധാനം നിലനിൽക്കുന്നു.

2.

| **മേന്മകൾ** | **പോരായ്മകൾ** |
|---|---|
| 1. കൂടുതൽ കാര്യക്ഷമതയുള്ള ഭരണം | 1. കഴിവിനേക്കാൾ എണ്ണത്തിന് പ്രാധാന്യം |
| 2. വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നു | 2. പലപ്പോഴും പ്രഗത്ഭരുടെ സേവനം രാഷ്ട്രത്തിന് നഷ്ടപ്പെടുന്നു. |
| 3. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, അവസരതുല്യത എന്നിവ. | 3. തുടർച്ചയായ തെരഞ്ഞെടുപ്പും ഭരണ മാറ്റവും രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. |
| 4. ജനങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കപ്പെടുന്നു. | 4. ഭൂരിപക്ഷാഭിപ്രായം അടിച്ചേൽപ്പിക്കപ്പെടുന്നു. |
| 5. നിയമവാഴ്ച നിലനിൽക്കുന്നു. വിമുഖത പ്രകടിപ്പിക്കുന്നു. | 5. ജനങ്ങൾ ചിലപ്പോഴെങ്കിലും വിമുഖത പ്രകടിപ്പിക്കുന്നു. |
| 6. ഭരണം കൂടുതൽ സുതാര്യമാണ്. | 6. ദിശാബോധമില്ലാത്ത കക്ഷിരാഷ്ട്രീയം ആപത്ത് |
| 7. സംഘബോധവും സുരക്ഷിതത്വ ബോധവും വളർത്തുന്നു. | 7. വളരെയധികം പണച്ചെലവുള്ള സംവിധാനം. |

3. രാഷ്ട്രീയസ്വാതന്ത്ര്യം, രാഷ്ട്രീയ അവബോധം, സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, വിദ്യാഭ്യാസം, സ്വതന്ത്ര മാധ്യമങ്ങൾ എന്നിവയാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ ആവശ്യമായ മുന്നൊരുക്കങ്ങൾ.

4. ജനപങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ സവിശേഷത. രാഷ്ട്രീയപാർട്ടികളാണ് ഈ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നത്. ജനങ്ങളെ സംഘടിപ്പിക്കുക, ജനാധിപത്യം സ്വയം അനുഷ്ഠിക്കുക, ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുക, ജനങ്ങളുടെയിടയിൽ അഭിപ്രായരൂപീകരണം നടത്തുക തുടങ്ങിയ കാര്യങ്ങളൊക്കെ നിർവഹിക്കുന്നത് രാഷ്ട്രീയ പാർട്ടികളാണ്.

5. രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ ജനാധിപത്യത്തിന്റെ അന്തസത്ത കൈവരിക്കുമ്പോഴാണ് ജനാധിപത്യം പൂർണമാകുന്നത്. രാഷ്ട്രീയതലം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലധിഷ്ഠിതമാണ്. മതം, ജാതി, ലിംഗം, പ്രദേശം, വർഗം, വർണം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാത്ത അവസ്ഥാ വിശേഷമാണ് സാമൂഹിക തലം. സമൂഹത്തിൽ സമ്പത്തിന്റെ വിനിയോഗം, നിയന്ത്രണം, ഉല്പാദനം എന്നിവയെ സംബന്ധിക്കുന്നതാണ് സാമ്പത്തികതലം.

6. പ്രത്യക്ഷ ജനാധിപത്യം കാത്തുസൂക്ഷിക്കുന്നതിനായി ചില മാർഗങ്ങൾ ഉപയോഗിക്കുന്നു അവയാണ് 1) ഹിതപരിശോധന, 2) തിരിച്ചുവിളിക്കൽ, 3) ജനഹിതപരിശോധന, 4) അഭിക്രമം എന്നിവ.

7. മറ്റുള്ളവരുടെ വിശ്വാസങ്ങളോട് സഹിഷ്ണുത പുലർത്തുക, ലക്ഷ്യപ്രാപ്തിക്കായി ജനാധിപത്യ മാർഗങ്ങൾ മാത്രം സ്വീകരിക്കുക, ഏവരോടും ബഹുമാനം പുലർത്തുക, വിമർശനത്തോട് സഹിഷ്ണുത കാട്ടുക, നിയമവാഴ്ച അംഗീകരിക്കുക, എല്ലാവരെയും തുല്യരായി കാണുക എന്നിവയാണ് ജനാധിപത്യം ജീവിതരീതിയാകാൻ ഉണ്ടാകേണ്ട ഘടകങ്ങൾ.

8. നമ്മുടെ ജനാധിപത്യവ്യവസ്ഥ നിരവധി വെല്ലുവിളികൾ നേരിടുന്നു. അവയിൽ പ്രധാന പ്പെട്ടവ 1) സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം (2) നിരക്ഷരത, (3) പ്രാദേശിക വാദം, 4) ഭാഷാവാദം, 5) വർഗ്ഗീയത, 6) ജാതീയത, 7) അഴിമതി, 8) തീവ്രവാദം, 9) തൊഴിലില്ലായ്മ, 10) ദാരിദ്ര്യം തുടങ്ങിയവയാണ്.

# യൂണിറ്റ് -11
# മനുഷ്യാവകാശങ്ങൾ

ലോകത്തിലെ മിക്ക രാജ്യങ്ങളും ഭരണഘടനാപരമായി തന്നെ മനുഷ്യരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ഈ തലത്തിലേക്ക് എത്തുന്നതിന് പിന്നിലെ ചാലക ശക്തിയായി പ്രവർത്തിച്ച അന്തർദേശീയ മനുഷ്യാവകാശ പ്രഖ്യാപനങ്ങളെപ്പറ്റിയും അവയുടെ പ്രാധാന്യത്തെപ്പറ്റിയും ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു. മനുഷ്യാവകാശങ്ങൾ പൊതുവായും കുട്ടികളുടെയും സ്ത്രീകളുടെയും ഉപഭോക്താവിന്റെയും അവകാശങ്ങൾ പ്രത്യേകിച്ചും ഇവിടെ പരാമർശിക്കുന്നു. ഇന്ത്യൻ സാഹചര്യത്തിൽ മനുഷ്യാവകാശങ്ങൾ എങ്ങനെ പ്രാവർത്തികമാകുന്നുവെന്നും അവകാശങ്ങൾ എങ്ങനെ ലംഘിക്കപ്പെടുന്നുവെന്നും മനസ്സിലാക്കുവാനുള്ള സന്ദർഭങ്ങൾ ഇതിലുണ്ട്. അവകാശങ്ങൾ നേടിയെടുക്കുവാനുള്ള വിവിധ സംവിധാനങ്ങളെപ്പറ്റിയും കുട്ടികൾക്ക് ധാരണയുണ്ടാകുന്നതിന് ഈ യൂണിറ്റ് ഏറെ പ്രയോജനകരമാണ്.

## ആശയങ്ങൾ

1. ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വ വികസനത്തിനും വളർച്ചയ്ക്കും ലഭിക്കുന്ന അവസരങ്ങളായി അവകാശങ്ങളെ കണക്കാക്കാം.
2. ഓരോ വ്യക്തിക്കും അന്തസ്സുറ്റ ജീവിതം നയിക്കുന്നതിനുള്ള മൗലികവും അനർഘവും ആരാലും അന്യാധീനപ്പെടുത്താനാകാത്തതുമായ ജന്മസിദ്ധമായ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.
3. സ്വാതന്ത്ര്യബോധത്തെ നിഷേധിക്കുന്ന സാഹചര്യങ്ങളെ എതിർത്തുതോല്പിച്ചുകൊണ്ടാണ് മനുഷ്യൻ അവകാശങ്ങൾ നേടിയെടുത്തത്. (ഉദാ : അമേരിക്കൻ സ്വാതന്ത്ര്യ സമരം, ഫ്രഞ്ചുവിപ്ലവം, റഷ്യൻ വിപ്ലവം)
4. സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യയിൽ രൂപപ്പെട്ട ദേശീയ പ്രസ്ഥാനങ്ങൾ പൗരാവകാശങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നിർമിക്കപ്പെട്ട ഭരണഘടനയിൽ പൗരാവകാശങ്ങൾ പ്രതിഫലിക്കുന്നു.
5. മനുഷ്യാവകാശങ്ങളുടെ സൈദ്ധാന്തിക അടിത്തറയാണ് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം.
6. സ്ത്രീകളും വൃദ്ധരും സമൂഹത്തിൽ അവഗണിക്കപ്പെടാതിരിക്കാനായി അവരെ പ്രത്യേക അവകാശങ്ങൾ നൽകി സംരക്ഷിക്കുന്നു.
7. മനുഷ്യാവകാശങ്ങളും, മൗലികാവകാശങ്ങളും വ്യത്യസ്തമാണ്. എങ്കിലും അവ തമ്മിൽ ബന്ധമുണ്ട്.
8. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ സമൂഹത്തിൽ കാണാൻ കഴിയും.

9. മനുഷ്യാവകാശ സംരക്ഷണത്തിനായി അന്തർദേശീയ തലത്തിൽ സംഘടനകൾ നിലവിലുണ്ട്.

10. മനുഷ്യാവകാശ സംരക്ഷണത്തിനായി ഇന്ത്യയിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും മനുഷ്യാവകാശ കമ്മീഷനുകൾ നിലവിലുണ്ട്.

11. അവകാശങ്ങളോടൊപ്പം പ്രാധാന്യമർഹിക്കുന്നവയാണ് കടമകൾ.

**ചോദ്യങ്ങൾ**

1. ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിക്കപ്പെടുന്നതെന്തുകൊണ്ട് ? (3)

2. മനുഷ്യാവകാശങ്ങൾ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? (2)

3. ജീവിക്കുവാനുള്ള അവകാശം എല്ലാ ജീവജാലങ്ങളുടെയും പ്രകൃതിദത്ത അവകാശമായി കണക്കാക്കാമെങ്കിൽ മനുഷ്യാവകാശത്തിന് ഇതിൽ നിന്നുള്ള വ്യത്യാസമെന്ത് ? (2)

4. "ഏതെങ്കിലും ഒരു പ്രഖ്യാപനം കൊണ്ടോ ഭരണാധികാരിയുടെ ഉത്തരവിലൂടെയോ സംജാതമായവയല്ല ലോകത്തെ മനുഷ്യാവകാശങ്ങൾ". ഫ്രഞ്ച് വിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യ സമരം, മറ്റ് ലോക സംഭവവികാസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയ്ക്ക് നിങ്ങൾക്ക് എന്ത് തെളിവുകളാണ് നൽകാൻ കഴിയുക? (4)

5. സാർവദേശീയ മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി മാറിയ സാഹചര്യങ്ങൾ വിലയിരുത്തുക. (3)

6. സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങളിൽ ഏറ്റവും പ്രസക്തമെന്ന് നിങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

7. "യാത്രക്കിടയിൽ ബസിൽ വച്ച് സ്ത്രീ ആക്രമണത്തിനിരയായി". സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് ഈ വാർത്തയെ വിശകലനം ചെയ്യുക. ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകളുടെ ഏതൊക്കെ അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്? (3)

8. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം മനുഷ്യാവകാശങ്ങളുടെ സൈദ്ധാന്തിക അടിത്തറയാണ്. സമർത്ഥിക്കുക? (3)

9. സമൂഹത്തിന്റെയും കുടുംബത്തിന്റെയും ചില കാഴ്ചപ്പാടുകളിൽ സ്ത്രീകളുടെ അവകാശങ്ങളെ ഹനിക്കുന്ന സാഹചര്യമുണ്ടോ ? പരിശോധിക്കുക. (3)

10. കുട്ടികളുടെ അവകാശസംരക്ഷണത്തിനായി ഇന്ത്യ ആവിഷ്ക്കരിച്ച നിയമങ്ങൾ ഏതൊക്കെ ? (2)

11. വാർദ്ധക്യകാലത്തെ സംരക്ഷണം എന്തുകൊണ്ടാണ് പ്രായമായവരുടെ അവകാശമായി കണക്കാക്കുന്നത് ? പ്രായമായവരുടെ അവകാശ സംരക്ഷണത്തിനായി സർക്കാരുകളോ സമൂഹമോ കൈക്കൊണ്ട ഏതെങ്കിലും രണ്ടു നടപടികൾ എഴുതുക. (2)

12. "സ്തീ-പുരുഷ തുല്യത" - സ്ത്രീകളുടെ അവകാശമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ എല്ലാ രംഗത്തും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേപോലെ അവകാശങ്ങൾ ഉണ്ടോ ? ഏതെല്ലാം രംഗത്താണ് തുല്യത ഇല്ലാത്തത് ? സ്ത്രീ-പുരുഷ തുല്യതയുടെ അഭാവം സമൂഹ പുരോഗതിക്ക് തടസ്സമാകുന്നുവോ ? (3)

13. ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന മൗലിക അവകാശങ്ങൾ ഏതൊക്കെ ? നാലെണ്ണം രേഖപ്പെടുത്തുക. (4)

14. മനുഷ്യാവകാശങ്ങളെല്ലാം മൗലികാവകാശങ്ങളാണോ ? വിശദമാക്കുക. (2)

15. വിദ്യാഭ്യാസ അവകാശനിയമം ഇന്ന് മൗലികാവകാശമായിരിക്കുന്നു. ഇതിലൂടെ സംരക്ഷിക്കുന്ന പ്രധാന അവകാശമെഴുതുക. വർത്തമാന കാലത്ത് ഈ നിയമത്തിനുള്ള പ്രസക്തി എന്താണ് ? (2)

16. ആധുനികലോകത്ത് ഉപഭോക്താവിന്റെ അവകാശങ്ങൾ എങ്ങനെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു? വിലയിരുത്തുക. (3)

17. ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (2)

# ഉത്തരസൂചിക

1. 1948 ഡിസംബർ 10-ാം തീയതിയാണ് ഐക്യരാഷ്ട്ര സംഘടന മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചത്. അതുകൊണ്ട് എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു.

2. ഓരോ വ്യക്തിക്കും സമൂഹത്തിലെ അംഗമെന്ന നിലയിൽ തന്റെ ജീവൻ, സ്വാതന്ത്ര്യം, അന്തസ്സ്, എന്നിവ സംബന്ധിച്ച് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. വ്യക്തിത്വ വികസനത്തിനും വളർച്ചയ്ക്കും ലഭിക്കുന്ന അവസരങ്ങളാണിവ. ഇവ മൗലികവും അനർഘവും ആരാലും അന്യാധീനപ്പെടുത്താനാകാത്തതുമായ ജന്മസിദ്ധമായ അവകാശങ്ങളാണ്.

3. സ്വന്തം സാഹചര്യത്തിൽ അന്തസ്സുറ്റ ജീവിതം നയിക്കാൻ. അത് തടസ്സപ്പെടുത്താൻ ആർക്കും അധികാരമില്ല.

4. ഫ്രഞ്ച് വിപ്ലവം - സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, മനുഷ്യാവകാശ പ്രഖ്യാപനം.

   അമേരിക്കൻ സ്വാതന്ത്ര്യ സമരം - കോളനികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം.

   ചിന്തകന്മാരുടെ സ്വാധീനം - വോൾട്ടയർ, റൂസ്സോ, മൊന്തസ്ക്യൂ, തോമസ് ഹോബ്സ്, ജോൺലോക്ക്, പൗരാവകാശം, മറ്റ് സ്വാതന്ത്ര്യസമരങ്ങൾ, ഭരണഘടനാ അവകാശം ഉറപ്പാക്കിയത് തുടങ്ങിയവ.

5. യുദ്ധം തടയാൻ - മനുഷ്യാവകാശ ധ്വംസനം ചെറുക്കാൻ ലോകസമാധാനവും സുരക്ഷയും ഉറപ്പാക്കി.

   യു.എൻ. രൂപീകരണം - ലക്ഷ്യം തന്നെ സമാധാനപരമായ മനുഷ്യജീവിത സാഹചര്യം ഒരുക്കുക തുടങ്ങിയ ഏതെങ്കിലും 3 എണ്ണം വിശദമാക്കുന്നതിന്.

   സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം.

6. സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനും വ്യക്തി സുരക്ഷിതത്വം അനുഭവിക്കുവാനുമുള്ള അവകാശം.

   അടിമത്തത്തിൽ നിന്നുള്ള മോചനം.

   നിയമത്തിന് മുന്നിൽ തുല്യതയും തുല്യ നിയമ പരിരക്ഷയും.

   രാജ്യത്തെവിടെയും സഞ്ചരിക്കാനും പാർക്കാനുമുള്ള അവകാശം.

   സ്വേച്ഛാപരമായ അറസ്റ്റിനോ തടങ്കലിനോ നാടുകടത്തലിനോ ആരെയും വിധേയരാക്കരുത് (ഏതെങ്കിലും 3 എണ്ണം)

7. മനുഷ്യാവകാശങ്ങൾ വളരെയധികം സംരക്ഷിക്കപ്പെടുന്ന വർത്തമാനകാലത്തും ധാരാളം പേർ മനുഷ്യാവകാശ ലംഘനങ്ങൾക്ക് വിധേയരാകുന്നുവെന്ന് പത്രമാധ്യമങ്ങൾ

പരിശോധിച്ചാൽ വ്യക്തമാകും. സ്ത്രീകളുടെ നേരേ നടക്കുന്ന ആക്രമണങ്ങൾ ഇന്ന് കൂടിവരികയാണ്. സ്വതന്ത്രമായും, നിർഭയമായും യാത്ര ചെയ്യാനുള്ള അവകാശം, വ്യക്തികളുടെ ജീവിക്കാനുള്ള അവകാശം തുടങ്ങിയവയെല്ലാം ഹനിക്കപ്പെടുകയാണ്.

8. യാതൊരു തരത്തിലുള്ള വിവേചനവും കൂടാതെ ജീവിതം നയിക്കുവാനുള്ള അർഹത എല്ലാ മനുഷ്യർക്കുമുണ്ട് എന്നും, അതിനുവേണ്ടിയുള്ള നടപടികൾ എല്ലാ രാജ്യങ്ങളും കൈക്കൊള്ളണമെന്നുമുള്ള ഐക്യരാഷ്ട്ര സംഘടനയുടെ നിർദ്ദേശം ഉൾക്കൊള്ളുന്നതാണ് 1948 ഡിസംബർ 10 ലെ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം. അതുകൊണ്ട് തന്നെ ഇത് മനുഷ്യാവകാശങ്ങളുടെ സൈദ്ധാന്തിക അടിത്തറയായി വർത്തിക്കുന്നു.

9. സ്ത്രീകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്നില്ല എന്ന വസ്തുത സമകാലിക വാർത്തകളിൽ നിന്ന് ബോദ്ധ്യമാകുന്നു. അവരെ ചില തൊഴിലുകളിൽ നിന്നും അകറ്റി നിർത്തുന്നതും ഇഷ്ടമുള്ള വേഷം ധരിക്കുന്നതിൽ നിന്നും വിലക്കുന്നതും നാം ഇന്നും കാണുന്നു. അഭിപ്രായപ്രകടനത്തിന് അവരെ പലപ്പോഴും അനുവദിക്കാറില്ല. ഇങ്ങനെയുള്ള പലതും സ്ത്രീകളുടെ അവകാശങ്ങളെ ഹനിക്കുന്ന തരത്തിൽ കാണാറുണ്ട്.

10. ഇന്ത്യയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി നിർമ്മിച്ച നിയമങ്ങളാണ് വിദ്യാഭ്യാസ അവകാശ നിയമവും ബാലവേല നിരോധന നിയമവും.

11. മനുഷ്യാവകാശങ്ങളായ അന്തസ്സുറ്റ ജീവിതവും സുരക്ഷയും പ്രായമായവർക്കും അവകാശപ്പെട്ടതാണ്.

പ്രായമായവർ കൂടുതൽ സഹായവും പരിഗണനയും അർഹിക്കുന്നു.

അവരുടെ യൗവ്വനം, അദ്ധ്വാനം, എന്നിവ സമൂഹത്തിനായി ചെലവഴിച്ചു.

വാർദ്ധക്യകാല പെൻഷൻ, വയോജന കേന്ദ്രം (ഏതെങ്കിലും 2 എണ്ണം)

12. സ്ത്രീ-പുരുഷ തുല്യതയുടെ അഭാവം ഇപ്പോഴും നിലനിൽക്കുന്നു. കണക്കുകൾ പരിശോധിച്ചാൽ ദേശീയ-അന്തർദേശീയ തലങ്ങളിൽ ഏറ്റവും കൂടുതൽ അവകാശലംഘനങ്ങൾക്ക് വിധേയമാകുന്നത് സ്ത്രീകളാണ്. വീടുകളിൽ ഭക്ഷണം, വസ്ത്രം, മറ്റ് ജീവിതസാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിൽ വിവേചനം, ജോലിസ്ഥലങ്ങളിൽ വിവേചനം, യാത്രയ്ക്കിടയിലും പൊതുസ്ഥലങ്ങളിലും അനുഭവിക്കേണ്ടി വരുന്ന ഉപദ്രവങ്ങൾ, തുല്യജോലിക്ക് തുല്യ വേതനമില്ലായ്മ എന്നിവയാണിത്. ഇത് സാമൂഹ്യ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.

13. എ) സമത്വത്തിനുള്ള അവകാശം.

ബി) സ്വാതന്ത്ര്യത്തിനുള്ള അവകാശം.

സി) ചൂഷണത്തിനെതിരേയുള്ള അവകാശം.

ഡി) മത സ്വാതന്ത്ര്യത്തിനുള്ള അവകാശം.

ഇ) സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം.

എഫ്) ഭരണഘടനാപരിഹാരങ്ങൾക്കുള്ള അവകാശം. (ഏതെങ്കിലും നാലെണ്ണം)

14. മനുഷ്യാവകാശങ്ങളെല്ലാം മൗലികാവകാശങ്ങളല്ല. എന്നാൽ മൗലികാവകാശങ്ങൾ എല്ലാം മനുഷ്യാവകാശങ്ങളാണ്. വോട്ടവകാശം മനുഷ്യാവകാശമാണ്. എന്നാൽ അത് ഒരു മൗലികാവകാശമല്ല. മനുഷ്യാവകാശങ്ങൾക്ക് മൗലികാവകാശങ്ങളെക്കാൾ വ്യാപ്തിയുണ്ട്.

15. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം.

6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക രക്ഷിതാവിന്റെ കടമയാണ്. ഇതിലൂടെ കൂടുതൽ പേർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു.

16. ഇന്ന് മിക്കവാറും എല്ലാ രാജ്യങ്ങളിലും ശരിയായ ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ നിലവിലുണ്ട്. ഉപഭോക്താവ് പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നു. ഇതിന് പരിഹാരം കാണുന്നതിന് പല ഉപഭോക്തൃ സംരക്ഷണ നിയമങ്ങളും ഇന്ന് ഗവൺമെന്റ് നടപ്പിലാക്കുന്നു. ഇന്ത്യയിൽ ജില്ലാ, സംസ്ഥാന, ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളും ഫോറങ്ങളും ഇതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

17.

| ദേശീയ മനുഷ്യാവകാശ കമ്മീഷൻ | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ |
|---|---|
| ദേശീയതലത്തിൽ പ്രവർത്തിക്കുന്നു | സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു |
| ഒരദ്ധ്യക്ഷനും നാല് അംഗങ്ങളും | ഒരു അദ്ധ്യക്ഷനും 2 അംഗങ്ങളും |
| വിരമിച്ച സുപ്രീംകോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷൻ | വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷൻ |

## യൂണിറ്റ് 12

# സമാധാനവും സുരക്ഷിതത്വവും അന്തർദേശീയ സംഘടനകളിലൂടെ

**ആമുഖം**

ലോകസംസ്ക്കാരം ആരംഭിച്ചതു മുതൽ മനുഷ്യരുടെ സുരക്ഷിതമായ ജീവിതത്തിന് വിവിധതരം ഭംഗങ്ങളുണ്ടായിട്ടുണ്ട്. യുദ്ധങ്ങൾ, ദാരിദ്ര്യം, മലിനീകരണം, ഭീകരപ്രവർത്തനം, മനുഷ്യാവകാശ നിഷേധങ്ങൾ, പകർച്ചവ്യാധികൾ ഇവ ഇക്കൂട്ടത്തിൽപ്പെടുന്നു.

ഇത്തരം വെല്ലുവിളികളെ മനുഷ്യൻ നേരിട്ടത് കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ്. രാജ്യങ്ങളുടെ കൂട്ടായ്മകൾ, അത്തരം കൂട്ടായ്മകളിലൂടെ രൂപപ്പെടുന്ന ഔദ്യോഗികസംഘടനകൾ, മറ്റ് ഗവൺമെന്റിതര സംഘടനകൾ, അവയുടെ ദേശീയ, അന്തർദേശീയ വേദികൾ - ഇവയെല്ലാം സമാധാനത്തിനും സുരക്ഷിതത്വത്തിനുമായുള്ള വേദികളാണ്. ഈ കൂട്ടായ്മയാണ് മനുഷ്യ സംസ്ക്കാരത്തെ മുന്നോട്ട് നയിക്കുന്നത്.


**ആശയങ്ങൾ**

പ്രശ്നപരിഹാരത്തിനായി രൂപം കൊണ്ടിട്ടുള്ള സംഘടനകളെ രണ്ടായി തരംതിരിച്ചിരിക്കുന്നു.

1) അന്തർദേശീയ അന്തർ ഗവൺമെന്റ് സംഘടനകൾ.

2) അന്തർദേശീയ ഗവൺമെന്റേതര സംഘടനകൾ.







ഔദ്യോഗികമായി നിലവിൽ വന്ന ആദ്യത്തെ അന്താരാഷ്ട്ര സംഘടനയാണ് വിയന്ന കോൺഗ്രസ് (1815).

19–ാം നൂറ്റാണ്ടിൽ രൂപം കൊണ്ട മറ്റു രണ്ട് സംഘടനകളായിരുന്നു യൂണിവേഴ്സൽ പോസ്റ്റൽ യൂണിയനും ഇന്റർനാഷണൽ ടെലഗ്രാഫ് യൂണിയനും.

യുദ്ധം ഒഴിവാക്കാൻ രൂപം കൊണ്ട സംഘടനയാണ് സർവരാഷ്ട്രസഖ്യം. ഒന്നാംലോക യുദ്ധ ശേഷം രൂപീകരിക്കപ്പെട്ടു. എന്നാൽ രണ്ടാംലോകയുദ്ധത്തിന് ഒരു കാരണം സർവരാഷ്ട്രസ ഖ്യത്തിന്റെ പരാജയമായിരുന്നു.

ലോകരാജ്യങ്ങൾ പൂർണമായി ഉൾപ്പെട്ട സംഘടനയാണ് ഐക്യരാഷ്ട്രസംഘടന. ആറ് ഉപ വിഭാഗങ്ങൾ ഇതിനുണ്ട്. കൂടാതെ മറ്റു ധാരാളം ഏജൻസികളും ഉണ്ട്.




യുദ്ധം ഒഴിവാക്കുക.

എല്ലാ രാജ്യങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക.

അന്തർദേശീയ കരാറുകളും നിയമങ്ങളും എല്ലാവരും അംഗീകരിക്കുക.

രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ ബന്ധം വളർത്തുക.

ഐക്യരാഷ്ട്ര സംഘടനയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനം.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക ഏജൻസികളുടെ പ്രവർത്തനം.

ലോകസമാധാനം നിലനിർത്തുന്നതിൽ ഐക്യരാഷ്ട്രസംഘടന ഇടപെട്ട പ്രവർത്തനങ്ങൾ.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ

കാലാവസ്ഥ-വാണിജ്യം-പരിസ്ഥിതി-ആരോഗ്യം-വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലെ ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങൾ.

ഐക്യരാഷ്ട്രസംഘടനയുടെ പരിമിതികളും പോരായ്മകളും ലോകം നേരിടുന്ന മറ്റു വെല്ലുവിളികളും.

ചേരിചേരാ പ്രസ്ഥാനം-ലക്ഷ്യങ്ങൾ-നിലവിലുള്ള പ്രശ്നങ്ങൾ.

അന്താരാഷ്ട്ര അന്തർഗവൺമെന്റ് സംഘടനകൾ.

ഗവൺമെന്റേതര സംഘടനകൾ.

അന്തർദേശീയ സമ്മേളനങ്ങളും ഉച്ചകോടികളും

**ചോദ്യങ്ങൾ**

1. 19-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട രണ്ട് അന്തർദ്ദേശീയ സംഘടനകൾക്ക് ഉദാഹരണം എഴുതുക. 2 Score

2. സർവരാഷ്ട്ര സഖ്യത്തിന്റെ പരാജയം രണ്ടാംലോകയുദ്ധത്തിന്റെ ഒരു കാരണമായി രാഷ്ട്രീയചിന്തകർ വിലയിരുത്തുന്നു. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. 4 Score

3. ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണ ലക്ഷ്യങ്ങളിൽ ഏതെങ്കിലും നാല് എണ്ണം എഴുതുക. 4 Score

4. താഴെ പറയുന്ന പദസൂര്യൻ പൂർണമാക്കുക.




3 Score

5. UNO യുടെ പ്രത്യേക ഏജൻസികളിൽ താഴെപ്പറയുന്നവയുടെ ആസ്ഥാനവും പ്രവർത്തനമേഖലയും രേഖപ്പെടുത്തുക.

   ഭക്ഷ്യ കാർഷികസംഘടന

   ലോകാരോഗ്യ സംഘടന

   വിദ്യാഭ്യാസ ശാസ്ത്രസാങ്കേതിക സംഘടന

   അന്താരാഷ്ട്ര ആണവ ഊർജ സംഘടന 6 Score

6. സമാധാനം എന്നത് യുദ്ധമില്ലാത്ത അവസ്ഥ മാത്രമല്ല, മനുഷ്യരാശിയുടെ സ്വസ്ഥതയും പുരോഗതിയും കൂടിയാണ്. UNO യുടെ മറ്റു മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രസ്താവനയെ വിലയിരുത്തുക. 3 Score

7. പരിസ്ഥിതി സംരക്ഷണത്തിനും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും UNO എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? 2 Score

8. "ആഗോള പൊതുസ്വത്ത്" - ഇവയ്ക്ക് 4 ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുക. 2 Score

9. UN രക്ഷാസമിതിയിൽ സ്ഥിരാംഗങ്ങൾക്ക് നൽകിയിരിക്കുന്ന വിലക്ക് അധികാരം UNO യുടെ ഏറ്റവും വലിയ പോരായ്മയായി രാഷ്ട്രീയനിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെ മുൻനിർത്തി UNO യുടെ പരിമിതികൾ വിലയിരുത്തുക. 6 Score

10. നിലവിൽ പ്രവർത്തനം ഇല്ലാത്ത UNO യുടെ ഘടകം - രേഖപ്പെടുത്തുക. 1 Score

11. UNO യുടെ സെക്രട്ടറി ജനറലിനെ തെരഞ്ഞെടുക്കുന്നത് എന്തടിസ്ഥാനത്തിലാണ്. നിലവിലെ സെക്രട്ടറി ജനറൽ ആരാണ് ? 2 Score

12. UNO യുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന സമ്മേളനങ്ങൾ താഴെ നൽകിയിരിക്കുന്നു. ഇവ ക്രമപ്പെടുത്തി എഴുതുക.

| | |
|---|---|
| 1941 ആഗസ്റ്റ് 14 | വാഷിംഗ്ടൺ സമ്മേളനം |
| 1942 ജനുവരി 1 | തെഹ്റാൻ കോൺഫറൻസ് |
| 1943 ഒക്ടോബർ 30 | ഡംബർട്ടൺ ഓക്സ് സമ്മേളനം |
| 1943 ഡിസംബർ 1 | അറ്റ്ലാന്റിക് ചാർട്ടർ ഒപ്പ് വച്ചു |
| 1944 സെപ്റ്റംബർ 21 | മോസ്ക്കോ കോൺഫറൻസ് |
| 1945 ഏപ്രിൽ 11 | UN ഔദ്യോഗികമായി നിലവിൽ വന്നു. |
| 1945 ജൂൺ 25 | യാൾട്ട സമ്മേളനം |
| 1945 ഒക്ടോബർ 24 | സാൻഫ്രാൻസിസ്കോ സമ്മേളനം |

4 Score

13. ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപിത ലക്ഷ്യങ്ങളിൽ 3 എണ്ണം രേഖപ്പെടുത്തുക. 3 Score

14. 'സോവിയറ്റ് യൂണിയന്റെ പതനം ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തി' ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിലയിരുത്തുക. 3 Score

15. പരിസ്ഥിതി സംരക്ഷണത്തിനു മാത്രമായി പ്രവർത്തിക്കുന്ന നിരവധി അന്തർദേശീയ സംഘടനകളുണ്ട്. ഏതെങ്കിലും നാല് എണ്ണം തെരഞ്ഞെടുത്ത് അവയുടെ പ്രവർത്തനമേഖലകൾ രേഖപ്പെടുത്തുക. 6 Score

16. ലോക സോഷ്യൽ ഫോറം രൂപീകരിച്ചത് എവിടെയാണ്? ഈ സംഘടനയുടെ 2 പ്രധാന ലക്ഷ്യങ്ങൾ രേഖപ്പെടുത്തുക.

17. താഴെ തന്നിരിക്കുന്ന സംഘടനകളുടെ പൂർണരൂപം എഴുതുക. ഇന്ത്യ ഇതിൽ ഏത് സംഘടനയിലാണ് ഉൾപ്പെട്ടിട്ടുള്ളത്? 4 Score

| | | | |
|---|---|---|---|
| OAS | OPEC | OALI | ASEAN |
| SAARC | NAFTA | EU | |

18. താഴെപ്പറയുന്ന ഉച്ചകോടികൾ, അവ നടന്ന വർഷം, സ്ഥലം ഇവ രേഖപ്പെടുത്തി കോളങ്ങൾ കൃത്യമാക്കുക.

| | വർഷം | വേദി |
|---|---|---|
| ഭൗമ ഉച്ചകോടി | | |
| ക്യോട്ടോ ഉടമ്പടി | | |
| സുസ്ഥിര വികസനത്തിനായുള്ള ഉച്ചകോടി | | |
| കോപ്പൻഹേഗൻ ഉടമ്പടി | | |

4 Score

19. കോപ്പൻഹോഗൻ ഉടമ്പടിയുടെ പ്രധാന ലക്ഷ്യം എന്തായിരുന്നു ? 4 Score

# ഉത്തരസൂചിക

1. യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ

   ഇന്റർനാഷണൽ ടെലഗ്രാഫ് യൂണിയൻ

2. ചെറുകിട രാജ്യങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ കഴിഞ്ഞില്ല.

   സ്വന്തമായി സൈന്യങ്ങളില്ലായിരുന്നു.

   അമേരിക്ക ഈ സംഘടനയിൽ അംഗമായിരുന്നില്ല.

   സോവിയറ്റ് യൂണിയനെ ഒഴിവാക്കിയിരുന്നു.

   രാഷ്ട്രങ്ങളുടെ സ്വയം നിർണയാവകാശം നിലനിർത്തുവാൻ കഴിഞ്ഞില്ല.

   ഹിറ്റ്ലറുടേയും മുസ്സലീനിയുടെയും ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ കഴിഞ്ഞില്ല.

3. ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്നും സംരക്ഷിക്കുക.

   ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനുമായി ഒരുമിക്കുക.

   മനുഷ്യാവകാശങ്ങളും രാജ്യങ്ങളുടെ അവകാശങ്ങളും ഉറപ്പുവരുത്തുക.

   അന്തർദേശീയ കരാറുകളേയും അന്തർദേശീയ നിയമങ്ങളേയും ബഹുമാനിക്കുക.

   അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുതയിലും സമാധാനത്തിലും അധിഷ്ഠിതമായ ബന്ധം വളർത്തുക.

   മനുഷ്യരാശിയുടെ മുഴുവൻ പുരോഗതിക്കായി അന്തർദ്ദേശീയ സംവിധാനങ്ങളെ ഉപയോഗിക്കുക.

4. രക്ഷാസമിതി, സാമ്പത്തിക സാമൂഹ്യസമിതി, അന്തർദേശീയ നീതിന്യായ കോടതി.

5. റോം - കാർഷികമേഖലയുടെ സമഗ്രപുരോഗതി

   ജനീവ - ആരോഗ്യമേഖലയുടെ പുരോഗതി

   പാരീസ് - വിദ്യാഭ്യാസ-ശാസ്ത്ര-സാംസ്ക്കാരിക മേഖലയുടെ പുരോഗതി

   വിയന്ന - ആണവ ഊർജ്ജ ഉല്പാദനം, ഉപയോഗം, വികസനം എന്നിവയുടെ ഏകോപനം.

6. UNO യുടെ പ്രത്യേക ഏജൻസികൾ കാർഷികമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ.

   അംഗരാജ്യങ്ങളുടെ സാമ്പത്തികവളർച്ച, പുരോഗതി

   ആരോഗ്യമേഖലയിലെ വിവിധ കർമ്മപദ്ധതികൾ

   ഐക്യരാഷ്ട്രവികസനപദ്ധതി

   ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി

ഐക്യരാഷ്ട്ര ശിശുനിധി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ.

7. 1988ൽ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഗവൺമെന്റുകളുടെ അന്തർദേശീയവേദി രൂപീകരിച്ചു.

   1987 ൽ നിയമിച്ച പരിസ്ഥിതി സംരക്ഷണത്തിനും വികസനത്തിനുമായുള്ള ലോക കമ്മീഷന്റെ (Brundtland Commission) പ്രവർത്തനങ്ങൾ.

8. അന്താരാഷ്ട്ര സമുദ്ര മേഖല

   സമുദ്രതട്ട്

   അന്തരീക്ഷത്തിന്റെ ഉപരിമണ്ഡലം

   അന്റാർട്ടിക്ക

9. രക്ഷാസമിതിക്ക് യോജിച്ച് അല്ലാതെ ഒരു തീരുമാനവും എടുക്കുവാൻ കഴിയില്ല.

   ജനാധിപത്യത്തിലെ ഭൂരിപക്ഷ അഭിപ്രായം അപ്രസക്തമാകുന്നു.

   വർഗ്ഗീയ, വംശീയ കലാപങ്ങൾ

   ഭീകരപ്രവർത്തനങ്ങൾ

   കാലാവസ്ഥാവ്യതിയാനം - ഇവയ്ക്കെതിരെ ഫലപ്രദമായി പ്രവർത്തിയ്ക്കുവാൻ കഴിയുന്നില്ല.

   കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ അഭാവം

   ആവശ്യമായ സാമ്പത്തിക ലഭ്യതക്കുറവ്.

   ചെലവേറിയ ഉദ്യോഗസ്ഥ ഭരണരീതി.

   അംഗരാജ്യങ്ങളുടെ സാമ്പത്തികവിഹിതം കൃത്യമായി ലഭിക്കാത്തത്.

   വികസിതരാജ്യങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടിവരുന്നു.
   (ഏതെങ്കിലും 6 എണ്ണം)

10. ട്രസ്റ്റിഷിപ്പ് കൗൺസിൽ - 1994 നവംബർ 1ന് ശേഷം പ്രവർത്തനമില്ല.

11. ഭൂഖണ്ഡാടിസ്ഥാനത്തിൽ - ബാൻ കിമൂൺ ദക്ഷിണ കൊറിയ (ഏഷ്യ)

12. 1941 ആഗസ്റ്റ് 14 - അറ്റ്ലാന്റിക് ചാർട്ടർ ഒപ്പുവച്ചു.

    1942 ജനുവരി 1 - വാഷിംഗ്ടൺ സമ്മേളനം

    1943 ഒക്ടോബർ 30 - മോസ്കോ കോൺഫറൻസ്

    1943 ഡിസംബർ 1 - തെഹ്റാൻ കോൺഫറൻസ്

    1944 സെപ്റ്റംബർ 21 - ഡംബർട്ടൺ ഓക്സ് സമ്മേളനം

    1945 ഏപ്രിൽ 11 - യാൾട്ട സമ്മേളനം

1945 ജൂൺ 25 - സാൻഫ്രാൻസിസ്കോ സമ്മേളനം

1945 ഒക്ടോബർ 24 - UN ഔദ്യോഗികമായി നിലവിൽ വന്നു

13. അന്തർദേശീയബന്ധങ്ങളിൽ സ്വതന്ത്ര നിലപാട് സ്വീകരിക്കുക.

സമാധാനത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ വിദേശനയം രൂപീകരിക്കുക.

എല്ലാത്തരത്തിലുമുള്ള വർണ, വംശ വിവേചനങ്ങളെ എതിർക്കുക.

14. യോജിക്കുന്നു.

മുതലാളിത്ത ചേരിയേയും സോഷ്യലിസ്റ്റ് ചേരിയേയും ഒഴിവാക്കാനാണ് ചേരിചേരാ പ്രസ്ഥാനം ഉണ്ടായത്.

സോവിയറ്റ് യൂണിയന്റെ പതനത്തോടെ ശീതസമരം ഇല്ലാതായി.

ഭീകരപ്രവർത്തനം-വംശീയകലാപങ്ങൾ-സാമ്പത്തികമാന്ദ്യം തുടങ്ങിയ പുതിയ വെല്ലുവിളികൾ പ്രസ്ഥാനത്തെ അപ്രസക്തമാക്കി.

15. ഗ്രീൻപീസ് : ആവാസവ്യവസ്ഥയുടെ സംരക്ഷണം, എല്ലാ മേഖലയിലുമുള്ള മലിനീകരണം തടയുക.

ലോബയാൻ : വൃക്ഷങ്ങളേയും തരുലതാദികളേയും സംരക്ഷിക്കുക. ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു. യൂറോപ്പിലേക്കും വ്യാപിച്ചു.

ചിപ്കോ പ്രസ്ഥാനം : ഹിമാലയൻ പ്രദേശങ്ങളിലെ വൃക്ഷങ്ങളെ സംരക്ഷിക്കുക. സുന്ദർലാൽ ബഹുഗുണ ആരംഭിച്ചു.

ഗ്രീൻബൽറ്റ് പ്രസ്ഥാനം : ഭൂമിയുടേയും വൃക്ഷങ്ങളുടേയും സംരക്ഷണം കെനിയയിൽ ആരംഭിച്ചു. സ്ത്രീശാക്തീകരണത്തിലൂടെ 80 ലക്ഷം വൃക്ഷത്തൈകൾ നട്ടു.

16. 2001ൽ ബ്രസീലിൽ രൂപംകൊണ്ടു.

വംശ, വർണ, ലിംഗ വിവേചനങ്ങൾക്കതീതമായ ഒരു നവലോകം സൃഷ്ടിക്കുക.

സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ തുല്യത ഉറപ്പാക്കി ജനാധിപത്യത്തെ പുനർനിർമ്മിക്കുക.

17. OAS : അമേരിക്കൻ രാജ്യങ്ങളുടെ സംഘടന

OPEC : പെട്രോളിയം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ സംഘടന

OAU : ആഫ്രിക്കൻ ഐക്യസംഘടന

ASEAN : തെക്കുകിഴക്ക് ഏഷ്യൻ രാജ്യങ്ങളുടെ സംഘടന

| | | |
|---|---|---|
| SAARC | : | തെക്കേ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന |
| NAFTA | : | വടക്കേ അമേരിക്കൻ രാജ്യങ്ങളുടെ സ്വതന്ത്ര വ്യാപാര ഉടമ്പടി |
| EU | : | യൂറോപ്യൻ യൂണിയൻ |

ഇന്ത്യ അംഗമായ സംഘടന - SAARC

| | | | |
|---|---|---|---|
| 18. | ഭൗമ ഉച്ചകോടി | 1992 | ബ്രസീൽ |
| | ക്യോട്ടോ ഉടമ്പടി | 1997 | ജപ്പാൻ |
| | സുസ്ഥിരവികസനത്തിനായുള്ള ഉച്ചകോടി | 2002 | ദക്ഷിണാഫ്രിക്ക |
| | കോപ്പൻഹേഗൻ ഉടമ്പടി | 2009 | ഡെൻമാർക്ക് |

19. അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് കുറച്ച് ആഗോളതാപനത്തെ തടയുക.

ഹരിത ഗൃഹവാതക ബഹിർഗമനം കുറയ്ക്കുക.

# സാമൂഹ്യശാസ്ത്രം - 2

## യൂണിറ്റ് - 1

# അന്തരീക്ഷ പ്രതിഭാസങ്ങൾ

ഭൂമിയുടെ ഉപരിതലത്തെ പൊതിഞ്ഞിരിക്കുന്ന വായു മണ്ഡലമാണ് അന്തരീക്ഷം. ഒരു പുതപ്പുപോലെ ഭൂമിയെ പൊതിഞ്ഞുസൂക്ഷിക്കുന്ന അന്തരീക്ഷത്തിന് സമുദ്രനിരപ്പിൽ നിന്ന് അനേകായിരം കിലോമീറ്റർ ഉയരത്തിൽ വ്യാപിച്ചിരിക്കുന്നു. അന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും ഭൂമിയിൽ എല്ലായിടത്തും എല്ലായ്പ്പോഴും ഒരുപോലെ അല്ല അനുഭവപ്പെടുന്നത്. അന്തരീക്ഷതാപം, മർദ്ദം, ആർദ്രത എന്നിവ അന്തരീക്ഷസ്ഥിതിയിലും കാലാവസ്ഥയിലും ഗണ്യമായ മാറ്റമുണ്ടാക്കുന്ന അടിസ്ഥാനഘടകങ്ങളാണ്. ഈ ഘടകങ്ങളുടെ സ്വാധീനം, അതിന്റെ ഫലമായുള്ള മാറ്റങ്ങൾ എന്നിവയാണ് ഈ യൂണിറ്റിൽ നിന്നും മനസ്സിലാക്കേണ്ടത്.

## ആശയങ്ങൾ / വസ്തുതകൾ

- ഭൗമോപരിതലം ആഗിരണം ചെയ്യുന്ന സൗരോർജ്ജവും ഭൗമോപരിതലം സ്വതന്ത്രമാകുന്ന താപവും തമ്മിലുള്ള സന്തുലനമാണ് ഹീറ്റ് ബജറ്റ്.
- അന്തരീക്ഷമർദ്ദം എന്നത് അന്തരീക്ഷവായു ഭൂമിയുടെ ഉപരിതലത്തിൽ ചെലുത്തുന്ന ഭാരമാണ്.
- അന്തരീക്ഷമർദ്ദം എല്ലായിടത്തും ഒരുപോലെയല്ല അനുഭവപ്പെടുന്നത്.
- താപം, ഉയരം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷമർദ്ദത്തിൽ സ്വാധീനം ചെലുത്തുന്നു.
- അന്തരീക്ഷതാപത്തിലുണ്ടാകുന്ന വ്യത്യാസം, ഭൂമിയുടെ ഭ്രമണം എന്നിവ ആഗോളമർദ്ദ മേഖലകളുടെ രൂപീകരണത്തിന് കാരണമാകുന്നു.
- ആഗോള മർദ്ദമേഖലകൾക്കിടയിൽ വീശുന്ന വാണിജ്യവാതം, പശ്ചിമവാതം, ധ്രുവീയവാതം എന്നിവയെ പൊതുവായി സ്ഥിരവാതങ്ങൾ എന്നുവിളിക്കുന്നു.
- സൂര്യന്റെ അയനമാറ്റങ്ങൾക്കനുസരിച്ച് ആഗോളമർദ്ദ മേഖലകൾക്ക് സ്ഥാനമാറ്റം സംഭവിക്കുന്നു.
- ഋതുഭേദങ്ങൾക്കനുസരിച്ച് വീശുന്ന കാറ്റുകളാണ് മൺസൂൺ കാറ്റുകൾ.
- കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നത് പ്രാദേശികതലത്തിൽ കരക്കാറ്റിനും കടൽക്കാറ്റിനും കാരണമാകുന്നു.
- വ്യത്യസ്ത സ്വഭാവസവിശേഷതകളോടുകൂടിയ അസ്ഥിരവാതങ്ങളാണ് ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും.
- ജലം ബാഷ്പീകരിച്ച് നീരാവിയായി അന്തരീക്ഷത്തിലെത്തുന്നു. നീരാവി ഘനീഭവിച്ച് മേഘങ്ങളാകുന്നു. മേഘങ്ങളിൽ ജലം കണികകളുടെ വലിപ്പം കൂടുമ്പോൾ വർഷണം ഉണ്ടാകുന്നു.
- ഘനീകരണത്തിനും വർഷണത്തിനും വിവിധ രൂപങ്ങളുണ്ട്.

## ചോദ്യങ്ങൾ

ഈ യൂണിറ്റുമായി ബന്ധപ്പെട്ട് മുകളിൽ നല്കിയിട്ടുള്ള ആശയങ്ങൾ പരിചയപ്പെട്ടതിനുശേഷം മാത്രം ചോദ്യങ്ങളിലേക്ക് കടക്കുക. ഉത്തരങ്ങൾ വിശദമായി നൽകിയിട്ടില്ല.

1. ദിനാന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും താരതമ്യം ചെയ്യുക.
2. ഭൗമോപരിതലത്തിൽ എല്ലായിടത്തും അന്തരീക്ഷമർദ്ദം ഒരുപോലെയല്ല അനുഭവപ്പെടുന്നത്. ഇതിന് കാരണമാകുന്ന ഘടകങ്ങൾ എതെല്ലാം? ഓരോന്നും വ്യക്തമാക്കുക.
3. ആഗോള മർദ്ദമേഖലകളെ അടിസ്ഥാനമാക്കി ചുവടെ നല്കിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| | മർദ്ദമേഖല | അക്ഷാംശവ്യാപ്തി | അനുഭവപ്പെടുന്ന മർദ്ദം |
|---|---|---|---|
| A. | മധ്യരേഖാനിമ്ന മർദ്ദ മേഖല | ഭൂമധ്യരേഖയുടെ ഇരുവശങ്ങളിൽ ഏകദേശം 5° മുതൽ 10° വരെ | |
| B. | ഉപോഷ്ണ ഉച്ചമർദ്ദ മേഖല | | ഉച്ചമർദ്ദം |
| C. | | ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും 60°–70° വരെ അക്ഷാംശം | ന്യൂനമർദ്ദം |
| D. | ധ്രുവീയ ഉച്ചമർദ്ദമേഖല | ഉത്തരധ്രുവത്തെയും ദക്ഷിണധ്രുവത്തെയും കേന്ദ്രീകരിച്ച്. | |

4. കാറ്റുകളുടെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങളാണ് (1) മർദ്ദ ചരിവുമാന ബലം (2) കോറിയോലിസ് പ്രഭാവം (3) ഘർഷണം എന്നിവ. ഈ ഘടകങ്ങൾ ഓരോന്നും ഏത് വിധമാണ് കാറ്റുകളെ സ്വാധീനിക്കുന്നതെന്ന് വിശദീകരിക്കുക.
5. കാറ്റുകൾക്ക് പേര് നല്കുന്നതിനുള്ള ഒരു മാനദണ്ഡം എവിടെ നിന്നും വീശുന്നു എന്നതാണ് ഇത്തരത്തിൽ പേര് ലഭിച്ചിട്ടുള്ള ഏതെങ്കിലും രണ്ട് കാറ്റുകളുടെ പേരെഴുതുക.
6. ഇന്ത്യ എന്ന ഭൂഭാഗത്തെ നിർണായകമായി സ്വാധീനിക്കുന്നവയാണ് മൺസൂൺ കാറ്റുകൾ. ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിച്ച് തെക്ക് പടിഞ്ഞാറൻ മൺസൂൺ, വടക്കുകിഴക്ക് മൺസൂൺ എന്നിവയെ താരതമ്യം ചെയ്യുക.
8. മിസ്ട്രൽ, ലൂ എന്നീ പ്രാദേശിക വാതങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
9. വിവിധ ഘനീകരണ രൂപങ്ങളുടെ സവിശേഷതകളാണ് ചുവടെ കോളം A യിൽ നൽകിയിരിക്കുന്നത്. അവയ്ക്ക് അനുയോജ്യമായ പേരുകൾ B കോളത്തിൽ എഴുതുക.


| A | B |
|---|---|
| A പ്രഭാതങ്ങളിൽ പുൽക്കൊടികളിൽ കാണപ്പെടുന്ന ജലകണം<br>B പർവ്വതപ്രദേശങ്ങളിൽ നീരാവി ഘനീഭവിച്ച് രൂപംകൊള്ളുന്നു.<br>C ജലാശയങ്ങൾക്ക് മുകളിൽ നീരാവി ഘനീഭവിച്ച് രൂപംകൊള്ളുന്നു.<br>D വെള്ളനിറത്തിൽ തൂവൽക്കെട്ടുകൾ പോലെ കാണപ്പെടുന്ന മേഘങ്ങൾ<br>E ചാരനിറത്തിൽ കാണപ്പെടുന്ന മഴമേഘങ്ങൾ | |

10. ആർദ്രതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?. ആർദ്രതയും ആപേക്ഷിക ആർദ്രതയും തമ്മിലുള്ള വ്യത്യാസമെന്ത്?

11. ഘനീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട് പരിചയപ്പെട്ട രണ്ട് പദങ്ങളാണല്ലോ ഹിമാങ്കം, പൂരിതാങ്കം എന്നിവ. ഇവ ഓരോന്നും എന്തെന്ന് വിശദീകരിച്ച് കുറിപ്പെഴുതുക.

12. മേഘങ്ങൾ എങ്ങനെ രൂപപ്പെടുന്നു?. ആകൃതിയുടെ അടിസ്ഥാനത്തിൽ മേഘങ്ങളെ എത്ര യായി തരംതിരിക്കാം? ഏതെല്ലാം? വിശദമാക്കുക.

13. ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ടിൽ ചില വിവരങ്ങൾ ക്രമം തെറ്റിച്ചാണ് നൽകിയിരിക്കുന്നത്. അവ ശരിയായ വിധം ക്രമീകരിച്ചെഴുതുക.



14. ഇന്ത്യൻ സമുദ്രത്തിലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും മർദ്ദമേഖലകളിൽ മാറ്റമുണ്ടാക്കുന്ന ഘടകങ്ങൾ വിശദീകരിച്ച് കുറിപ്പെഴുതുക.

15. മഴ നിഴൽ പ്രദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

16. ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

1. ഒരു പ്രദേശത്ത് ചുരുങ്ങിയ കാലത്തേക്ക് അനുഭവപ്പെടുന്ന അന്തരീക്ഷത്തിന്റെ അവസ്ഥയാണ് ദിനാന്തരീക്ഷസ്ഥിതി. എന്നാൽ ഒരു പ്രദേശത്തെ ദീർഘകാലയളവിലെ ദിനാന്തരീക്ഷസ്ഥിതിയുടെ ശരാശരിയാണ് ആ പ്രദേശത്തെ കാലാവസ്ഥ.

2. അന്തരീക്ഷ മർദ്ദത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളാണ് താപം, പ്രദേശത്തിന്റെ ഉയരം, ആർദ്രത എന്നിവ.

3. (എ) ന്യൂനമർദ്ദം, (ബി) $30^0$ വടക്ക് $30^0$ തെക്ക് അക്ഷാംശങ്ങളിൽ (സി) ഉപധ്രുവീയ നിമ്ന മർദ്ദമേഖല (ഡി) ഉച്ചമർദ്ദം

5. എ. മർദ്ദചരിവുമാനബലം - കാറ്റിന്റെ ശക്തിയെ സ്വാധീനിക്കുന്നു.

   ബി. കോറിയോലിസ് പ്രഭാവം - കാറ്റിന്റെ ദിശയെ സ്വാധീനിക്കുന്നു.

   സി. ഘർഷണം - കാറ്റിന്റെ വേഗതയെ സ്വാധീനിക്കുന്നു.

6. വടക്കുകിഴക്കൻ മൺസൂൺ കാറ്റ്

   തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ്

   OR

   കരക്കാറ്റും കടൽക്കാറ്റും

7. ഋതുക്കൾ എന്നർത്ഥം വരുന്ന 'മൗസിം' എന്ന അറബ് വാക്കിൽ നിന്നാണ് മൺസൂൺ എന്ന പദമുണ്ടായത്. തെക്കു പടിഞ്ഞാറൻ മൺസൂൺകാലം, വടക്കുകിഴക്കൻ മൺസൂൺകാലം എന്നിങ്ങനെ രണ്ടുതരത്തിൽ മൺസൂൺകാറ്റുകൾ ഇന്ത്യയിൽ വീശുന്നു. ഇന്ത്യയുടെ ചരിത്രത്തെയും കാലാവസ്ഥയെയും ഈ കാറ്റുകൾ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

8. അന്തരീക്ഷത്തിൽ പ്രാദേശികമായുണ്ടാകുന്ന വ്യതിയാനങ്ങളുടെ ഫലമായാണ് പ്രാദേശികവാതങ്ങളുണ്ടാകുന്നത്. ഇവ പ്രാദേശികമായി മാത്രം വീശുന്നവയാണ്.

   മിസ്ട്രൽ : യൂറോപ്പിലെ ആൽപ്സ് പർവ്വതത്തിന്റെ തെക്കൻ ചരിവിൽ വീശുന്ന ശീതക്കാറ്റ്.

   ലൂ : ഇന്ത്യയിലെ ഉത്തരമഹാസമതലത്തിൽ മെയ്, ജൂൺ മാസങ്ങളിൽ ഉച്ചതിരിഞ്ഞ് വീശുന്ന വരണ്ട ഉഷ്ണക്കാറ്റ്.

9. (എ) തുഷാരം, (ബി) നേർത്ത മൂടൽമഞ്ഞ്, (സി) മൂടൽമഞ്ഞ്, (ഡി) സിറസ് മേഘങ്ങൾ (ഇ) നിംബസ് മേഘങ്ങൾ.

10. ജലലഭ്യത, താപം, വായുവിന്റെ സ്വഭാവം എന്നിവയാണ് ആർദ്രതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

അന്തരീക്ഷവായുവിൽ കാണപ്പെടുന്ന നീരാവിയുടെ അലവാണ് ആർദ്രത. ഒരു നിശ്ചിത ഊഷ്മാവിൽ അന്തരീക്ഷവായുവിന് ഉൾക്കൊള്ളാൻ കഴിയുന്ന നീരാവിയുടെ അളവും ആ സമയത്ത് അന്തരീക്ഷവായുവിലുള്ള നീരാവിയുടെ അളവും തമ്മിലുള്ള അനുപാതമാണ് ആപേക്ഷിക ആർദ്രത.

11. ഏത് നിശ്ചിത അന്തരീക്ഷതാപത്തിലാണ് ഒരു പ്രദേശത്തെ അന്തരീക്ഷവായു നീരാവിപൂരിതമാക്കപ്പെടുന്നത് ആ താപനിലയെയാണ് പൂരിതാങ്കം എന്നുപറയുന്നത്.

ഏത് നിശ്ചിത ഊഷ്മാവിലാണ് ഘനീകരണത്തിന് തുടക്കം കുറിയ്ക്കുന്നത് ആ നിശ്ചിത ഊഷ്മാവിനെയാണ് ഹിമാങ്കം എന്നുപറയുന്നത്.

അന്തരീക്ഷവായു നീരാവിപൂരിതമായാൽ മാത്രമേ ഹിമാങ്കത്തിലെത്തുകയുള്ളൂ. ഹിമാങ്കത്തിലെത്തിയാൽ മാത്രമേ ഘനീകരണം നടക്കുകയുള്ളൂ.

12. ചൂടുപിടിച്ച് ഉയർന്നുപൊങ്ങുന്ന നീരാവിപൂരിതമായ വായു ക്രമേണ തണുത്ത് ഹിമാങ്കത്തിന് താഴെയാകുമ്പോൾ ഘനീഭവിച്ച് മേഘങ്ങളായി മാറുന്നു.

ആകൃതിയുടെ അടിസ്ഥാനത്തിൽ മേഘങ്ങളെ നാലായി തരംതിരിക്കാം (1) സിറസ്, (2) സ്ട്രാറ്റസ്, (3) ക്യുമുലസ്, (4) നിംബസ്

13. (എ) സംവഹനവൃഷ്ടി - ഉച്ചലിതവൃഷ്ടി
ഇടിമിന്നൽ
ഉച്ചയ്ക്കുശേഷമുള്ള മഴ

(ബി) ശൈലവൃഷ്ടി - പർവ്വതചരിവിൽ
കാറ്റിന് അഭിമുഖചരിവിൽ മഴ
കാറ്റിന് പ്രതിമുഖ ചരിവിൽ മഴനിഴൽപ്രദേശം

(സി) ചക്രവാതവൃഷ്ടി - ഉഷ്ണ-ശീതവായു കൂട്ടിമുട്ടുന്നു.
- ഉഷ്ണവായു മുകളിലേക്ക് ഉയർന്നുപൊങ്ങുന്നു.

14. സൂര്യന്റെ അയനമാറ്റവും മർദ്ദമേഖലകളുടെ സ്ഥാനമാറ്റവും.

വേനൽക്കാലത്ത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ - ന്യൂനമർദ്ദം
ശൈത്യകാലത്ത് - ഉച്ചമർദ്ദം
വേനൽക്കാലത്ത് ഇന്ത്യൻ മഹാസമുദ്രം - ഉച്ചമർദ്ദം
ശൈത്യകാലത്ത് ഇന്ത്യൻ മഹാസമുദ്രം - ന്യൂനമർദ്ദം

15. നീരാവിരഹിതമായ കാറ്റ് പർവ്വതത്തിന്റെ മുകളിലൂടെ മറുഭാഗത്ത് എത്തുമ്പോൾ അവിടെ മഴ ലഭിക്കുന്നില്ല. ഈ പ്രദേശത്തെ മഴനിഴൽ പ്രദേശം എന്നുവിളിക്കുന്നു.

16. അന്തരീക്ഷത്തിൽ, മദ്ധ്യഭാഗത്ത് ന്യൂനമർദ്ദവും അതിന് ചുറ്റും ഉച്ചമർദ്ദവും അനുഭവപ്പെടുമ്പോൾ ന്യൂനമർദ്ദകേന്ദ്രത്തിലേക്ക് ഉച്ചമർദ്ദ പ്രദേശങ്ങളിൽ നിന്ന് അതിശക്തമായി കാറ്റുവീശുന്നു. ഇതാണ് ചക്രവാതങ്ങൾ.

അന്തരീക്ഷത്തിൽ മദ്ധ്യഭാഗത്ത് ഉച്ചമർദ്ദവും അതിന് ചുറ്റും ന്യൂനമർദ്ദവും അനുഭവപ്പെടുമ്പോൾ.

## യൂണിറ്റ് - 2

# ഭൂമിശാസ്ത്രത്തിലെ നൂതനസങ്കേതങ്ങൾ

ഭൂമിയെപ്പറ്റി മനസ്സിലാക്കുന്നതിന് നാം പല പരമ്പരാഗത മാർഗ്ഗങ്ങളും സ്വീകരിച്ചിരുന്നു. എന്നാൽ നമുക്ക് ഭൂമിയെപ്പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും അവയെ വിശകലം ചെയ്യുകയും വേണം. ഇന്ന് നാം പല നൂതന സാങ്കേതികവിദ്യകളും ഇതിനായി ഉപയോഗിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യകളായ വിദൂരസംവേദനം, ഭൂവിവരവ്യവസ്ഥ, ജി.പി.എസ് തുടങ്ങിയ സാങ്കേതികവിദ്യകളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു യൂണിറ്റാണ്.

## ആശയങ്ങൾ / വസ്തുതകൾ

- സ്പർശബന്ധം കൂടാതെ ഭൗമോപരിതല വിവരങ്ങൾ, പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഒരു സംവേദന ഉപകരണം വഴി ശേഖരിക്കുന്ന സാങ്കേതിവിദ്യയാണ് വിദൂരസംവേദനം.
- ഭൂതലഛായാഗ്രഹണം, ആകാശീയ വിദൂരസംവേദനം, ഉപഗ്രഹവിദൂരസംവേദനം എന്നിവ വിദൂരസംവേദനത്തിന്റെ വിവിഘ രീതികളാണ്.
- ആകാശീയ ഛായാചിത്രങ്ങൾ ഓവർലാപ്പോടുകൂടിയാണ് എടുക്കുന്നത്.
- ഓവർലാപ്പോടുകൂടിയ ആകാശീയ ഛായാചിത്രങ്ങൾ സ്റ്റീരിയോസ്കോപ്പിലൂടെ വീക്ഷിച്ചാൽ ത്രിമാനദൃശ്യം ലഭിക്കുന്നു.
- ആകാശീയ വിദൂരസംവേദനത്തിന്റെ പരിമിതികൾ മറികടക്കാൻ ഉപഗ്രഹവിദൂരസംവേദനത്തിന് കഴിയും.
- ഉപഗ്രഹവിദൂരസംവേദനത്തിന് സഹായകമായ സൗരവികിരണമാണ് വൈദ്യുതകാന്തിക വികിരണം.
- ഭൗമോപരിതല വസ്തുക്കൾ വൈദ്യുതകാന്തിക വികിരണത്തെ പ്രതിഫലിപ്പിക്കുന്നത് വ്യത്യസ്ത അളവിലാണ്.
- വിവിധ മാർഗ്ഗങ്ങളിലൂടെ ശേഖരിക്കുന്ന ഭൗമോപരിതല വിവരങ്ങളെ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് വിശകലനം ചെയ്യാൻ കഴിയും.
- ഓവർലേ വിശകലനം, ശൃംഖലാവിശകലനം, ആവൃത്തിവിശകലനം എന്നിവ ഭൂവിവരവ്യവസ്ഥയുടെ വിവിധതരം വിശകലന സാധ്യതകളാണ്.

## ചോദ്യങ്ങൾ

1. ചുവടെതന്നിട്ടുള്ളവയിൽ ഏതിന്റെ അടിസ്ഥാനത്തിലാണ് വിവിധ വിദൂരസംവേദനങ്ങൾ തരംതിരിച്ചിട്ടുള്ളത്.

   സെൻസറുകൾ, പ്ലാറ്റ്ഫോമുകൾ, ഉപയോഗം, ലഭിക്കുന്ന ചിത്രത്തിന്റെ വലിപ്പം (1)

2. ആകാശീയ ഛായാചിത്രങ്ങളിലെ ഓവർലാപ്പിന്റെ പ്രത്യേകതകൾ വ്യക്തമാക്കുക. (2)

3. തുടർച്ചയായി എടുത്ത ആകാശീയ ചിത്രങ്ങളുടെ ക്രമനമ്പരുകളാണ് ചുവടെ നല്കിയിരിക്കുന്നത്.

| 62 | 63 | 64 | 65 | 66 |
|---|---|---|---|---|

(എ) ഇതിൽ 62-ാമത്തേയും 66-ാമത്തേയും ചിത്രങ്ങളെ ചേർത്ത് സ്റ്റീരിയോപെയർ എന്നി വിളിക്കാനാകുമോ? എന്തുകൊണ്ട് ?

(ബി) ചിത്രം 64 ന്റെ പെയറുകൾ ഏതെല്ലാമാണ് ? (3)

4. ആകാശീയ വിദൂരസംവേദനത്തിന്റെ ഏതെങ്കിലും മൂന്ന് പരിമിതികളും ആ പരിമിതികൾ തരണം ചെയ്യാൻ അവലംബിച്ചിട്ടുള്ള നൂതന സാങ്കേതികവിദ്യയും വ്യക്തമാക്കുക. (4)

5. താഴെ നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഭൂസ്ഥിര-സൗരസ്ഥിര ഉപഗ്രഹങ്ങളെ താരതമ്യം ചെയ്ത് ഉദാഹരണസഹിതം കുറിപ്പെഴുതുക.

* ഉയരം
* ഭ്രമണം
* ഉപയോഗം (4)

6. ഒരു പ്രദേശത്തെ കാർഷികവിളകളുടെ വളർച്ചയും കീടബാധയും മനസ്സിലാക്കുന്നതിന് ഏത് ഭൂമിശാസ്ത്രസാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്?


ഈ സാങ്കേതികവിദ്യയുടെ മറ്റ് മൂന്ന് ഉപയോഗങ്ങൾ കൂടി എഴുതുക. (4)

7. ശരിയായ വിവരങ്ങൾ ഉൾപ്പടുത്തി പട്ടിക പൂർത്തിയാക്കുക

| **സാങ്കേതികവിദ്യ** | **ഫ്ളാറ്റ്ഫോം** | **സംവേദകം** | **പ്രത്യേകത** |
|---|---|---|---|
| ഭൂതലഛായാഗ്രഹണം | | | വളരെ ചെറിയ പ്രദേശങ്ങളുടെ ദൃശ്യം |
| ആകാശീയവിദൂരസംവേദനം | | | |
| ഉപഗ്രഹവിദൂരസംവേദനം | | | |

(4)

8. സൗരസ്ഥിര ഉപഗ്രഹത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പദസൂര്യനാണ് താഴെ. ഇതിനെ മാതൃകയാക്കി, ഭൂസ്ഥിര ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള പദസൂര്യൻ തയ്യാറാക്കുക.





(4)

9. താഴെ കൊടുത്തിട്ടുള്ളവയിൽ സംവേദകം അല്ലാത്തത് ഏത്?

(എ). സ്കാനർ, (ബി). സെൻസർ, (സി). സ്റ്റീരിയോസ്കോപ്പ്, (ഡി). ക്യാമറ (1)

10. ഉപഗ്രഹവിദൂരസംവേദനത്തിന്റെ സാധ്യതകളുമായി ബന്ധപ്പെട്ട് ചാർട്ടിൽ ഒഴിഞ്ഞുകിടക്കുന്ന കളങ്ങൾ പൂർത്തിയാക്കുക.




(3)

11. എ. കോളത്തിനനുയോജ്യമായവ ബി, സി കോളങ്ങളിലെ വിവരങ്ങൾ ക്രമീകരിക്കുക.


| എ | ബി | സി |
|---|---|---|
| സ്പെക്ട്രൽ സിഗ്നേച്ചർ | ധ്രുവങ്ങളെ ചുറ്റുന്നു | സെൻസർ |
| സ്പെഷ്യൽ റെസല്യൂഷൻ | ഭൂമിയോടൊപ്പമുള്ള ഭ്രമണം | ഇൻസാറ്റ് |
| സൗരസ്ഥിര ഉപഗ്രഹങ്ങൾ | | വസ്തുക്കളുടെ ഭൗതികസ്വഭാവം |
| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | വൈദ്യുതകാന്തിക വികരണങ്ങളുടെ പ്രതിഫലനം ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം തിരിച്ചറിയുന്നു | |

(4)

12. ചുവടെ കൊടുത്തിരിക്കുന്നത് ചില ഉപഗ്രഹസെൻസറുകളുടെ സ്പെഷ്യൽ റെസല്യൂഷനുകളാണ്. ഇവയിൽ ഏറ്റവും ഉയർന്ന സ്പെഷ്യൽ റെസല്യൂഷൻ ഏതാണ്? എന്തുകൊണ്ട്?

എ). 50 x 50 മീറ്റർ
ബി). .5 x .5 മീറ്റർ
സി). 5 x 5 മീറ്റർ (2)

13. പദസൂര്യൻ പൂർത്തീകരിക്കുക.




(4)

14. ഭൂവിവര വ്യവസ്ഥയുടെ ഒരു സാധ്യത ചുവടെ നൽകിയിരിക്കുന്നു. മറ്റ് മൂന്നു സാധ്യതകൾ കൂടി എഴുതുക.

* വിഷയാധിഷ്ഠിത പഠനം
* ....................................................
* ....................................................

* ................................................ (3)

15. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങളെ സ്ഥാനീയവിവരങ്ങൾ, വിശേഷണങ്ങൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക.

* സൈലന്റ്‌വാലി
* കേരളം
* ജനസംഖ്യ
* സസ്യജാലങ്ങൾ
* ലക്ഷദ്വീപ് (3)
* ഭൂവിസ്തൃതി

16. സ്കൂളിൽ നിന്ന് ഒരു പഠനയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഭൂവിവരവ്യവസ്ഥയിലെ ശൃംഖലാവിശകലനം ഇതിനായി പ്രയോജനപ്പെടുത്തുവാൻ കഴിയുമോ? നിങ്ങളുടെ എന്തെല്ലാം ആവശ്യങ്ങൾ പഠനയാത്രയുമായി ബന്ധപ്പെടുത്തി ഈ വിശകലസാദ്ധ്യതയിലൂടെ പരിഹരിക്കാനാകും? ഏതെങ്കിലും മൂന്നെണ്ണം രേഖപ്പെടുത്തുക. (3)

17. ഭൂവിവരവ്യവസ്ഥയുടെ സാധ്യതകൾ നിരവധിയാണ്. നഗരാസൂത്രണത്തിൽ ഭൂവിവരവ്യവസ്ഥയുടെ സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താനാകുമെന്ന് സമർത്ഥിക്കുക. (4)

18. ജലസംഭരണിയിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. ഡാമിന്റെ ഷട്ടർ തുറന്ന് ജലം നദിയിലേക്ക് ഒഴുക്കാൻ അധികാരികൾ തീരുമാനിച്ചു. നദി കരകവിഞ്ഞ് എത്ര പ്രദേശത്ത് വെള്ളപ്പൊക്കം സൃഷ്ടിക്കാൻ സാധ്യതയുണ്ട് എന്നറിയുന്നതിന്:

(എ). ഭൂവിവരവ്യവസ്ഥയുടെ ഏത് വിശകലനസാധ്യതയാണ് പ്രയോജനപ്പെടുത്താവുന്നത്?.

(ബി). ഈ വിശകലസാധ്യതയ്ക്ക് മറ്റൊരു ഉദാഹരണം നിർദ്ദേശിക്കുക. (3)

19. മലമടക്കിൽ അപകടത്തിൽപ്പെട്ട വിമാനത്തിന്റെ സ്ഥാനം കണ്ടെത്തുവാൻ ഭൂമിശാസ്ത്രത്തിലെ ഏതെങ്കിലും നൂതന സങ്കേതം പ്രയോജനപ്പെടുത്താനാകുമോ? വിശദീകരിക്കുക?

20. ഭൂപടനിർമ്മാണത്തിൽ വിദൂരസംവേദനം, ഭൂവിവരവ്യവസ്ഥ എന്നിവയുടെ പങ്ക് വിലയിരുത്തുക. (3)

21. 'ഓരോ ധരാതലീയ ഭൂപടവും നിർമ്മിക്കുന്നത് നിരവധി പാളികൾ സംയോജിപ്പിച്ചാണ്'. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. (3)

22. കരവാളൂർ പഞ്ചായത്തിൽ ഒരു ജലസംഭരണി നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തണം. ചുവടെ നൽകിയിട്ടുള്ള പാളികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ ആവശ്യം പരിഗണിക്കാനാവുമോ? ഭൂവിവരവ്യവസ്ഥയുടെ ഏതുതരം വിശകലസാധ്യത ഇതിനായി പ്രയോജനപ്പെടുത്താം. എങ്ങനെ?

* ഭൂപ്രകൃതി
* നദികൾ
* പാർപ്പിടങ്ങളുടെ വിതരണം
* ഭൂവിനിയോഗം (3)

## ഉത്തരസൂചിക

1. ഫ്ളാറ്റ് ഫോം.

2. ആവശ്യമുള്ളപ്പോൾ ഒരു പ്രദേശത്തിന്റെ ചിത്രം എടുക്കുവാൻ കഴിയുന്നു. ഛായാചിത്രമായതുകൊണ്ട് ഏതൊരാൾക്കും ഭൂവിവരം ഏതെന്ന് മനസ്സിലാക്കാനാവും. ത്രിമാനദൃശ്യം ലഭ്യമാണ്.

3. (എ). 62-ാമത്തെയും 66-ാമത്തെയും ചിത്രങ്ങൾ സ്റ്റീരിയോപെയർ ആകില്ല. ഓവർലാപ്പോടുകൂടിയതും അടുത്തടുത്ത് ഉള്ളതുമായ ചിത്രങ്ങളാണ് സ്റ്റീരിയോപെയർ.

   (ബി). 63, 65

4. വിമാനം പറന്നുയരുന്നതിനും ഇറങ്ങുന്നതിനും തുറസ്സായ സ്ഥലം ആവശ്യമാണ്.
   വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ മേന്മയെ ബാധിക്കുന്നു.
   ഇന്ധനം നിറയ്ക്കാനായി വിമാനം ഇടയ്ക്കിടെ നിലത്തിറങ്ങുന്നത് ചെലവേറിയ ഒന്നാണ്.
   അതിവിസ്തൃതമായ ഭൂപ്രദേശങ്ങളുടെ ചിത്രമെടുക്കുന്നത് പ്രായോഗികമല്ല.
   ഉപഗ്രഹവിദൂരസംവേദനം

5.


| | | |
|---|---|---|
| ഉയരം | ഭൂസ്ഥിരം | 36000 കി.മീ. |
| | സൗരസ്ഥിരം | 800 - 950 കി.മീ. |
| ഭ്രമണം | ഭൂസ്ഥിരം | ഭൂമിയുടെ ഭ്രമണത്തിനനുസരിച്ച് |
| | സൗരസ്ഥിരം | ധ്രുവങ്ങളെ ചുറ്റി |
| ഉപയോഗം | ഭൂസ്ഥിരം | കാലാവസ്ഥാപഠനം<br>വാർത്താവിനിമയം |
| | സൗരസ്ഥിരം | ഭൗമോപരിതല വിവരശേഖരണം |

   ഉദാ : ഭൂസ്ഥിരം - INSAT, സൗരസ്ഥിരം - IRS

6. ഉപഗ്രഹവിദൂരസംവേദനം
   1. കാട്ടുതീയുടെ വ്യാപനം
   2. പ്രകൃതിക്ഷോഭങ്ങൾ തിരിച്ചറിയൽ
   3. ഭൂവിനിയോഗം
   4. വിഭവ ലഭ്യത (ഏതെങ്കിലും മൂന്നെണ്ണത്തിന്)

7. ഭൂമിയുടെ ഉപരിതലം - ക്യാമറ
   വിമാനം / ബലൂൺ - ക്യാമറ - വിസ്തൃതമായ പ്രദേശം പകർത്തുന്നു.
   ഉപഗ്രഹം - സ്കാനർ - വളരെ വിസ്തൃതമായ പ്രദേശങ്ങളുടെ വിവരശേഖരണം

8.



9. സ്റ്റീരിയോസ്കോപ്പ്

10. എ. സമുദ്രപര്യവേക്ഷണം

ബി. വനപരിപാലനം

സി. ഭൂസർവ്വേ

(അനുയോജ്യമായ മറ്റു പോയിന്റുകളും എഴുതാം)

11. സ്പെക്ട്രൽ സിഗ്നേച്ചർ - വൈദ്യുതകാന്തിക വികിരണങ്ങളുടെ പ്രതിഫലനം - വസ്തുക്കളുടെ ഭൗതികസ്വഭാവം.

- സ്പേഷ്യൽ റെസല്യൂഷൻ - ഏറ്റവും ചെറിയ വസ്തുവിന്റെ വലുപ്പം തിരിച്ചറിയുന്നു
- ● സെൻസർ
- സൗരസ്ഥിര ഉപഗ്രഹങ്ങൾ - ധ്രുവങ്ങളെ ചുറ്റുന്നു - IRS
- ഭൂസ്ഥിര ഉപഗ്രഹങ്ങൾ - ഭൂമിയോടൊപ്പമുള്ള ഭ്രമണം - INSAT

12. ബി) .5 x .5 മീറ്റർ. നല്കിയിട്ടുള്ള ഓപ്ഷനുകളിൽ ഏതാണ് ഏറ്റവും ചെറിയ അളവ് എന്ന് മനസ്സിലാക്കുക. അതാണ് ഉയർന്ന സ്പേഷ്യൽ റെസല്യൂഷൻ.

13. ഭൗമശാസ്ത്രപഠനകേന്ദ്രം (CESS), കേരള വനഗവേഷണ സ്ഥാപനം (KFRI), കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് (KSLUB), സെന്റർ ഓഫ് വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM).

14. ● വിവരങ്ങളുടെ സ്ഥാനീയബന്ധം വിശകലനം ചെയ്യുന്നു.
- ഭൂവിവരങ്ങളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നു.
- ദ്രുതഗതിയിലും കാലാനുസൃതവും, ചെലവുകുറഞ്ഞതുമായ രീതിയിൽ വിവരങ്ങളെ നവീകരിക്കുന്നു. (അനുയോജ്യമായ മറ്റ് പോയിന്റുകൾ പരിഗണിക്കാം)

15. സ്ഥാനീയവിവരങ്ങൾ :- സൈലന്റ്‌വാലി, കേരളം, ലക്ഷദ്വീപ്

വിശേഷണങ്ങൾ :- ജനസംഖ്യ, സസ്യജാലങ്ങൾ, ഭൂവിസ്തൃതി

16. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന്.

ഉദാഹരണമായി നിശ്ചിത ഭൂപരിധിക്കുള്ളിൽ നദികളുമായി ബന്ധപ്പെട്ട പരമാവധി കാഴ്ചകൾ ആസ്വദിക്കുന്നതിന്. ഏറ്റവും കുറഞ്ഞസമയം കൊണ്ട് ലക്ഷ്യത്തിലെത്താൻ അനുയോജ്യമായ വഴി കണ്ടെത്തുന്നതിന്. ഏറ്റവും അടുത്തുള്ളതും തിരക്ക് കുറഞ്ഞതുമായ വഴിവകളിലൂടെ യാത്ര ചെയ്ത് പരമാവധി സൈറ്റുകൾ കണ്ടെത്തി ആസ്വദിക്കുന്നതിന്. അപകടനിരക്ക് കുറഞ്ഞ റോഡുകൾ കണ്ടെത്തി ആസ്വദിക്കുന്നതിന്.

17. ● ഓഫീസുകൾ, പാർപ്പിടങ്ങൾ, സ്കൂൾ, ഹോസ്പിറ്റൽ, മാർക്കറ്റ് എന്നിവയുടെ സ്ഥാനം നിർണ്ണയിക്കുന്നതിന്.
- ഗതാഗതക്കുരുക്ക് ഇല്ലാത്തവിധം ഗതാഗത സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന്.
- കുടിവെള്ളം ഉറപ്പാക്കുന്നതിന്.
- മലിനജലം, മലിനവസ്തുക്കൾ എന്നിവ ശാസ്ത്രീയമായി ഒഴിവാക്കുന്നതിന്.

18. ● എ. ആവൃത്തിവിശകലനം

ബി. ഏതെങ്കിലും ആവൃത്തിവിശകലന ഉദാഹരണം എഴുതി വിശദീകരിക്കുന്നതിന് (റോഡ് നിർമ്മാണം, റെയിൽ നിർമ്മാണം)

19. ● ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം പ്രയോജനപ്പെടുത്താം.

● ഏതൊരു സ്ഥലത്തിന്റെയും അക്ഷാംശം, രേഖാംശം, സമുദ്രനിരപ്പിൽ നിനന്നുള്ള ഉയരം, സമയം എന്നിവ മനസ്സിലാക്കുന്നതിന് കഴിയുന്നു.

20. ഉപഗ്രഹവിദൂരസംവേദനം : വിവരശേഖരണം

ഭൂവിവരവ്യവസ്ഥ : സ്ഥാനീയ വിവരങ്ങളുടേയും വിശേഷണങ്ങളുടേയും സങ്കലനം, കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ, പാളികളാക്കൽ

21. ഭൂപടത്തിൽ നീർച്ചാലുകൾ, റോഡുകൾ തുടങ്ങിയവയെ പ്രത്യേകമായി ചിത്രീകരിച്ചിരിക്കുന്നതിനെ പാളികൾ എന്നുവിശേഷിപ്പിക്കാം. ഭൗമോപരിതല സവിശേഷതകളെ ഇങ്ങനെ പാളികളാക്കിയാൽ അവ തമ്മിലുള്ള സ്ഥാനീയബന്ധം മനസ്സിലാക്കുന്നതിന് എളുപ്പത്തിൽ സാധിക്കുന്നു. ഇങ്ങനെ നിരവധി പാളികൾ സംയോജിപ്പിച്ചാണ് ഓരോ ധരാതലീയഭൂപടവും നിർമ്മിക്കുന്നത്.

22. ഓവർലേ വിശകലനം

ഒരു പ്രദേശത്തിന്റെ വിവിധങ്ങളായ ഭൗമോപരിതല സവിശേഷതകളുടെ പരസ്പരബന്ധത്തെക്കുറിച്ചും അവയിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിനാണ് ഓവർലേ വിശകലനം ഉപയോഗിക്കുന്നത്.

# യൂണിറ്റ് -3
# വൻകരകൾ

ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അന്റാർട്ടിക്ക എന്നീ വൻകരകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ വൻകരയുടേയും സ്ഥാനം, ഭൂപ്രകൃതി വിഭാഗങ്ങൾ, ജനസംഖ്യാ വിതരണം എന്നിവയാണ് ഈ യൂണിറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## ഏഷ്യ

ലോകത്തെ ആകെ കരവിസ്തൃതിയിൽ മൂന്നിൽ ഒരു ഭാഗം ഉൾക്കൊള്ളുന്ന വൻകരയാണിത്.

$10^{0}11'$ തെക്ക് അക്ഷാംശം മുതൽ $81^{0}12'$ വടക്ക് അക്ഷാംശം വരെയും $26^{0}2'$ കിഴക്ക് രേഖാംശം മുതൽ $169^{0}40$ പടിഞ്ഞാറ് രേഖാംശം വരെയും വ്യാപിച്ചുകിടക്കുന്നു.

**ഏഷ്യയെ താഴെ പറയുന്ന ഭൂപ്രകൃതി വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.**

- **വടക്കൻ താഴ്നില പ്രദേശങ്ങൾ**
- **മധ്യപർവത  ശ്രേണികൾ**
- **തെക്കൻ പ്രാചീന പീഠഭൂമി**
  - യുറാൽ മലനിരകൾ വടക്കൻ താഴ്നില പ്രദേശങ്ങളുടെ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്നു. ഈ മലനിരകൾ യൂറോപ്പിൽ നിന്ന് ഏഷ്യയെ വേർതിരിക്കുന്നു.
  - വടക്കൻ താഴ്നില പ്രദേശങ്ങൾക്ക് തെക്കായി സ്ഥിതി ചെയ്യുന്ന ഭൂവിഭാഗമാണ് മധ്യപർവതശ്രേണികൾ.
  - പാമീർ പർവതക്കെട്ടിൽ നിന്നാണ് ഏഷ്യയുടെ ഇതര ഭാഗങ്ങളിലേക്ക് പർവത നിരകൾ വിന്യസിക്കപ്പെടുന്നത്.

**പ്രധാന പർവതനിരകൾ**

- ഹിന്ദുക്കുഷ്ഠം സുലൈമാനും
- ഹിമാലയൻ പർവതനിരകൾ
- കൂൻലൂൺ
- അൾതിൻ
- അരക്കൻ യോമ

ധാരാളം കൊടുമുടികൾ ഇവിടെ സ്ഥിതി ചെയ്യുന്നു.


ലോകത്തെ ഏറ്റവും ഉയരം കൂടിയ എവറസ്റ്റ് കൊടുമുടി ഇവിടെയാണ്.

തെക്കൻ പ്രാചീന പീഠഭൂമി ഭൂവിഭാഗത്തിൽ മൂന്നു പ്രധാന പീഠഭൂമികൾ ഉൾപ്പെട്ടിരിക്കുന്നു.

- അറേബ്യൻ
- ഡക്കാൻ
- ഇൻഡോ ചൈന

എട്ടു നദീതടങ്ങൾ ചേർന്ന ഭൂവിഭാഗമാണ്


വലിയ നദീതടങ്ങൾ




## യൂറോപ്പ്

- ഈ വൻകര പൂർണമായും ഉത്തരാർദ്ധ ഗോളത്തിൽ സ്ഥിതി ചെയ്യുന്നു.
- ഗ്രീനിച്ച് രേഖാംശരേഖയ്ക്ക് ($0^0$) കിഴക്കും പടിഞ്ഞാറുമായിട്ടാണ് ഈ വൻകരയുടെ സ്ഥാനം.
- അക്ഷാംശം വടക്ക് $35^0 51$ ഉം $81^0 47$ രേഖാംശം $23^0 33$ പടിഞ്ഞാറും $69^0 03$ കിഴക്കുമായിട്ടാണ് ഈ ഭൂഖണ്ഡത്തിന്റെ സ്ഥാനം.
- വൻകരയുടെ ആകെ വിസ്തൃതി 10498000 ച : മീറ്ററാണ്.

യൂറോപ്പിനെ നാല് പ്രകൃതി വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.




### വടക്കുപടിഞ്ഞാറൻ പർവതമേഖല

- ഫിൻലാന്റ് മുതൽ സ്വീഡൻ, നോർവെ ബ്രിട്ടണും ഐർലന്റും ചേർന്ന ബ്രിട്ടീഷ് ഐൽസ്, ഐസ്ലാന്റ് വരെ ഉൾപ്പെടുന്ന മേഖലയാണിത്.
- യൂറോപ്പിലെ ഏറ്റവും പഴക്കം ചെന്ന പർവതങ്ങൾ ഈ മേഖലയിലാണ്.
- ഈ മേഖല ധാതുക്കളാൽ സമ്പുഷ്ടമാണ്.

**ഉത്തര യൂറോപ്യൻ സമതലങ്ങൾ**

- പടിഞ്ഞാറ് അറ്റ്ലാന്റിക് തീരം മുതൽ കിഴക്ക് യുറാൽ പർവതങ്ങൾ വരെ വ്യാപിച്ചുകിടക്കുന്നു.
- നദികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങളാൽ നിർമ്മിതമാണ് ഈ മേഖല
- ഹോളണ്ട്, ബെൽജിയം ഡൻമാർക്ക്, പടിഞ്ഞാറൻ ജർമ്മിനി, ഫ്രാൻസ്, വടക്കൻ ജർമ്മിനി, പോളണ്ട് എന്നിവയാണ് വടക്കൻ യൂറോപ്യൻ സമതലങ്ങളിലെ പ്രധാന രാജ്യങ്ങൾ.

**മധ്യ ഉന്നത തടങ്ങൾ**

- ഉത്തര യൂറോപ്യൻ സമതലങ്ങൾക്കും ആൽപ്സ് പർവതനിരകൾക്കുമിടയിൽ പർവതങ്ങൾ, കുന്നുകൾ, സമതലങ്ങൾ എന്നിവ ഉൾപ്പെട്ട ഭൂപ്രകൃതി വിഭാഗം.
- യുറാൽ പർവതനിരകൾ, ജർമ്മിനിയിലെ ബ്ലാക്ക് ഫോറസ്റ്റ് എന്നിവ ഉൾപ്പെടുന്നതാണ് മധ്യ ഭാഗത്തെ ഉയർന്ന പ്രദേശങ്ങൾ.

**ആൽപ്പെൻ സിസ്റ്റം**

- പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രം മുതൽ കിഴക്ക് കാസ്പിയൻ സമുദ്രം മുതൽ കിഴക്ക് കാസ്പിയൻ സമുദ്രം വരെ വ്യാപിച്ചു കിടക്കുന്ന പർവതനിരകൾ ഉൾപ്പെടുന്ന ഭൂവിഭാഗമാണ് ആൽപ്പെൻ സിസ്റ്റം.

**ആഫ്രിക്ക**

- രണ്ട് അർദ്ധഗോളങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന ഭൂഖണ്ഡമാണ് ആഫ്രിക്ക.
- അക്ഷാംശം $34^0$ 52 തെക്കുമുതൽ $37^0$31 വടക്കുവരെയും രേഖാംശം $25^0 11'$ പടിഞ്ഞാറു മുതൽ $51^0$24 കിഴക്കുവരെയുമാണ് ആഫ്രിക്കയുടെ സ്ഥാനം.
- ഭൂമധ്യരേഖ ഈ ഭൂഖണ്ഡത്തെ രണ്ട് തുല്യഭാഗങ്ങളായി ഭാഗിക്കുന്നു.

**ആഫ്രിക്കയുടെ ഭൂപ്രകൃതി താഴെപ്പറയുന്ന പ്രകാരം തരംതിരിച്ചിരിക്കുന്നു.**

- പീഠഭൂമികൾ
- പർവതങ്ങൾ
- മരുഭൂമികൾ
- ഭ്രംശ താഴ്വരകൾ

**പീഠഭൂമികൾ**

- ശരാശരി ഉയരം സമുദ്രനിരപ്പിൽ നിന്നും 600 മീറ്ററിനു മുകളിൽ
- തെക്കുനിന്നു വടക്കോട്ട് പോകുംതോറും പീഠഭൂമികളുടെ ഉയരം കുറയുന്നു.

### പർവതങ്ങൾ

- ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിൽ പർവതങ്ങൾ താരതമ്യേന കുറവാണ്.
- പീഠഭൂമികളിലും മരുഭൂമികളിലുമായി ചില പ്രധാന പർവതങ്ങൾ കാണപ്പെടുന്നു.
- അറ്റ്ലസ്, കെനിയ, റൂവൽസോരി തുടങ്ങിയവയാണ് പ്രധാന പർവതനിരകൾ.

> മൗണ്ട് കിളിമൻജാരോയാണ്
> ആഫ്രിക്കയിലെ ഏറ്റവും വലിയ കൊടുമുടി

### മരുഭൂമികൾ

- ആഫ്രിക്കയുടെ വടക്കും തെക്കും ഭാഗങ്ങളിൽ മരുഭൂമികളാണ്.
- ആഫ്രിക്കയുടെ മൂന്നിൽ ഒരു ഭാഗവും മരുഭൂമികളാൽ മൂടപ്പെട്ടിരിക്കുന്നു.

### ഭ്രംശ താഴ്‌വരകൾ

മഹാ ഭ്രംശ താഴ്‌വരയാണ് ആഫ്രിക്കയിലെ
ഏറ്റവും പ്രധാനപ്പെട്ട ഒരു ഭ്രംശ താഴ്‌വര

> ആഫ്രിക്കയിലെ പ്രധാന
> നദികളാണ് നൈലും കോംഗോയും

### ചോദ്യങ്ങൾ

1. പദസൂര്യൻ പൂർത്തിയാക്കുക. Score 3




2. ഏഷ്യയിലെ പർവതനിരകൾ വ്യത്യസ്ത ഭാഗങ്ങളിലേക്ക് വിന്യസിക്കപ്പെടുന്നത് പാമീർ കെട്ടിൽ നിന്നുമാണ്. ഈ മേഖലയിലെ പർവതനിരകളുടെ വിന്യാസം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

3. താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ യൂറോപ്പിലെ ഭൂപ്രകൃതി വിഭാഗങ്ങൾ ഏതെന്ന് കണ്ടെത്തുക.

   എ) യൂറോപ്പിലെ ഏറ്റവും പഴക്കം ചെന്ന പർവതങ്ങൾ ഈ മേഖലയിലാണ്.

ബി) നദികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങളാൽ നിർമിതമാണ് ഈ മേഖല.

സി) ഈ പ്രദേശത്ത് കാണപ്പെടുന്ന പർവതങ്ങൾ സമുദ്രനിരപ്പിൽ നിന്ന്
1600 മീറ്റർ വരെ ഉയരമുള്ളവയാണ്.

ഡി) സമാന്തരമായ മടക്കുപർവതനിരകൾ ഈ ഭൂവിഭാഗത്തിന്റെ പ്രത്യേകതയാണ്.

4. ഏഷ്യയിലെ ജനസംഖ്യാവിതരണത്തിൽ ഭൂപ്രകൃതിയുടെ പങ്ക് എത്രത്തോളം? വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക. Score 4

5. A കോളത്തിനു യോജിച്ചവ B, C കോളങ്ങളിൽ നിന്നെഴുതുക. Score 4

| A | B | C |
|---|---|---|
| അന്റാർട്ടിക്ക | മൗണ്ട് കിളിമൻ ജാരോ | ഹിന്ദുക്കുഷ് |
| ആഫ്രിക്ക | വിൻസൺ മാസ്സിഫ് | മഹാഭ്രംശ താഴ്‌വര |
| ഏഷ്യ | ബ്ലാക്ക് ഫോറസ്റ്റ് | മൈത്രി |
| യൂറോപ്പ് | പാമീർകെട്ട് | യൂറാൻ പർവതനിര |

6. ചില പ്രധാന പർവത നിരകളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവയെ ഏഷ്യയിൽ കാണപ്പെടുന്നവ, ആഫ്രിക്കയിൽ കാണപ്പെടുന്നവ എന്നിങ്ങനെ തരംതിരിക്കുക.

റുവൽസോരി, കുൻലുൺ, കെനിയ, അറ്റ്ലസ്, അൾതിൻ, അരക്കൻയോമ

| ഏഷ്യ | ആഫ്രിക്ക |
|---|---|
| ● | ● |
| ● | ● |
| ● | ● |

7. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നിവിടങ്ങളിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഒന്നു തന്നെയാണോ ? നിങ്ങളുടെ നിഗമനം രേഖപ്പെടുത്തുക. Score 2

8. "മത്സ്യബന്ധനത്തിന് അനുകൂലമായ നിരവധി സാഹചര്യങ്ങൾ നിലനിൽക്കുന്ന വൻകരയാണ് യൂറോപ്പ്'. ഈ അഭിപ്രായത്തെ സാധൂകരിക്കാൻ നിങ്ങൾക്ക് നിരത്താനുള്ള വസ്തുതകളെഴുതുക. Score 3

9. വളരെയേറെ സാമ്പത്തിക പ്രാധാന്യമുള്ള വൻകരയായി അന്റാർട്ടിക്കയെ ലോകരാഷ്ട്രങ്ങൾ കാണുന്നു. എന്തുകൊണ്ട് ? Score 3

10. അന്റാർട്ടിക്കയിലെ ഇന്ത്യയുടെ പര്യവേഷണങ്ങളെപ്പറ്റി ഒരു ലഘുകുറിപ്പ് തയ്യാറാക്കുക. Score 3

11. ചുവടെ നൽകിയിട്ടുള്ള പർവതങ്ങൾ ഏതേത് വൻകരകളിൽ ഉൾപ്പെടുന്നു ?

എ) അറ്റ്ലസ്, ബി) യുറാൻ, സി) ബ്ലാക്ക് ഫോറസ്റ്റ്, ഡി) കാരക്കോറം

12. "വൈവിധ്യമാർന്ന ഭൂമിശാസ്ത്ര സവിശേഷതകളാൽ ശ്രദ്ധേയമായ ഒരു ഭൂഖണ്ഡമാണ് ഏഷ്യ"

പ്രസ്താവന സാധൂകരിക്കാനുള്ള വാദഗതികൾ നാലെണ്ണം രേഖപ്പെടുത്തുക. Score 4

13. ABC കോളങ്ങളിൽ നൽതിയിട്ടുള്ള വിവരങ്ങളെ ശരിയായ വിധം ക്രമപ്പെടുത്തിയെഴുതുക.

| എ | ബി | സി |
|---|---|---|
| ആൽപൈൻ സിസ്റ്റം | സഹാറ | ലോകത്തിന്റെ മേൽക്കൂര |
| മധ്യപർവത ശ്രേണി | മടക്കുപർവതങ്ങൾ | ഒലിവ് |
| മരുഭൂമി | തെക്കൻ ഫ്രാൻസ് | യൂറോപ്പ് |
| മെഡിറ്ററേനിയൻ കാലാവസ്ഥ | പാമീർകെട്ട് | ആഫ്രിക്ക |

14. ഏഷ്യയിലെ കാലാവസ്ഥാമേഖലകളുടെ സവിഷേതകളാണ് താഴെ നൽകിയിട്ടുള്ളത്. അതിനനുയോജ്യമായ കാലാവസ്ഥാമേഖലകൾ കണ്ടെത്തി എഴുതുക. Score 4

എ) മിതമായ തണുപ്പുള്ളതും സാമാന്യം മഴയോടുകൂടിയതുമായ ശൈത്യകാലം

ബി) ചൂടും മഴയും ഇടവിട്ട് അനുഭവപ്പെടുന്ന വേനൽക്കാലം.

സി) വർഷം മുഴുവൻ ഉയർന്ന താപവും ഇടിമിന്നലോടുകൂടിയ മഴയും

ഡി) ഉയർന്ന തോതിൽ തണുപ്പും വർഷം മുഴുവൻ മഞ്ഞ് മൂടിയതുമാണ്.

15. ഏഷ്യയുടെ ഭാഗമായ ഏതെങ്കിലും രണ്ട് ദ്വീപുകളുടെ പേരെഴുതുക. Score 1

16. ചുവടെ നൽകിയിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി ഭൂഖണ്ഡം ഏതെന്ന് എഴുതുക. Score 3

എ) വെളുത്ത ഭൂഖണ്ഡം

ബി) വിസ്തൃതിയിൽ ലോക ഭൂഖണ്ഡങ്ങളിൽ രണ്ടാം സ്ഥാനം.

സി) പൂർണമായും ഉത്തരാർദ്ധ ഗോളത്തിൽ സ്ഥിതി ചെയ്യുന്ന വൻകര

ഡി) ലോക കരവിസ്തൃതിയിൽ മൂന്നിൽ ഒരു ഭാഗം ഉൾക്കൊള്ളുന്ന വൻകര

17. ഭൂമധ്യരേഖ, ഉത്തരായന രേഖ, ദക്ഷിണായന രേഖ എന്നിവ കടന്നുപോകുന്ന വൻകരകൾ ഏതൊക്കെ ? പട്ടികയിലെ കളങ്ങളിൽ ടിക്ക് ചെയ്യുക. Score 3

| വൻകരകൾ | ഭൂമദ്ധ്യരേഖ | ഉത്തരായനരേഖ | ദക്ഷിണായന രേഖ |
|---|---|---|---|
| ഏഷ്യ | | | |
| യൂറോപ്പ് | | | |
| ആഫ്രിക്ക | | | |

# ഉത്തരസൂചിക

1. കൽക്കരി, പെട്രോളിയം, മാംഗനീസ്, ബോക്സൈറ്റ്, ഇരുമ്പയിര്, വെള്ളി

2. ലോകത്തിലെ ഏറ്റവും ഉയർന്ന പീഠഭൂമിയാണ് പാമീർ പീഠഭൂമി.

   പാമീർ പീഠഭൂമിയുടെ ഭാഗമായ പാമീർകെട്ടിൽ നിന്നും വിവിധ ദിശകളിലേക്ക് പർവതനിരകൾ വ്യാപിച്ചുകിടക്കുന്നു.

   ഹിമാലയം, കാരയ്ക്കോറം, സുലൈമാൻ, ഹിന്ദുകുഷ്, കുൻമുൻ, ടിയാൻഷ, അൾത്തായ് എന്നിവയാണ് ഈ മേഖലയിലെ പർവതങ്ങൾ.

3. എ) വടകക്കുപടിഞ്ഞാറൻ പർവതമേഖല

   ബി) ഉത്തര യൂറോപ്യൻ സമതലങ്ങൾ

   സി) മധ്യ ഉന്നത തടങ്ങൾ

   ഡി) ആൽപ്പൈൻ സിസ്റ്റം

4. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വൻകര

   നദീതടങ്ങളിൽ ജനസാന്ദ്രത കൂടുതൽ (ഗംഗ, യാങ്സി-സിക്കിയാങ്)

   തീരപ്രദേശങ്ങളിൽ ജനസാന്ദ്രത കൂടുതൽ (തെക്ക് കിഴക്കൻ ഏഷ്യ, തുർക്കി)

   മധ്യ ഏഷ്യൻ മരുഭൂമി, തെക്കുപടിഞ്ഞാറൻ ഏഷ്യ, വടക്കൻ ഏഷ്യ എന്നിവിടങ്ങളിൽ ജനവാസം തീരെ കുറവ്.

5.

| | | |
|---|---|---|
| അന്റാർട്ടിക്ക | വിൻസൺ മാസ്സിഫ് | മൈത്രി |
| ആഫ്രിക്ക | മൗണ്ട് കിളിമൻ ജാരോ | മഹാഭ്രംശ താഴ്വര |
| യൂറോപ്പ് | ബ്രാക്ക് ഫോറസ്റ്റ് | യൂറോൻ പർവതനിര |
| ഏഷ്യ | പാമീർക്കെട്ട് | ഹിന്ദുക്കുഷ് |

6.

| **ഏഷ്യ** | **ആഫ്രിക്ക** |
|---|---|
| കൂൻലൂൺ | അറ്റ്ലസ് |
| അൾതിൻ | കെനിയ |
| അരക്കൻയോമ | റുവൽസോറി |

7. ഭൂപ്രകൃതി, സമുദ്രസാമീപ്യം, ആഗോളവാതങ്ങൾ, ജലപ്രവാഹങ്ങൾ, അക്ഷാംശ സ്ഥാനം എന്നിവ മൂന്നു വൻകരകളിലേയും കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ.

8. ധാരാളം ഉൾക്കടലുകൾ, സമുദ്രജലപ്രവാഹങ്ങളുടെ കൂടിച്ചേരൽ, പ്ലാവകങ്ങളുടെ സാന്നിദ്ധ്യം എന്നിവ യൂറോപ്പിൽ മത്സ്യബന്ധനത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നു.

9. വിലയേറിയ സമുദ്രജീവജാലങ്ങൾ (സീൽ, തുകൽ, തിമിംഗലം, എണ്ണ)

ധാതുവിഭവങ്ങൾ - ഇരുമ്പയിര്, ക്രോമിയം, ചെമ്പ്, സ്വർണം, നിക്കൽ, മണൽ

10. ദക്ഷിണ ഗംഗോത്രി, മൈത്രി ഇന്ത്യയുടെ രണ്ട് ഗവേഷണകേന്ദ്രങ്ങൾ

1988 ൽ ആദ്യത്തെ തപാൽ ഓഫീസ് അന്റാർട്ടിക്കയിൽ തുറന്നുപ്രവർത്തിച്ചു.

ഭൂമിശാസ്ത്രം, ജീവശാസ്ത്രം, കാലാവസ്ഥാശാസ്ത്രം തുടങ്ങിയ നിരവധി മേഖലകളെ കേന്ദ്രീകരിച്ച് ഇന്ത്യ ഗവേഷണകേന്ദ്രങ്ങൾ നടത്തുന്നു.

11. എ) അറ്റ്ലസ് - ആഫ്രിക്ക

ബി) കെനിയ - ആഫ്രിക്ക

സി) ബ്ലാക്ക് ഫോറസ്റ്റ് - യൂറോപ്പ്

ഡി) കാറക്കോറം - ഏഷ്യ

12. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശത്തുള്ള തടാകം

സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന പ്രദേശങ്ങൾ

ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശം

13.

| | | |
|---|---|---|
| ആൽപൈൻ സിസ്റ്റം | മടക്കുപർവതങ്ങൾ | യൂറോപ്പ് |
| മധ്യപർവത ശ്രേണി | പാമീർക്കെട്ട് | ലോകത്തിന്റെ മേൽക്കൂര |
| മരുഭൂമി | സഹാറ | ആഫ്രിക്ക |
| മെഡിറ്ററേനിയൻ കാലാവസ്ഥ | തെക്കൻ ഫ്രാൻസ് | ഒലിവ് |

14. എ) മെഡിറ്ററേനിയൻ കാലാവസ്ഥ

ബി) മൺസൂൺ കാലാവസ്ഥ

സി) ഭൂമധ്യരേഖാ കാലാവസ്ഥ

ഡി) തുന്ദ്ര മാതൃക കാലാവസ്ഥ

15. ലക്ഷദ്വീപ്, ആന്റമാൻ നിക്കോബാർ, ജപ്പാൻ, തായ്‌വാൻ, ഫിലിപ്പൈൻസ്
(ഏതെങ്കിലും 2 എണ്ണം)

16. അന്റാർട്ടിക്ക

ആഫ്രിക്ക

യൂറോപ്പ്

ഏഷ്യ

17.

| വൻകരകൾ | ഭൂമധ്യരേഖ | ഉത്തരായനരേഖ | ദക്ഷിണായന രേഖ |
|---|---|---|---|
| ഏഷ്യ | ✓ | ✓ | |
| യൂറോപ്പ് | | ✓ | |
| ആഫ്രിക്ക | ✓ | ✓ | ✓ |

# യൂണിറ്റ് -4

# ഇന്ത്യ-ഭൗതിക ഭൂമിശാസ്ത്രം

ഭൂമിശാസ്ത്രപരമായി വളരെയേറെ സവിശേഷതകൾ ഉള്ള ഒരു രാജ്യമാണ് ഇന്ത്യ. വൈവിധ്യങ്ങളുടെ നാട് എന്നാണ് ഇന്ത്യ അറിയപ്പെടുന്നത്. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ ജനജീവിതം വ്യത്യസ്തമാണ്. ഇന്ത്യയിലെ പ്രാദേശിക ജനജീവിതത്തിലും സംസ്ക്കാരത്തിലുമുള്ള വൈവിധ്യങ്ങൾക്ക് കാരണം ആ പ്രദേശത്തിന്റെ സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ, നദികൾ, മണ്ണിനങ്ങൾ, നൈസർഗിക സസ്യജാലങ്ങൾ എന്നിവയാണ്. ഇവയെപ്പറ്റി വ്യക്തമായ ധാരണ ലഭിക്കുന്നതിനുള്ള വിവരങ്ങൾ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആശയങ്ങൾ

ഇന്ത്യ അക്ഷാംശ സ്ഥാനം $8^{0}4$ N മുതൽ $37^{0}$ 6 N വരെയും രേഖാംശ സ്ഥാനം $68^{0}7$ N വരെയും വ്യാപിച്ചുകിടക്കുന്നു. വിസ്തീർണം 3287782 ചതുരശ്ര കിലോമീറ്ററാണ്.

ഭൗമോപരിതല സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ നാല് ഭൂപ്രകൃതി വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

ഉത്തരപർവതമേഖല, ഉത്തര മഹാസമതലം, ഉപദ്വീപിയ പീഠഭൂമി, തീരപ്രദേശങ്ങളും ദ്വീപുകളും.


## ഉത്തര പർവത മേഖല


ഉത്തര പർവത മേഖലയെ ആ മേഖലയിൽ സ്ഥിതി ചെയ്യുന്ന പർവതനിരകളുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിച്ചിരിക്കുന്നു.

ഹിമാലയൻ നിരകൾ

ട്രാൻസ് ഹിമാലയൻ നിരകൾ

കിഴക്കൻ മലനിരകൾ / പൂർവാചൽ













## ഉത്തര മഹാസമതലം

### സവിശേഷതകൾ

വളരെയധികം പഴക്കമുള്ള ഭൂവിഭാഗം.

ധാതുക്കളുടെ നിക്ഷേപങ്ങൾ ധാരാളമായി കാണുന്നു.

വിലയേറിയ വനവിഭവങ്ങൾ ലഭ്യമാകുന്നു.

പശ്ചിമഘട്ട നിരകളിലെ ആനമുടി ഈ മേഖലയിലെ ഉയരമേറിയ കൊടുമുടി.

ലോകത്തിലെ ഏറ്റവും വലിയ പീഠഭൂമികളിലൊന്നായ ഡക്കാൻ പീഠഭൂമി ഈ മേഖലയിലാണ്.

പാഠപുസ്തകം പേജ് 69 ചിത്രം 4.7 നിരീക്ഷിച്ച് ഉപദ്വീപിയ പീഠഭൂമിയിൽ ഉൾപ്പെടുന്ന 9 പ്രധാന ഭൂവിഭാഗങ്ങൾ ഏതെല്ലാമെന്നു കണ്ടെത്തുക?

## തീരപ്രദേശവും ദ്വീപുകളും

ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ ഗംഗാ-ബ്രഹ്മപുത്ര ഡെൽറ്റാ പ്രദേശം (സുന്ദർബെൻ ഡെൽറ്റ) വരെ വ്യാപിച്ചിരിക്കുന്ന ഭൂപ്രകൃതി വലിഭാഗമാണ് ഇന്ത്യയുടെ തീരപ്രദേശം.

ഇന്ത്യൻ തീരപ്രദേശത്തെ കിഴക്കൻ തീരപ്രദേശമെന്നും പടിഞ്ഞാറൻ തീരപ്രദേശ മെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

പാഠപുസ്തകത്തിലെ പേജ് 72 ലെ പട്ടിക 4.4 വിശകലനം ചെയ്ത് കിഴക്കൻ തീര സമതലത്തിന്റെയും പടിഞ്ഞാറൻ തീരസമതലത്തിന്റെയും സവിശേഷതകൾ കണ്ടെത്തുക.

**ഇന്ത്യയിലെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിലെ**

**മണ്ണിനങ്ങളും കാർഷിക വിളകളും**

**ഉത്തര പർവത മേഖല**

| **മണ്ണിനങ്ങൾ** | **കൃഷി** |
|---|---|
| പർവത മണ്ണ് | ബാർലി, ഗോതമ്പ്, ചോളം, തേയില |
| ചുവന്ന മണ്ണ് | ആപ്പിൾ, കാപ്പി, സുഗന്ധദ്രവ്യങ്ങൾ |
| ലാറ്ററൈറ്റ് | തേയില |

**ഉത്തര മഹാസമതലം**

| **മണ്ണിനങ്ങൾ** | **കൃഷി** |
|---|---|
| എക്കൽ മണ്ണ് | നെല്ല്, കരിമ്പ്, ഗോതമ്പ്, പുകയില |
| മരുഭൂമി മണ്ണ് | |
| ഖാദർ/ഭംഗർ | എണ്ണക്കുരുക്കൾ |

**ഉപദ്വീപീയൻ പീഠഭൂമി**

| **മണ്ണിനങ്ങൾ** | **കൃഷി** |
|---|---|
| കറുത്ത മണ്ണ്/പരുത്തി | നെല്ല്, റാഗി, പുകയില, പച്ചക്കറികൾ |
| മണ്ണ്/റിഗർ | നിലക്കടല, ഉരുളക്കിഴങ്ങ് |

**തീരപ്രദേശം**

| **മണ്ണിനങ്ങൾ** | **കൃഷി** |
|---|---|
| ചെങ്കൽ മണ്ണ്, ലാറ്ററൈറ്റ്<br>എക്കൽമണ്ണ്, ചുവന്ന മണ്ണ് | തേയില, കാപ്പി, റബ്ബർ, തെങ്ങ്<br>കമുക്, കശുമാവ് |

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തങ്ങളായ അന്തരീക്ഷാവസ്ഥയാണ് നിലനിൽക്കുന്നത്. അക്ഷാംശ സ്ഥാനം, ഹിമാലയപർവത നിര, സമുദ്രസാമീപ്യം, കാറ്റുകൾ, സമുദ്രത്തിൽ നിന്നുള്ള ഉയരം, ഭൂപ്രകൃതി എന്നിവയാണ് കാലാവസ്ഥയിലുള്ള ഈ വ്യത്യാസങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ.

അന്തരീക്ഷ താപനിലയുടേയും മഴയുടേയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഋതുക്കളെ നാലായി തരംതിരിച്ചിരിക്കുന്നു. ശൈത്യകാലം, ഉഷ്ണകാലം, തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം, വടക്കുകിഴക്കൻ മൺസൂൺ കാലം, മൺസൂണിന്റെ പിൻവാങ്ങൽ കാലം.

പരിസ്ഥിതിക്കനുയോജ്യമായി ഒരു പ്രദേശത്ത് ആവിർഭവിച്ച സസ്യജാലങ്ങളാണ് ആ പ്രദേശത്തെ നൈസർഗിക സസ്യജാലങ്ങൾ. ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ അളവ്, മണ്ണ് എന്നിവയാണ് നൈസ്സർഗിക സസ്യജാലങ്ങൾ. ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ അളവ്, മണ്ണ് എന്നിവയാണ് നൈസർഗിക സസ്യജാലങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ.

പേജ് 82 ഭൂപടം നൈസർഗിക സസ്യജാലങ്ങൾ നിരീക്ഷിച്ച് പ്രധാന സസ്യ ഇനങ്ങൾ കണ്ടെത്തുക. മഴയുടെ അളവ് പരിശോധിക്കുക.

ഇന്ത്യയെ നദികളുടെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായി തിരിച്ചിരിക്കുന്നു. ഉത്തര പർവതമേഖലയിൽ നിന്ന് ഉത്ഭവിക്കുന്ന നദികളെ ഹിമാലയൻ നദികളെന്നും ഉപദ്വീപീയൻ പീഠഭൂമിയിൽ നിന്നുത്ഭവിക്കുന്ന നദികളെ ഉപദ്വീപീയൻ നദികളെന്നും വിളിക്കുന്നു.

| **ഹിമാലയൻ നദികൾ** | **ഉപദ്വീപിയൻ നദികൾ** |
|---|---|
| സിന്ധു, ഗംഗ, ബ്രഹ്മപുത്ര | മഹാനദി, ഗോദാവരി, കൃഷ്ണ<br>കാവേരി, നർമദ, താപ്തി |

**ഹിമാലയൻ നദികൾ**

| | സിന്ധ് | ഗംഗ | ബ്രഹ്മപുത്ര |
|---|---|---|---|
| ഉത്ഭവം | ടിബറ്റ് (മാനസ സരോവർ തടാകത്തിനു സമീപം കൈലാസ പർവതം | ഗംഗോത്രി അളകാപുരി ഹിമാനി | കൈലാസ പർവതനിരകളിലെ ചെമയുങ്ദുങ് എന്ന ഹിമനിയിൽ നിന്നും |
| നീളം | 2880 കി.മീ. (ഇന്ത്യയിൽ 709 കി.മീ.) | 2525 കി.മീ. | 2990 കി.മീ. (ഇന്ത്യയിൽ 725 കി.മീ.) |
| പ്രധാന പോഷക നദികൾ | ഝലം, ചിനാബ് രവി, ബിയാസ് സത്‌ലജ് | യമുന, സോൺ, കോസി, ഘാഗ്രാ, മോമതി, സോൺകെൻ ബത്വ ചംബൽ | ടിസ്ത, മാനസ്, ലുഹിത് സുവാൻസിരി |
| പതനസ്ഥലം | അറബിക്കടൽ | ബംഗാൾ ഉൾക്കടൽ | ബംഗാൾ ഉൾക്കടൽ |

**ഉപദ്വീപീയൻ നദികൾ**

| | മഹാനദി | ഗോദാവരി | കൃഷ്ണ | കാവേരി | നർമ്മദ | താപ്തി |
|---|---|---|---|---|---|---|
| ഉത്ഭവം | കൈലാസ നിരകൾ | പശ്ചിമഘട്ടം (നാസിക്) | പശ്ചിമ ഘട്ടം (മഹാ ബലേശ്വരി | പശ്ചിമഘട്ടം (ബ്രഹ്മഗിരി കുന്നുകൾ) | മൈക്കാല നിരകൾ | മുൾത്തായ് പീഠഭൂമി |
| നീളം | 587 കി.മീ. | 1465 കി.മീ. | 140 കി.മീ. | 800 കി.മീ. | 1312 കി.മീ. | 724 കി.മീ. |
| പ്രധാന പോഷക നദികൾ | ഇബ്ടെൽ | ഇന്ദ്രവതി | ഭീമ | കബനി അമരാ | ഹിരൺ ബഞ്ചൽ | ആനർ ഹിർണ |
| പതന സ്ഥലം | ബംഗാൾ ഉൾക്കടൽ | ബംഗാൾ ഉൾക്കടൽ | ബംഗാൾ ഉൾക്കടൽ | ബംഗാൾ ഉൾക്കടൽ | അറബി ക്കടൽ | അറബി ക്കടൽ |

**ചോദ്യങ്ങൾ**

1. സിന്ധു, ബ്രഹ്മപുത്ര എന്നീ നദികളെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്തു സാമ്യവ്യത്യാസങ്ങൾ എഴുതുക.

**സൂചകങ്ങൾ**

ഉത്ഭവസ്ഥാനം


ഒഴുകുന്ന ദിശ

പോഷകനദികൾ

എത്തിച്ചേരുന്ന സമുദ്രഭാഗം

2. ഉത്തരപർവത മേഖലയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ടിൽ a, b, c, d, e, f എന്നിവ കണ്ടെത്തി എഴുതുക. Score 3

ഉത്തര പർവത മേഖല




3. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറ് ഭാഗങ്ങളിൽ കനത്ത മഴ ലഭിക്കുമ്പോൾ കിഴക്കൻ ചരിവുകളിൽ മഴ തീരെ കുറയുവാനുള്ള കാരണം രേഖപ്പെടുത്തുക. Score 2

4. ഇന്ത്യയിൽ എല്ലായിടത്തും മഴയുടെ അളവ് ഒരുപോലെയല്ല. മഴയുടെ വിതരണത്തിലെ അസന്തുലിതാവസ്ഥയ്ക്കുള്ള കാരണങ്ങൾ വ്യക്തമാക്കുക. Score 2

5. ഇന്ത്യയിലെ പ്രധാന നൈസർഗിക സസ്യവിഭാഗങ്ങളിൽ ഒന്നാണ് ഉഷ്ണമേഖലാ മഴക്കാടുകൾ. മറ്റ് നൈസർഗിക സസ്യവിഭാഗങ്ങൾ കണ്ടെത്തുക. Score 4

- 
- 
- 
- 

6. ഉത്തര പർവത മേഖലയിലെ പ്രധാന മണ്ണിനമേതെന്ന് കണ്ടെത്തി ഈ മണ്ണ് ഏതെല്ലാം വിളകൾക്ക് അനുയോജ്യമാണെന്നെഴുതുക. (2)

7. ഉത്തര മഹാസമതലത്തിന്റെ ഭൂരിഭാഗം പ്രദേശത്തും എക്കൽമണ്ണ് കാണപ്പെടുവാനുള്ള കാരണങ്ങൾ എന്തെല്ലാം ? (2)

8. തെക്കുപടിഞ്ഞാറൻ ദിശയിൽ വീശുന്ന മൺസൂൺ കാറ്റിനെ ഇന്ത്യൻ ഉപദ്വീപ് ഏതെല്ലാം ശാഖകളായി വേർതിരിക്കുന്നു? അവ ഇന്ത്യയുടെ കാലാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനം എന്തെല്ലാം ? (5)

9. ഇന്ത്യയിലെ ഏതാനും സംസ്ഥാനങ്ങളുടെ പേരുകളാണ് താഴെ കൊടുത്തിരിക്കുന്നത്. അവയെ അടിസ്ഥാനമാക്കി നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഗുജറാത്ത് ജമ്മുകാശ്മീർ കർണ്ണാടകം പശ്ചിമബംഗാൾ

ആന്ധ്രാപ്രദേശ് ത്രിപുര

എ) ഉത്തരായന രേഖ കടന്നുപോകുന്ന സംസ്ഥാനങ്ങൾ ?

ബി) അറബിക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങൾ ?

സി) ബംഗാൾ ഉൾക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങൾ ?

ഡി) ഉത്തര പർവതമേഖലയിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ ? (4)

10. 'നിരവധി പർവ്വതനിരകളും പീഠഭൂമികളും നിറഞ്ഞതാണ് ഇന്ത്യയിലെ ഉപദ്വീപിയ പീഠഭൂമി.' ഈ പ്രസ്ഥാവനയെ സാധൂകരിച്ച് കുറിപ്പ് തയ്യാറാക്കുക. (4)

11. നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചകങ്ങൾ**

ആകെ ദ്വീപുകളുടെ എണ്ണം

സ്ഥിതി ചെയ്യുന്ന സമുദ്രഭാഗം

ഇന്ത്യയുടെ പ്രധാന കരയിൽ നിന്നുള്ള ദൂരം (3)

12. മൺസൂൺ കാറ്റുകളുടെ സ്വാധീനം പടിഞ്ഞാറൻ തീരസമതലത്തിലും കിഴക്കൻ തീര സമതലത്തിലും ഒരുപോലെയാണോ അനുഭവപ്പെടുന്നത്? (2)

13. ചില ഉപദ്വീപിയൻ നദികളുടെ സവിശേഷതകളാണ് താഴെ കൊടുത്തിരിക്കുന്നത്. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നദി ഏതെന്നു കണ്ടെത്തുക.

എ) മധ്യ പ്രദേശിലെ മൈക്കലാ നിരകളിൽ നിന്നുത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

ബി) മഹാരാഷ്ട്രയിലെ മഹാബലേശ്വർ എന്ന സ്ഥലത്തിനടുത്തുള്ള പശ്ചിമഘട്ട നിരകളിൽ നിന്നുത്ഭവിച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

സി) ഛത്തീസ് ഗഢിലെ മൈക്കലാ നിരകളിൽ നിന്നുത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നു. (3)

14. താഴെ തന്നിരിക്കുന്ന നദികളെ ഹിമാലയൻ നദികളുടെ പോഷകനദികൾ, ഉപദ്വീപിയൻ നദികളുടെ പോഷകനദികൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക.

തിസ്ത ഇഞ്ച് മാനസ തുംഗഭദ്ര ബിയാസ്

ചിനാബ് കബനി ആഗൾ (2)

| **ഹിമാലയൻ നദികളുടെ പോഷകനദികൾ** | **ഉപദ്വീപീയൻ നദികളുടെ പോഷകനദികൾ** |
|---|---|
| ● | ● |
| ● | ● |
| ● | ● |
| ● | ● |

15. A കോളത്തിനു യോജിച്ചവ B C കോളങ്ങളിൽ നിന്നു തെരഞ്ഞെടുത്തെഴുതുക. (3)

| A | B | C |
|---|---|---|
| ശൈത്യകാലം | മാംഗോഷവർ | ഒക്ടോബർ ചൂട് |
| ഉഷ്ണകാലം | പശ്ചിമ അസ്വസ്ഥത | പഞ്ചാബിൽ ശൈത്യകാല മഴ |
| വടക്കുകിഴക്കൻ മൺസൂൺ കാലം | കാൽ ബൈശാഖി | മൺസൂണിന്റെ പിൻവാങ്ങൽ |

16. കിഴക്കൻ തീരസമതലത്തിന്റെയും പടിഞ്ഞാറൻ തീരസമതലത്തിന്റെയും ഏതെങ്കിലും നാല് സവിശേഷതകൾ പട്ടികപ്പെടുത്തുക. (4)

17. ചുവടെ നൽകിയിട്ടുള്ള സൂചനകളിൽ നിന്നും നദികൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അവയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

എ) കൈലാസ പർവതനിരയിലെ 'ചെമയുങ്ദുങ്ങ്' ഹിമാനിയിൽ നിന്ന് ഉത്ഭവിക്കുന്ന നദി

ബി) ഭഗീരഥി നദിയും അളക നദിയും ദേവപ്രയാഗിൽ വച്ച് സന്ധിച്ച ശേഷം ഒന്നായി ഒഴുകുന്ന നദി. Score 3

18. ഇന്ത്യയിലെ ഋതുക്കളുടെ സവിശേഷതകളെപ്പറ്റി ഒരു വിവരണം തയ്യാറാക്കുക. (6)

# ഉത്തരസൂചിക

1. രണ്ട് നദികളും ഉത്ഭവിക്കുന്നത് ഉത്തരപർവത മേഖലയിൽ നിന്ന്.

   രണ്ട് നദികളും കൈലാസത്തിലെ മാനസസരോവർ തടാകത്തിന്റെ രണ്ട് ഭാഗങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നു.

   സിന്ധുനദി പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിക്കുന്നു.

   ഝലം, ചിനാള്, രവി, ബിയാസ്, സത്‌ലജ് എന്നിവയാണ് സിന്ധു നദിയുടെ പോഷകനദികൾ.

   ബ്രഹ്മപുത്ര കിഴക്കോട്ടൊഴുകുന്നു. ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

   സുബാൻസിരി, ലുഹിത്, മാനസ്, തിസ്ത പോഷകനദികൾ.

2. എ) ഹിമാദ്രി, ബി) സിവാലിക്, സി) ലഡാക്, ഇ) ഖാസി, എഫ്) ജയന്തിയ/പാട്കൈബും

3. തെക്കുപടിഞ്ഞാറ് നിന്നു വീശുന്ന മൺസൂൺ കാറ്റുകളെ പശ്ചിമഘട്ടം തടയുന്നതിനാൽ ഈ പർവതനിരകളുടെ പടിഞ്ഞാറ് ഭാഗത്ത് അതിശക്തമായ മഴ ലഭിക്കുന്നു.

   എന്നാൽ ഈ നിരകളുടെ കിഴക്ക് ഭാഗത്ത് തെക്കുപടിഞ്ഞാറൻ കാറ്റ് എത്തുമ്പോൾ കാറ്റിന്റെ ഈർപ്പം കുറയുന്നതിനാൽ പശ്ചിമഘട്ടത്തിന്റെ കിഴക്കുഭാഗത്ത് മഴ തീരെ കുറയുന്നു.

4. സമുദ്ര സാമീപ്യം

   സമുദ്രത്തിൽ നിന്നുള്ള അകലം

   പർവതങ്ങളുടെ സ്ഥാനം

   കാറ്റിന്റെ ദിശ

5. ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ

   മുൾച്ചെടികളും കുറ്റിച്ചെടികളും

   കണ്ടൽ കാടുകൾ

   പർവത വനങ്ങൾ

6. പർവത മണ്ണ്

   ഗോതമ്പ്, ബാർലി, ചോളം, തേയില, കാപ്പി, ആപ്പിൾ, ആപ്രിക്കോട്ട്
   (ഏതെങ്കിലും 2 വിളകൾ എഴുതുക.)

7. സിന്ധു-ഗംഗ-ബ്രഹ്മപുത്ര നദികളും പോഷകനദികളും ഹിമാലയത്തിൽ നിന്നും വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങൾ അടിഞ്ഞുകൂടി എക്കൽമണ്ണ് രൂപപ്പെടുന്നു.

8. അറേബ്യൻ ശാഖ, ബംഗാൾ, ത്രിപുര

അറേബ്യൻ ശാഖ, ബംഗാൾ ഉൾക്കടൽ ശാഖ എന്നിവയുടെ ഗതി വിവരിച്ച് അവ കാലാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനം എഴുതുക.

9. എ) ഗുജറാത്ത്, പശ്ചിമബംഗാൾ, ത്രിപുര

ബി) ഗുജറാത്ത്, കർണാടകം

സി) ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ

ഡി) ജമ്മുകാശ്മീർ, ത്രിപുര

10. പർവതനിരകൾ - ആരവല്ലി, പശ്ചിമഘട്ടം, പൂർവഘട്ടം, വിന്ധ്യ, സത്പുര

പീഠഭൂമികൾ - വാൾവ പീഠഭൂമി, ഡക്കാൺ പീഠഭൂമി, ചോട്ടാ നാഗ്പൂർ പീഠഭൂമി

11. **ലക്ഷദ്വീപ്**

36 ദ്വീപുകൾ, 11 എണ്ണത്തിൽ ജനവാസം

അറബിക്കടലിൽ സ്ഥിതി ചെയ്യുന്നു.

ആൻഡമാൻ നിക്കോബാർ ദ്വീപിനെ അപേക്ഷിച്ച് ദൂരക്കുറവ്.

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**

ആകെ 222 ദ്വീപുകൾ

ബംഗാൾ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്നു.

ലക്ഷദ്വീപിനെ അപേക്ഷിച്ച് ദൂരം കൂടുതൽ.

12. പടിഞ്ഞാറൻ തീരസമതലങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ് സ്വാധീനിക്കുന്നു. ഈ കാറ്റിന്റെ സ്വാധീനം ഇവിടെ ശക്തമായ മഴ നൽകുന്നു.

കിഴക്കൻ തീരസമതലങ്ങളിൽ വടക്കുതിഴക്കേ മൺസൂൺ കാറ്റ് സ്വാധീനിക്കുന്നു. ഈ സീസണിൽ ഇവിടെ മഴ ലഭിക്കുന്നു.

13. എ - മഹാനദി

ബി - കൃഷ്ണാനദി

സി) - നർമ്മദാ നദി

14.

| ഹിമാലയൻ നദികളുടെ പോഷകനദികൾ | ഉപദ്വീപിയൻ നദികളുടെ പോഷകനദികൾ |
|---|---|
| നിസ്ത | ഇബ് |
| മാനസ് | തുംഗഭദ്ര |
| ബിയാസ് | കബനി |
| ചിനാബ് | ആഗർ |

15.

| എ | ബി | സി |
|---|---|---|
| ശൈത്യകാലം | പശ്ചിമ അസ്വസ്ഥത | പഞ്ചാബിൽ ശൈത്യകാല മഴ |
| ഉഷ്ണകാലം | മാംഗോഷവർ | കാൽ ബൈശാഖി |
| വടക്കുകിഴക്കൻ മൺസൂൺ കാലം | മൺസൂണിന്റെ പിൻവാങ്ങൽ | ഒക്ടോബർ ചൂട് |

16. പാഠപുസ്തകം പേജ് 72 ലെ പട്ടികയിലെ ഏതെങ്കിലും നാലെണ്ണം.

17. എ) ബ്രഹ്മപുത്ര, ബി) ഗംഗ

ഗംഗ, ബ്രഹ്മപുത്ര എന്നിവയുടെ രണ്ടു വീതം സവിശേഷതകൾ എഴുതണം.

18. ശൈത്യകാലം - സവിശേഷതകൾ വിവരിക്കുക.

ഉഷ്ണകാലം - സവിശേഷതകൾ വിവരിക്കുക.

തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം - സവിശേഷതകൾ വിവരിക്കുക.

വടക്കുകിഴക്കൻ മൺസൂൺ കാലം - വിവരിക്കുക.

## യൂണിറ്റ് - 5

# ഇന്ത്യ- സാമ്പത്തികഭൂമിശാസ്ത്രം

**ആമുഖം**

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തികവളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നത് അവിടുത്തെ വിഭവ ലഭ്യതയാണ്.വൈവിധ്യമാർന്ന വിഭവങ്ങളാൽ സമ്പന്നമാണ് ഇന്ത്യ. വിവിധ കാർഷിക മേഖലകൾ,കാർഷികകാലങ്ങൾ, കാർഷികവിളകൾ, വ്യവസായങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ എന്നിവ എങ്ങനെയാണ് ഇന്ത്യയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സഹായകമായത് എന്നതാണ് ഈ പാഠഭാഗത്ത് പ്രതിപാദിക്കുന്നത്.

**ആശയങ്ങൾ**

1. **കൃഷി :-** ഇന്ത്യ ഒരു കാർഷികരാജ്യമാണ്. വൈവിധ്യമാർന്ന വിളകളാണ് ഇന്ത്യയിൽ കൃഷിചെയ്യുന്നത്. എന്നാൽ എല്ലാവിളകളും എല്ലാകാലങ്ങളിലും കൃഷിചെയ്യാൻ സാധിക്കുന്നില്ല. ഖാരിഫ്, റാബി, സൈദ് എന്നിവയാണ് ഇന്ത്യയിലെ പ്രധാന കാർഷികകാലങ്ങൾ. ഭക്ഷ്യ വിളകൾ, നാണ്യവിളകൾ, തോട്ടവിളകൾ എന്നിവയാണ് ഇന്ത്യയിലെ പ്രധാന കാർഷികവിളകൾ. നെല്ല്, ഗോതമ്പ്, ചോളം എന്നിവയാണ് പ്രധാന ഭക്ഷ്യവിളകൾ. പരുത്തി, ചണം, കരിമ്പ് എന്നിവയാണ് പ്രധാന നാണ്യവിളകൾ. തേയില, കാപ്പി, റബ്ബർ എന്നിവയാണ് പ്രധാന തോട്ടവിളകൾ.

2. **വ്യവസായം :-** കൃഷിഅധിഷ്ഠിതവ്യവസായങ്ങൾ, ധാതുഅധിഷ്ഠിതവ്യവസായങ്ങൾ എന്നിവയാണ് ഇന്ത്യയിലെ പ്രധാന വ്യവസായങ്ങൾ. അസംസ്കൃത വസ്തുക്കൾ, ജലലഭ്യത, ധാതുക്കളുടെ ലഭ്യത, ഗതാഗതസൗകര്യങ്ങൾ, തുറമുഖസാമിപ്യം, കൃഷിയുടെ കേന്ദ്രീകരണം എന്നിവയാണ് ഈ വ്യവസായങ്ങൾ ചില പ്രത്യേകമേഖലകൾ കേന്ദ്രീകരിക്കാൻ കാരണം. വനവിഭവാധിഷ്ഠിത വ്യവസായം, രാസവ്യവസായം, തുണിവ്യവസായം, തുകൽ, ഇലക്ട്രോണിക്, കമ്പ്യൂട്ടർ എന്നീ വ്യവസായങ്ങളും ഇന്ത്യയിൽ വികാസം നേടിയിട്ടുണ്ട്.

3. **ഗതാഗതം :-** റോഡ് ഗതാഗതം, റെയിൽഗതാഗതം, ജലഗതാഗതം, വ്യോമഗതാഗതം എന്നിവയാണ് ഇന്ത്യയിലെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ. വിവിധതരം റോഡുകൾ- ദേശീയപാതകൾ, സംസ്ഥാനപാതകൾ, ജില്ലാറോഡുകൾ, ഗ്രാമീണറോഡുകൾ, ഇന്ത്യൻ റെയിൽവേയുടെ 16 മേഖലകൾ, അവയുടെ ആസ്ഥാനങ്ങൾ പ്രധാന ജലഗതാഗതമാർഗ്ഗങ്ങൾ, 12 പ്രധാന തുറമുഖങ്ങൾ-വ്യോമഗതാഗതം-അന്താരാഷ്ട്ര വിമാനത്താവളങ്ങൾ- പൊതുമേഖല എയർലൈനുകൾ- എയർഇന്ത്യ, ഇന്ത്യൻ എയർലൈൻസ്.

## ചോദ്യങ്ങൾ

1. ചുവടെ കൊടുത്തിട്ടുള്ള ഭൂമിശാസ്ത്ര ഘടകങ്ങൾ ഏതെല്ലാം വിളകളുടേതാണെന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക. (3)

| | താപനില | വർഷപാതം |
|---|---|---|
| a. | ശരാശരി താപനില $24^0C$ | 50-70 cm |
| b. | വിളവിറക്കുന്ന സമയത്ത് $10^0C$<br>വിളവെടുപ്പ് സമയത്ത് $15^0C$-$20^0C$ | 75 cm |
| c. | ഉഷ്ണകാലത്ത് $20^0C$-$25^0C$<br>ശൈത്യകാലത്ത് $8^0C$-$15^0C$ | 150 cm |

2. കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ നെൽകൃഷിയെ അപേക്ഷിച്ച് ഗോതമ്പ്കൃഷിക്കുള്ള പ്രത്യേകതകൾ എന്തെല്ലാമാണ്? (2)

3. ചുവടെ കൊടുത്തിട്ടുള്ള വിളകളെ ഭക്ഷ്യവിളകൾ, നാണ്യവിളകൾ, തോട്ടവിളകൾ എന്നിങ്ങനെ വർഗ്ഗീകരിക്കുക

   തേയില - ചണം - നെല്ല് - ഗോതമ്പ് - റബ്ബർ - കരിമ്പ് (3)

4. ഖാരിഫ്, റാബി കാർഷികകാലങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്? (2)

5. പരുത്തി, ചണം എന്നീ നാണ്യവിളകൾക്കാവശ്യമായ ഭൂമിശാസ്ത്രഘടകങ്ങൾ എന്തെല്ലാമാണ്? (2)

6. തോട്ടവിളകളായ തേയില, കാപ്പി എന്നിവയ്ക്കാവശ്യമായ ഭൂമിശാസ്ത്രഘടകങ്ങൾ ഏതെല്ലാമാണ്? (2)

7. പഞ്ചസാരമില്ലുകൾ കൂടുതലും കരിമ്പ് കൃഷിചെയ്യുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. എന്തായിരിക്കും ഇതിനുള്ള കാരണം? കരിമ്പ് കൃഷിയ്ക്ക് വേണ്ട അനുയോജ്യഘടകങ്ങൾ എന്തെല്ലാമാണ്? (3)

8. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പലതും ഉത്തരമഹാസമതലങ്ങൾ കേന്ദ്രീകരിച്ചും, ധാതു അധിഷ്ഠിത വ്യവസായങ്ങൾ ഉപദ്വീപീയ പീഠഭൂമി കേന്ദ്രീകരിച്ചുമാണ് കാണപ്പെടുന്നത്. എന്തായിരിക്കും ഇതിന്റെ കാരണങ്ങൾ? (4)

9. ധാതുഅധിഷ്ഠിതവ്യവസായങ്ങളും, കാർഷികാധിഷ്ഠിത വ്യവസായങ്ങളും കൂടാതെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും 4 വ്യവസായങ്ങളുടെ പേരെഴുതുക. (2)

10. ഇന്ത്യയിൽ റോഡ്ശൃംഖല കൂടുതലായി കാണപ്പെടുന്നത് ഏത് ഭൂപ്രകൃതിവിഭാഗങ്ങളിലാണ്? എന്തായിരിക്കും ഇതിന് കാരണം? (2)

11. റെയിൽ, റോഡ് ഗതാഗതത്തെ അപേക്ഷിച്ച് ഉൾനാടൻ ജലഗതാഗതത്തിനുള്ള മേന്മകൾ എന്തെല്ലാമാണ്? (3)

12. ഇന്ത്യയിൽ 12 പ്രധാന തുറമുഖങ്ങളാണുള്ളത്. അവയിൽ പൂർവ്വതീരത്തുള്ളതും, പശ്ചിമതീരത്തുള്ളതും ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തുക. (6)

13. ഭൂപ്രകൃതി ഇന്ത്യയുടെ വ്യോമഗതാഗതത്തെ എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു? ഇന്ത്യയിലെ ആഭ്യന്തര വ്യോമഗതാഗതത്തെ അടിസ്ഥാനമാക്കി ഉത്തരമെഴുതുക. (2)

14. A-കോളത്തിലെ വിവരങ്ങൾക്കനുസരിച്ച് B-കോളത്തിലുള്ള വിവരങ്ങൾ ക്രമപ്പെടുത്തുക.

| A | B |
|---|---|
| ടാറ്റാ ഇരുമ്പുരുക്ക്ശാല | കുൾട്ടി |
| വിശ്വേശരയ്യ ഇരുമ്പുരുക്ക്ശാല | ഭിലായ് |
| ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് | ഭദ്രാവതി |
| ഇന്ത്യൻ അയൺ & സ്റ്റീൽ കമ്പനി | ജംഷഡ്പൂർ |

(4)

15. ഇന്ത്യയിൽ ഉൾനാടൻ ജലഗതാഗതത്തിന് അനുകൂലമായ നിരവധി സാധ്യതകൾ ഉണ്ട്. അവ ഏതൊക്കെയാണ്? (4)

16. ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ രേഖപ്പെടുത്തുക. (4)

കാണ്ട്ല തുറമുഖം, റൂർക്കേല ഇരുമ്പുരുക്ക്ശാല, ഉത്തരമധ്യറെയിൽവേയുടെ ആസ്ഥാനം, കൃഷ്ണ നദി

17. 'ഇന്ത്യയിലെ ജനജീവിതത്തിൽ ഗതാഗതമാർഗ്ഗങ്ങൾ ചെലുത്തുന്ന സ്വാധീനം' എന്ന വിഷയത്തിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക. (6)

## ഉത്തരസൂചിക

1. നെല്ല് : താപനില $24^0$ C
വർഷപാതം 150 cm

ഗോതമ്പ് : താപനില : വിളവിറക്കുമ്പോൾ $10^0$C
വിളവെടുക്കുമ്പോൾ $15^0$C - $20^0$C
വർഷപാതം : 50 - 70 cm

ചോളം : താപനില : ഉഷ്ണകാലത്ത് $20^0$C - $25^0$C
ശൈത്യകാലത്ത് $8^0$C - $15^0$C
വർഷപാതം : 75 cm (3)

2. നെൽകൃഷിയ്ക്കാവശ്യമായ ഞാറ്പറിച്ചുനടൽ, വെള്ളം തേകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആവശ്യമില്ലാത്തതിനാൽ കൃഷി തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറവ് മതി.(2)

3. ഭക്ഷ്യവിളകൾ : നെല്ല്, ഗോതമ്പ് (3)
നാണ്യവിളകൾ : പരുത്തി, ചണം
തോട്ടവിള : തേയില, റബ്ബർ

4. ഖാരിഫ് : മൺസൂണിന്റെ ആരംഭത്തിൽ കൃഷിയിറക്കും (2)
മൺസൂണിന്റെ അവസാനത്തോടെ വിളവെടുക്കും

റാബി : ശൈത്യകാലത്തിന്റെ ആരംഭത്തിൽ കൃഷിയിറക്കും
വേനലിന്റെ ആരംഭത്തിൽ വിളവെടുക്കും

5. പരുത്തി : താപനില - $20^0$C മുതൽ $30^0$C വരെ (2)
മഞ്ഞുവീഴ്ചയില്ലാത്ത 200 ദിവസങ്ങൾ

ചണം : താപനില - $24^0$C മുതൽ $35^0$C വരെ (2)
വർഷപാതം - 150 cm ൽ അധികം

6. തേയില : താപനില - $25^0$C മുതൽ $30^0$C വരെ (2)
വർഷപാതം - 200 മുതൽ 250 cm വരെ

കാപ്പി : താപനില - $15^0$C മുതൽ $25^0$C വരെ (2)
വർഷപാതം - 150 cm ൽ അധികം

7. കരിമ്പിൻതണ്ട് വിളവെടുത്താൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിന്റെ നീരെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ നീരിന്റെ അളവും, നീരിലെ സുക്രോസിന്റെ അളവും കുറയും.

ചൂടുള്ള ആർദ്രകാലാവസ്ഥ. താപനില $20^0C$ മുതൽ $30^0C$ വരെ. വാർഷിക വർഷപാതം 100 മുതൽ 150 cm വരെ (3)

8. കൃഷി അധിഷ്ഠിതവ്യവസായങ്ങൾ ഉത്തരേന്ത്യൻ സമതലങ്ങൾ കേന്ദ്രീകരിക്കാൻ കാരണം -- അസംസ്കൃതവസ്തുക്കളുടെ ലഭ്യത, നദീസാമീപ്യം, ഫലപുഷ്ടിയുള്ള മണ്ണ്, അനുകൂലമായ കാലാവസ്ഥ. ധാതുഅധിഷ്ഠിതവ്യവസായങ്ങൾ ഉപദ്വീപീയ പീഠഭൂമി കേന്ദ്രീകരിക്കാൻ കാരണം -- ധാതുസമ്പത്ത്, അസംസ്കൃതവസ്തുക്കൾ, ജലലഭ്യത. (4)

9. വനവിഭവാധിഷ്ഠിതവ്യവസായം, രാസവ്യസായം, തുണിവ്യവസായം, തുകൽവ്യവസായം, കമ്പ്യൂട്ടർവ്യവസായം, ഇലക്ട്രോണിക് വ്യവസായം (ഇവയിൽ ഏതെങ്കിലും 4 എണ്ണം) (2)

10. ഉത്തരമഹാസമതലങ്ങൾ, തീരസമതലങ്ങൾ, ഉപദ്വീപീയപീഠഭൂമി എന്നിവിടങ്ങളിലാണ് റോഡ്ശൃംഖല കൂടുതൽ. ഇത്തരം ഭൂപ്രദേശങ്ങൾ റോഡ്നിർമ്മാണത്തിനും, വികസനത്തിനും അനുയോജ്യമാണ്. (2)

11. ജലപാതകളുടെ നിർമ്മാണ-പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ചെലവ് കുറവാണ്. വായുമലിനീകരണം, ശബ്ദമലിനീകരണം എന്നിവ കുറവാണ്. വൻതോതിൽ ചരക്ക്നീക്കത്തിന് സഹായകം. (3)

12. (6)

| പശ്ചിമതീരം | പൂർവ്വതീരം |
|---|---|
| കണ്ട്ല | തൂത്തുക്കുടി |
| മുംബൈ | ചെന്നൈ |
| മർമ്മഗോവ | എന്നോർ |
| മംഗലാപുരം | വിശാഖപട്ടണം |
| കൊച്ചി | പാരദ്വീപ്, ഹാൽഡിയ, കൊൽക്കത്ത |

13. റോഡ്-റെയിൽവേ നിർമ്മാണത്തിന് പ്രയാസമേറിയ ഉത്തര-പൂർവ്വമേഖലകളിൽ സാധ്യമായ ഗതാഗതമാർഗ്ഗം വ്യോമഗതാഗതമാണ്.
(2)

14. (4)

| A | B |
|---|---|
| ടാറ്റാ ഇരുമ്പുരുക്ക്ശാല | ജംഷഡ്പൂർ |
| വിശ്വേശരയ്യ ഇരുമ്പുരുക്ക്ശാല | ഭദ്രാവതി |
| ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് | ഭിലായ് |
| ഇന്ത്യൻ അയൺ & സ്റ്റീൽ കമ്പനി | കുൾട്ടി |

15. നദികൾ- ഗംഗ, ബ്രഹ്മപുത്ര, മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി ഇവയുടെ പോഷകനദികൾ, കേരളത്തിലെ കായലുകൾ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിലെ ബക്കിംഗ്ഹാം കനാലുകൾ. (3)

16. ശരിയായ രീതിയിൽ ചുവടെ കൊടുത്തിട്ടുള്ള വസ്തുതകൾ രേഖപ്പെടുത്തുന്നതിന്(4)

(a). കാണ്ട്ല, (b). റൂർക്കേല, (c). അലഹബാദ്, (d). കൃഷ്ണ

17. ഇന്ത്യയിലെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ - റോഡുകൾ, റെയിൽവേ, ജലഗതാഗതം, വ്യോമഗതാഗതം ഇവ ഓരോന്നും വിശദീകരിച്ച് അവ ജനജീവിതത്തിൽ സ്വാധീനിക്കുന്നത് എങ്ങനെയെന്ന് സമർത്ഥിക്കുക. (6)

## യൂണിറ്റ് - 6

# ഇന്ത്യ- മാനവികഭൂമിശാസ്ത്രം

**ആമുഖം**

ഇന്ത്യയിൽ എല്ലായിടത്തും ജനസംഖ്യാവിതരണം ഒരുപോലെയല്ല. ഇതിന് നിരവധി കാരണങ്ങളുണ്ട്, മനുഷ്യന്റെ സ്ഥിരതാമസം വാസസ്ഥലങ്ങളുടെ രൂപീകരണത്തിന് കാരണമായി. വാസസ്ഥലങ്ങളുടെ രൂപീകരണത്തിന് ചില ഭൂമിശാസ്ത്രഘടകങ്ങൾ സ്വാധീനിക്കുന്നതായി കാണാം. ഒരു പ്രദേശത്തിന്റെ ജനസംഖ്യാഘടനയിൽ മാറ്റം വരുത്തുന്നതിൽ കുടിയേറ്റക്കാർക്ക് പങ്കുണ്ട്, കുടിയേറ്റങ്ങളിൽ കാണുന്ന വൈവിധ്യം, അവ ഉണ്ടാക്കുന്ന ഗുണദോഷങ്ങൾ എന്നിവ വിശകലവിധേയമാക്കി ധാരണകൾ രൂപപ്പെടുത്തുക എന്നിവയാണ് ഈ യൂണിറ്റിലൂടെ പ്രതിപാദിക്കുന്നത്.

**ആശയങ്ങൾ**

1. രാജ്യത്ത് നിശ്ചിതകാലം താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസംഖ്യ.
2. ജനസംഖ്യ ഒരു മാനവവിഭവമാണ്.
3. ജനസംഖ്യാവിതരണത്തിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു.
4. പ്രകൃതിവിഭവങ്ങളെ വികസിപ്പിച്ച് രാഷ്ട്രപുരോഗതിക്ക് ഉപയോഗപ്പെടുത്താൻ മാനവവിഭവം അനിവാര്യമാണ്.
5. ഒരു രാജ്യത്തെ ജനസംഖ്യാഘടനയെ സ്വാധീനിക്കുന്ന ഘടകമാണ് കുടിയേറ്റം.
6. കുടിയേറ്റം നിരവധി ഗുണഫലങ്ങളും, ദോഷഫലങ്ങളും സൃഷ്ടിക്കുന്നു.
7. വാസസ്ഥലങ്ങളെ ഗ്രാമീണവാസസ്ഥലങ്ങൾ, നഗരവാസസ്ഥലങ്ങൾ എന്നിങ്ങനെ തിരിക്കാവുന്നതാണ്.
8. ആകൃതി, വലുപ്പം എന്നിവയുടെ അടിസ്ഥാനത്തിലും വാസസ്ഥലങ്ങളെ തിരിക്കാവുന്നതാണ്.

**ജനസംഖ്യാ നിഘണ്ടു**

**ജനസംഖ്യ** : ഒരു രാജ്യത്ത് നിശ്ചിതകാലത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ജനസംഖ്യ.

**ജനസാന്ദ്രത** : ജനസംഖ്യയും, സ്ഥലവിസ്തൃതിയും തമ്മിലുള്ള അനുപാതമാണ് ജനസാന്ദ്രത. അതായത് ഒരു ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്നുപറയുന്നത്.

**ജനസംഖ്യാവളർച്ച** : ഒരു പ്രത്യേക സ്ഥലത്തെ ജനസംഖ്യയിൽ നിശ്ചിതകാലയളവിനിടയിൽ ഉണ്ടാകുന്ന വർദ്ധനവിനെയാണ് ജനസംഖ്യാവളർച്ച എന്നുപറയുന്നത്.

**സ്ത്രീ-പുരുഷാനുപാതം** : ആകെ ജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീപുരുഷാനുപാതം.

**പ്രായഘടന** : നവജാതശിശുക്കൾ മുതൽ വൃദ്ധൻമാർ വരെ അടങ്ങുന്ന വിവിധ പ്രായക്കാരെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയുമായി താരതമ്യം ചെയ്യുന്നതാണ് പ്രായഘടന എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

**പങ്കാളിത്തനിരക്ക്** : ആകെ ജനസംഖ്യയിൽ തൊഴിലെടുക്കുന്നവരുടെ വിഹിതമാണ് പങ്കാളിത്തനിരക്ക്.

**ആശ്രയത്വനിരക്ക്** : ആകെ ജനസംഖ്യയിൽ തൊഴിൽ ചെയ്യുന്നവരെ ആശ്രയിച്ച് ജീവിക്കുന്നവരുടെ അനുപാതമാണിത്.

**സാക്ഷരതാനിരക്ക്** : അർത്ഥം മനസ്സിലാക്കി എഴുതുവാനും വായിക്കാനുമുള്ള കഴിവിനെയാണ് സാക്ഷരത എന്നുപറയുന്നത്. ആകെ ജനസംഖ്യയിൽ സാക്ഷരരായവരുടെ അനുപാതമാണ് സാക്ഷരതാനിരക്ക്.

**ആയുർദൈർഘ്യം** : ഒരു രാജ്യത്തെ ജനങ്ങൾ എത്രവയസ്സുവരെ ജീവിക്കുന്നുവെന്ന ശരാശരി കണക്കിനെയാണ് ആയുർദൈർഘ്യം എന്നുപറയുന്നത്.

## ചോദ്യങ്ങൾ

1. ജനസംഖ്യാ വിശകലനം ഒരു രാജ്യത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. എന്താണ് ജനസംഖ്യാവിശകലനത്തിന്റെ ആവശ്യകത ? (3)
2. ഉത്തരമഹാസമതലങ്ങളിൽ ജനസാന്ദ്രത കൂടുതലാണ്. എന്തായിരിക്കും ഇതിന്റെ കാരണങ്ങൾ ? (2)
3. ജനസംഖ്യാവർദ്ധനവ് ഒരു രാജ്യത്ത് എന്തെല്ലാം സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്?. (2)
4. "കുടിയേറ്റം ഒരു രാജ്യത്തിന്റെ സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തികമേഖലകളിൽ മാറ്റങ്ങൾ വരുത്തുന്നു". നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക. (3)
5. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റമാണ് നമ്മുടെ രാജ്യത്ത് വ്യാപകമായി കാണുന്നത്. മറ്റേതൊക്കെത്തരം കുടിയേറ്റങ്ങളാണ് രാജ്യത്ത് നടക്കുന്നത്? (3)
6. കുടിയേറ്റം ഒരു പ്രദേശത്തിന്റെ ജനസംഖ്യാഘടനയെ മാറ്റം വരുത്താറുണ്ടോ. നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക. (3)
7. ചുവടെ നൽകിയിട്ടുള്ളവ കുടിയേറ്റങ്ങൾക്ക് കാരണമാകുന്ന ചില ഘടകങ്ങളാണ്. അവയെ തരംതിരിച്ച് തന്നിട്ടുള്ള പട്ടികയിലെഴുതുക.

   ദാരിദ്ര്യം, വിവാഹം, യുദ്ധം, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ, തൊഴിലില്ലായ്മ.

| നിർബന്ധിതഘടകങ്ങൾ | ആകർഷിതഘടകങ്ങൾ |
|---|---|
| | |

(3)

8. എല്ലാ പ്രദേശങ്ങളിലും വാസസ്ഥലങ്ങൾ രൂപപ്പെടാറില്ല. എന്തുകൊണ്ട്? (2)
9. ഒരു ഉയർന്ന പ്രദേശത്തുനിന്ന് വാസസ്ഥലങ്ങളുടെ കൂട്ടത്തെ വീക്ഷിച്ചാൽ ചില രൂപമാതൃകകൾ കാണാൻ കഴിയില്ലേ? നിങ്ങൾക്കറിയാവുന്ന അത്തരത്തിലുള്ള ഏതെങ്കിലും മൂന്ന് മാതൃകകൾ കണ്ടെത്തി വിശദീകരിക്കുക. (3)

10. സേവനങ്ങളെ അടിസ്ഥാനമാക്കി താഴെ കൊടുത്തിരിക്കുന്ന നഗരങ്ങളെ പട്ടികപ്പെടുത്തുക.


അമൃതസർ, മുസ്സോറി, ഭിലായ്, ശ്രീനഗർ, മധുര, ഊട്ടി, ഡൽഹി, ജംഷഡ്പൂർ. (4)

11. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റം നഗരങ്ങളെ ജനസംഖ്യാവിസ്ഫോടനത്തിലേക്കാണ് നയിക്കുന്നത്. ഇവ എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്? (3)

12. ഇന്ത്യയിൽ നഗരങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്നത് ചില മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്. അവ എന്തെല്ലാമാണ്? (4)

13. ഗ്രാമീണവാസസ്ഥലങ്ങളും നഗരവാസസ്ഥലങ്ങളും തമ്മിലുള്ള വ്യത്യാസമെന്തൊക്കെയാണ് ? (4)

14. ചുവടെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തീകരിക്കുക.




(3)

## ഉത്തരസൂചിക

1. ഉല്പാദനത്തിന് ആവശ്യമായ മാനവശേഷിയുടെ ലഭ്യത അറിയാൻ. (3)

അടിസ്ഥാന സൗകര്യങ്ങൾ, ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ ആവശ്യം തിട്ടപ്പെടുത്താൻ. രാജ്യത്തിന്റെ ജനസംഖ്യാപ്രശ്നങ്ങൾ തിരിച്ചറിയാനും, പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുവാനും.

2. ഫലപുഷ്ടിയുള്ള മണ്ണ്, ജലലഭ്യത. (2)

3. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, അന്തരീക്ഷമലിനീകരണം. (2)

4. ഒരു സ്ഥലത്തെ ജനങ്ങളുടെ ജീവിതരീതിയ സ്വാധീനിക്കുന്ന സാമൂഹ്യ ചുറ്റുപാടുകൾ, സാംസ്ക്കാരിക വിനിമയം, സാമ്പത്തിക പുരോഗതി, മാലിന്യപ്രശ്നം, സ്ഥലപരിമിതി (ഏതെങ്കിലും 3 എണ്ണം) (3)

5. ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക്, നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക്, നഗരങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക്. (3)

6. കുടിയേറ്റത്തിന്റെ ഫലമായി രണ്ടുസ്ഥലങ്ങളിലേയും ജനസംഖ്യ പുനർവിതരണത്തിന് വിധേയമാകുന്നു. ആളുകൾ ഏത് മേഖലയിൽ നിന്ന് പോകുന്നുവോ അവിടെ ജനസംഖ്യ കുറയുന്നു. ആളുകൾ വന്നുചേരുന്ന പ്രദേശങ്ങളിൽ ജനസംഖ്യ കൂടുന്നു.

7. നിർബന്ധിതഘടകങ്ങൾ : ദാരിദ്ര്യം, യുദ്ധം, തൊഴിലില്ലായ്മ (3)

ആകർഷകഘടകങ്ങൾ : വിവാഹം, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ.

8. വാസസ്ഥലങ്ങളുടെ രൂപപ്പെടലിന് ചില അനുകൂലഘടകങ്ങൾ ആവശ്യമാണ്. ഭൂപ്രകൃതി, ജലലഭ്യത, മണ്ണിന്റെ ഫലപുഷ്ടി, ഗതാഗതസൗകര്യങ്ങൾ, കാലാവസ്ഥ. (2)

9. രേഖീയമാതൃക : റോഡുകൾക്കോ, നദികൾക്കോ സമാന്തരമായി കെട്ടിടങ്ങൾ രൂപംകൊള്ളുമ്പോൾ. (3)

വൃത്താകാരമാതൃക : ഒരു ജലാശയത്തിനോ, ആരാധനാലയത്തിനോ ചുറ്റും കെട്ടിടങ്ങൾ രൂപംകൊള്ളുമ്പോൾ.

ത്രികോണമാതൃക : റോഡുകൾ, റെയിലുകൾ, നദികൾ ഇവ പരസ്പരം ഖണ്ഡിക്കുന്ന സ്ഥലത്ത്.

10. ഭരണനഗരം : ഡൽഹി, ശ്രീനഗർ

വ്യവസായനഗരം : ഭിലായ്, ജംഷഡ്പൂർ

സാംസ്കാരികനഗരം : മധുര, അമൃത്സർ

സുഖവാസനഗരം : ഊട്ടി, മസ്സൂറി

11. ട്രാഫിക് തടസ്സങ്ങൾ, ചേരികൾ, പരിസരമലിനീകരണം, ഭവനരഹിതരുടെ പ്രശ്നങ്ങൾ, ജലക്ഷാമം, പകർച്ചവ്യാധികൾ. (3)

12. 1. 5000-ൽ അധികംപേർ താമസിക്കുന്ന നഗരങ്ങൾ (4)

2. 75%-ൽ അധികംപേർ കാർഷികേതരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ

3. ചതുരശ്ര കീലോമീറ്ററിൽ 400-ൽ അധികം ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ

4. മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ, കന്റോൺമെന്റുകൾ.

13. ഗ്രാമീണവാസസ്ഥലങ്ങൾ : കൃഷിയും പ്രവർത്തനങ്ങളുമാണ് ഗ്രാമീണരുടെ പ്രധാന തൊഴിൽമേഖല. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു. (4)

നഗരവാസസ്ഥലങ്ങൾ : പാർപ്പിടങ്ങൾ അടുത്തടുത്തായി പണിയുകയും, ജനങ്ങൾ കാർഷികേതര തൊഴിൽമേഖലകളിൽ ശ്രദ്ധചെലുത്തുകയും ചെയ്യുന്നു. വാണിജ്യവ്യവസായങ്ങളും, വ്യത്യസ്തങ്ങളായ സേവനമേഖലകളുമാണ് നഗരങ്ങളുടെ മുഖമുദ്ര.

14.

പട്ടണം
↓
ന ം (3)
↓
മെട്രോപേ റ്റൻ നഗരം
↓
മെഗാ േ പാളിസ്

## യൂണിറ്റ് - 7

# ഭൂമിശാസ്ത്രം - ഒരൊറ്റഭൂമി

**ആമുഖം**

വളരെ അപൂർവ്വതകളുള്ള ഗ്രഹമാണ് നാം അധിവസിക്കുന്ന ഭൂമി. ഭൂമിയിൽ മാത്രമേ ജൈവ മണ്ഡലം കാണപ്പെടുന്നുള്ളൂ. വിവിധതരം സസ്യജന്തുജാലങ്ങൾ ഉൾപ്പെടുന്ന ജൈവസൂമഹവും അവയുടെ നിലനില്പിനാവശ്യമായ ജൈവ അജൈവഘടകങ്ങളും കൂടിച്ചേർന്നതാണ് ജൈവമ ണ്ഡലം. ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവ ഉൾപ്പെടുന്ന അജൈവ അവ സ്ഥയിലുള്ള ഭൂമിയാണ് ഭൗമമണ്ഡലം. ഭൂമിയിലെ വിവിധ മണ്ഡലങ്ങൾ, അവയുടെ സവിശേ ഷതകൾ, അവ പ്രകൃതിയിൽ ചെലുത്തുന്ന സ്വാധീനങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ പഠനവിഷയമാക്കിയിരിക്കുന്നത്.

**ആശയങ്ങൾ/വസ്തുതകൾ**

* **ജൈവമണ്ഡലം :-** ഭൂമിയിലെ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥകൾ ചേർന്നതാണ് ജൈവ മണ്ഡലം.
* **ബയോമുകൾ :-** ജൈവമണ്ഡലത്തിലെ ഓരോ ആവാസവ്യവസ്ഥയിലും ബയോമുകളാണ്.
* **പ്രധാന ബയോമുകൾ :-** വനങ്ങൾ, മരുഭൂമികൾ, പുൽമേടുകൾ, ജലാശയങ്ങൾ, ഉന്നത തടങ്ങൾ
* **ഭൗമമണ്ഡലം :-** അജൈവ അവസ്ഥയിലുള്ള ഭൂമിയെ ഭൗമമണ്ഡലം എന്നുവിളിക്കുന്നു.
* **ഘടകങ്ങൾ**
* **ജലമണ്ഡലം :-** ഭൗമോപരിതലത്തിലെ സമുദ്രങ്ങൾ, തടാകങ്ങൾ, നദികൾ, ഹിമാനികൾ എന്നിങ്ങനെയുള്ള ജലസ്രോതസ്സുകൾ ഉൾപ്പെടുന്നു.
* **വായുമണ്ഡലം :-** ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന വാതകപിണ്ഡമാണ് വായുമണ്ഡലം അഥവാ അന്തരീക്ഷം.
* **ശിലാമണ്ഡലം :-** ഭൂവല്ക്കം മുതൽ മാന്റിൽ വരെയുള്ള ഭാഗമാണ് ശിലാമണ്ഡലം.


## ചോദ്യങ്ങൾ

1. ചുവടെ നല്കിയിട്ടുള്ളത് ചില ബയോമുകളുടെ ഉപഗ്രൂപ്പുകളാണ്. അവ ഓരോന്നും ഏതേതു ബയോമുകളിൽ ഉൾപ്പെടുന്നുവെന്ന് കണ്ടെത്തി എഴുതുക.

   * ഉഷ്ണമേഖലാ സാമന്ത * സമുദ്രങ്ങൾ * ഇലപൊഴിയും കാടുകൾ * ശൈത്യമരുഭൂമികൾ

   (4)

2. പദസൂര്യൻ പൂർത്തിയാക്കുക.




(4)

3. പവിഴപ്പുറ്റുകളെക്കുറിച്ചുള്ള സമകാലികപഠനം അവയുടെ നാശത്തിനെക്കുറിച്ച് വളരെ ഭയാനകമായ വസ്തുതകളാണ് വെളിപ്പെടുത്തുന്നത്. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവിലുണ്ടാകുന്ന വർദ്ധനവ് അതിന് വഴിതെളിക്കുന്നുണ്ടോ?. നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുക. (3)

4. വ്യാവസായികപുരോഗതി കൈവരിച്ച ചൈനയിലെ ഷാങ്ഹായ് നഗരത്തിൽ വാഹനഗതാഗതം ക്രമീകരിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരമൊരു തീരുമാനമെടുക്കാൻ അവരെ പ്രേരിപ്പിച്ച വസ്തുതകൾ വിശദീകരിച്ച് കുറിപ്പെഴുതുക. (3)

5. "പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ" എന്ന സെമിനാറിൽ നിങ്ങൾക്ക് ഉൾപ്പെടുത്താൻ കഴിയുന്ന നാല് വസ്തുതകൾ എഴുതുക. (4)

6. 'ആഗോളതാപനംമൂലം സമുദ്രജല ഊഷ്മാവ് വർദ്ധിക്കുന്നു'. സമുദ്രജല ഊഷ്മാവ് വർദ്ധിക്കുന്നതിന്റെ പരിണിതഫലങ്ങൾ വിശദീകരിച്ച് കുറിപ്പെഴുതുക. (3)

7. വ്യത്യാസം കുറിക്കുക.

   ● ബയോമുകൾ ● ജൈവമണ്ഡലം (2)

8. പരിസ്ഥിതിക്ക് പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മനുഷ്യന്റെ പ്രവൃത്തികൾക്കുദാഹരണമാണ് ജലസംഭരണികളുടെ നിർമ്മാണം - പ്രസ്താവനയെ സാധൂകരിച്ച് കുറിപ്പെഴുതുക.(5)

9. പരിസ്ഥിതി സംരക്ഷണത്തിനും സംതുലിതാവസ്ഥയ്ക്കും വിഘാടകർ (സൂക്ഷ്മജീവികൾ) വഹിക്കുന്ന പങ്ക് എന്തെന്ന് വ്യക്തമാക്കുക. (2)

10. രാസവ്യവസായങ്ങൾ ആരംഭിക്കുന്നതിനെതിരായി പരിസ്ഥിതിപ്രവർത്തകരുടെ നേതൃത്വത്തിൽ ജനരോഷം ഉയർന്ന സന്ദർഭങ്ങളുണ്ട്. എന്തായിരിക്കാം ഇതിനു കാരണം? (4)

11. അമ്ലമഴ ഉണ്ടാകുന്നതെങ്ങനെ? അമ്ലമഴ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാം?(4)

12. മനുഷ്യർ നടത്തുന്ന വികസനപ്രവർത്തനങ്ങൾ ആവാസവ്യവസ്ഥയ്ക്ക് ദോഷമായി ഭവിക്കാറുണ്ട്. രണ്ട് സന്ദർഭമെഴുതി ന്യായീകരിക്കുക. (3)

## ഉത്തരസൂചിക

1. ഉഷ്ണമേഖലാസാവന്ന - പുൽമേടുകൾ
   സമുദ്രങ്ങൾ - ജലാശയങ്ങൾ
   ഇലപൊഴിയുംകാടുകൾ - വനങ്ങൾ
   ശൈത്യമരുഭൂമികൾ - മരുഭൂമികൾ

2. ● മരുഭൂമികൾ ● പുൽമേടുകൾ ● ജലാശയങ്ങൾ ● ഉന്നതതടങ്ങൾ

3. ● കാർബൺ ഡൈ ഓക്സൈഡ് മഴവെള്ളവുമായി ചേർന്ന് കാർബോണിക് അമ്ലമായി മാറുന്നു.
   ● ഇത് സമുദ്രത്തിന്റെ അമ്ലത വർദ്ധിപ്പിക്കുന്നു.
   ● പവിഴപ്പുറ്റുകൾ ബ്ലീച്ചിംഗിനുവിധേയമായി ജീർണ്ണിക്കുകയും ദുർബലപ്പെടുകയും ചെയ്യുന്നു.

4. ● വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറത്തുവരുന്ന പുകയിൽ അടങ്ങിയിരിക്കുന്ന വാതകങ്ങൾ സൂര്യപ്രകാശത്താൽ രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നു.

● പുകപടലം മൂലമുണ്ടാകുന്ന മൂടൽമഞ്ഞായ സ്മോഗ് രൂപപ്പെടുന്നു.

● നഗരത്തിലെ വാഹനസഞ്ചാരത്തിനും ജനജീവിതത്തിനും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സ്മോഗ് മാരകമായ ശ്വാസരോഗങ്ങൾക്കും ഇടയാക്കുന്നു.

5. ● മൃതകോശങ്ങളുടെ വിഘടനത്തിനു തടസ്സം.
● മണ്ണിന്റെ ഘടനയിലെ മാറ്റത്തിനു കാരണം.
● നീരൊഴുക്കു തടയുന്നു. ● ഭൂഗർഭജലത്തിന്റെ നിരക്ക് കുറയുന്നു.

6. ● സമുദ്രജല പ്രവാഹങ്ങളുടെ സ്വഭാവം, ഒഴുക്ക് എന്നിവയ്ക്ക് മാറ്റമുണ്ടാകുന്നു.
● ആർട്ടിക്, അന്റാർട്ടിക്മേഖലയിലെ മഞ്ഞ് ഉരുകുന്നു.
● സമുദ്രജലനിരപ്പുയർന്ന് തീരപ്രദേശങ്ങളിലെ ആവാസവ്യവസ്ഥ തകരുന്നു.

7. ● ഒരു പ്രത്യേക സാഹചര്യത്തിൽ നിലകൊള്ളുന്ന ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയാണ് ബയോം.
● നിരവധി ബയോമുകൾ ചേർന്നതാണ് ജൈവമണ്ഡലം.

8. സ്വാഭാവിക നീരൊഴുക്കിന് തടസ്സം -----> എക്കൽമണ്ണ് ഡാമിൽ അടിയുന്നു -----> ജലസംഭരണശേഷി കുറയുന്നു.

● കൃഷിയെ ബാധിക്കുന്നു -----> രാസവളപ്രയോഗം -----> ആഗോളതാപനം -----> അമ്ലമഴ -----> അതിന്റെ പ്രത്യാഘാതങ്ങൾ.

9. ● നശിച്ചുപോകുന്ന ജീവജാലങ്ങളെ സൂക്ഷ്മജീവികൾ വിഘടിപ്പിച്ച് മണ്ണിന്റെ ഭാഗമാക്കുന്നു.

● ഭൂവല്ക്കത്തിലെ മൂലകങ്ങൾ കൊണ്ടു നിർമ്മിക്കപ്പെട്ട ജീവജാലങ്ങളുടെ കോശങ്ങൾ വീണ്ടും അജൈവലോകത്തിന്റെ ഭാഗമായി മാറുന്നു.

● ജൈവമണ്ഡലത്തിന്റെ സാന്നിദ്ധ്യംമൂലം പുതിയ വസ്തുക്കളോ ഭാരക്കൂടുതലോ ഉണ്ടാകുന്നില്ല.

10. ● വ്യവസായശാലയുടെ ദോഷവശങ്ങൾ :- ● കാർബൺ ഡൈയോക്സൈഡ് ● അമ്ലവൽക്കരണം സ്മോഗ് (വിശദീകരണം).

പ്രത്യാഘാതങ്ങൾ :- പോളിപ്സിന്റെ നാശം ● പവിഴപ്പുറ്റുകളുടെ ജീർണ്ണത..

11. ● വ്യവസായശാലകളിൽ നിന്നോ, അഗ്നിപർവ്വതസ്ഫോടനങ്ങളിൽ നിന്നോ അന്തരീക്ഷത്തിലെത്തുന്നു കാർബൺഡൈയോക്സൈഡ്, സൾഫർ ഡൈയോക്സൈഡ് എന്നിവ മഴവെള്ളത്തിൽ ലയിക്കുന്നു. ● മഴവെള്ളം അമ്ലമാകുന്നു. ● ഈ അമ്ലം മഴയായി പെയ്യുമ്പോൾ അമ്ലമഴ ഉണ്ടാകുന്നു. ● പവിഴപ്പുറ്റുകൾക്കും പോളിപ്സുകൾക്കും നാശം ● സമുദ്രമലിനീകരണം.

12. ● ജലസംഭരണികളുടെ നിർമ്മാണം - പ്രത്യാഘാതങ്ങൾ
● വ്യവസായശാലകളിൽ നിന്നും സൾഫർ ഡൈയോക്സൈഡ് - അമ്ലമഴ
● കാർബൺ ഡൈയോക്സൈഡിന്റെ അളവിൽ വർദ്ധനവ്.

### യൂണിറ്റ് - 8

# വികസനവും സമൂഹവും


## ആമുഖം

സാമ്പത്തികശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളായ സാമ്പത്തികവളർച്ച, സാമ്പത്തികവികസനം, സുസ്ഥിരവികസനം തുടങ്ങിയവയെക്കുറിച്ച് സമഗ്രമായ ധാരണ നേടുന്നതിന് ഉതകുംവിധമാണ് ഈ പാഠഭാഗം തയ്യാറാക്കിയിട്ടുള്ളത്. ഈ ആശയങ്ങളേയും അവയുടെ പരസ്പരബന്ധത്തേയും കുറിച്ച് പഠിക്കുന്നചിനും അവ ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി അനുഭവങ്ങളാക്കി മാറ്റുന്നതിനും ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ നിങ്ങൾക്ക് കഴിയണം.


## ആശയങ്ങൾ/വസ്തുതകൾ

- ഒരു രാജ്യത്തിന്റെ വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ചുണ്ടാകുന്ന വർദ്ധനവാണ് സാമ്പത്തിക വളർച്ച.
- ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് സാമ്പത്തികവികസനം.
- വികസനം ലക്ഷ്യവും വളർച്ച അതിലേക്കുള്ള മാർഗ്ഗവുമാണ്.

  സാമ്പത്തികവളർച്ച + ജീവിതഗുണനിലവാരത്തിലെ ഉയർച്ച = സാമ്പത്തികവികസനം
- വികസനത്തെ അടിസ്ഥാനമാക്കി ലോകരാഷ്ട്രങ്ങളെ വികസിതരാഷ്ട്രങ്ങൾ, വികസ്വര രാഷ്ട്രങ്ങൾ, അല്പവികസിതരാഷ്ട്രങ്ങൾ എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു.




- വികസനത്തെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളാണ് വികസന സൂചികകൾ




- ഭാവിതലമുറയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയുംവിധം പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തണമെന്ന കാഴ്ചപ്പാടാണ് സുസ്ഥിരവികസനം.
- അന്ധമായ പ്രകൃതിവിഭവചൂഷണം, അമിതമായ വളപ്രയോഗം, അശാസ്ത്രീയമായ കീടനാശിനി പ്രയോഗം മുതലായവയാണ് സുസ്ഥിരവികസനത്തിന് തടസ്സം നിൽക്കുന്നത്.
- സുസ്ഥിരവികസനമെന്നത് സാമ്പത്തികവും, സാമൂഹികവും, പാരിസ്ഥിതികവുമായ ലക്ഷ്യങ്ങളുള്ള വിശാലമായ കാഴ്ചപ്പാടാണ്.

**സുസ്ഥിരവികസനം**

| സാമൂഹ്യലക്ഷ്യങ്ങൾ | സാമ്പത്തികലക്ഷ്യങ്ങൾ | പാരിസ്ഥിതികലക്ഷ്യങ്ങൾ |
|---|---|---|
| * തുല്യത<br>* സാമൂഹ്യ-ചലനാത്മകത<br>* പങ്കാളിത്തം<br>* സാംസ്ക്കാരിക സ്വത്വബോധം<br>* സാമൂഹ്യ സഹവർത്തിത്തം | * വളർച്ച<br>* കാര്യക്ഷമത<br>* സ്ഥിരത | * ആരോഗ്യകരമായ പരിസ്ഥിതി<br>* പുനഃസ്ഥാപിക്കാനാവുന്ന വിഭവങ്ങളുടെ ശരിയായ ഉപയോഗം<br>* പുനഃസ്ഥാപിക്കാനാകാത്ത പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം |

- സാമ്പത്തികപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവയാണ്. ഇതിനുള്ള പോംവഴി സാമ്പത്തിക പ്രവർത്തനങ്ങൾ നിർത്തിവയ്ക്കലല്ല. മറിച്ച്, അവയുടെ പാരിസ്ഥിതിക ആഘാതം പരമാവധി കുറയ്ക്കുകയാണ്.
- പരിസ്ഥിതി സംരക്ഷണത്തിന് സമൂഹ്യ ഇടപെടലുകൾ ആവശ്യമാണ്.

## ചോദ്യങ്ങൾ

1. 'സാമ്പത്തിക വികസനമെന്നത് സാമ്പത്തികവളർച്ചയിൽ നിന്നും വ്യത്യസ്തമാണ്'- സമർത്ഥിക്കുക. (4)

2. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ തരംതിരിച്ച് തന്നിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തുക.

   1. വ്യാവസായികമേഖലയിലെ ഉല്പാദനം കഴിഞ്ഞവർഷത്തേക്കാളും വർദ്ധിച്ചു.
   2. ഗ്രാമീണമേഖലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിച്ചു.
   3. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിച്ചു.
   4. പ്രതിശീർഷവരുമാനം വർദ്ധിച്ചു.
   5. പ്രതിശീർഷ ആയുർദൈർഘ്യം കൂടി.
   6. ഗോതമ്പിന്റെ ഉല്പാദനം കഴിഞ്ഞവർഷത്തേക്കാൾ കൂടി.

| സാമ്പത്തികവികസനം | സാമ്പത്തിക വളർച്ച |
|---|---|
| | |

3. പ്രതിശീർഷവരുമാനം മാനവകിവസനസൂചിക എന്നിവയിൽ ഏതാണ് രാജ്യങ്ങളെ താരതമ്യം ചെയ്യുന്നതിൽ കൂടുതൽ ഫലപ്രദമായ സൂചിക? വിലയിരുത്തുക. (3)

4. സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ഏതെങ്കിലും രണ്ട് ക്ഷേമ പ്രവർത്തനങ്ങളെഴുതുക? ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഈ പ്രവർത്തനം എത്രത്തോളം പ്രയോജനപ്രദമാണ് എന്ന് വിശദമാക്കുക? (4)

5. താഴെപറയുന്ന പ്രസ്താവനകളിൽ ശരിയായവ തെരഞ്ഞെടുത്തെഴുതുക.

1. സാമൂഹ്യനീതി ഉറപ്പാക്കിയാണ് സാമ്പത്തികവികസനം സാദ്ധ്യമാക്കുന്നത്.

2. ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് സാമ്പത്തികവികസനം.


3. വികസനം സാമ്പത്തികപ്രക്രിയയാണ്.

4. രാജ്യത്തിന്റെ ഉല്പാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന വർദ്ധനവാണ് സാമ്പത്തികവികസനം. (2)

6. കാർഷികരംഗത്തെ വാണിജ്യവൽക്കരണം പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിച്ചു - പ്രസ്താവന വിലയിരുത്തുക. (4)

7. ഭൗതികജീവിതഗുണനിലവാര സൂചിക (ജഝഘക) കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള സൂചികകൾ ഏവ?. (3)

8. പദസൂര്യൻ പൂർത്തിയാക്കുക.




9. "പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ സുസ്ഥിരവികനസത്തെ സഹായിക്കുന്നു"- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? (4)

10. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സുസ്ഥിരവികസനത്തെ എപ്രകാരം തടസ്സപ്പെടുത്തുന്നുവെന്ന് എഴുതുക?

1. അശാസ്ത്രീയ കീടനാശിനിപ്രയോഗം

2. വനനശീകരണം

3. മാലിന്യകൂമ്പാരം

11. മാനവവികസസൂചിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള 3 ഘടകങ്ങൾ എഴുതുക. (3)

12. ഉല്പാദനരീതിയിലെ മാറ്റങ്ങളുടെ ഫലമായി ഉടലെടുത്ത ഏതെങ്കിലും രണ്ട് പരിസ്ഥിതി പ്രശ്നങ്ങൾ എഴുതുക. (2)

13. 'വികസനം ലക്ഷ്യവും, വളർച്ച അതിലേക്കുള്ള മാർഗ്ഗവുമാണ്' - പ്രസ്താവന വിലയിരുത്തുക. (3)

14. ചുവടെ നല്കിയിരിക്കുന്ന ഇന്ത്യയുടെ മാനവവികസസൂചികയുടെ മൂല്യം രേഖപ്പെടുത്തിയ പട്ടിക വിശകലനം ചെയ്ത് അനുയോജ്യമായ മൂന്നു കണ്ടെത്തലുകൾ എഴുതുക.

| വർഷം | മാനവ വികസനമൂല്യം |
|---|---|
| 1990 | 0.489 |
| 1995 | 0.511 |
| 2000 | 0.556 |
| 2005 | 0.596 |
| 2006 | 0.604 |
| 2007 | 0.612 |

(3)

15. ചുവടെ നൽകിയിരിക്കുന്ന സുസ്ഥിരവികസന ലക്ഷ്യങ്ങൾ വർഗ്ഗീകരിച്ച് പട്ടിക പൂർത്തിയാക്കുക?

● സ്ഥിരത ● ആരോഗ്യകരമായ പരിസ്ഥിതി ● വളർച്ച ● തുല്യത ● പങ്കാളിത്തം ● സാമൂഹ്യസഹവർത്തിത്വം ● കാര്യക്ഷമത ● പുനഃസ്ഥാപിക്കാനാകാത്ത പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം ● സമൂഹ ചലനാത്മകത ● സാംസ്ക്കാരിക സ്വത്വബോധം. (5)

| സാമൂഹ്യലക്ഷ്യങ്ങൾ | സാമ്പത്തികലക്ഷ്യങ്ങൾ | പാരിസ്ഥിതികലക്ഷ്യങ്ങൾ |
|---|---|---|
| | | |

## ഉത്തരസൂചിക

1. ● ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് സാമ്പത്തികവികസനം.
   ● വികസനം ഒരേസമയം സാമ്പത്തികവും സാമൂഹ്യവുമായ പ്രക്രിയയാണ്.
   ● രാജ്യത്തിന്റെ ഉല്പാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ചുണ്ടാകുന്ന വർദ്ധനവാണ് സാമ്പത്തികവളർച്ച.

2.

| സാമ്പത്തികവികസനം | സാമ്പത്തികവളർച്ച |
|---|---|
| 2, 3, 5 | 1, 4, 6 |

3. ● മാനവ വികസനസൂചിക
   ● പ്രതിശീർഷവരുമാനമെന്നത് ശരാശരി വരുമാനമായതിനാൽ വരുമാനവിതരണത്തിലെ അസമത്വം കണ്ടെത്താൻ കഴിയുന്നില്ല.
   ● പ്രതിശീർഷ ആയുർദൈർഘ്യം, സാക്ഷരതയും, മൊത്ത സ്കൂൾപ്രവേശന നിരക്കും, പ്രതിശീർഷവരുമാനം എന്നീ സൂചികകളുടെ മൂല്യം പ്രത്യേകം കണക്കാക്കി ശരാശരി കണ്ടെത്തിയാണ് മാനവവികസന സൂചിക തയ്യാറാക്കുന്നത്. അതുകൊണ്ട് പ്രതിശീർഷ വരുമാനത്തേക്കാൾ സ്വീകാര്യമായ സൂചികയാണ് മാനവവികസന സൂചിക.

4. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ കണ്ടെത്തി എഴുതുക.

ഉദാഹരണം : കുടിവെള്ള വിതരണം, ചികിത്സാ പദ്ധതികൾ, പൊതുവിതരണം, സാമൂഹ്യ ക്ഷേമപരിപാടികൾ മുതലായവ. ഇവ ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായകരമാകുന്നു.

5. ● സാമൂഹ്യനീതി ഉറപ്പാക്കിയാണ് സാമ്പത്തികവികസനം സാദ്ധ്യമാക്കുന്നത്.

● ജനങ്ങളുടെ വരുമാനത്തിലും ജീവിതഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് സാമ്പത്തികവികസനം.

6. ● വാണിജ്യവിളകൾക്കായി വൻതോതിൽ വനം വെട്ടിത്തെളിച്ചു.
   ● ഉല്പാദനവർദ്ധനവിനായി രാസവളം അനിയന്ത്രിതമായി ഉപയോഗിച്ചു.
   ● രാസകീടനാശിനികൾ അശാസ്ത്രീയമായി പ്രയോഗിച്ചു.

7. ● അടിസ്ഥാനസാക്ഷരത.
   ● ശിശുമരണനിരക്ക്
   ● പ്രതീക്ഷിത ആയുർദൈർഘ്യം

8. ● അനിയന്ത്രിതമായ രാസവളപ്രയോഗം
   ● വനനശീകരണം
   ● വയൽനികത്തൽ
   ● അശ്രദ്ധമായ വൈദ്യുതി ഉപയോഗം
   ● തണ്ണീർത്തടങ്ങൾ നികത്തൽ

9. ● യോജിക്കുന്നു.

– സുസ്ഥിരവികസനമെന്നത് സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ലക്ഷ്യങ്ങളുള്ള വിശാലമായ കാഴ്ചപ്പാടാണ്.

– ആരോഗ്യകരമായ പരിസ്ഥിതി, പുനഃസ്ഥാപിക്കാവുന്ന വിഭവങ്ങളുടെ ശരിയായ ഉപയോഗം, പുനഃസ്ഥാപിക്കാനാകാത്ത പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം (തുടങ്ങി സുസ്ഥിരവികസനലക്ഷ്യങ്ങളും, അനുയോജ്യമായ മറ്റുള്ളവയും കണ്ടെത്തി എഴുതുക)

10. 1. മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ടി നശിപ്പിച്ചു. ജലാശയങ്ങൾ മലിനമായി.

2. ആഗോളതാപനത്തിനിടയാക്കുന്നു. ജീവജാലങ്ങളുടെ നാശത്തിനിടയാക്കുന്നു.

3. സി.എഫ്.സി. പോലുള്ള വാതകങ്ങൾ ഉണ്ടാക്കുന്നു. ധാരാളം അസുഖങ്ങൾ ഉണ്ടാക്കുന്നു

11. ● പ്രതീക്ഷിത ആയുർദൈർഘ്യം
    ● സാക്ഷരതയും മൊത്ത സ്കൂൾ പ്രവേശനനിരക്കും.
    ● പ്രതിശീർഷവരുമാനം

12. ● ഫോസിൽ ഇന്ധനങ്ങളുടെ ശേഖരത്തിൽ കുറവുണ്ടായി.
    ● സ്വാഭാവിക ഫലഫൂയിഷ്ടത നഷ്ടമായി.

13. ചോദ്യനമ്പർ ഒന്നിന്റെ ഉത്തരസൂചിക നോക്കുക.

14. - 1990-ൽ ഇന്ത്യ താഴ്ന്ന മാനവിവികസനം നേടിയ രാജ്യമായിരുന്നു.
    - 1990-95 നേക്കാൾ 1995-2000 ൽ വളരെ കൂടുതൽ വളർച്ച കൈവരിച്ചു.
    - 2007 വരെ ഉയർന്ന മാനവ വികസനം നേടിയ രാജ്യങ്ങളുടെ വിഭാഗത്തിൽ ഇന്ത്യ എത്തിയിട്ടില്ല. തുടങ്ങിയ ഏതെങ്കിലും മൂന്ന് അനുയോജ്യമായ കണ്ടെത്തലുകൾക്ക്.

15. ആശയങ്ങൾ / വസ്തുതകൾ ഇവയിലെ സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടുക.

### യൂണിറ്റ് - 9

# ഇന്ത്യൻ സമ്പദ്ഘടനയിലെ വിവിധ മേഖലകൾ

**ആമുഖം**

വിവിധ തൊഴിലുകൾ ഉൾപ്പെടുന്ന ഒരു സമ്പദ്വ്യവസ്ഥയിലെ വിവിധമേഖലകളും (പ്രാഥമികമേഖല, ദ്വിതീയമേഖല, തൃതീയമേഖല) ഈ മേഖലയിൽ നിന്നും മൊത്ത ആഭ്യന്തര ഉല്പന്ന (GDD) ത്തിലേക്കു നൽകുന്ന സംഭാവന, ലഭിക്കുന്ന തൊഴിലവസരങ്ങൾ, ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ തൊഴിൽമേഖലയുടെ വിഭജനം (പൊതുമേഖല, സ്വകാര്യമേഖല, സംയുക്തമേഖല) ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ വിഭജനം (സംഘടിതമേഖല, അസംഘടിതമേഖല) എന്നിവയാണ ഈ യൂണിറ്റിലെ പ്രധാന ഉള്ളടക്കങ്ങൾ.

**ആശയങ്ങൾ/വസ്തുതകൾ**

- വിവിധ തൊഴിലുകൾ ഉൾപ്പെടുത്തി സമ്പദ്വ്യവസ്ഥയെ മൂന്ന് മേഖലകളായി തിരിക്കാം.

- പ്രാഥമിക, ദ്വിതീയ, തൃതീയമേഖലയിലെ പ്രവർത്തനങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

- വിവിധമേഖലകളിൽ നിന്നും ഒരുവർഷം ഉല്പാദിപ്പിക്കുന്ന സാധനസേവനങ്ങളുടെ മൂല്യമാണ് മൊത്ത ആഭ്യന്തര ഉല്പന്നം (GDP) അഥവാ ദേശീയവരുമാനം (N.I)
- വളർച്ചയുടെ ആദ്യഘട്ടത്തിൽ പ്രാഥമികമേഖലയ്ക്കും പിന്നീട് ദ്വിതീയ, തൃതീയ മേഖലകൾക്കും പ്രാധാന്യം നൽകുന്നു.
- ജനക്ഷേമം ധാരാളമായി നൽകാൻ കഴിയുന്നതിനാൽ സേവനമേഖലയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നു.
- തൊഴിൽ ലഭ്യതയിൽ പ്രാഥമികമേഖല, ദ്വിതീയ, തൃതീയ മേഖലകളേക്കാൾ മുന്നിലാണ്.
- ഉടമസ്ഥതയെ അടിസ്ഥാനമാക്കി തൊഴിൽമേഖലയെ മൂന്നായി തരംതിരിക്കാം.

  പൊതുമേഖല -----> ഗവൺമെന്റ് ഉടമസ്ഥത, നിയന്ത്രണം
  സ്വകാര്യമേഖല -----> ഉടമസ്ഥതയും നിയന്ത്രണവും സ്വകാര്യവ്യക്തികൾ
  സംയുക്തമേഖല -----> ഉടമസ്ഥതയും നിയന്ത്രണവും ഗവൺമെന്റിനും സ്വകാര്യവ്യക്തികൾക്കും -----> തൊഴിലാളികൾ രണ്ടുവിധം

| | | |
|---|---|---|
| സംഘടിത മേഖലയിലെ തൊഴിലാളികൾ | ----------> | മെച്ചപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നു |
| അസംഘടിത മേഖലയിലെ തൊഴിലാളികൾ | ----------> | മെച്ചപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നു |

## ചോദ്യങ്ങൾ

1. ക്ലാസ്സ്റൂം പ്രവർത്തനത്തിനൊടുവിൽ വീണ തയ്യാറാക്കിയ കുറിപ്പ് ശ്രദ്ധിക്കുക. തെറ്റുണ്ടെങ്കിൽ തിരുത്തുക

    പ്രാഥമികമേഖല -----> ആരോഗ്യം, മത്സ്യബന്ധനം, വനസംരക്ഷണം

    ദ്വിതീയമേഖല -----> വ്യവസായം, ഗതാഗതം, വൈദ്യുതി

    പ്രാഥമികമേഖല -----> ഖനനം, നിർമ്മാണം, വിദ്യാഭ്യാസം (4)

2. പരസ്പരം കണ്ടെത്തി കൂട്ടങ്ങളാക്കുക.

    പ്രാഥമികമേഖല, ഗവൺമെന്റ് ഉടമസ്ഥത

    ദ്വിതീയമേഖല, സാധനസേവനമൂല്യം

    പൊതുമേഖല, G.D.P., വ്യവസായങ്ങൾ

    തൃതീയമേഖല, കാർഷികമേഖല, സേവനമേഖല (5)

3. പ്രാഥമിക, ദ്വിതീയ, തൃതീയമേഖലകളുടെ പരസ്പരബന്ധം ഒരു ഉദാഹരണത്തിലൂടെ വിശദമാക്കുക. (2)

4. താരതമ്യപ്പെടുത്തി കുറിപ്പെഴുതുക.

    മൊത്ത ആഭ്യന്തര ഉല്പന്നം

    മൊത്ത സംസ്ഥാന ഉല്പന്നം (4)

5. താഴെ കൊടുത്തിരിക്കുന്നവ മൂന്ന് മേഖലകളുടെ പരസ്പരബന്ധം സൂചിപ്പിക്കുന്നതരത്തിൽ ക്രമപ്പെടുത്തുക.

    ഗതാഗതം, റബ്ബർ ഉല്പാദനം, ടയർനിർമ്മാണം (1)

6. പ്രസ്താവനകളിൽ ശരിയേത്?

    a) ഇന്ത്യയിൽ ദേശീയവരുമാനത്തിൽ ഇപ്പോൾ മുന്നിൽ നിൽക്കുന്നത് തൃതീയമേഖലയിലെ സംഭാവനയാണ്.

    b) ഇന്ത്യയിൽ തൊഴിൽലഭ്യതയിൽ മുന്നിൽ നിൽക്കുന്നത് പ്രാഥമികമേഖലയാണ്. (2)

7. താഴെകൊടുത്തിരിക്കുന്നവരിൽ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്ന വിഭാഗങ്ങൾ ഏവ?

    കർഷകർ, അദ്ധ്യാപകർ, മൽസ്യതൊഴിലാളികൾ, ബാങ്ക് ജീവനക്കാർ, വീട്ടുജോലിക്കാർ, റെയിൽവേ ഉദ്യോഗസ്ഥർ (3)

8. പൊതുമേഖല, സ്വകാര്യമേഖല ഇവ ഉദാഹരണസഹിതം വിശദമാക്കുക? (3)

9. തൃതീയമേഖലയുടെ വികസനം മറ്റു രണ്ട് മേഖലകളുടെ വികസനത്തേക്കാൾ ത്വരിതഗതിയിലാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഏവ? (3)

10. സർക്കാർ ലാഭം നോക്കാതെ ജനക്ഷേമം മുൻനിർത്തി ചെയ്യുന്ന നാല് ക്ഷേമപ്രവർത്തനങ്ങൾ എഴുതുക. (4)

11. സംഘടിതമേഖലയിലെ തൊഴിലാളികൾ സുരക്ഷിതരാണ് എന്തുകൊണ്ട്? (4)

12. അനുയോജ്യമായ മൂന്ന് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

| സാധനങ്ങൾ ഉല്പാദിപ്പിക്കുന്നു | സേവനങ്ങൾ നൽകുന്നു |
| --- | --- |
| • വ്യവസായശാല | • ബാങ്ക് |
| • | • |
| • | • |
| • | • |

(3)


13. കർഷകർ ഉല്പാദിപ്പിച്ച ഗോതമ്പ് മില്ലുടമ വാങ്ങുന്നു. ഫാക്ടറിയിൽ ഉല്പാദിപ്പിച്ച വളം കർഷകർ വാങ്ങുന്നു. ഈ ബന്ധം എങ്ങനെ സൂചിപ്പിക്കാം.

പ്രാഥമികമേഖല -----> ദ്വിതീയമേഖല -----> പ്രാഥമികമേഖല

പ്രാഥമികമേഖല -----> ദ്വിതീയമേഖല -----> തൃതീയമേഖല

പ്രാഥമികമേഖല -----> തൃതീയമേഖല -----> ദ്വിതീയമേഖല (1)

14. ഇന്ത്യയിൽ വിവിധവർഷങ്ങളിലെ വിവിധ മേഖലകളുടെ തൊഴിൽലഭ്യത കാണിക്കുന്ന ഗ്രാഫ് താഴെ കൊടുത്തിരിക്കുന്നു. ഗ്രാഫ് വിശകലനം ചെയ്ത് അനുയോജ്യമായ നാല് നിഗമനങ്ങൾ എഴുതുക.




15. ലാലിയും, ലീനയും സുഹൃത്തുക്കളാണ്. ലാലിയുടെ അച്ഛൻ മത്സ്യബന്ധനം നടത്തുകയും ലീനയുടെ അച്ഛൻ വനമേഖലയിൽ വൃക്ഷം നട്ടുപിടിപ്പിക്കുകയും പരിപാലനം ചെയ്യുന്ന തൊഴിലുമാണ് ചെയ്യുന്നത്. ഇവർ രണ്ടും ഏത് മേഖലയിലെ തൊഴിലാളികളാണ്? (2)

16. പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തിയാണ് പ്രാഥമികമേഖലയിൽ ഉല്പാദനം നടക്കുന്നത്. പ്രാഥമികമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കണ്ട് അവയുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന സാധൂകരിക്കുക. (5)

17. സംയുക്തമേഖല എന്തെന്നു വ്യക്തമാക്കുക. (1)

18. അസംഘടിതമേഖലിയലെ തൊഴിലാളികളിൽ 80% വും ഗ്രാമപ്രദേശത്താണ് തൊഴിൽ ചെയ്യുന്നത് ഇവരുടെ മറ്റ് രണ്ട് പ്രത്യേകതകൾ കണ്ടെത്തുക. (2)

19. പട്ടിക വിശകലനം ചെയ്ത് മൂന്ന് കണ്ടെത്തലുകൾ എഴുതുക. (3)

| മേഖല | GDP യിലെ വിഹിതം ശതമാനത്തിൽ | | | |
|---|---|---|---|---|
| | 1950-51 | 1970-71 | 1990-91 | 2007-08 |
| പ്രാഥമിക മേഖല (Primary sector) | 53 | 43 | 32 | 21 |
| ദ്വിതീയമേഖല (Secondary sector) | 14 | 20 | 24 | 27 |
| തൃതീയമേഖല (Tertiary sector) | 100 | 100 | 100 | 100 |

20. നിർമ്മാണപ്രവർത്തനങ്ങൾ ദ്വിതീയമേഖലയിലാണ്. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. ഇത്തരം പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ലക്ഷ്യം എന്ത്?

## ഉത്തരസൂചിക

1. പ്രാഥമികമേഖല -----> മത്സ്യബന്ധനം, വനസംരക്ഷണം, ഖനനം
   ദ്വിതീയമേഖല -----> വ്യവസായം, വൈദ്യുതി, നിർമ്മാണം
   പ്രാഥമികമേഖല -----> ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം

2. പ്രാഥമികമേഖല - കാർഷികമേഖല
   ഗവൺമെന്റ് ഉടമസ്ഥത - പൊതുമേഖല
   ദ്വിതീയമേഖല - വ്യവസായങ്ങൾ
   സാധനസേവനമൂല്യം - G.D.P.
   തൃതീയമേഖല - സേവനമേഖല

3. പ്രാഥമികമേഖലയിൽ കൃഷിചെയ്യുന്ന പരുത്തി ദ്വിതീയമേഖല (വ്യവസായം) യിലെ അസംസ്കൃതവസ്തുവാണ്. ദ്വിതീയമേഖലയിലെ ഉല്പന്നത്തിന്റെ (തുണി) ഗതാഗതം, വ്യാപാരം എന്നീ തൃതീയമേഖലയിലെ പ്രവർത്തനം വഴി ജനങ്ങളിലെത്തുന്നു.

4. വിവിധമേഖലകളിൽ നിന്നും ഒരു വർഷം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൂല്യമാണ് മൊത്ത ആഭ്യന്തര ഉല്പന്നം.

5. റബ്ബർ ഉല്പാദനം (പ്രാഥമികം), ടയർനിർമ്മാണം (ദ്വിതീയം), ഗതാഗതം (തൃതീയം)

6. (a) ശരി, (b) ശരി

7. അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ, റെയിൽവേ ഉദ്യോഗസ്ഥർ

8. ഉല്പാദനയൂണിറ്റുകളുടെ ഉടമസ്ഥതയും നിയന്ത്രണവും പൂർണ്ണമായും സർക്കാരിനാണെങ്കിൽ അത്തരം സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ.

   ഉദാ : ഇന്ത്യൻ റെയിൽവേ.

   ഉല്പാദനയൂണിറ്റുകളുടെ ഉടമസ്ഥസ്ഥതയും നിയന്ത്രണവും വ്യക്തികളിലോ, സ്വകാര്യകമ്പനികളിലോ ആണെങ്കിൽ അവ സ്വകാര്യമേഖല.

9. ജീവിതസൗകര്യങ്ങൾ മെച്ചപ്പെടൽ, പ്രാഥമിക, ദ്വിതീയമേഖലകളുടെ വികസനം, വിവര സാങ്കേതിക വിദ്യയുടെ വികസനം.

10. ആശുപത്രി, വിദ്യാഭ്യാസം, റോഡ് നിർമ്മാണം, പാർപ്പിടപദ്ധതികൾ, ജലവിതരണപദ്ധതികൾ (ഏതെങ്കിലും 4 എണ്ണം)

11. നിശ്ചിത ജോലിസമയം, നിയമാനുസൃതവേതനം, അധികജോലിക്ക് അധികവേതനം, ശമ്പളത്തോടുകൂടിയ അവധി, പെൻഷൻ (ഏതെങ്കിലും 4 എണ്ണം)

12.

| സാധനങ്ങൾ ഉല്പാദിപ്പിക്കുന്നു | സേവനങ്ങൾ നൽകുന്നു |
|---|---|
| • വ്യവസായശാല | • ബാങ്ക് |
| • കൃഷി | • ആശുപത്രി |
| • കെട്ടിടനിർമ്മാണം | • അദ്ധ്യാപനം |
| • തടിപ്പണി | • ടെലിഫോൺബൂത്ത് |

13. പ്രാഥമികമേഖല -----> ദ്വിതീയമേഖല -----> പ്രാഥമികമേഖല

14. പ്രാഥമികമേഖലയെയാണ് കൂടുതൽ ആളുകളും തൊഴിലിനായി ആശ്രയിക്കുന്നത്.

- പ്രാഥമികമേഖലയിൽ തൊഴിൽ ശതമാനം കുറഞ്ഞുവരുന്നു.
- ദ്വിതീയമേഖലയിൽ തൊഴിൽ ശതമാനം വർദ്ധിച്ചുവരുന്നു.
- തൃതീയമേഖലയിൽ തൊഴിൽ ശതമാനം വർദ്ധിച്ചുവരുന്നു.

15. പ്രാഥമികമേഖല (മത്സ്യബന്ധനം, വനപരിപാലനം)

16. പ്രാഥമികമേഖലയിലെ തൊഴിലുകൾ കൃഷി, വനസംരക്ഷണം, മത്സ്യബന്ധനം, ഖനനം. ഈ നാലു മേഖലയിലും ഉല്പന്നം ഉല്പാദിപ്പിക്കാൻ ഉപയോഗിക്കുന്നത് പ്രകൃതിവിഭവങ്ങളെയാണ്.

17. പൊതുമേഖലയും, സ്വകാര്യമേഖലയും ചേർന്ന് പ്രവർത്തിക്കുന്ന മേഖലയാണ് സംയുക്തമേഖല.

18. കൂടുതലും കാർഷികമേഖലയിലാണ്. ചെറുകിടവ്യാപാരം, നിർമ്മാണം, ഗതാഗതം എന്നീ മേറലകളിലും പ്രവർത്തിക്കുന്നു. തൊഴിൽ സമയത്തിന് ക്ലിപ്തതയില്ല. (2 എണ്ണം)

19. പ്രാഥമികമേഖലയിൽ നിന്നുള്ള GDP വിഹിതം കുറഞ്ഞുവരുന്നു.
ദ്വിതീയ, തൃതീയമേഖലകളിൽ നിന്നുള്ള GDP വിഹിതം വർദ്ധിച്ചുവരുന്നു.
1950–51–ൽ പ്രാഥമികമേഖലയുടെ വിഹിതം ഏറ്റവും കൂടുതലും 2007–08–ൽ തൃതീയമേഖലയുടെ വിഹിതം ഏറ്റവും കൂടുതലും.

20. റോഡ് നിർമ്മാണം
ഡാം നിർമ്മാണം
കെട്ടിടനിർമ്മാണം
ജനക്ഷേമം (ഏതെങ്കിലും 2 എണ്ണം)

യൂണിറ്റ് - 10


# പണവും ധനകാര്യസ്ഥാപനങ്ങളും

## ആമുഖം


പണത്തിന്റെ ആവി ർഭാവം മനുഷ്യപുരോഗതിയുടെ നാഴികക്കല്ലായിരുന്നുവെന്ന് പറയാം. പണം നിലവിൽ വരുന്നതിന് മുമ്പുള്ള വിനിമയപ്രക്രിയ ദുഷ്കരമായിരുന്നു. പണം എന്തെന്നും പണത്തിന്റെ വിവിധ ധർമ്മങ്ങൾ, ബാങ്കുകളുടെ ആവിർഭാവം, വിവിധതരം ബാങ്കുകൾ, ബാങ്കിംഗ് മേഖലയിലെ ആധുനികസംവിധാനങ്ങൾ, പുത്തൻ തലമുറബാങ്കുകൾ, മൈക്രോ ഫിനാൻസ് എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിനും ബാങ്കുകൾ സാമൂഹികപുരോഗതിക്കും എത്രത്തോളം അനിവാര്യമാണ് എന്ന് മനസ്സിലാക്കുന്നതിനും ഈ അധ്യായത്തിലൂടെ കഴിയുന്നു.

## ആശയങ്ങൾ/വസ്തുതകൾ


- ബാർട്ടർ സമ്പ്രദായത്തിന്റെ പരിമിതികൾ മറികടക്കുന്നതിന് പണത്തിന്റെ ആവിർഭാവത്തോടെ കഴിഞ്ഞു.





- മൂല്യശേഖരം, മൂല്യത്തിന്റെ മാനദണ്ഡം, ഒരു വിനിമയമാധ്യമം ഇവയാണ് പണത്തിന്റെ ധർമ്മങ്ങൾ.





- പണം ആവശ്യമുള്ളവരുടെ എണ്ണം വർദ്ധിച്ചത് വായ്പ നൽകുന്ന സ്ഥാപനങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ചു. ഇത് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ ഇടനിലക്കാരുടെ ആവിർഭാവത്തിന് ഇടയാക്കി.
- നിക്ഷേപങ്ങൾ സ്വീകരിക്കൽ - വായ്പ നൽകൽ ഇവയാണ് ബാങ്കിന്റെ അടിസ്ഥാനധർമ്മം. ഇവ കൂടാതെ ചില സേവനങ്ങൾ കൂടി ബാങ്കുകൾ ഇടപാടുകാർക്കായി നൽകിവരുന്നു.





- ഗ്രാമീണമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണബാങ്കുകൾ, അർബൻ സഹകരണബാങ്കുകൾ എന്ന പേരിൽ നഗരങ്ങൾ ആവശ്യമായ സാമ്പത്തികസ ഹായം നൽകുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്.
- 1991-ന് ശേഷം സർക്കാർ ലൈസൻസ് നൽകി പ്രവർത്തിച്ചുവരുന്ന ബാങ്കുകളാണ് പുത്തൻ തലമുറ ബാങ്കുകൾ.





- പണമിടപാടുമേഖലയിൽ പ്രവർത്തിക്കുകയും എന്നാൽ ബാങ്ക്നൽകുന്ന എല്ലാസേവന ങ്ങളും നൽകാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കിതര ധനകാര്യസ്ഥാപന ങ്ങൾ.



- ബാങ്കിംഗ് മേഖലയിൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടിയുള്ള നൂതനപ്രവർത്തനങ്ങളാണ് ഇലക്ട്രോണിക് ബാങ്കിംഗും, കോർ ബാങ്കിംഗും.




- ഒരു രാജ്യത്തിന്റെ പണവ്യവസ്ഥയുടെ പരമോന്നത സ്ഥാപനമാണ് കേന്ദ്രബാങ്ക്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇന്ത്യയുടെ റിസർവ്വ് ബാങ്ക്.
- സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സാമ്പത്തികസേവനം ലഭിക്കുന്നതിന് വേണ്ടി ആരംഭിച്ചവയാണ് മൈക്രോഫിനാൻസ്.



## ചോദ്യങ്ങൾ

1. ഉല്പന്ന കൈമാറ്റ വ്യവസ്ഥയിലെ പരിമിതികൾ തരണം ചെയ്യുന്നതിന് പണത്തിന്റെ ആവിർഭാവത്തിന് കഴിഞ്ഞു. എന്തൊക്കെയായിരുന്നു ഉല്പന്ന കൈമാറ്റ വ്യവസ്ഥയുടെ പരിമിതികൾ? (3)

2. പ്രാദേശിക പണമിടപാടു നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരവധി പരിമിതികൾ ഉണ്ട്. ഈ പരിമിതികൾ മറികടക്കുന്നതിന് രൂപംകൊണ്ടതാണ് ബാങ്കുകൾ - സമർത്ഥിക്കുക ? (4)

3. വാണിജ്യബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും ധർമ്മങ്ങൾ താരതമ്യം ചെയ്ത് കുറിപ്പുതയ്യാറാക്കുക ?


4. ബാങ്ക് നൽകുന്ന സേവനങ്ങളും ബാങ്കിംഗ്രംഗത്തെ നൂതന പ്രവണതകളും ബാങ്കുകളെ കൂടുതൽ ജനകീയമാക്കുന്നു. ഈ പ്രസ്താവന സാധൂകരിക്കുക? (4)

5. ഇലക്ട്രോണിക് ബാങ്കിന്റെ സവിശേഷതകൾ എഴുതുക? (4)

6. സ്വതന്ത്രഭാരതത്തിൽ ബാങ്കുകളുടെ വളർച്ച ത്വരിതഗതിയിലാക്കാൻ സഹായിച്ച ഏതെങ്കിലും നാല് കാരണങ്ങൾ എഴുതുക? (4)

7. സാധാരണക്കാർക്കും ചെറുകിടനിക്ഷേപകർക്കും ഓഹരികമ്പോളത്തിൽ പണം നിക്ഷേപിക്കുന്നതിനുള്ള പരിമിതികളേവ? അതിന് പരിഹാരമെന്ത്? (3)

8. ഫ്ളോചാർട്ട് പൂർത്തിയാക്കുക.




(4)

9. പ്രാദേശിക പണമിടപാടു സ്ഥാപനങ്ങളിൽ നിന്ന് ബാങ്കുകളിലേക്കു വന്നപ്പോൾ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റങ്ങളേവ? (4)

10. വാണിജ്യബാങ്കുകൾ നലൽകുന്ന വായ്പകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവ തമ്മിലുള്ള വ്യത്യാസം കുറിക്കുക? (3)

    - പണവായ്പ
    - വായ്പകൾ
    - ഓവർഡ്രാഫ്റ്റ്

11. ബങ്കുകൾ നൽകുന്ന സേവനങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഏതെങ്കിലും മൂന്നെണ്ണത്തിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക? (6)

1. ലോക്കർസൗകര്യം, 2. മണി ട്രാൻസ്ഫർ, 3. എ.ടി.എം., 4. ഇ-പേയ്മെന്റ്


12. 1969 ജൂലൈ 19 ബാങ്കിംഗ് രംഗത്തെ ഒരു പ്രധാനപ്പെട്ട ദിവസമാണ്. എന്താണ് ഈ ദിവസത്തിന്റെ പ്രത്യേകത?
ഇതിലേക്ക് നയിച്ച സാഹചര്യം എന്താണ്? (3)

13. 1991-നു ശേഷം സർക്കാർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന പുത്തൻ തലമുറ ബാങ്കുകൾ, ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കുക ? (3)

14. ഗ്രാമീണമേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്ന സഹകരണബാങ്കുളുടെ പ്രവർത്തനലക്ഷ്യങ്ങൾ വിശദമാക്കുക? (3)

15. "മൈക്രോഫിനാൻസും സാമൂഹികപുരോഗതിയും" എന്ന വിഷയത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക. (4)

16. പദസൂര്യൻ പൂർത്തീകരിക്കുക.




17. ബാങ്കിംഗ്മേഖലയിലെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത് റിസർവ്വ്ബാങ്കാണ്. ഏതൊക്ക ധർമ്മങ്ങളിലൂടെയാണ് റിസർവ്വ് ബാങ്ക് ഇത് സാധ്യമാക്കുന്നത്? (4)

18. ഇന്ത്യൻ രൂപയ്ക്ക് അന്താരാഷ്ട്രതലത്തിൽ അംഗീകാരം ലഭിച്ച വർഷമാണ് 2010. എങ്ങനെയെന്ന് വിശദമാക്കുക?
(3)

19. ബാങ്കുകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഏതെങ്കിലും മൂന്നെണ്ണത്തിനെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക?

- ബാങ്കുകളുടെ ആവിർഭാവം
- അടിസ്ഥാനസൗകര്യങ്ങൾ
- പുത്തൻതലമുറ ബാങ്കുകൾ
- വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ

20. പ്രാദേശിക പണമിടപാട് സ്ഥാപനങ്ങൾ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ആവശ്യക്കാർക്ക് പണം നൽകിയിരിക്കുന്നത്. എന്തൊക്കെയാണ് മാനദണ്ഡങ്ങൾ?(2)

## ഉത്തരസൂചിക

1. ● സാധനങ്ങളുടെ മൂല്യം കണക്കാക്കുന്നതിലുണ്ടായ ബുദ്ധിമുട്ട്.
   ● നൽകുന്ന സാധനങ്ങൾക്കനുസരിച്ച് മൂല്യമുള്ള സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ.
   ● സാധനങ്ങൾ ശേഖരിച്ചുവയ്ക്കുവാൻ കഴിയാത്ത അവസ്ഥ.
   ● ഇഷ്ടപ്പെട്ട സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ.

2. ● പരിമിതികൾ :
   - വായ്പ നൽകുവാൻ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ
   - വിശ്വാസക്കുറവ്.
   - വായ്പ ഒരു വിഭാഗത്തിനുമാത്രം
   ● ബാങ്കുകളുടെ പ്രാധാന്യം :
   - സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമായി.
   - പലിശ, ചൂഷണം ഇവ കുറഞ്ഞു.
   - ജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിച്ചു.

3.

| **വാണിജ്യബാങ്കുകൾ** | **സഹകരണബാങ്കുകൾ** |
|---|---|
| ● നിക്ഷേപം സ്വീകരിക്കൽ<br>- സമ്പാദ്യനിക്ഷേപങ്ങൾ<br>- പ്രചലിതനിക്ഷേപങ്ങൾ<br>- സ്ഥിര നിക്ഷേപങ്ങൾ<br>- ആവർത്തന നിക്ഷേപങ്ങൾ<br>● വായ്പ നൽകൽ<br>- പണവായ്പ<br>- വായ്പകൾ<br>- ഓവർഡ്രാഫ്റ്റ് | ● ഗ്രാമീണജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.<br>● സ്വയംസഹായവും പരസ്പര സഹായവും വളർത്തുക<br>● സാമൂഹ്യപുരോഗതിക്ക് പ്രാധാന്യം നൽകുക.<br>● നിക്ഷേപങ്ങൾ സ്വീകരിക്കുക<br>● വായ്പകൾ നൽകുക. |

4. ● അടിസ്ഥാനധർമ്മങ്ങൾ
   - നിക്ഷേപം സ്വീകരിക്കൽ
   - വായ്പകൾ നൽകൽ
   ● മറ്റു സേവനങ്ങൾ
   - ലോക്കർ സൗകര്യം
   - മണി ട്രാൻസ്ഫർ
   - എ.ടി.എം.
   - ഇ-പേയ്മെന്റ്
   - ക്രെഡിറ്റ് കാർഡ്
   ● നൂതന പ്രവണതകൾ
   - കോർ ബാങ്കിംഗ്
   - ഇലക്ട്രോണിക് ബാങ്കിംഗ്

● ബാങ്കിന്റെ ഇത്തരം പ്രവർത്തനങ്ങൾ ബാങ്കിനെ ജനങ്ങളുമായി കൂടുതൽ അടുപ്പിക്കുന്ന തിന് സഹായകരമായി.

5. ● ഇടപാടുകാർക്ക് ബാങ്കിൽപോകാതെ വീട്ടിലിരുന്ന് ബില്ലുകൾ അടയ്ക്കുന്നതിന് കഴിയുന്നു.
   ● കുറഞ്ഞ സമയത്തിനുള്ളിൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയുന്നു.
   ● വളരെ ചെലവ് കുറവാണ്.

6. ● ആസൂത്രിത വളർച്ച മൂലമുള്ള പണത്തിന്റെ ആവശ്യം.
   ● എസ്.ബി.ഐ.യുടെയും അസോസിയേറ്റ് ബാങ്കുകളുടേയും രൂപീകരണം.
   ● ബാങ്കുകളുടെ ദേശസാൽക്കരണം.
   ● ബാങ്കിംഗ് ശൃംഖലകളുടെ വ്യാപനം.
   ● ബാങ്കുകളുടെ ജനകീയവൽക്കരണം.

7. ● പരിമിതികൾ
     – ഓഹരികമ്പോളത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
     – നഷ്ടസാധ്യത ഏറ്റെടുക്കാനുള്ള പ്രയാസം.
   ● പരിഹാരം
     – മ്യൂച്ച്വൽ ഫണ്ടുകൾ

8. എ. വാണിജ്യബാങ്കുകൾ
   ബി. സഹകരണബാങ്കുകൾ
   സി. മ്യൂച്ച്വൽഫണ്ട്
   ഡി. ഇൻഷ്വറൻസ് സ്ഥാപനങ്ങൾ

9. ● സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമായി.
   ● കൂടുതൽ വായ്പ ലഭിച്ചുതുടങ്ങി.
   ● പലിശയും ചൂഷണവും കുറഞ്ഞു.
   ● ജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിച്ചു.
   ● സമ്പദ്ഘടനയുടെ വളർച്ചയും സഹായകമായി.

10. ● ആസ്തികളുടെ ജാമ്യത്തിൻമേൽ ആവശ്യക്കാരായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ബാങ്ക് നൽകുന്ന വായ്പയാണ് പണവായ്പ.
    ● വ്യക്തികളോ, സ്ഥാപനങ്ങളോ ബാങ്കിൽ വരുത്തുന്ന ബാധ്യതയാണ് വായ്പ.
    ● ബാങ്കുമായി സ്ഥിരം ഇടപാടുനടത്തുന്ന വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ അവരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയേക്കാൾ കൂടുതൽ തുക പിൻവലിക്കുവാനുള്ള സൗകര്യം.

11. ● ലോക്കർ സൗകര്യം :- ബാങ്ക് ഇടപാടുകാർക്ക് വിലപിടിപ്പുള്ള വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യം.
    ● മണിട്രാൻസ്ഫർ :- ലോകത്തിന്റെ ഏതുഭാഗത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പണം അയയ്ക്കുന്ന സൗകര്യമാണിത്.
    ● ATM ഉപയോഗിച്ച് ബാങ്കിൽപോകാതെ ഏതുസമയത്തും പണം പിൻവലിക്കുന്ന സംവിധാനം.
    ● നിക്ഷേപകരുടെ ഇൻഷ്വറൻസ് പ്രീമിയം, ടെലിഫോൺബിൽ മുതലായവ വീട്ടിലിരുന്നു

കൊണ്ട് അടയ്ക്കാവുന്ന സംവിധാനം.

12. ● ബാങ്ക് ദേശസാൽക്കരണം
   ● സാഹചര്യം :-
      - വാണിജ്യബാങ്കുകളുടെ ധനസഹായം വൻകിട വ്യവസായങ്ങളിലും സമൂഹത്തിലെ സമ്പന്നവിഭാഗങ്ങളുടെ കയ്യിലുമായി കേന്ദ്രീകരിച്ചത്.
      - സാമ്പത്തിക പ്രതിസന്ധിമൂലം ചെറുകിട വ്യവസായങ്ങളും കാർഷികമേഖലയും തകരുവാനാരംഭിച്ചത്.
      - വാണിജ്യബാങ്കുകളുടെ ലക്ഷ്യം സാമൂഹ്യപുരോഗതി കൂടി ആകണമെന്ന ബോധം.
      - കാർഷിക-ഗ്രാമീണ സമ്പദ്‌വ്യവസ്ഥയോടുള്ള അവഗണന ഒഴിവാക്കാൻ.

13. ● ആധുനിക സാങ്കേതികവിദ്യ കൂടുതലായി ഉപയോഗിക്കുന്നു.
   ● പ്രധാനമായും നഗരകേന്ദ്രീകൃതം
   ● മിക്കതും സ്വകാര്യമേഖലയിലാണ്.
   ● പുതിയ മാനേജ്‌മെന്റ് തന്ത്രങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്നു.

14. ● ഗ്രാമീണജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.
   ● സ്വയംസഹായവും പരസ്പരസഹായവും വളർത്തുക.
   ● സാമൂഹ്യപുരോഗതിക്ക് പ്രാധാന്യം നൽകുക.

15. ● സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സാമ്പത്തികസേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് മൈക്രോഫിനാൻസ് എന്നെഴുതി പ്രവർത്തനം വ്യക്തമാക്കുന്നതിന്.
   ● ലക്ഷ്യങ്ങൾ :- ചോദ്യം 14-ന്റെ ഉത്തരം നോക്കുക.

16. ● നോട്ട് അച്ചടിച്ചിറക്കൽ
   ● ഗവൺമെന്റിന്റെ ഏജന്റ്, ഉപദേഷ്ടാവ്
   ● ബാങ്കുകളുടെ ബാങ്ക്

17. ചോദ്യം നമ്പർ 16-ന്റെ ഉത്തരസൂചിക നോക്കുക.

18. ● ................ (രൂപ) ചിഹ്നം ലഭിച്ച വർഷം.
   ● മറ്റുരാജ്യങ്ങളുടെ പണത്തിൽ നിന്ന് (രൂപയിൽ) ഇന്ത്യൻ പണം തിരിച്ചറിയുന്നതിന്.
   ● ഇന്ത്യൻ പണത്തിന്റെ അടയാളം മറ്റു രാജ്യങ്ങളുടെ പണത്തിന്റെ അടയാളത്തോടൊപ്പം പ്രശസ്തമായി.

19. ● ബാങ്കുകളുടെ ആവിർഭാവം
      - ആവശ്യമുള്ള എല്ലാപേർക്കും വായ്പ ലഭിക്കാത്ത അവസ്ഥ.
      - പണം ആവശ്യമുള്ളവരുടെ എണ്ണത്തിലെ വർദ്ധനവ്.
      - വ്യക്തിഗതമായി മാത്രം വായ്പ നൽകാൻ കഴിയാത്ത അവസ്ഥ.
   ● അടിസ്ഥാനധർമ്മങ്ങൾ :- ചോദ്യം നമ്പർ 3-ലെ ഉത്തരസൂചിക നോക്കുക.
   ● പുത്തൻതലമുറ ബാങ്കുകൾ :- ചോദ്യം നമ്പർ 13-ലെ ഉത്തരസൂചിക ശ്രദ്ധിക്കുകയ
   ● വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ :- ചോദ്യം നമ്പർ 3-ലെ ഉത്തരസൂചിക നോക്കുക.

20. ● വായ്പ തിരിച്ചടയ്ക്കുവാനുള്ള ശേഷി.
   ● വിശ്വാസ്യത.

# യൂണിറ്റ് -11

# ആഗോളവല്ക്കരണം

ഇന്ന് ലോകത്താകമാനം ജനശ്രദ്ധയാകർഷിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്ന പ്രധാന വിഷയങ്ങളിലൊന്നാണ് ആഗോളവൽക്കരണം. ആഗോളവല്ക്കരണമെന്നത് കമ്പോളത്തെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള ഒരു സാമ്പത്തികവ്യവസ്ഥയാണ്. അതിന്റെ പ്രതിഫലനങ്ങൾ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കാണുവാൻ കഴിയുന്നു.

ആഗോളവൽക്കരണം, അതിനെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങൾ, ഗുണദോഷങ്ങൾ, ഇന്ത്യയിൽ ഇതിന്റെ സ്വാധീനം എന്നിവയെക്കുറിച്ച് ധാരണ രൂപപ്പെടുത്തുന്നതിന് സഹായകമായതാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം.

## ആശയങ്ങൾ

1990 ന് മുമ്പ് ഇന്ത്യയിലെ ജനങ്ങൾ അധികവും സ്വദേശ ഉല്പന്നങ്ങളാണ് ഉപയോഗിച്ചിരുന്നത്.

1990 ന് ശേഷം നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി ഇന്ന് നാം ഉപയോഗിക്കുന്ന ഉല്പന്നങ്ങളധികവും വിദേശകമ്പനികളുടേതാണ്.

**കാരണം**

1990

മുമ്പ് — ഇൻഡ്യൻ ഉല്പ്പന്നങ്ങൾ ധാരാളം — ഇറക്കുമതി ചുങ്കം കൂടുതൽ<br>വിദേശ മൂലധന നിക്ഷേപങ്ങൾക്ക് നിയന്ത്രണം

ശേഷം — വിദേശ ഉല്പന്നങ്ങൾ ധാരാളം — ഇറക്കുമതി നിയന്ത്രണം കുറഞ്ഞു. വിദേശ മൂലധന നിക്ഷേപം ലഘൂവാക്കി.

ആഗോളവല്ക്കരണമെന്നത് കമ്പോളത്തെ കേന്ദ്രീകരിച്ചു കൊണ്ട് ലോകത്താകെ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന സാമ്പത്തിക വ്യവസ്ഥയാണ്.

ആഗോളവല്ക്കരണം സാധ്യമാകുന്നു
- രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരതടസ്സങ്ങൾ ഒഴിവാക്കി
- വിപണി എല്ലാ രാജ്യങ്ങൾക്കുമായി തുറന്നുകൊടുത്തു.

ആഗോളവല്ക്കരണത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടവ അന്താരാഷ്ട്ര സംഘടനകളും കരാറുകളുമാണ്.

**ആഗോളവല്ക്കരണം**

- ➢ വിവരസാങ്കേതികരംഗത്തെ വളർച്ച
- ➢ അന്താരാഷ്ട്ര കരാറുകൾ
- ➢ ബഹുരാഷ്ട്ര കമ്പനികൾ
- ➢ ഗതാഗതരംഗത്തെ വളർച്ച
- ➢ വാർത്താവിനിമയ രംഗത്തെ വളർച്ച

1930, 1970, 2008 എന്നീ കാലഘട്ടങ്ങളിലെ പ്രതിസന്ധി, ഉദാരവല്ക്കരണം, സ്വകാര്യ വല്ക്കരണം എന്നീ തന്ത്രങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന് കാരണമായി.

ഉദാരവലല്ക്കരണം : ഒരു സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനത്തിലുള്ള സർക്കാരിന്റെ ഇടപെടലുകളും, നിയന്ത്രണങ്ങളും പരിമിതപ്പെടുത്തൽ.

സ്വകാര്യവൽക്കരണം : ഒരു രാജ്യത്തിന്റെ സാമ്പത്തികപ്രവർത്തനങ്ങളിൽ പൊതുമേഘലയുടെ പങ്കാളിത്തം കുറയുകയും സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂടുകയും ചെയ്യുന്നു.

ആഗോളവത്കരണത്തെ ത്വരിതപ്പെടുത്തുന്നതിൽ വിദേശമൂലധനനിക്ഷേപം പ്രധാന പങ്കു വഹിയ്ക്കുന്നുണ്ട്.

**വിദേശ മൂലധന നിക്ഷേപം**

പ്രത്യക്ഷ നിക്ഷേപം (ഉൽപ്പാദനപരം)
↓
മറ്റൊരു രാജ്യത്തെ വ്യവസായം കൃഷി, ഊർജം എന്നീ ഉല്പാദനമേഖലയിലെ നിക്ഷേപം

പോർട്ട് ഫോളിയോ നിക്ഷേപം (ഉൽപ്പാദനപരമല്ല)
↓
മറ്റൊരു രാജ്യത്തിന്റെ ബാങ്കിൽ നിക്ഷേപം, ഓഹരികൾ, ബോണ്ടുകൾ എന്നിവ വാങ്ങുന്നു.

ചില മാതൃകാചോദ്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

പാഠപുസ്തകത്തിന്റെ സഹായത്താൽ ഉത്തരം കണ്ടെത്തുമല്ലോ.

(ശരിയാണോ എന്ന് പരിശോധിക്കാൻ ഉത്തരസൂചിക നോക്കുക.)

## ചോദ്യങ്ങൾ

1. 1990 ന് ശേഷം ഇൻഡ്യൻവിപണിയിൽ പ്രകടമായി കണ്ട മാറ്റം എന്തെന്നു വ്യക്തമാക്കുക. (2)

2. 1990 കളോടെ ഇൻഡ്യൻ വിപണിയിൽ വിദേശ ഉല്പന്നങ്ങളുടെ ലഭ്യത കൂടുതലായി. എന്താണ് ഈ മാറ്റത്തിനു കാരണം ? (4)

3. ആഗോളവല്ക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണുണ്ടായതെന്ന് കണ്ടെത്തുക

   OR (3)

   കമ്പോളത്തെ ശക്തിപ്പെടുത്തുന്ന ഒരു രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥയാണ് ആഗോളവല്ക്കരണം - സമർത്ഥിക്കുക.

4. ഏതെല്ലാം മാർഗങ്ങളിലൂടെയാണ് ആഗോളവൽക്കരണം സാധ്യമാകുന്നത്? (2)

5. വ്യാപാരരംഗത്ത് തരംഗം സൃഷ്ടിച്ച ഉദാരവൽക്കരണം വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ അനുയോജ്യമല്ല. എന്തുകൊണ്ട് ? (3

6. ആഗോളവൽക്കരണം ത്വരിതപ്പെടുത്തുന്ന ഘടകങ്ങളിൽ ഒന്നാണ് വിവരസാങ്കേതിക രംഗത്തെ വളർച്ച. മറ്റുള്ള ഘടകങ്ങൾ ഏതെല്ലാം എന്നെഴുതുക. (5)

7. പോർട്ട് പോളിയോ നിക്ഷേപങ്ങളേക്കാൾ പ്രത്യക്ഷ നിക്ഷേപങ്ങളാണ് കൂടുതൽ അഭികാമ്യം. എന്തുകൊണ്ട് ? (2)

8. ലോകവ്യാപാരം നിയന്ത്രിക്കുന്നതിനായി അന്താരാഷ്ട്രതലത്തിൽ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ ഏതെല്ലാം? (2)

9. ആഗോളവൽക്കരണത്തെ ശക്തിപ്പെടുത്തുവാനുതകുന്ന ചില നിർദ്ദേശങ്ങൾ ഗാട്ടും, ലോകവ്യാപാരസംഘടനയും രൂപപ്പെടുത്തുകയുണ്ടായി. അവ ഏതെല്ലാമെന്ന് കണ്ടെത്തുക. (2)

10. ഉദാരവൽക്കരണം പൂർണമായി നടപ്പിലാക്കാൻ ആശാസ്യമല്ലാത്തതും സർക്കാരുകൾ പൂർണമായും നടപ്പിലാക്കാൻ മടിക്കുന്നതുമായ മൂന്നു മേഘലകൾ നിർദ്ദേശിക്കുക. (3)

11. ആഗോളവൽക്കരണത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നടത്തുന്ന ഡിബേറ്റിൽ നിങ്ങൾ ഏതു നിലപാടിനോടാണ് യോജിക്കുന്നത്. നിങ്ങളുടെ ന്യായീകരണം എഴുതുക. (5)

12. ആഗോളവൽക്കരണത്തിനനുസൃതമായി ഇന്ത്യയിലും സാമ്പത്തികനയങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ സ്വീകരിച്ച ഏതെങ്കിലും നാല് നടപടികൾ എഴുതുക.

13. ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട ചില പദങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അവയെക്കുറിച്ച് ലഘുക്കുറിപ്പുകൾ തയ്യാറാക്കുക. (4)

എ) ബഹുരാഷ്ട്രകമ്പനികൾ

ബി) അന്താരാഷ്ട്ര നാണയനിധി

സി) ലോകബാങ്ക്

# ഉത്തരസൂചിക

1. 1990 നു മുമ്പ് ഇന്ത്യൻ വിപണിയിലെ ഉല്പന്നങ്ങളധികവും ഇന്ത്യയിൽ തന്നെ ഉല്പാദിപ്പിച്ചവയായിരുന്നു. എന്നാൽ 1990 നു ശേഷം നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി ഇന്ന് വിപണിയിൽ ലഭ്യമാകുന്ന ഉല്പന്നങ്ങളിലധികവും വിദേശ കമ്പനികളുടേതാണ്.

2. 1990 നു ശേഷം നടപ്പാക്കിവന്ന പുത്തൻ സാമ്പത്തികനയം. ഇതിന്റെ ഫലമായി

   ഇറക്കുമതി ചുങ്കത്തിൽ വലിയ കുറവുവന്നു.

   വിദേശ മൂലധന നിക്ഷേപം നടത്തുന്നതിൽ നിയന്ത്രണം കുറഞ്ഞു.

   ഇറക്കുമതി ചെയ്ത ഉല്പന്നങ്ങൾ വൻതോതിൽ ലഭ്യമായി.

ഇവ കമ്പോളങ്ങളിൽ വിദേശ ഉല്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ കാരണമായി.

3. വിദേശ മൂലധനം വ്യാപകമായി

   സാങ്കേതിക വിദ്യയുടെ വിനിമയം സ്വതന്ത്രമായി.

   സാധനങ്ങളും സേവനങ്ങളും രാജ്യാതിർത്തികൾ കടന്ന് കച്ചവടം ചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഇല്ലാതായി.

4. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരതടസ്സങ്ങൾ ഒഴിവാക്കി. വിപണി എല്ലാ രാജ്യങ്ങൾക്കുമായി തുറന്നുകൊടുത്തു.

5. സാമൂഹ്യനീതി ഉറപ്പാക്കുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. ഉദാരവൽക്കരണം പൂർണമാക്കിയാൽ ഈ രംഗത്ത് സ്വകാര്യമേഖല കടന്നുവരികയും സമ്പന്നർക്ക് മാത്രം ഇതുവഴിയുള്ള സേവനം ലഭിക്കുവാൻ അവസരം ഉണ്ടാവുകയും ചെയ്യും. ഇത് രാജ്യപുരോഗതിക്ക് യോജിച്ചതല്ല.

6. അന്താരാഷ്ട്ര സംഘടനകൾ (അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്)

   അന്താരാഷ്ട്ര കരാറുകൾ (ഗാട്ട്, ലോകവ്യാപാര സംഘടന)

   ബഹുരാഷ്ട്ര കമ്പനികൾ

   വാർത്താവിനിമയ രംഗത്തുണ്ടായ വളർച്ച (ടി.വി., മൊബൈൽഡ ഫോൺ)

   ഗതാഗത രംഗത്തുണ്ടായ വളർച്ച (ജറ്റ് വിമാനം, കണ്ടെയ്നർ കപ്പൽ)

   പ്രത്യക്ഷ നിക്ഷേപം.

7. ഒരു രാജ്യത്തെ മൂലധനം മറ്റൊരു രാജ്യത്തിലെ വ്യവസായം, കൃഷി, ഊർജം മുതലായ മേഖലകളിൽ നിക്ഷേപിക്കുന്നു. ഇത് ഉല്പാദനപരമാണ്.

ഫോർട്ട് ഫോളിയോ നിക്ഷേപം

ഒരു രാജ്യത്തെ മൂലധനം മറ്റൊരു രാജ്യത്തെ ബാങ്ക് നിക്ഷേപങ്ങൾ, ബോണ്ടുകൾ, ഓഹരികൾ തുടങ്ങിയവയിൽ നിക്ഷേപിയ്ക്കുന്നു. ഇത് ഉല്പാദനമല്ല.

8. ഗാട്ട്, ലോകവ്യാപാര സംഘടന

9. ഇറക്കുമതി ചെയ്ത സാധനങ്ങളുടെയും സേവനങ്ങളുടെയും തീരുവ ഘട്ടം ഘട്ടമായി കുറയ്ക്കുക.

കയറ്റുമതിയുടെ സബ്സിഡി കുറയ്ക്കുക.

കൃഷിയ്ക്ക് നൽകുന്ന സബ്സിഡി കുറയ്ക്കുക.

പേറ്റന്റ് നിയമം പരിഷ്ക്കരിക്കുക.

മാധ്യമങ്ങൾ, ടെലികോം, ബാങ്കിംഗ് തുടങ്ങിയ സേവനമേഖലകളിലും വിദേശ നിക്ഷേപം.

വിദേശ നിക്ഷേപങ്ങൾക്ക് ആഭ്യന്തര നിക്ഷേപങ്ങളുടെ പരിഗണന നൽകുക.

10. വിദ്യാഭ്യാസ ആരോഗ്യസേവന മേഖല

സാമൂഹ്യ സുരക്ഷാ പദ്ധതികൾ.

പൊതുവിതരണ സമ്പ്രദായം

11. നിങ്ങളുടെ നിലപാട് രേഖപ്പെടുത്തുക. സമർത്ഥിയ്ക്കുന്നതിനായി പാഠപുസ്തകത്തിലെ പേജ് 168 പരിശോധിക്കുക.

12. വിദേശ സാങ്കേതിക കരാറുകൾ ഉദാരമാക്കി.

ഇറക്കുമതി തീരുവ ഘട്ടംഘട്ടമായി കുറച്ചു.

വിദേശ ബ്രാൻഡ്നെയിം ഉപയോഗിയ്ക്കാൻ അനുവാദം നൽകി.

കാർഷിക സബ്സിഡി കുറച്ചു.

13. ഓരോ തലക്കെട്ടിനും പാഠപുസ്തകത്തിലെ പ്രധാന ഭാഗങ്ങൾ ഉൾപ്പെടുത്തി അനുയോജ്യമായ ഒരു പാരഗ്രാഫ് തയ്യാറാക്കുക.

A) TB Page 164, b) Page 165, c) page 165


# യൂണിറ്റ് -12

# സമ്പദ്‌വ്യവസ്ഥയും സർക്കാരും


പ്രധാന സമ്പദ്‌വ്യവസ്ഥകളായ മുതലാളിത്തവ്യവസ്ഥ, സോഷ്യലിസ്റ്റ് വ്യവസ്ഥ, മിശ്ര സമ്പദ് വ്യവസ്ഥ എന്നിവയും സമ്പദ്‌വ്യവസ്ഥയിൽ സർക്കാരിന്റെ ഇടപെടൽ, പൊതു വരുമാനം, പൊതു ചെലവ്, ബഡ്ജറ്റ്, വിവിധതരം ബജറ്റുകൾ എന്നിവയാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യപ്പെടുന്നത്.

**ആശയങ്ങൾ/വസ്തുതകൾ**

**സമ്പദ് വ്യവസ്ഥകൾ മൂന്നു വിധം**






ക്ഷേമാധിഷ്ഠിത പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് സർക്കാരിന്റെ ഇടപെടൽ അനിവാര്യമാണ്.




സർക്കാരിന്റെ വരവിനെ പൊതുവരുമാനം

സർക്കാരിന്റെ ചെലവിനെ പൊതു ചെലവ്





| | |
|---|---|
| ഉദാ :- വ്യക്തിഗത വരുമാന നികുതി | വില്പന നികുതി |
| വരുമാന നികുതി | എക്സൈസ് ഡ്യൂട്ടി |
| കമ്പനി | കസ്റ്റംസ് തീരുവ |
| ആദായനികുതി | സേവന നികുതി |
| തൊഴിൽ നികുതി | മൂല്യവർദ്ധിത നികുതി |

സർക്കാരിന്റെ ഒരു വർഷത്തെ വരവ്-ചെലവ് കണക്കാണ് ബജറ്റ്.



## ചോദ്യങ്ങൾ

1. മുതലാളിത്ത സമ്പദ് വ്യവസ്ഥയേയും സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയേയും താരതമ്യം ചെയ്ത് ഓരോന്നിനും രണ്ട് സവിശേഷതകൾ വീതം എഴുതുക. 6 Score


2. പ്രത്യക്ഷ നികുതിക്ക് ഒരു ഉദാഹരണമാണ് തൊഴിൽ നികുതി. രണ്ട് ഉദാഹരണങ്ങൾ കൂടി എഴുതുക. 2 Score

3. ഇന്ത്യയിൽ നിലനിൽക്കുന്ന സമ്പദ് വ്യവസ്ഥയുടെ പേരെന്ത് ? ഇതിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക. 3 Score


4. സാധാരണ ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന നികുതി ഏത് ? എങ്ങനെ ? 4 Score

5. സർക്കാരിന്റെ ഏതെങ്കിലും നാല് ക്ഷേമാധിഷ്ഠിത പ്രവർത്തനങ്ങൾ എഴുതുക. 4 Score

6. പദസൂര്യൻ പൂർത്തിയാക്കുക. 4 Score




7. ഫ്ളോചാർട്ട് പൂർത്തിയാക്കുക.




2 Score

8. താഴെ കൊടുത്തിരിക്കുന്നവയിൽ ബജറ്റ് എന്ന ആശയം വ്യക്തമാക്കുന്ന വസ്തുതയേത് ? 1 Score

ലാഭനഷ്ട കണക്കാണ്

വരവ് ചെലവ് കണക്കാണ്

ഉല്പന്നത്തിന്റെ പണ മൂല്യമാണ്

ഇതൊന്നും അല്ല

9. സർക്കാരിന്റെ പ്രധാന നികുതിയിതര വരുമാനങ്ങൾ ഏതെല്ലാം (നാല് എണ്ണം) 4 Score

10. വിവിധ തരം ബജറ്റുകളെ ചിത്രീകരിച്ചിരിക്കുന്നു. തെറ്റുണ്ടെങ്കിൽ തിരുത്തുക.

കമ്മി ബഡ്ജറ്റ് = ചെലവ് < വരുമാനം

സന്തുലിത ബജറ്റ് = ചെലവ് = വരുമാനം

മിച്ച ബജറ്റ് = ചെലവ് > വരുമാനം 2 Score

11. പൊതുവരുമാനത്തെക്കുറിച്ച് ഒരു കുറിപ്പെടുത്തുക. 4 Score

12. ഉയർന്ന നിരക്കിൽ നികുതി ചുമത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന രണ്ട് വസ്തുക്കളുടെ പേരെഴുതി കാരണം വിശദമാക്കുക. 5 Score

13. 360 രൂപ വിലയുള്ള ഒരു വസ്തുവിന് 25% നികുതി ചുമത്തിയാണ് വിൽക്കുന്നതെങ്കിൽ നികുതി ഉൾപ്പെടെ വസ്തുവിന്റെ വില എന്തായിരിക്കും. ഈ നികുതിയുടെ പേരെന്ത് ? 2 Score

14. താഴെപ്പറയുന്നവയുടെ സവിശേഷതകൾ പട്ടികയായി എഴുതുക. 4 Score

പ്രത്യക്ഷ നികുതി പരോക്ഷ നികുതി

15. പരസ്പരബന്ധം കണ്ടെത്തി തരംതിരിക്കുക. 3 Score

കേന്ദ്രസർക്കാർ നികുതി, സംസ്ഥാന സർക്കാർ നികുതി, തദ്ദേശസ്ഥാപനങ്ങൾ ചുമത്തുന്നവ, തൊഴിൽ നികുതി, വ്യക്തിഗത വരുമാന നികുതി, വില്പന നികുതി

16. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ കൂട്ടത്തിൽ ചേരാത്തത് ഏത് ? 1 Score

എക്സൈസ് തീരുവ

കസ്റ്റംസ് ഡ്യൂട്ടി

ബജറ്റ്

VAT

17. നികുതിഭാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? 1 Score

18. പൊതുമേഖലയുടെ സ്വാധീനം മാത്രമുള്ളത് ഏതു തരം സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതയാണ് ? 1 Score

മുതലാളിത്ത വ്യവസ്ഥ

സോഷ്യലിസ്റ്റ് വ്യവസ്ഥ

മിശ്രവ്യവസ്ഥ

ഇവയൊന്നുമല്ല.

19. വ്യത്യാസം കണ്ടെത്തുക.

നികുതി, നികുതിദായകൻ 3 Score

20. എന്താണ് മൂല്യവർദ്ധിത നികുതി 2 Score

# ഉത്തരസൂചിക

1. **മുതലാളിത്ത സമ്പദ്‌വ്യവസ്ഥ** : ഉല്പാദന ഉപാധികളുടെ നിയന്ത്രണം സ്വകാര്യ മേഖലയ്ക്ക്.

**സവിശേഷതകൾ** : സ്വതന്ത്ര കമ്പോള വ്യവസ്ഥ. ലാഭലക്ഷ്യം.

**സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ** : ഉല്പാദന മേഖലയ്ക്ക്

**സവിശേഷതകൾ** : കേന്ദ്രീകൃത ആസൂത്രണം

: പൊതു ജനക്ഷേമം

2. വ്യക്തിഗത വരുമാന നികുതി

കമ്പനി നികുതി

3. മിശ്ര സമ്പദ്‌വ്യവസ്ഥ

പ്രത്യേകതകൾ – 1) പൊതുമേഖലയും സ്വകാര്യമേഖലയും കൂട്ടായി നിലനിൽക്കുന്നു.

2) കേന്ദ്രീകൃത ആസൂത്രണം

4. വില്പന നികുതി

ലാഭം കുറയുന്നു.

സാധനങ്ങളുടെ വില വർദ്ധിക്കുന്നു.

ജീവിതഭാരം വർദ്ധിക്കുന്നു.

5. സാമൂഹ്യസേവനം

സാമൂഹ്യ സുരക്ഷാ പ്രവർത്തനം

പരിസ്ഥിതി സംരക്ഷണം

ക്രമസമാധാനവും പ്രതിരോധവും

6. എക്സൈസ് തീരുവ, വില്പന നികുതി, മൂല്യവർദ്ധിത നികുതി, സേവന നികുതി.

7. **പ്രത്യക്ഷ നികുതി**

എ) വ്യക്തിഗത വരുമാന നികുതി

എ) കമ്പനി ആദായ നികുതി

**പരോക്ഷ നികുതി**

ബി) മൂല്യവർദ്ധിത നികുതി

ബി) സേവന നികുതി (രണ്ടിൽ നിന്നും ഓരോന്നു വീതം)

8. വരവ് ചെലവ് കണക്ക്

9. ഫീസ്, പിഴ, ഗ്രാന്റ് ഗിഫ്റ്റ്, പലിശ, ലാഭം (ഏതെങ്കിലും 4 എണ്ണം)

10. കമ്മി ബജറ്റ് = ചെലവ് > വരുമാനം

മിച്ച ബജറ്റ് = ചെലവ് > വരുമാനം

11. സർക്കാരിന്റെ വരുമാനത്തെ പൊതുവരുമാനം എന്ന് പറയുന്നു.

നികുതി വരുമാനവും നികുതിയിതര വരുമാനവും ഉൾപ്പെട്ടതാണ് പൊതുവരുമാനം.

നികുതി വരുമാനത്തെ പ്രത്യക്ഷ നികുതിയെന്നും പരോക്ഷ നികുതിയെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

പ്രധാന നികുതിയിതര വരുമാനങ്ങളാണ് ഫീസ്, പിഴ, ഗ്രാന്റ്, ഗിഫ്റ്റ്, പലിശ, ലാഭം.

12. മദ്യം, ലഹരിപദാർത്ഥങ്ങൾ, ആഢംബര വസ്തുക്കൾ.

**കാരണം** - സർക്കാരിന്റെ വരുമാനം വർദ്ധിക്കുന്നു.

ഉപഭോഗം കുറയുന്നു.

സാമൂഹ്യക്ഷേമം ഉണ്ടാകുന്നു.

13. വില 450 രൂപയായിരിക്കും.

സാധനത്തിന്റെ ആദ്യവില - 360

25% നികുതി (3.60 ന്റെ 25%) - 90

**ആകെ** **450**

14. **പ്രത്യക്ഷ നികുതി :**

നികുതിഭാരം ഏൽക്കുന്ന വ്യക്തിയും നികുതി നൽകുന്ന വ്യക്തിയും ഒരാൾ ആയിരിക്കും.

**പരോക്ഷ നികുതി :**

നികുതിദായകന് നികുതിഭാരം മറ്റുള്ളവരിലേയ്ക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുന്നു. നികുതിഭാരം ഏൽക്കുന്ന വ്യക്തിയും നികുതി നൽകുന്ന വ്യക്തിയും ഒരാൾ ആയിരിക്കില്ല.

15. കേന്ദ്രസർക്കാർ നികുതി - വ്യക്തിഗതവരുമാന നികുതി

സംസ്ഥാന സർക്കാർ നികുതി - വില്പന നികുതി

തദ്ദേശ സ്ഥാപനങ്ങൾ ചുമത്തുന്നവ - തൊഴിൽ നികുതി


16. ബജറ്റ്

17. നികുതി നൽകുന്നതിലൂടെ നഷ്ടപ്പെടുന്ന പണത്തെയാണ് നികുതിഭാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

18. സോഷ്യലിസ്റ്റ് വ്യവസ്ഥ

19. പ്രത്യക്ഷ നേട്ടം പ്രതീക്ഷിക്കാതെ ജനങ്ങൾ സർക്കാരിലേക്ക് നൽകുന്ന നിർബന്ധിത പണമടവാണ് നികുതി. നികുതി നൽകുന്ന വ്യക്തിയെ നികുതിദായകൻ എന്ന് വിശേഷിപ്പിക്കുന്നു.

20. ഒരു ഉല്പന്നനിർമാണത്തിന്റെ / വില്പനയുടെ ഓരോ ഘട്ടത്തിലും കൂട്ടി ചേർക്കുന്ന മൂല്യത്തിന്മേൽ ചുമത്തുന്ന നികുതിയാണ് മൂല്യവർദ്ധിത നികുതി അഥവാ വാറ്റ്.



*"The future depends on what we do in the present"*

***Mahatma Gandhi***